LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS
OF THE
ELEVENTH KERALA LEGISLATIVE ASSEMBLY

EIGHTH SESSION

Wednesday, the 28th July 2004

OFFICIAL REPORT

Volume CXXI—No. 23

Price: ₹ 40

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

©
Government of Kerala
2012

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 28, ബുധൻ

സ്പീക്കർ

ശ്രീ. വക്കം പുരുഷോത്തമൻ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. എൻ. സുന്ദരൻ നാടാർ

സെക്രട്ടറി

ശ്രീ. കെ. ആർ. ഉദയഭാനു

ചീഫ് എഡിറ്റർ

ശ്രീമതി എസ്. വിജയമ്മാൾ

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2/954/2012—1

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. എ. കെ. ആന്റണി
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി	:	ശ്രീ. ചെർക്കളം അബ്ദുള്ള
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി	:	ശ്രീ. ബാബു ദിവാകരൻ
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. ആർ. ബാലകൃഷ്ണപിള്ള
കൃഷിയും കയറും വകുപ്പുമന്ത്രി	:	ശ്രീമതി കെ. ആർ. ഗൗരിയമ്മ
ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി	:	ശ്രീ. എം. എം. ഹസ്സൻ
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. ടി. എം. ജേക്കബ്
ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി	:	ശ്രീ. ജി. കാർത്തികേയൻ
വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി	:	ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി	:	ഡോ. എം. എ. കുട്ടപ്പൻ
റവന്യൂവും നിയമവും വകുപ്പുമന്ത്രി	:	ശ്രീ. കെ. എം. മാണി
മരാമത്ത് വകുപ്പുമന്ത്രി	:	ശ്രീ. എം. കെ. മുനീർ
സഹകരണവും തുറമുഖവും വകുപ്പുമന്ത്രി	:	ശ്രീ. എം. വി. രാഘവൻ
വിനോദസഞ്ചാര വകുപ്പുമന്ത്രി	:	ശ്രീ. പി. ശങ്കരൻ
ധനകാര്യ വകുപ്പുമന്ത്രി	:	ശ്രീ. കെ. ശങ്കരനാരായണൻ
ആരോഗ്യ വകുപ്പുമന്ത്രി	:	ശ്രീ. കടവൂർ ശിവദാസൻ
വിദ്യാഭ്യാസ വകുപ്പുമന്ത്രി	:	ശ്രീ. നാലകത്തു സൂപ്പി
വനവും സ്പോർട്ട്സും വകുപ്പുമന്ത്രി	:	ശ്രീ. കെ. സുധാകരൻ
ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി	:	ശ്രീ. സി. എഫ്. തോമസ്
ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി	:	പ്രൊഫ. കെ. വി. തോമസ്

2/954/2012—1a

LIBRARY-ARCHIVES Kerala Legislative Assembly

ഉള്ളടക്കം

പേജ്

I. ചോദ്യോത്തരങ്ങൾ:

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ . . 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ . . 25

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ . . 51

II. ചരമോപചാരം:

മുൻമന്ത്രി കെ. പി. രാമചന്ദ്രൻ നായർ, മുൻ നിയമ സഭാംഗങ്ങളായ എൻ. ശിവൻപിള്ള, ഒ. ലൂക്കോസ്, സി. ജി. പണിക്കർ, പി. വി. എസ്. മുസ്തഫ പൂക്കോയ തങ്ങൾ, ഇ. വി. കുമാരൻ, അലികുഞ്ഞുശാസ്ത്രി, കുമാരൻ ആചാരി, പി. ബാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് . . 157

III. ശ്രദ്ധക്ഷണിക്കൽ:

(1) ഇ. എസ്. ഐ. ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്— ശ്രീ. എ. എ. അസീസ് . . 161

(2) കണ്ണൂർ ജില്ലയിലെ വൈദ്യുതി വിതരണ രംഗത്ത് ഉളവായിട്ടുള്ള പ്രശ്നങ്ങൾ— ശ്രീ. കെ. സി. ജോസഫ് . . 163

IV. സബ്മിഷൻ:

(1) മലപ്പുറം ജില്ലയിലെ ചരിത്ര സ്മാരകങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുക്കേണ്ടതു സംബന്ധിച്ച്—പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) . . 165

(2) സ്വകാര്യ ബസ് സമരം—ശ്രീ. പി. സി. ജോർജ്ജ് . . 166

(3) തൃശ്ശൂർ ജില്ലയിൽ ഒരു ടെക്നോപാർക്ക് ആരംഭിക്കേണ്ടതിന്റെ ആവശ്യകത— ശ്രീ. കെ. പി. വിശ്വനാഥൻ . . 169

LIBRARY ARCHIVES Kerala Legislative Assembly.

പേജ്

(4) തലശ്ശേരി-തലായി ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം—ശ്രീ. കോടിയേരി ബാലകൃഷ്ണൻ . . 169

(5) കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത—ശ്രീ. ടി. പി. രാമകൃഷ്ണൻ . . 170

(6) അതിരപ്പിള്ളി വെള്ളച്ചാട്ടം വിദ്യുച്ഛക്തി പ്രകാശത്തിൽ കാണാനുള്ള സൗകര്യങ്ങൾ—പ്രൊഫ. സാവിത്രി ലക്ഷ്മൺ . . 170

(7) ശ്രീകൃഷ്ണപുരത്തെ മുറിയങ്കണ്ണി പാലത്തിന്റെ പ്രവൃത്തി—ശ്രീമതി ഗിരിജാ സുരേന്ദ്രൻ . . 171

(8) സൗമ്യാ വാസുദേവൻ എന്ന വിദ്യാർത്ഥിനിയുടെ ദുരൂഹമായ മരണം—ശ്രീ. പി. ടി. തോമസ് . . 171

(9) ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റീസ് ബോർഡുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത—ശ്രീ. കെ. വി. കുഞ്ഞിരാമൻ . . 172

(10) കൊച്ചിൻ എയർപോർട്ട്-സീപോർട്ട് ഹൈവേയുടെ നിർമ്മാണം—ശ്രീ. എം. എ. ചന്ദ്രശേഖരൻ . . 173

(11) പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത—ശ്രീ. എ. കെ. ബാലൻ . . 174

(12) കോഴിക്കോട് മെഡിക്കൽ കോളേജിലെ മൃതദേഹങ്ങൾ സ്വകാര്യ മെഡിക്കൽ കോളേജിന് വിറ്റത് സംബന്ധിച്ച്—ശ്രീ. മത്തായി ചാക്കോ . . 174

(13) പത്രപ്രവർത്തകരുടേയും ജീവനക്കാരുടെയും വേതനം പുതുക്കി നിശ്ചയിക്കുന്ന വേജ് ബോർഡ്—ശ്രീ. കെ. പി. രാജേന്ദ്രൻ . . 176

(14) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവരെ സ്വകാര്യ ആശുപത്രികളിൽ ചികിൽസിക്കുന്നതിന് സംവിധാനം—ശ്രീ. സി. പി. മുഹമ്മദ് . . 176

(15) സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ—ശ്രീ. എം. മുരളി . . 177

(16) ഓടയത്ത് ചെമ്മീൻ ഹാച്ചറിയുടെ നിർമ്മാണം—ശ്രീ. വർക്കല കഹാർ . . 177

LIBRARY ARCHIVES Kerala Legislative Assembly

		പേജ്
(17)	തീരദേശ-മലയോര മേഖലകളിൽ യു. പി. സ്കൂളുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത—ശ്രീ. സി. മമ്മൂട്ടി	177
(18)	പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം —ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ	178
(19)	നാദാപുരത്ത് വികസന പദ്ധതികൾ പ്രാവർത്തികമാക്കൽ—ശ്രീ. ബിനോയ് വിശ്വം	178
(20)	പാലക്കാട് ജില്ലയിലെ മുസ്ളീം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കുടിശ്ശിക —ശ്രീ. കളത്തിൽ അബ്ദുള്ള	179
(21)	സ്വകാര്യ ബസ് പണിമുടക്ക്—ശ്രീ. യു. സി. രാമൻ	179
(22)	ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കൽ —ശ്രീ. ടി. യു. രാധാകൃഷ്ണൻ	179
(23)	തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റാൻ നടപടി —ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ	180
(24)	ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ —ശ്രീ. കെ. സി. വേണുഗോപാൽ	180
(25)	ജൂനിയർ അഭിഭാഷകർക്ക് ധനസഹായം —ശ്രീ. തോമസ് ഉണ്ണിയാടൻ	181
(26)	കൊച്ചി നഗരത്തിലെ മാലിന്യങ്ങൾ —ശ്രീ. കെ. ബാബു	181
(27)	തലസ്ഥാന നഗരിയിലെ ക്രമസമാധാനപാലനം —ശ്രീ. കെ. മോഹൻകുമാർ	181
(28)	റെയിൽവേ വികസനഫണ്ടിന്റെ വിനിയോഗം —ശ്രീ. ജോസഫ് എം. പുതുശ്ശേരി	182
(29)	ഒറ്റപ്പാലം-പൊന്നാനി സ്റ്റേറ്റ് ഹൈവേ —ശ്രീ. വി. സി. കബീർ	182
(30)	ഇടപ്പാൾ 220 കെ. വി. സബ്സ്റ്റേഷന്റേയും പന്തളം 33 കെ. വി. സബ്സ്റ്റേഷന്റേയും നിർമ്മാണം —ശ്രീ. കെ. കെ. ഷാജു	182
(31)	ആംഗ്ളോ ഇന്ത്യൻ വിദ്യാർത്ഥികളുടെ സംവരണം —ശ്രീ. ലൂഡി ലൂയിസ്	183

LIBRARY ARCHIVES Kerala Legislative Assembly

പേജ്

V. പ്രത്യേക പരാമർശം:

(1) ആശുപത്രികൾക്കാവശ്യമായ മരുന്നു വാങ്ങിയത് സംബന്ധിച്ച്—ശ്രീ. ടി. കെ. ദേവകുമാർ . . 183

(2) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി— ശ്രീ. കോടിയേരി ബാലകൃഷ്ണൻ . . 183

VI. മേശപ്പുറത്തുവച്ച കടലാസ്:

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ് . . 184

VII. റിപ്പോർട്ട് സമർപ്പണം:

(1) I മുതൽ VIII വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടേയും X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും 2002-03 വർഷത്തെ ആനുകാലിക റിപ്പോർട്ടുകൾ . . 184

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊന്നാമതു റിപ്പോർട്ട് . . 185

(3) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് . . 185

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് . . 185

VIII. പ്രത്യേക പരാമർശം (തുടർച്ച):

എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയായിരുന്ന രജനിയുടെ ആത്മാഹുതി സംബന്ധിച്ച് . . 186

IX. നിയമനിർമ്മാണകാര്യം:

(1) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ . . 189

(ii) 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ . . 189

LIBRARY ARCHIVES Kerala Legislative Assembly

പേജ്

(2) ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും: . . 220
2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ മുതൽ 22-ാം നമ്പർ വരെ) ബില്ലുകൾ

X. വ്യക്തിപരമായ വിശദീകരണം:
ശ്രീ. ആര്യാടൻ മുഹമ്മദ് . . 235

നിയമ നിർമ്മാണകാര്യം (തുടർച്ച) . . 237

XI. അനുബന്ധം: . . 255-266

I മുതൽ XI വരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 28, ബുധൻ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 2004 ജൂലൈ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ... ഓർഡർ ..... (ചോദ്യം നമ്പർ 530)

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക്

*1 [530] ശ്രീ. കെ. എൻ. എ. ഖാദർ:

,, സി. മമ്മൂട്ടി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, ടി. പി. എം. സാഹിർ:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കൊല്ലം ലക്ഷ്യമിട്ടിരിക്കുന്ന സാമ്പത്തിക വളർച്ചാ നിരക്ക് എത്രയാണ്;

(ബി) ഈ ലക്ഷ്യം നേടുന്നതിന് ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, (എ) 6·5% സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കാനാണ് ഇക്കൊല്ലം 2004-2005-ൽ സംസ്ഥാനം ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) † അനുബന്ധം I ആയി വച്ചിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വിഭവ വിഭജനത്തിൽ ജനസംഖ്യ മുഖ്യ മാനദണ്ഡം ആക്കുക, പദ്ധതിയേതര റവന്യൂ കമ്മി കേന്ദ്രം നികത്തുക, പദ്ധതി നടത്തിപ്പിനായി കേന്ദ്രം നൽകിയ വായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളുക, പൊതു വിപണിയിൽനിന്നും കൂടുതൽ കടമെടുക്കാൻ സംസ്ഥാനങ്ങളെ അനുവദിക്കുക, പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ദേശീയനിധി രൂപീകരിക്കുക തുടങ്ങിയവയാണ് 12-ാം ധനകാര്യ കമ്മീഷൻ മുൻപാകെ കേരളം സമർപ്പിച്ച നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ. ഏറ്റവും മികച്ച നിവേദനം കേരളത്തിന്റേതാണെന്ന് കമ്മീഷൻ ചെയർമാൻ ശ്രീ. രംഗരാജൻ അഭിപ്രായപ്പെടുകയും ചെയ്തു. ഇതിൽ ഏതൊക്കെ കാര്യങ്ങളാണ് അംഗീകരിച്ച് കിട്ടിയത്; അതുകൊണ്ട് എത്രമാത്രം സാമ്പത്തിക നേട്ടം കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശങ്കരനാരായണൻ: 12-ാം ധനകാര്യ കമ്മീഷനിൽ കേരളത്തിന്റെ സമഗ്രമായ ആവശ്യങ്ങളും കേരളത്തിന്റെ ഭാവി വികസനത്തിന് ആവശ്യമായ രേഖയുമാണ് സമർപ്പിച്ചിട്ടുള്ളത്. റിപ്പോർട്ടിനെ സംബന്ധിച്ച് കമ്മീഷൻ അന്തിമമായ തീരുമാനം എടുത്തിട്ടില്ല. എന്തൊക്കെയായാലും 12-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുകൂലമായ നേട്ടങ്ങളോടുകൂടിയ ഒരു തീരുമാനം എടുക്കും എന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

ശ്രീ. കെ. എൻ. എ. ഖാദർ: ബ്യൂറോക്രസി നിർണ്ണയിച്ചു തരുന്ന ചാലുകളിലൂടെ രാഷ്ട്രീയക്കാരുടെ മുൻഗണനകളും താൽപ്പര്യങ്ങളും കൂട്ടിച്ചേർത്തുകൊണ്ടുള്ള മിശ്രിതമാണ് നമ്മുടെ ധനനയം എന്ന് പറയുന്നത്. അധികാരവും വികസനവും സമൂഹത്തിന്റെ താഴെത്തട്ടിൽ എത്തിക്കാൻ നമുക്ക് കഴിഞ്ഞു. എങ്കിലും ഓരോ കേരളീയനും 10,000 രൂപ വീതമെങ്കിലും കടബാദ്ധ്യത ഉള്ളതായിട്ടാണ് അറിയപ്പെടുന്നത്. നമുക്ക് റിസോഴ്സസ് വളരെ കുറവാണ്. ഉള്ള വരുമാനം അത്രയും ഉദ്യോഗസ്ഥ പടയെ പോറ്റാനും റേഷനും പെൻഷനും മറ്റും വേണ്ടി ചെലവഴിക്കുകയാണ്. മൂലധന നിക്ഷേപം ആകർഷിക്കുന്നതിൽ നമുക്ക് എത്രമാത്രം നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്? കോവളം കൊട്ടാരം സംരക്ഷിക്കണമെങ്കിൽ അതിന് കല്ലെറിയുക എന്നുള്ളതാണ് നമ്മുടെ നയം. മൂലധനനിക്ഷേപം സമാഹരിക്കുന്നതിൽ വിദ്യാഭ്യാസ മേഖലയിലൊക്കെ, പ്രത്യേകിച്ചും ഇത്രമാത്രം സ്വാശ്രയ കോളേജുകളൊക്കെ തുടങ്ങിയപ്പോൾ എന്തുചെയ്യാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: വ്യാപകമായ ഒരു ചോദ്യമാണ് ചോദിച്ചത്. ഗവൺമെന്റ് എന്ന് പറയുന്നത് ഉദ്യോഗസ്ഥൻമാരും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ഉൾപ്പെടുന്നതാണ്. ഡെമോക്രസി എന്ന് പറയുമ്പോൾ

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങളും രാഷ്ട്രീയത്തിന് അനുകൂലമായി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അടങ്ങിയ മന്ത്രിസഭ എടുക്കുന്ന തീരുമാനവും ചേർത്തുകൊണ്ടാണ് തീരുമാനം വരുന്നത്. ഡെമോക്രസി ആരംഭിച്ചശേഷം ഡെമോക്രസിയിൽ ആദ്യം ഉയർത്തിയിട്ടുള്ള നിയമവും സമ്പ്രദായവും അതാണ്.

ശ്രീ. സി. മമ്മൂട്ടി: നമ്മുടെ സംസ്ഥാനത്തെ റവന്യൂ റസീപ്റ്റ് വർദ്ധിക്കുമ്പോഴും, 1998-99-ൽ ഏതാണ്ട് ഏഴായിരത്തിൽ ചിലാനം കോടി രൂപയായിരുന്നത് 10,634 കോടി രൂപയായി വർദ്ധിച്ചു. 90%-വും ചെലവഴിക്കുന്നത് ശമ്പളം, പെൻഷൻ, ഇന്ററസ്റ്റ് എന്നീ ഇനങ്ങളിലാണ്. നമ്മുടെ രാജ്യത്ത് വളർച്ച ഉണ്ടാകണമെങ്കിൽ അടിസ്ഥാന മേഖലയായ കൃഷി, പരമ്പരാഗത വ്യവസായങ്ങൾ അതുപോലുള്ള കാര്യങ്ങൾ പരിപോഷിപ്പിക്കണം. അതിന് ഓരോ തദ്ദേശഭരണ മേഖലയേയും പ്രാപ്തമാക്കുന്ന വിധത്തിൽ ശക്തമായ ഒരു വളർച്ചയ്ക്കുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: റിസോഴ്സസും എക്സ്പെന്റിച്ചറും തമ്മിൽ ഒരു കാലഘട്ടത്തിലും ഒത്തുപോകാൻ സാധിച്ചിട്ടില്ല. അതിന്റെ ഗ്യാപ്പ് കാലാകാലങ്ങളിൽ വളർന്നു വരികയാണ്. കേരളത്തിന്റെ സ്ഥിതി എന്ന് പറയുന്നത് എക്സ്പെന്റിച്ചറും റിസോഴ്സസും തമ്മിൽ തീരെ ബന്ധപ്പെടുത്താൻ സാധിച്ചിട്ടില്ല. റിസോഴ്സസിന്റെ 92.7 ശതമാനത്തോളം ഇപ്പോൾ ശമ്പളത്തിനും പെൻഷനും ഇന്ററസ്റ്റിനും വേണ്ടിയാണ് കൊടുക്കുന്നത്. ബാക്കി ഭാഗമാണ് നമുക്ക് ഡെവലപ്മെന്റ് സിനുവേണ്ടി എടുക്കാൻ കഴിഞ്ഞിട്ടുള്ളത്. പിന്നെ നമ്മൾ അതാതു വർഷം നിശ്ചയിക്കുന്ന പ്ലാൻ തുക എത്രയാണോ ആ പ്ലാൻ തുകയും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് വികസനം നടത്തുന്നത്. ഗവൺമെന്റിന്റെ വരുമാനംകൊണ്ടും പ്ലാൻ കൊണ്ടും മാത്രം നമ്മുടെ ജി.ഡി.പി. ഗ്രോത്ത് വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല. ഏത് രാജ്യത്തായാലും ഏത് സംസ്ഥാനത്തായാലും സ്വകാര്യ മേഖലയിൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കിയാൽ മാത്രമേ ജി.ഡി.പി. ഗ്രോത്ത് വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. മമ്മൂട്ടി: നമ്മൾ പലിശയിനത്തിൽ ഏറ്റവും കൂടുതൽ തുക നൽകുന്നു എന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1998-99-ൽ 1,446 കോടി രൂപ ഏതാണ്ട് പലിശയിനത്തിൽ മാത്രം നൽകിയെങ്കിൽ 2003 ആകുമ്പോൾ 2,947 കോടി രൂപ ഇന്ററസ്റ്റ് ഇനത്തിൽ മാത്രം പോവുകയാണ്. കഴിഞ്ഞ പ്രാവശ്യം എ.ഡി.ബി.യെ കൊണ്ടുവന്ന് പത്തരശതമാനത്തോളം ഇന്ററസ്റ്റ് കൊടുക്കാൻ നിർബ്ബന്ധിതമായ അവസ്ഥയുണ്ട്. ഇപ്പോൾ അവർ എതിർക്കുന്നു. അടുത്ത ഗവൺമെന്റ് അവരാണ് വരുന്നതെങ്കിൽ വീണ്ടും അതിലേയ്ക്ക് പോകും. എന്റെ ചോദ്യം കേരളത്തിൽ ഏതാണ്ട് 55,000 കോടി രൂപ ഇപ്പോഴും വിദേശ നിക്ഷേപമായിട്ടുണ്ടെന്നാണ് പറയുന്നത്. പക്ഷേ കൃഷി മേഖലയ്ക്കോ മറ്റ് വായ്പകൾ കൊടുക്കാനോ ബാങ്കുകൾ തയ്യാറാകുന്നില്ല. അതിന് പ്രേരിപ്പിക്കുന്നതിനുപുറമേ എൻ.ആർ.ഐ.-യെ ബന്ധപ്പെടുത്തിക്കൊണ്ട് അവർ മാസാമാസം കേരളത്തിലേയ്ക്ക്,

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂൾഡ് ബാങ്കിലും കൊമേർഷ്യൽ ബാങ്കിലും നിക്ഷേപിക്കുന്നതിനുപകരം കേരളത്തിലെ ഇത്തരം വികസനപരമായ മേഖലയിൽ നിക്ഷേപിച്ചുകൊണ്ട് അവരുടെ ഫണ്ട് ശേഖരിച്ചുകൊണ്ട് എ.ഡി.ബി.-ക്ക് കൊടുക്കുന്ന പത്തര ശതമാനം പലിശ ഇത്തരം എൻ.ആർ.ഐ.-ക്ക് കൊടുക്കാനുള്ള സംവിധാനം വഴി ഈ കേരളത്തേയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അവസാനത്തെ സജഷൻ ആലോചിക്കാവുന്നതാണ്. പക്ഷേ അത് റിസർവ് ബാങ്കുമായിട്ട് ആലോചിച്ച് റിസർവ് ബാങ്കിന്റെ സമ്മതത്തോടുകൂടി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അത് ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: റവന്യൂ വരുമാനത്തിന്റെ 90 ശതമാനത്തിലധികം തുക ശമ്പളം അടക്കമുള്ള ഭരണപരമായ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിക്കും വേണ്ട മൂലധന നിക്ഷേപം കണ്ടെത്താൻ സർക്കാർ എന്തെങ്കിലും നടപടി പ്രത്യേകമായി ആസൂത്രണം ചെയ്തിട്ടുണ്ടോ; എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ജി.ഡി.പി.-യെ സംബന്ധിച്ചാണ് ഇവിടെ പ്രധാനമായ പ്രശ്നം വന്നിരിക്കുന്നത്. ജി.ഡി.പി. എന്ന് പറയുമ്പോൾ മൊത്തം ആഭ്യന്തര ഉൽപ്പാദനം, അത് സംസ്ഥാനത്തിന്റേതായാലും ആൾ ഇൻഡ്യാ ലെവലിൽ ആയാലും മൂന്ന് കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. പ്രൊഡക്ഷൻ മെതേഡ്, ഇൻകം മെതേഡ്, എക്സ്പെന്റിച്ചർ മെതേഡ്. പ്രൊഡക്ഷനും ഇൻകവും കൂട്ടാതെ ജി.ഡി.പി.യിൽ മാറ്റം ഉണ്ടാക്കാൻ സാധിക്കില്ല. 4% ആണ് അഖിലേന്ത്യാ തലത്തിൽ ജി.ഡി.പി.ക്ക് ഉണ്ടായിരുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത് 6.2% ആയിട്ട് നിലനിർത്തിയത് നമ്മൾ ഇപ്പോൾ 7% ആയിട്ട് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനമാണ് നടത്തുന്നത്. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഗ്രോത്ത് ഉണ്ടാക്കിയാൽ മാത്രമേ ജി.ഡി.പി ഗ്രോത്ത് നമുക്ക് വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, അത് വർദ്ധിപ്പിക്കണമെങ്കിൽ ഉൽപ്പന്നങ്ങളുടെ തോത് വർദ്ധിപ്പിക്കണം. അതിന് ഇൻവെസ്റ്റ്മെന്റ് വേണം. ഇൻവെസ്റ്റുമെന്റ് വേണമെങ്കിൽ മറ്റ് ആനുകൂല്യങ്ങൾ ഉണ്ടാകണം. ചരട് ഇല്ലാത്ത ഏത് ഇൻവെസ്റ്റ്മെന്റ് ആയാലും സ്വീകരിക്കാനുള്ള ഒരു തീരുമാനവും അതിനുള്ള പ്രബുദ്ധതയും ഉണ്ടായാൽ മാത്രമേ ജി.ഡി.പി. ഗ്രോത്ത് വാചകത്തിൽ അവസാനിപ്പിക്കാതെ വരുമാനത്തോടുകൂടി അത് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഇവിടെ പല കാര്യങ്ങളും വേണ്ടവിധത്തിൽ കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. നമ്മുടെ കാർഷിക വരുമാനം കൂട്ടണം. വ്യാവസായിക വരുമാനം കൂട്ടണം. കേരളത്തിലെ ഡെപ്പോസിറ്റ് എന്ന് പറയുന്നത് 31-3-2004 വരെയുള്ളത് 44,697 കോടി രൂപയാണ്. അതിൽ എൻ.ആർ.ഐ. ഡെപ്പോസിറ്റ് എന്ന് പറയുന്നത് 29,769 കോടി രൂപയാണ്. സി.ഡി. റേഷ്യോ 48.31 ഉണ്ടായിരുന്നത് ഇപ്പോൾ 51 ശതമാനമായി ഉയർന്നിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ബാങ്ക് ഓഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടേയും യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

സി.ഡി. റേഷ്യോ 60 ശതമാനമാക്കി ഉയർത്തണം എന്നാണ്. അതിലേയ്ക്ക് വരാൻ നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ റവന്യൂ റസീപ്റ്റ്, ടാക്സ്, സെയിൽസ് ടാക്സ്, മറ്റ് ഇൻകം, വിഭവങ്ങൾ ഇതെല്ലാം വച്ചുകൊണ്ട് നമുക്ക് അതിലേയ്ക്ക് പോകാൻ സാധിക്കില്ല. മറ്റ് വികസിത സംസ്ഥാനങ്ങളും വികസിത രാജ്യങ്ങളും ഉപയോഗിക്കുന്ന പോളിസി കേരള സംസ്ഥാനവും ഐക്യത്തോടുകൂടി സ്വീകരിച്ചാൽ മാത്രമേ ഇത് വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അത് ഏത് ഗവൺമെന്റ് ഭരിച്ചാലും ആര് ഭരിച്ചാലും അങ്ങനെ തന്നെയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഈ വിഷൻ 2005 എന്ന പദ്ധതി കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ എത്രമാത്രം ഫലപ്രദമാക്കാനാണ് ഉദ്ദേശിക്കുന്നത്? ഈ പദ്ധതി ഭാവനാസമ്പന്നമായി ആവിഷ്ക്കരിക്കുന്നതിനുള്ള എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഈ വിഷൻ 2002-2005 എന്നുപറയുമ്പോൾ അത് വളരെ സമുദ്രവ്യാപകമായി കിടക്കുന്ന ഒരു വിഷനാണ്, കാരണം ഞാൻ നേരത്തെ സൂചിപ്പിച്ച ഗ്രോത്ത് വർദ്ധിപ്പിച്ചാൽ മാത്രമേ നമ്മുടെ ഈ വിഷൻ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കാർഷിക രംഗത്തുള്ള വരുമാനം വർദ്ധിപ്പിക്കൽ, പുതിയ വ്യവസായങ്ങൾ, തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ കൊടുക്കൽ, ജോലി കിട്ടാനുള്ള സാദ്ധ്യത ഇതൊക്കെയാണ് ഇതിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത്. ഇൻകം ഗ്രോത്ത് ഉണ്ടായാൽ മാത്രമേ നമ്മൾ പറഞ്ഞിട്ടുള്ള ഈ വിഷൻ നടക്കുകയുള്ളൂ. അതിന് ഒരു പതിനൊന്നിന പരിപാടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ പരിപാടി ഗവൺമെന്റ് നടപ്പാക്കുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ: സാമ്പത്തിക വളർച്ചാ നിരക്ക് കൈവരിക്കുന്നതിന്റെ ഭാഗമായി 2004 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ സെറ്റിൽമെന്റ് കമ്മീഷനെ നിയമിച്ചു. അതിൽത്തന്നെ വളരെ ശാസ്ത്രീയമായി ചെയ്യുന്നതിന് പകരം ഉദ്യോഗസ്ഥൻമാർ നിശ്ചയിക്കുന്നവർക്ക് മാത്രമേ സെറ്റിൽമെന്റ് കമ്മീഷൻ മുൻപാകെ വരാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ട് തന്നെ കോടിക്കണക്കിന് ഉറുപ്പിക റിയലൈസ് ചെയ്യാൻ ഇപ്പോഴും ബാക്കിയുണ്ട്. അതിനായി പതുതായി വല്ല സ്കീംസും നടപ്പാക്കാൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സെറ്റിൽമെന്റ് കമ്മീഷൻ എന്നുപറയുന്നത് ടാക്സിനെ സംബന്ധിച്ചാണ്. ടാക്സസിനെ സംബന്ധിച്ച് സെറ്റിൽ ചെയ്യുമ്പോൾ നമുക്ക് അത് സുതാര്യതയോടുകൂടി മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ. അതിലെ ഉദ്യോഗസ്ഥൻമാരുടെ പങ്ക് എന്നുപറയുന്നത് ഗവൺമെന്റ് നിശ്ചയിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നവരാണ്. സെറ്റിൽമെന്റ് ചെയ്ത അവസരത്തിൽ അതിന് ട്രാൻസ്പേരൻസി ഇല്ലെങ്കിൽ പിന്നീട് പല ഭവിഷ്യത്തുകളും ഉണ്ടാകും. ആവശ്യമില്ലാത്ത ചീത്തപ്പേര് കേൾക്കേണ്ടതായിട്ട് വരും. വെറുതെ

LIBRARY ARCHIVES Kerala Legislative Assembly

കുളത്തിൽ കുളിച്ചു എന്നും, കുളിച്ചില്ലായെന്നുമുള്ള പേരുദോഷം ഉണ്ടാകാവുന്ന സ്ഥിതി ഒഴിവാക്കുന്നതിന് ട്രാൻസ്പേരൻസിയോടുകൂടി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങനെ മാത്രമേ ചെയ്തിട്ടുള്ളൂ. ഇനി വേണമെങ്കിൽ അതിനെപ്പറ്റി ആലോചിക്കുകയും ചെയ്യാം.

ശ്രീ. ടി. പി. എം. സാഹിർ: പരമ്പരാഗത വ്യവസായത്തിന് ഊന്നൽ നൽകുമെന്ന് പറഞ്ഞും 1984-85 കാലത്ത് ഇൻഡ്യയിൽ കേരളത്തിനായിരുന്നു ചെറുകിട വ്യവസായത്തെ സംബന്ധിച്ച് ഒന്നാം സ്ഥാനം. ഇന്നാണെങ്കിൽ പതിനാറാമത്തെ സ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അതുകൊണ്ട് ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാനും വളർച്ചാ നിരക്ക് കൂട്ടാനും വല്ല സഹായവും നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് എന്നുപറയുന്നത് ഇൻവെസ്റ്റ്മെന്റിനുള്ള തുകയില്ലായ്മയും അവർക്കുള്ള സീഡ് മണി ഇല്ലായ്മയും അതിനുള്ള മാർക്കറ്റ് ഇല്ലായ്മയും ആണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇൻസെന്റീവ് കൊടുത്തിട്ടുണ്ട്. എങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന സാധനങ്ങൾക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തിയിട്ടുകൂടി അവർക്ക് കോംപീറ്റ് ചെയ്യേണ്ട ഒരു സ്ഥിതിവിശേഷം വന്നിരിക്കുന്നു. ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇവർക്ക് കുറേക്കൂടി ധനസഹായം ചെയ്യാൻ സാധിച്ചാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതിൽ പ്രധാനമായ ഒരു ഘടകംകൂടിയുണ്ട്. പരമ്പരാഗത മേഖലയിലെ പ്രധാനമായ ഒരു കാര്യം നമ്മുടെ സ്റ്റേറ്റ് എന്നുപറയുന്നത് ഇൻഡ്യാ രാജ്യത്തുവച്ച് ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റാണ്. മറ്റുള്ള സംസ്ഥാനങ്ങളിലെ ഏറ്റവും വലിയ വിൽപ്പന കേന്ദ്രമെന്നുപറയുന്നത് കേരളമാണ്. അതുമായിട്ട് കോമ്പീറ്റുചെയ്തു പോകാൻ സാധിക്കണം. അതിനുള്ള ഒരു ഇൻസെന്റീവ് സംസ്ഥാന ഗവൺമെന്റിന് കൊടുക്കാൻ സാധിച്ചാൽ മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കേരളത്തിലെ സാമ്പത്തിക വളർച്ചാ ട്രെൻഡ് നോക്കുന്ന സമയത്ത് വളരെ വിചിത്രമാണ്. കാർഷിക വ്യാവസായിക മേഖലയിൽ വരുന്ന വളർച്ച അത് റിഫ്ളക്ട് ചെയ്യേണ്ടത് ഇൻഷ്വറൻസ്, ബാങ്കിംഗ്, ട്രാൻസ്പോർട്ട്, ടെലികമ്മ്യൂണിക്കേഷൻ, രംഗത്തേയ്ക്കാണ്. സേവന മേഖലയിലെ വളർച്ച വളരെ ദ്രുതഗതിയിലാണ്. അതേസമയം കാർഷിക വ്യാവസായിക മേഖലയിലെ വളർച്ച താഴോട്ടാണ്. ശരിക്കുപറഞ്ഞാൽ അശാസ്ത്രീയമാണ് എന്നാണ് ഇത് കാണിക്കുന്നത്. ഇതു കാണിക്കുന്നത് ബാങ്കിംഗ് പോലുള്ള മേഖലയിൽ വരുന്ന ഇൻവെസ്റ്റ്മെന്റ്, അതിൽ വരുന്ന നിക്ഷേപങ്ങൾ, ഇതിന്റെ ഫലം കാർഷിക, വ്യാവസായിക മേഖലയിൽ വരുന്നില്ല എന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഇവിടെ പറഞ്ഞു, സി.ഡി. റേഷ്യോയുടെ ടാർജറ്റ് ലക്ഷ്യം ഇട്ടതുതന്നെ 60 ശതമാനമേ കാണുന്നുള്ളൂ എന്നതാണ്. അതിന്റെ അർത്ഥമെന്താണ്,

LIBRARY ARCHIVES Kerala Legislative Assembly

അയൽ സംസ്ഥാനങ്ങളിലൊക്കെ തന്നെ 95 ശതമാനം വരെ സി.ഡി. റേഷ്യോ ഉള്ളപ്പോൾ ഇവിടെ 48 ശതമാനമെന്നു പറഞ്ഞാൽ ഇവിടെ നിക്ഷേപിക്കുന്ന പണം ഇവിടെനിന്ന് അവർ വേറെ സ്ഥലത്തേയ്ക്ക് കൊണ്ടുപോകുകയാണ് എന്നാണ്. ലക്ഷ്യം ഇട്ടതുതന്നെ 60 ശതമാനമാണ്. ഇത് മതിയോ? അപ്പോൾ തീർച്ചയായും ഈ സി.ഡി. റേഷ്യോയുടെ കാര്യത്തിൽ കുറച്ചുകൂടി വിശാലമായ ലക്ഷ്യം, കുറച്ചുകൂടി ഉയർന്ന ടാർജറ്റ് ഇട്ടുകൊണ്ട് മുന്നോട്ടുപോകാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്, ഉത്തരവും അദ്ദേഹം തന്നെ പറഞ്ഞു. ഇതിൽ പ്രധാനമായിട്ടും ഈ സി.ഡി. റേഷ്യോ വർദ്ധിപ്പിക്കുക തന്നെ വേണം. സി.ഡി. റേഷ്യോ നമ്മൾ 60 ശതമാനം എന്നുപറഞ്ഞത് 48 ശതമാനം ഉണ്ടായിരുന്നത് ഒരു സ്റ്റെപ്പ് 60 ശതമാനമാക്കി ഈ വർഷത്തിൽ ഉയർത്താൻ സാധിക്കണം. അതിനുശേഷം അത് പടിപടിയായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കണം. പഞ്ചാബിനെപ്പോലേയൊ, ഹരിയാനയെപ്പോലേയോ മഹാരാഷ്ട്രയെപ്പോലെയോ ഉള്ള സ്റ്റേറ്റുകളിലെ സി.ഡി.റേഷ്യോ കേരളത്തിൽ ഉണ്ടാക്കാനും സാധിച്ചിട്ടില്ല. അതിൽ പ്രധാനമായ കാരണം ഉൽപ്പാദന രംഗത്ത് ബാങ്ക് ഇൻവെസ്റ്റ്മെന്റ് വരുന്നില്ല എന്നുള്ളതു തന്നെയാണ്. അത് വളർത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് കേരളത്തിന് ഉണ്ടായിട്ടുള്ള വളർച്ച അത്ഭുതകരമാണ്. പക്ഷെ പ്രശ്നം എന്താണെന്നുവച്ചാൽ ടെലികമ്മ്യൂണിക്കേഷനിൽ ഉണ്ടാകുന്ന വളർച്ച അതിന്റെ ഫലമായി കിട്ടുന്ന നികുതി, ആ നികുതി ഷെയർ ചെയ്യുന്ന സമയത്ത് എന്താ സംഭവിക്കുകയെന്നുവച്ചാൽ അതും ഇവിടെ പറഞ്ഞതുപോലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. അതിനുപകരം ടെലീകമ്മ്യൂണിക്കേഷന്റെ നികുതി കേരളത്തിലേയ്ക്ക് പങ്കുവയ്ക്കുന്ന സമയത്ത് ടെലി ഡെൻസിറ്റിയുടെ അടിസ്ഥാനത്തിൽ എത്ര ടെലിഫോണിന്റെ ആളുകൾ ഇവിടെയുണ്ട്, എത്ര ജനസംഖ്യ എന്നല്ല, എത്ര പേരാണ് ടെലിഫോൺ ഉപയോഗിക്കുന്നത്, ടെലിഫോൺ ഡെൻസിറ്റിയെന്ന് അതിനെ സാങ്കേതികമായിട്ട് പറയുന്നു. ടെലി ഡെൻസിറ്റിയുടെ അടിസ്ഥാനത്തിൽ ഈ വിഭവം സ്റ്റേറ്റിന് പങ്കിടുന്ന കാര്യത്തിൽ കേന്ദ്രത്തോട് സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഈ സേവനമേഖലയിലുള്ള ടാക്സിന്റെ ഷെയറിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര ധനകാര്യ മന്ത്രിയും മറ്റ് സംസ്ഥാന ധനകാര്യ മന്ത്രിമാരും വാല്യൂ ആഡഡ് ടാക്സിനെക്കുറിച്ചുള്ള ഡിസ്ക്കഷൻ നടത്തിയ അവസരത്തിൽ സേവന മേഖലയിൽ നിന്ന് സംസ്ഥാനങ്ങൾക്ക് കൂടുതൽ ഷെയർ വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഈ ടെലി ഡെൻസിറ്റി എന്നുപറയുമ്പോൾ ടെലിഫോണും സെൽഫോണും ഇപ്പോൾ കൂടുതൽ ഉപയോഗിക്കുന്നത് കേരളത്തിലാണ്. അതിൽത്തന്നെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ സെൽഫോൺ ഉപയോഗിക്കുന്നത് മലപ്പുറം ജില്ലയിലാണ്. ഇതൊക്കെ സൂചിപ്പിക്കുന്നത് ഇതിനുള്ള സാമ്പത്തിക ശേഷി കേരളത്തിലെ ഒരു വിഭാഗക്കാരുടെ കയ്യിലുണ്ട് എന്നുള്ളതാണ്. തിരുവനന്തപുരം ജില്ല ആയാലും പാലക്കാട് ജില്ലയായാലും, കോഴിക്കോട് ജില്ലയായാലും വരുമാന മാർഗ്ഗമുള്ള ആളുകളുടെ കൈവശം അതിനുള്ള സാഹചര്യമുണ്ട്. വേറൊന്ന് സൂചിപ്പിക്കുന്നത് കേരളത്തിലെ പെർക്യാപ്പിറ്റാ ഇൻകം മറ്റ് സംസ്ഥാനത്തിനേക്കാളും നാഷണൽ ലവലിനേക്കാളും കൂടിയിട്ടുണ്ട് എന്നുള്ളതാണ്. കേരളത്തിലെ പെർക്യാപ്പിറ്റാ ഇൻകം എന്നുപറയുന്നത് പതിനായിരം കോടിയിലധികം ഉറുപ്പികയാണ്. അത് ഇപ്പോൾ പതിനോരായിരം കോടി ഉറുപ്പിക ആയിരിക്കുന്നു. ഇൻഡ്യാ രാജ്യത്തെ നാഷണൽ പെർക്യാപ്പിറ്റാ ഇൻകത്തിനേക്കാൾ കേരളത്തിലെ ഇൻകം കൂടുതലാണ്. ഒരു കാര്യം വളരെ വ്യക്തമാണ്. ഇപ്രാവശ്യം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്താണെന്ന് വച്ചാൽ വ്യവസായ മേഖലയിലും —ചോദിച്ചാൽ പറഞ്ഞുതരാം, തെറ്റുണ്ടെങ്കിൽ ഞാൻ തിരുത്തിത്തരാം. അതാണ് ഇതിന്റെ സ്ഥിതി. സേവന മേഖലയിൽ നിന്ന് നമ്മുടെ ഷെയർ, സംസ്ഥാനങ്ങൾക്കുള്ള ഷെയർ കൂട്ടണമെന്നുള്ളത് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നാം ലക്ഷ്യമിട്ടിരിക്കുന്ന സാമ്പത്തിക വളർച്ച കൈവരിക്കണമെങ്കിൽ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നും നികുതി വരുമാനം കൂട്ടണമെന്നും പറയുകയുണ്ടായി. സർ, ഇവിടെ ഇപ്പോൾ തന്നെ 2004 മെയ് വരെയുള്ള നികുതി കുടിശ്ശിക 2650 കോടി രൂപയാണ്. റവന്യൂഭൂമി പാട്ടകുടിശ്ശിക 500 കോടി രൂപയാണ്, വനഭൂമി പാട്ടക്കുടിശ്ശിക 58 കോടി രൂപയാണ്. വിനോദനികുതി കുടിശ്ശിക 10 കോടി രൂപയാണ്, ഇലക്ട്രിസിറ്റി ചാർജ് കുടിശ്ശിക 300 കോടി രൂപയാണ്, അബ്കാരി കുടിശ്ശിക 272 കോടി രൂപയാണ്. ഈ നികുതി പിരിച്ചെടുക്കാതെ എങ്ങനെയാണ് നമുക്ക് സാമ്പത്തികവളർച്ച കൈവരിക്കാൻ സാധിക്കുക? പത്താം പഞ്ചവൽസര പദ്ധതിയിൽ ഇരുപത്തിനാലായിരം കോടി രൂപ നമ്മൾ ചെലവഴിക്കേണ്ടതാണ് ഒരു വർഷം പോലും ഇതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ എങ്ങനെയാണ് ഈ പ്രഖ്യാപിച്ച സാമ്പത്തിക വളർച്ച കൈവരിക്കാൻ കഴിയുക, എന്താണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, പിരിച്ചെടുക്കുന്നതിലുള്ള കുടിശ്ശികയാണ്. ഇത് 17, 18 കൊല്ലമായിട്ടുള്ള ബാക്കിയാണ്. അതിൽ 800 കോടി രൂപയോളം ഹൈക്കോടതിയിൽ സ്റ്റേയുള്ളതാണ്. 600 കോടി രൂപയോളം പബ്ലിക് സെക്ടർ കമ്പനികളിൽനിന്നും കിട്ടാനുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ കുറച്ച് കൃഷിക്കാരിൽനിന്നും മറ്റും കിട്ടാനുള്ളതാണ്. അത് പിരിക്കാൻ തീരുമാനിച്ചിട്ടില്ല. അതിന് സ്റ്റേ കൊടുത്തിട്ടുണ്ട്. എന്നാൽ കർശനമായ നികുതി പിരിവിന്റെ അടിസ്ഥാനത്തിലാണ് 2002-03, 2003-04 വർഷത്തിൽ 2,000 കോടിയിലധികം രൂപ നമുക്ക് നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളത്. തീർച്ചയായിട്ടും അത് കൂടുതൽ എഫക്ടീവായിട്ട് പിരിച്ചെടുക്കാൻ ശ്രമിക്കുന്നതാണ്. പിന്നെ പറഞ്ഞത് പഞ്ചവൽസര പദ്ധതിയിൽ അഞ്ചു വർഷത്തിനുള്ളിൽ ചെലവാക്കിയ കണക്കാണ്. ഒരു കാലത്ത് നമ്മൾ നിശ്ചയിച്ച തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള പ്രധാന കാരണം നമ്മുടെ റിസോഴ്സസിന്റെ കുറവാണ്. അതുകൊണ്ടാണ് റിസോഴ്സസ് കൊടുക്കണമെന്ന് പറഞ്ഞത്. അതൊരു സാമ്പത്തിക ശാസ്ത്രമാണ്. അത് ചെയ്യാൻ സാധിക്കണം.

ശ്രീ. പി. പി. ജോർജ്: കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഊന്നൽ കൊടുക്കേണ്ടത് സംബന്ധിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറയുകയുണ്ടായി. അതോടൊപ്പംതന്നെ ടൂറിസം മേഖലയ്ക്ക് കൂടുതൽ സംഭാവന നൽകാൻ കഴിയും. വിദേശ മലയാളികളുടെ സംഭാവന കൂടുതലാക്കാനും സാധിക്കും. ഇതിനെക്കുറിച്ചുള്ള പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത്; അത് മാത്രമല്ല, അഖിലേന്ത്യാ വളർച്ചാ നിരക്കുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് സ്റ്റഡി നടത്തിയിട്ട് എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ: സ്റ്റഡിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകണമെങ്കിൽ, ഇതിന്റെ അടിസ്ഥാനശിലയെന്നത് ഗ്രോത്തുണ്ടാക്കുക എന്നതാണ്. അതാണ് ജി. ഡി. പി. എന്ന് പറയുന്നത്. മൂന്ന് മേഖലകളിൽ വളർച്ചയുണ്ടാകണം. നല്ല മഴ വേണം, നല്ല കാലാവസ്ഥ വേണം, നല്ല വരുമാനം വേണം, നല്ല പ്രൊഡക്ഷൻ വേണം, നല്ല ഇൻസെന്റീവ് വേണം, നല്ല സെയിൽസ് വേണം, നല്ല ഇൻകം വേണം. ഇതൊക്കെ ഉണ്ടാക്കിയാൽ മാത്രമേ ഇത് ചെയ്യാൻ കഴിയൂ. ഇത് വളരെ പരന്നു കിടക്കുന്ന മേഖലയാണ്. ഇതിനെല്ലാംകൂടി കൂട്ടായ ഗ്രോത്തുണ്ടായാൽ മാത്രമേ സാധിക്കൂ. അതാണ് അതിന്റെ സാങ്കേതികമായ വശം.

ശ്രീ. കെ. പി. രാജേന്ദ്രൻ: പൊതുസേവന രംഗങ്ങളിൽ സർക്കാർ കൂടുതൽ സഹായം നൽകുന്നതിന് ആലോചിക്കുന്നു എന്ന് പറഞ്ഞു. കർഷകത്തൊഴിലാളി പെൻഷൻ, അഗതികൾ, വിധവകൾ, രോഗികൾ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുടെ പെൻഷനുകളിലൊക്കെ 285 കോടിയോളം രൂപ കുടിശ്ശികയുണ്ടെന്ന് അങ്ങ് തന്നെ കഴിഞ്ഞ ദിവസം കണക്കുകൾവച്ച് പ്രഖ്യാപിച്ചിരുന്നു. എം.ജി.പി. പദ്ധതി അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഓഫീസുകളിലും സേവന മേഖലകളിലും മാത്രമേ ഗവണ്മെന്റ് ഇനി പണം മുടക്കുന്നുള്ളൂ എന്ന് പറഞ്ഞ സാഹചര്യത്തിൽ പൊതുസേവന രംഗങ്ങളിൽനിന്നും, ആരോഗ്യം, ചികിൽസ, ദുർബല വിഭാഗങ്ങൾക്കുള്ള പെൻഷൻ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഇവയിൽനിന്നൊക്കെ ഗവണ്മെന്റ് പിൻവാങ്ങിക്കൊണ്ടാണോ വളർച്ചാനിരക്കും സാമ്പത്തിക സ്ഥിരതയും മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഗവണ്മെന്റ് ഈ വർഷത്തിൽ കൃഷി, ആരോഗ്യം, വ്യവസായം, തൊഴിലില്ലായ്മ എന്നീ മേഖലകൾക്ക് പ്രയോറിറ്റി കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആ മേഖലയ്ക്ക് പ്രയോറിറ്റി കൊടുത്തുകൊണ്ടുതന്നെയാണ് മുന്നോട്ടു പോകുക. ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ ചോദിച്ച കർഷകത്തൊഴിലാളി പെൻഷൻ, തുടങ്ങിയവയിലൊക്കെ കുറേ ബാക്കി നിൽക്കുന്നുണ്ട്. ഇതൊക്കെ വളരെക്കാലമായി ബാക്കി നിൽക്കുന്നതാണ്. കുറേശ്ശെയായി കൊടുത്തു തീർക്കുകയാണ്. നമ്മൾ ഒരു കാര്യംകൂടി ആലോചിക്കണം. എനിക്ക് നോട്ടടിക്കാനുള്ള അവകാശമില്ല. നികുതി പിരിച്ചു കൊടുക്കാനുള്ള അവകാശമല്ലേ ഉള്ളൂ. അത് കഴിയുന്നത്ര ചെയ്യുന്നുണ്ട്. അതിൽ ഉപേക്ഷ വരുത്തിയിട്ടില്ല. കൊടുത്തു തീർക്കാവുന്നത് മുഴുവനും കൊടുത്തു തീർക്കും. ജി.ഡി.പി.-യുടെ ഗ്രോത്ത് കൂട്ടിയാൽ മാത്രമേ സാധിക്കൂ. അതിനുള്ള പ്രവർത്തനങ്ങളുമായി ഗവണ്മെന്റ് മുന്നോട്ടു പോകും.

ശ്രീ. ജോണി നെല്ലൂർ: വളർച്ചാനിരക്ക് ലക്ഷ്യമിട്ടിരിക്കുന്നത് 6.5 ശതമാനമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. വളർച്ചാ നിരക്ക് കണക്കാക്കുമ്പോൾ വിദേശ നാണയ നിക്ഷേപവും അതിനകത്ത് വകയിരുത്തണം. വിദേശനാണ്യ വർദ്ധനവിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ? അതിന്റെ വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക വളർച്ചാനിരക്ക് കൂട്ടുന്നതിനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: വിദേശ പണമെന്ന് പറയുന്നത്. എൻ.ആർ.ഐ.-യോട് നാഷണലൈസ്ഡ് ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യാൻ പറഞ്ഞു. നാഷണലൈസ്ഡ് ബാങ്കുകൾ അവരുടെ ഇഷ്ടപ്രകാരം യുക്തമായി അത് കൊടുക്കണമെന്ന് ഗവണ്മെന്റ് പറഞ്ഞു. more investment വേണം. അതുകൊണ്ട് C.D. Ratio വർദ്ധിപ്പിക്കണം. C.D. Ratio ഈ വർഷം 60 ശതമാനമായിട്ടെങ്കിലും ഉയർത്തി പടിപടിയായി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് പറഞ്ഞത്.

ശ്രീ. സി. കെ. നാണു: സ്റ്റേറ്റിന്റെ വരുമാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി സാമ്പത്തിക വളർച്ചാ നിരക്ക് പറഞ്ഞപ്പോൾ, ചെറുകിട വ്യവസായ മേഖലയ്ക്ക് പ്രാമുഖ്യം കൊടുക്കുമെന്ന് ഒന്നുരണ്ടു കൊല്ലമായി ബഡ്ജറ്റ് വരുന്ന അവസരത്തിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ കൈത്തറി തൊഴിലാളികൾ ഈ നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ ദിവസേന പ്രക്ഷോഭണം നടത്തുകയാണ്. ഒന്നും കിട്ടുന്നില്ല. അവരുടെ അനുഭവം അതാണ്. നേരേമറിച്ച് സ്റ്റേറ്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഒരു കാലത്ത് പ്രധാനമായി കണക്കാക്കിയിരുന്ന വനത്തിന്റെ ഭാഗം, അതുപോലെ റവന്യൂ ഭൂമി, വൻകിട എസ്റ്റേറ്റുകൾ തുടങ്ങിയവ പാട്ടത്തിന് കൊടുത്ത തുക ഒരു ചെറിയ ശതമാനം വർദ്ധിപ്പിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കാൻ സഹായിക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷേ ഇന്ന് അതും കുറച്ചു. സ്റ്റേറ്റിന്റെ വരുമാനത്തിന്റെ തോത് പറഞ്ഞിരുന്ന അവസരത്തിൽ ലഭിക്കാവുന്ന തോത് നഷ്ടപ്പെടുത്തുന്ന അവസ്ഥയല്ലേ ഇന്ന് യഥാർത്ഥത്തിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: അതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. മുരളി: ബാങ്ക് പലിശ റിസർവ് ബാങ്ക് പല കാരണങ്ങൾകൊണ്ട് കുറച്ചുകൊണ്ടുവന്ന സാഹചര്യത്തിലും എൻ.ആർ.ഐ.-യുടെ പലിശയും ആകർഷണീയതയും കുറച്ചുകൊണ്ടു വരുന്ന സാഹചര്യത്തിലും നമ്മുടെ ദേശീയ സമ്പാദ്യ പദ്ധതി വളരെ ആകർഷകമായും വ്യാപകമായും മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞാൽ സംസ്ഥാനത്തിന് വലിയ നിക്ഷേപം സ്വരൂപിക്കാൻ കഴിയും. ഇപ്പോൾ മൂവായിരം കോടി രൂപയിൽ താഴെയാണ് എൻ.എസ്.ഡി.-യിൽനിന്നും നമുക്ക് കിട്ടുന്ന വരുമാനം. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും വലിയ നിക്ഷേപ സാഹചര്യം ഇല്ലാത്ത സാഹചര്യത്തിലും എണ്ണായിരം കോടി രൂപ നാഷണൽ സേവിംഗ്സിൽനിന്നും കളക്ട് ചെയ്യുന്നുണ്ട്. കേരളത്തിൽ നിന്നും പതിനായിരം കോടി രൂപ നാഷണൽ സേവിംഗ്സിൽനിന്നും കളക്ട് ചെയ്യാൻ ഏജന്റൻമാരെ അനുവദിച്ച് വകുപ്പിനെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ചാൽ അത് വലിയ റിസോഴ്സസാകും. ഈ സാഹചര്യം ചൂഷണം ചെയ്യാൻ മുൻകൈ എടുക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: നാഷണൽ സേവിംഗ്സിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടു വർഷക്കാലമായി വരുമാനം കൂടിയിട്ടുണ്ട്. കുറേക്കൂടി വരുമാനം കൂട്ടാനുള്ള ശ്രമം നടത്തുന്നുണ്ട്.

ശ്രീ. ബിനോയ് വിശ്വം: സാമ്പത്തിക വളർച്ചാ നിരക്കിനെപ്പറ്റി ഒരു വാഗ്ദാനം ഇവിടെ പറയുകയുണ്ടായി. ആ വാഗ്ദാനം പാലിക്കപ്പെടാൻ പ്രയാസമാണ്. ഏറ്റവും ഒടുവിൽ ലഭിച്ച സി.ആന്റ്.എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നത്, Revenue and Fiscal deficits were an all time high during 2002-03 and 83% of the net borrowings was used for current consumption. കടം വീട്ടാൻ പലിശ കൊടുക്കാൻവേണ്ടി മാത്രം ഭീമമായ സംഖ്യ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ആ പണം ഇങ്ങനെ ഏകദേശം 3908.10 crores over provision was not yet regularised എന്ന് സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇത്രയും കെടുകാര്യസ്ഥതയുള്ള ഒരു സാമ്പത്തിക മാനേജുമെന്റിന്റെ കീഴിൽ ഈ സാമ്പത്തിക വളർച്ചാ നിരക്ക് സാധിതപ്രായമാകുമെന്ന് സ്വപ്നംപോലും കാണാൻ കഴിയില്ല. അതുകൊണ്ട് ഈ ഗുരുതരമായ ക്രമക്കേട് മാറ്റാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: അതിനുള്ള ശ്രമം തന്നെയാണ് നടത്തുന്നത്. അത് ഒരു ദിവസം കൊണ്ട് പറ്റില്ല; അഞ്ചാറു വർഷക്കാലമായി നടന്നുവരുന്നതാണ്. It is not possible within a day. ശ്രീ. ബിനോയ് വിശ്വം ഈ രാജ്യത്തെ സാമ്പത്തികവളർച്ചയെക്കുറിച്ചും, വരുമാനത്തെക്കുറിച്ചും പഠിക്കുന്ന ആളല്ലേ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: കുടുംബശ്രീ യൂണിറ്റുകളുടെ അഭൂതപൂർവ്വമായ വളർച്ച നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക രംഗത്ത് വലിയൊരു വ്യതിയാനമുണ്ടാക്കി. ശരിക്ക് പറഞ്ഞാൽ പലതുള്ളി പെരുവെള്ളം പോലെയാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് അടുത്ത കാലത്ത് വർദ്ധിതമായിട്ടുള്ളത്. സ്ത്രീകളുടെ മുന്നേറ്റംകണ്ട് പ്രചോദിതരായി പല സ്ഥലത്തും പുരുഷൻമാർ

LIBRARY ARCHIVES Kerala Legislative Assembly

സമാനമായ പദ്ധതി തങ്ങൾക്കും കിട്ടുമോയെന്ന് എന്റെ നിയോജകമണ്ഡലത്തിലെ പുരുഷൻമാർ ചോദിക്കുന്നു. ആ സ്ഥിതിക്ക് കുടുംബശ്രീയുടെ മാതൃകയിൽ പുരുഷഗണങ്ങൾ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട്, കുടുംബശ്രീ പോലെ കൂടുതൽ മാന്യമായി ജീവിക്കാൻ ഉതകുന്ന സംവിധാനം ഉണ്ടാക്കാൻ സർക്കാരിന്റെ ആനുകൂല്യം ലഭിക്കുമോയെന്ന്. 'പുരുഷഗണം' എന്ന വാക്കുതന്നെ ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലെ ജനങ്ങളിൽനിന്നും എനിക്ക് കിട്ടിയതാണ്. പുരുഷഗണം രൂപീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് കേരളത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതിന് ഒരു സമ്പ്രദായം സൃഷ്ടിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സ്ത്രീഗണങ്ങളും പുരുഷഗണങ്ങളും സാമ്പത്തിക വളർച്ചാ നിരക്ക് വർദ്ധിപ്പിച്ചാൽ മാത്രമേ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. കുടുംബശ്രീകൾ ഈ രാജ്യത്ത് വർദ്ധിച്ച പ്രവർത്തന മേഖല ഉൾക്കൊള്ളുന്നുണ്ട്. വളരെ കാര്യമായി അവരുടെ പ്രവർത്തന മേഖല മുന്നോട്ടു പോകുന്നുണ്ട്. പതിനൊന്നിന പരിപാടി ഇതാണ്. ഇതിന്റെ പ്രവർത്തനം ഇനിയും മുന്നോട്ടുപോകും. പുരുഷൻമാരെ സംബന്ധിച്ചിടത്തോളം അവർക്കും ഈ വിധത്തിൽ സംഘടന ഉണ്ടാക്കാൻ ആഗ്രഹമുണ്ടെങ്കിൽ ഉണ്ടാക്കട്ടെ.

ശ്രീ. കെ. രാധാകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെക്കുറിച്ചാണല്ലോ ചോദ്യം. ഈ ഗവൺമെന്റ് വന്നതിനുശേഷം ധവളപത്രം ഇറക്കുകയാണ് ആദ്യമായിട്ട് ചെയ്തത്. ആ ധവളപത്രം ഇറക്കികൊണ്ട് അന്ന് പറഞ്ഞത്, പൊതുകടം കുറയ്ക്കണം, അതുപോലെതന്നെ റവന്യൂ കമ്മി കുറയ്ക്കണം, അഡീഷണൽ റിസോഴ്സ് മൊബിലൈസ് ചെയ്യണം എന്നീ കാര്യങ്ങളാണ്. ഇപ്പോൾ സംഭവിച്ചത്, നമ്മുടെ പൊതുകടം സർവ്വകാല റിക്കോർഡായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇരുപത്തിമൂവായിരത്തിൽപ്പരം രൂപയാണ് കടമുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് മുപ്പത്തിയെണ്ണായിരത്തിൽപ്പരം കോടി രൂപയായി മാറിക്കഴിഞ്ഞു. അതുപോലെതന്നെ റവന്യൂ കമ്മിയുടെ കാര്യത്തിൽ സർവ്വകാല റിക്കോർഡുണ്ടായിരുന്നത് 2002-03-ലെ സി.ആന്റ് എ.ജി. റിപ്പോർട്ടിൽ തന്നെ ചൂണ്ടിക്കാണിച്ചു. ഏകദേശം 4118 കോടി രൂപ റവന്യൂ കമ്മി വന്നിരിക്കുകയാണ്. അതുപോലെതന്നെ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷനെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നു. പക്ഷേ നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ നമുക്ക് കിട്ടാനുള്ള വരുമാനം പിരിച്ചെടുക്കുന്ന കാര്യത്തിൽ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. ഈ സംവിധാനംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് സാമ്പത്തിക വളർച്ചയാണോ തകർച്ചയാണോ ഉണ്ടായത്? ഈ ധവളപത്രം എന്നുപറയുന്നത് ഒരു രാഷ്ട്രീയ സ്റ്റണ്ടിന് വേണ്ടി ഇറക്കിയതാണോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ: ധവളപത്രം അതിന്റെ ആവശ്യത്തിന് വേണ്ടി ഇറക്കിയതാണ്. ഞാൻ വളരെ വ്യക്തമായിട്ട് പറഞ്ഞു, ഇത് ഒരാളുടെ കുറ്റമോ ഗവൺമെന്റിന്റെ കുറ്റമോ അല്ല. ദീർഘകാലമായിട്ട് നടന്നുവരുന്നതാണ്. ഇതിൽ മാറ്റമുണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. റവന്യൂ ഡെഫിസിറ്റ് കുറയ്ക്കണമെന്ന് തന്നെയാണ്. പക്ഷേ കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഇൻഡ്യാരാജ്യത്തെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെന്റിലും റവന്യൂ ഡെഫിസിറ്റ് കൂടുകയാണ് ചെയ്തിട്ടുള്ളത്. ഒരു സംസ്ഥാനത്തും കുറഞ്ഞിട്ടില്ല. റവന്യൂ എക്സ്പെൻഡിച്ചർ കൂടുകയും റവന്യൂ റെസീപ്റ്റ്സ് കുറയുകയും ചെയ്യുമ്പോൾ റവന്യൂ ഡെഫിസിറ്റ് കൂടും. അത് കുറച്ചുകൊണ്ട് വരാനുള്ള ഉൽപ്പന്നശേഷി ഉണ്ടാക്കിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ: നാല് ശതമാനം മുതൽ ആറ് ശതമാനം വരെയുള്ള പലിശയ്ക്കാണ് പലപ്പോഴും വ്യവസായ ആവശ്യങ്ങൾക്ക് വായ്പ കൊടുക്കുന്നത്. പക്ഷേ കാർഷികാവശ്യങ്ങൾക്ക് പത്ത് ശതമാനം മുതൽ പന്ത്രണ്ട് ശതമാനം വരെയാണ് പലിശ നിരക്ക്. പലപ്പോഴും കടം കൊണ്ട് കർഷകർ ബുദ്ധിമുട്ടുമ്പോൾ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും കടങ്ങൾ എഴുതിത്തള്ളുകയും ചെയ്യുന്നുണ്ട്. അതേസമയത്ത് കാർഷികാവശ്യങ്ങൾക്കുള്ള വായ്പയ്ക്ക് പലിശ ഇളവ് കൊടുക്കുകയാണെങ്കിൽ കാർഷികോൽപ്പാദനം വർദ്ധിക്കുകയും അതുവഴി റവന്യൂ വരുമാനം വർദ്ധിക്കുകയും ചെയ്യും. അതുകൊണ്ട് കർഷകർക്ക് പലിശ കുറച്ചുകൊടുക്കാനുള്ള സംവിധാനം സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: കർഷകർക്ക് പലിശ മാത്രം കുറച്ചുകൊടുത്താൽ പോരാ. കർഷകരെ സംബന്ധിച്ചിടത്തോളം, കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം നമ്മൾ ഒരു പുതിയ പാക്കേജുണ്ടാക്കാൻ പോവുകയാണ്. ആ പാക്കേജുണ്ടാക്കുന്ന അവസരത്തിൽ ഈ വക കാര്യങ്ങൾ അതിൽ ഉൾപ്പെടുത്താം.

ശ്രീ. എ.കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തതിനുശേഷം സാമ്പത്തിക രംഗത്ത് അച്ചടക്കം പാലിക്കുന്നതിന് വേണ്ടി വളരെ പ്രധാനപ്പെട്ട ഒരു നിയമം കൊണ്ടുവന്നു –ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ. 2007 മാർച്ച് 31-ഓടുകൂടി റവന്യൂ ഡെഫിസിറ്റ് പൂജ്യത്തിലേക്ക് കൊണ്ടുവരിക, പൊതുകടം കുറയ്ക്കുക എന്നീ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നത്. അതിനുശേഷമാണ് റവന്യൂ കമ്മി കൂടുകയും പൊതുകടം കൂടുകയും ചെയ്തത്. എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നു, റവന്യൂ കമ്മി 58% കണ്ട് വർദ്ധിച്ചതിന്റെ ഫലമായി 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയിൻമേൽ ഇൻഡ്യാഗവൺമെന്റിനാൽ സ്ഥാപിതമായ പ്രോത്സാഹന നിധിയിൽ നിന്നും 44.30 കോടി രൂപയായ സർക്കാർ വിഹിതം ലഭിക്കാൻ സംസ്ഥാനത്തിന് അർഹതയില്ലാതായിയെന്ന്. യഥാർത്ഥത്തിൽ ഫിനാൻസ് ബിൽ ഇവിടെ കൊണ്ടുവരുന്നു, നടപ്പിലാക്കുന്നില്ല, 'വാറ്റ്' കൊണ്ടുവന്നു, നടപ്പിലാക്കിയില്ല. എന്തുകൊണ്ടാണ് ധനസംബന്ധമായ അച്ചടക്കം പാലിക്കുന്നതിന് വേണ്ടി ഈ രൂപത്തിൽ കൊണ്ടുവന്ന നിയമങ്ങൾ ഇവിടെ നടപ്പിലാക്കാതിരിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ ഒരു മറുപടി തരണം. ധവളപത്രത്തിന് ധവളപത്രം, ഫിസ്ക്കൽ റെസ്പോൺസിബിലിറ്റിക്ക് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി എന്നുപറഞ്ഞാൽ പോരാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ ബഹുമാനപ്പെട്ട ബാലൻ ചോദിച്ചതുകൊണ്ട് പറയുകയാണ്. വളരെ നിഷ്പക്ഷമായി കാണേണ്ട ഒരു കാര്യമാണ്. ചോദ്യത്തിന്റെ ഉത്തരമല്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏത് വർഷമാണ് ചെലവ് കുറഞ്ഞിരിക്കുന്നത്, ഏത് വർഷമാണ് കൂടിയിരിക്കുന്നത്, ഏത് വർഷമാണ് വരുമാനം കുറഞ്ഞിരിക്കുന്നത്, ഏത് വർഷമാണ് വരുമാനം കൂടിയിരിക്കുന്നത് എന്നതിനെ നമ്മൾ ഒരു നിഷ്പക്ഷബുദ്ധിയോടുകൂടി കാണാതെ വെറും വിമർശനം മാത്രമായാൽ ഈ സാമ്പത്തിക രംഗം പുഷ്ടിപ്പെടാൻ പോകുന്നില്ല. വരുമാനം ഉണ്ടായാൽ മാത്രമേ സാധിക്കൂ. ഡെവലപ്മെന്റ് വർക്ക്സിനെ സംബന്ധിച്ചിടത്തോളം, പ്ലാൻ എക്സ്പെൻഡിച്ചറിനെ സംബന്ധിച്ചിടത്തോളം ആരെങ്കിലും ഒരു നയാപൈസ കുറവ് വരുത്തിയാൽ സമ്മതിക്കുമോ? ഒരു വർഷം തന്നെ പുതുതായിട്ട് എത്ര എക്സ്പെൻഡിച്ചർ വന്നു? അതിൽ തന്നെ കഴിഞ്ഞ വർഷം ഏതെല്ലാം മേഖലയിൽ നമുക്ക് പുതിയതായിട്ട് ചെലവാക്കേണ്ടി വന്നു. ഇതെല്ലാം കണക്കാക്കിക്കൊണ്ടല്ലേ റവന്യൂ ഡെഫിസിറ്റ് കൂട്ടാനും കുറയ്ക്കാനും സാധിക്കുകയുള്ളു. ഒരൊറ്റ നയാപൈസ നികുതി കൂട്ടിയിട്ട് വരുമാനം കൂട്ടാൻ സാധിക്കുമോ? നികുതി കുറയ്ക്കണമെന്നതാണ് എല്ലാവരുടെയും അഭിപ്രായം. വരുമാനം കൂട്ടാതെ ചെലവ് കൂട്ടികൊണ്ട് വികസനം നടത്തുമ്പോൾ കടമുണ്ടാകും. അത് ഇവിടെ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. 76,000 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിന്റെ റവന്യൂ ഡെഫിസിറ്റ്. തീർച്ചയായിട്ടും നമ്മുടെ പ്രവർത്തനം കൊണ്ട് കുറയ്ക്കാൻ വേണ്ടി ശ്രമിക്കും.

ശ്രീ. കെ.ബാബു: 1957 മുതൽ 1996 വരെയുള്ള കേരളത്തിന്റെ പൊതുകടം 10,000 കോടി രൂപയായിരുന്നു. 1996 മുതൽ 2001 വരെ അത് 26,000 കോടി രൂപയായി ഉയർന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് 36,000 കോടി രൂപയായി ഉയർന്നു. പൊതുകടത്തിന്റെ പലിശ ബാദ്ധ്യത സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള Direct market borrowing സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് പലിശ ബാദ്ധ്യത കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അതോടൊപ്പം തന്നെ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുൻഗണനാക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ നേരത്തെ പറഞ്ഞു, debt swap- നുള്ള പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 16 ശതമാനത്തിനും, 14 ശതമാനത്തിനും, 13 ശതമാനത്തിനും ഒക്കെ കടം വാങ്ങിയത് തിരിച്ചടച്ചുകൊണ്ട് അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കിക്കൊണ്ട് 7 ശതമാനം, 8 ശതമാനം, 6.5 ശതമാനത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെ കുറേ പലിശ കുറച്ചുകൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ മുൻഗണന എന്നുപറഞ്ഞത്, ഞാൻ നേരത്തെ സൂചിപ്പിച്ചു, മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കൃഷി, വ്യവസായം, തൊഴിലില്ലായ്മ ഇതിനൊക്കെ മുൻഗണന കൊടുക്കുമെന്നുള്ളതാണ്. ആ ഒരു പ്രോജക്റ്റ് വച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: മഹാസരസ്സനും രസിക ശിരോമണിയുമായിട്ടുള്ള നമ്മുടെ ധനമന്ത്രി ധനകാര്യ കാര്യത്തിലൊഴികെ എല്ലാത്തിനും വിദഗ്ദ്ധനാണ്. ഇവിടെ സാമ്പത്തികവളർച്ചയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ കോപ്പിക്കകത്ത് അവസാനം Epitom of C.&A.G. റിപ്പോർട്ടിൽ നമ്മുടെ റവന്യൂ എക്സ്പെൻഡിച്ചർ 26.53% ആയിട്ട് വളരുകയും റവന്യൂ ഡെഫിസിറ്റ് 58% ആയിട്ട് കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിക്കുകയും ചെയ്തു എന്നു പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ 16-ാമത്തെ പേജിൽ വളരെ സുപ്രധാനമായി ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് പറയുന്നിടത്ത്.....

മി. സ്പീക്കർ: ചോദ്യ സമയത്ത് ഒന്നും വായിക്കാൻ സാധിക്കില്ല. അതിൽ അടങ്ങിയിരിക്കുന്ന ചോദ്യം ചോദിക്കാം.

ശ്രീ. മത്തായി ചാക്കോ: അതിൽ സ്വകാര്യ entrepreneur-ക്ക് വേണ്ടി എഗ്രിമെന്റിന്റെ ഒരു പ്രൊവിഷൻ മാറ്റിയതുവഴി 8.79 കോടി രൂപ ബോർഡിന് നഷ്ടമായിരിക്കുന്നുവെന്ന് സൂചിപ്പിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള നഷ്ടങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട ധനമന്ത്രി സന്നദ്ധനാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇത് എന്ത് ധനകാര്യ വൈദഗ്ദ്ധ്യമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഓരോ ഡിപ്പാർട്ടുമെന്റിലും അതാത് ആവശ്യങ്ങൾക്ക് വേണ്ടി ഉണ്ടാക്കുന്ന കാര്യങ്ങളല്ലേ? എന്താണ് ഇങ്ങനെയൊക്കെ ചോദിക്കുന്നത്?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: ലോകരാജ്യങ്ങളിൽ ഏറ്റവും വികസിതമായ രാജ്യമെന്ന് പറയുന്ന അമേരിക്കയുടെ വളർച്ചാനിരക്ക് 2% ആണ്. കേരളത്തിലെയും ഇൻഡ്യയിലെയും വളർച്ചാനിരക്ക് 6.5%-ൽ എത്തുമെന്ന് പറയുകയാണ്. ഇവിടെ കടം കൂടുകയാണ്, കമ്മി കൂടുകയാണ്. കാർഷിക വളർച്ചയും വ്യാവസായിക വളർച്ചയും മുരടിച്ചുനിൽക്കുന്ന പരിതഃസ്ഥിതിയിൽ വളർച്ചാ നിരക്ക് 6.5%-ൽ എത്തുക എന്നുള്ള കാര്യം വളരെ ഗൗരവപൂർവ്വം പരിഗണിക്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടായിരുന്നവർ 42 ശതമാനമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. ദാരിദ്ര്യരേഖയുടെ വര താഴേയ്ക്ക് വരച്ച് 7% ആക്കി കുറച്ചതിന്റെ ഫലമായി ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉണ്ടായിരുന്ന ജനങ്ങൾ ദാരിദ്ര്യം അനുഭവിച്ചുകൊണ്ട് തന്നെ രേഖ മാത്രം മേലോട്ട് പോയ സാഹചര്യത്തിൽ അവരുടെ കൂടി കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ദാരിദ്ര്യ രേഖയുടെ പരിശോധന ഫലപ്രദമായ നിലയിൽ നടപ്പിലാക്കുന്നതിന് വേണ്ടിയും 12-ാം ധനകാര്യ കമ്മീഷന്റെ മുൻപിൽ സമർപ്പിച്ച നമുക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾ പിടിച്ചുവാങ്ങുന്നതിന് വേണ്ടി തടസ്സമായി നിൽക്കുന്ന ഈ 7 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെ എന്നുള്ളത് മാറ്റി കൃത്യമായിട്ടും 42 ശതമാനത്തോളം വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനുള്ള നിലപാട് അങ്ങ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഇതൊരു ബഹുമുഖമായിട്ടുള്ള കാര്യമാണ് ഇതുതന്നെയാണ് നമ്മൾ ആലോചിക്കുന്നതും മാറ്റം വരുത്താൻ വേണ്ടി ശ്രമിക്കുന്നതും.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: നമ്മുടെ വളർച്ചാനിരക്ക് വർദ്ധിക്കുമ്പോൾ പോലും തൊഴിൽ സാധ്യത വർദ്ധിക്കുന്നില്ല. തൊഴിൽ സാധ്യത വർദ്ധിപ്പിച്ച് സാമ്പത്തിക വളർച്ച മുന്നോട്ട് കൊണ്ടുപോകാൻ എന്ത് പ്രത്യേക പരിപാടിയാണുള്ളത്.?

ശ്രീ. കെ. ശങ്കരനാരായണൻ: തൊഴിൽ സാധ്യത വർദ്ധിക്കണമെങ്കിൽ തൊഴിൽ സാധ്യതയ്ക്ക് അവസരമുള്ള വ്യവസായങ്ങളുണ്ടാകണം. കാർഷിക മേഖലയിൽ വളർച്ചയുണ്ടാകണം. സേവനമേഖലയിൽ വളർച്ചയുണ്ടാകണം. ഈ വളർച്ചയുണ്ടായാലേ തൊഴിൽ മേഖലയിൽ വളർച്ചയുണ്ടാവുകയുള്ളൂ.

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ദേശീയ സാമ്പത്തിക വളർച്ചാ നിരക്ക് 4.2 ശതമാനമാണ്, കേരളത്തിന്റേത് 6.5 ശതമാനമാക്കാനും പിന്നീട് അത് ഏഴാക്കാനും വേണ്ടിയിട്ടുള്ള ശ്രമം നടത്തുന്നു എന്ന് ഇവിടെ സൂചിപ്പിച്ചു. കേൾക്കാൻ നല്ല സുഖമുള്ള കാര്യമാണ്. പക്ഷേ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി, ഇപ്പോൾ ഏറ്റവും പുതിയ സാമ്പത്തികാവലോകനത്തിൽ പറയുന്നത് കാർഷിക മേഖലയിലെ വരുമാനത്തിന്റെ ഗ്രാഫ് താഴോട്ടാണെന്നാണ്. കാരണം 2001 സാമ്പത്തിക വർഷത്തിൽ 5,448 കോടി രൂപ, 2002-ൽ 5,365 കോടി രൂപ, 2003 - ൽ 5,065 കോടി രൂപ ഇങ്ങനെ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വ്യാവസായിക മേഖലയുടെ കണക്ക് ഞാൻ ഇവിടെ വായിക്കുന്നില്ല. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് ദേശീയ സാമ്പത്തിക വളർച്ചാനിരക്ക് 8 ശതമാനമാണെന്നും അതിന്റെ ഭാഗമായി ഇൻഡ്യ തിളങ്ങുന്നു എന്നുമൊക്കെ പറഞ്ഞ് പ്രചരിപ്പിച്ചതിന്റെ കാഴ്ച നമ്മൾ കണ്ടതാണ്. കേരളത്തിലെ ജനങ്ങൾക്ക് സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളിൽ ഗ്രാഫ് അല്ല പ്രധാനം. അവരുടെ ജീവിത യാഥാർത്ഥ്യങ്ങളാണ്. കാർഷിക മേഖലയിൽ, പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ കേരളീയ സാമൂഹ്യക ജീവിതത്തിന്റെ സമസ്ത മേഖലയിലും ഗുരുതരമായ പ്രതിസന്ധി ഉയർന്നു വന്നിരിക്കുകയാണ്. ഗ്രാഫും കണക്കും മാറ്റി ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഒരു സമീപനം നിഷ്ക്കളങ്കമായ ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: നിഷ്ക്കളങ്കമായിട്ടുതന്നെയാണ് ഞാൻ പറയുന്നത്. ഇതിന് പരിഹാര മാർഗ്ഗം ഉണ്ടാക്കണമെന്നു തന്നെയാണ് ഞാൻ പറഞ്ഞത്. അതാണ് ഈ ഗ്രോത്ത് വർദ്ധിപ്പിക്കണമെന്നു പറയുന്നത്.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ ആഭ്യന്തര നിക്ഷേപമാണെങ്കിലും വിദേശ നിക്ഷേപമാണെങ്കിലും അത് ഗണ്യമായി വർദ്ധിക്കുന്നതുമൂലം ഇപ്പോൾ ഡെപ്പോസിറ്റിന് ഇന്ററസ്റ്റ് കുറയ്ക്കുന്നുണ്ട് പലബാങ്കുകളും അതിന് ആനുപാതികമായി വായ്പകളിൽ കുറവ് വരുത്തുന്നില്ല. ദയവായി ഡെപ്പോസിറ്റിൽ വരുത്തിയ, അതിന്റെ പലിശയിൽ ഉണ്ടായ, ഇന്ററസ്റ്റിലുണ്ടായ കുറവിൽ ആനുപാതികമായ കുറവ് വായ്പയിലും നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോൾ പൊതുവേ ഇന്ററസ്റ്റ് റേറ്റ് കുറഞ്ഞിട്ടുണ്ട്. എല്ലാ ബാങ്കുകളിലും, നാഷണലൈസ്ഡ് ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലും എല്ലാം ഇന്ററസ്റ്റ് റേറ്റ് കുറഞ്ഞിട്ടുണ്ട്. ഡെപ്പോസിറ്റിനെ സംബന്ധിച്ചിടത്തോളം ഈ ഡെപ്പോസിറ്റിന്റെ ചെറിയ ശതമാനം വ്യവസായത്തിനും കൃഷിക്കും ഒക്കെ കൊടുക്കണം. അതാണ് ഞാൻ പറഞ്ഞത്, ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്— 60 ശതമാനമെങ്കിലും ആക്കണം സി.ഡി.റേഷ്യ എന്നുള്ളത്. അത് ബാങ്ക് സ്വീകരിച്ചുകഴിയുമ്പോൾ നമ്മുടെ കാർഷിക-വ്യാവസായിക രംഗത്ത് ഉല്പാദനം കുറെക്കൂടി വർദ്ധിപ്പിക്കാൻ സാധിക്കും, വരുമാനം കൂട്ടാൻവേണ്ടി സാധിക്കും. ഇത് മാത്രമാണ് കഴിഞ്ഞ ബാങ്ക് ആഫീസേഴ്സിന്റെ യോഗത്തിലും മുഖ്യമന്ത്രി വളരെ കാര്യമായി പറഞ്ഞത്. അതിൽ 48 ശതമാനത്തിൽ നിന്ന്, 48 ശതമാനം സി.ഡി. റേഷ്യ ഉണ്ടായിരുന്നു. ഇപ്പോൾ 51 ശതമാനത്തിലേയ്ക്ക് വന്നിട്ടുണ്ട്. അത് 60 ശതമാനമാക്കണമെന്നുള്ളതാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: പരിമിതികൾ ഒരുപാട് ഉണ്ടെങ്കിലും ധനകാര്യ മാനേജുമെന്റിന്റെ കാര്യത്തിൽ മോശമായിട്ടുള്ള ഒരു പ്രവർത്തനമാണ് ഈ ധന കാര്യമന്ത്രി ചെയ്യുന്നത് എന്ന അഭിപ്രായം എനിക്കില്ല. ഇപ്പോൾ ധനകമ്മിയെക്കുറിച്ചും റവന്യൂകമ്മിയെക്കുറിച്ചും സംസാരിച്ച എന്റെ സുഹൃത്തുക്കൾ ഒരു കാര്യം വിസ്മരിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 152 കോടി രൂപയായിരുന്നു കമ്മി. അവർ ഭരണം വിടുമ്പോൾ 403 കോടി രൂപയായിരുന്നു കമ്മി. വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 402 കോടി രൂപയായിക്കുറഞ്ഞു. എൽ.ഡി.എഫ്. 1996 മുതൽ 2001 വരെ ഭരിച്ചപ്പോൾ റവന്യു കമ്മി 3147 കോടി രൂപയാക്കി ഉയർത്തിയ ആളുകളാണ് ഇപ്പോൾ ധനകാര്യമാനേജുമെന്റ് മോശമാണെന്ന നിലയിൽ സംസാരിക്കുന്നത്. എന്റെ ചോദ്യം ഇവിടെ ബാങ്കിംഗ് മേഖലയിലും ഇൻഷ്വറൻസ് മേഖലയിലും വലിയ ഒരു കുതിച്ചു ചാട്ടം ഉണ്ടായിട്ടുണ്ട്. ഇത് സാധാരണക്കാരായ ആളുകൾക്ക് പ്രയോജനകരമാക്കി മാറ്റേണ്ടതായിട്ടുണ്ട്. ഇപ്പോഴും നമ്മുടെ ബാങ്കിംഗ് മേഖലയിൽ ഡെപ്പോസിറ്റ് വളരെ നല്ല നിലയിൽ വരുന്നുണ്ട്. പക്ഷേ അഡ്വാൻസ് തീരെ കുറവാണ്. പലിശ കാര്യമായിട്ട് കുറയ്ക്കുന്നില്ല. എന്റെ ചോദ്യം ഈ ഗവൺമെന്റ് ശക്തമായി ഇക്കാര്യത്തിൽ ഇടപെട്ട് ഡെപ്പോസിറ്റിന് ആനുപാതികമായ ഇന്ററസ്റ്റ് കുറച്ച് അഡ്വാൻസ് ചെയ്യാനുള്ള കാര്യത്തിൽ ശക്തമായ നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : കഴിഞ്ഞ മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്ക് മാനേജർമാരുടെയും എം.ഡി.മാരുടേയും നാഷണലൈസ്ഡ് ബാങ്ക് ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചപ്പോൾ വളരെ കർശനമായി ഡെപ്പോസിറ്റിന് ആനുപാതികമായി ഈ ലോൺ കൊടുക്കുന്ന കാര്യത്തിൽ യാതൊരുവിധ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണവും കൂടാതെ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണമെന്നു പറഞ്ഞു. അങ്ങനെയാണ് 51 ശതമാനത്തിൽ നിന്ന് 60 ശതമാനമാക്കണം എന്ന് പറഞ്ഞിട്ടുള്ളത്. അവർ എന്ത് ചെയ്യുന്നുവെന്ന് നോക്കിയിട്ട് തീർച്ചയായിട്ടും കർശനമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: 11 -ാം ധനകാര്യ കമ്മീഷൻ സ്പെഷ്യൽ ഗ്രാന്റായി പശ്ചിമബംഗാളിന് 3000 കോടി രൂപ നൽകിയപ്പോൾ നമ്മുടെ സംസ്ഥാനത്തിന് ഒന്നും കിട്ടിയില്ല. അതടക്കം 91 -ലെ റവന്യൂ കമ്മി 402 കോടി രൂപയായിരുന്നത് 5 വർഷത്തിനുശേഷം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പോയപ്പോൾ 20 കോടി രൂപയേ വർദ്ധിച്ചുള്ളു. പിന്നീട് 2001 ആയപ്പോൾ 3000-ൽപ്പരം കോടി രൂപയായി മാറി. ശ്രീ. ശിവദാസമേനോന്റെ ബഡ്ജറ്റിൽ ഓപ്പണിംഗ് വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെ വന്ന ഒരു സാമ്പത്തിക മിസ്മാനേജുമെന്റാണ് നമ്മുടെ കേരളത്തിന്റെ സമ്പദ്ഘടനയെ തകർത്തുകളഞ്ഞത്. എന്റെ ചോദ്യം യു. പി. എ. ഗവൺമെന്റിന്റെ കോമൺ മിനിമം പരിപാടിയിൽ 7.8 ശതമാനം സാമ്പത്തിക വളർച്ച സ്ഥിരമായി നിലനിർത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഇതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ? പ്രത്യേകിച്ച് യു. പി. എ. ഗവൺമെന്റ് ഒരു കോമൺ മിനിമം പരിപാടിയെ സംബന്ധിച്ച് പറഞ്ഞിരുന്നതിൽ കുറെ അഡ്ജസ്റ്റുമെന്റുകൾ സംസ്ഥാന ഗവൺമെന്റുമായിട്ട് പറഞ്ഞിട്ടുണ്ട്. ഇത് എങ്ങനെ നമ്മുടെ സംസ്ഥാന സമ്പദ്ഘടനയെ ബാധിക്കും എന്നു പരിശോധിച്ചിട്ടുണ്ടോ? അതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : യു.പി.എ. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കുറെ പരിപാടികളുണ്ട്. ആ പരിപാടികൾ സംസ്ഥാന ഗവൺമെന്റ് യു.പി.എ. ഗവൺമെന്റുമായിട്ട് സംസാരിച്ചു കഴിഞ്ഞിട്ട് അവർ എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്യുമെന്നുള്ളത് പരിശോധിക്കണം. നമ്മളെ സംബന്ധിച്ചിടത്തോളം നമുക്ക് മാക്സിമം കിട്ടാനുള്ള പ്രവർത്തനമാണ് നമ്മൾ പറഞ്ഞിട്ടുള്ളത്. തീർച്ചയായിട്ടും അത് ഉണ്ടാകുമെന്നുള്ളതാണ് വിശ്വാസം.

ശ്രീ. എം. വി. ജയരാജൻ: കേന്ദ്ര ഗവൺമെന്റുമായി എം. ഒ. യു. ഒപ്പിട്ട 13 സംസ്ഥാനങ്ങളിൽ പെടുന്നതാണ് കേരളം. നിയമന നിരോധനം ഏർപ്പെടുത്തുക, പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുക, ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുക, പുതിയ നികുതികൾ ചുമത്തുക, സേവന മേഖലയിലെ നിരക്കുകൾ വർദ്ധിപ്പിക്കുക എന്നീ ധാരണാപത്രത്തിലെ വ്യവസ്ഥകൾ നമ്മൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അന്ന് ആ ധാരണാപത്രത്തിൽ കേന്ദ്രം പറഞ്ഞത്, ഈ സാമ്പത്തിക പ്രശ്നം തരണം ചെയ്യാൻ താൽക്കാലികമായ സാമ്പത്തിക സഹായം നൽകുമെന്നാണ്. എന്നാൽ കേന്ദ്രം നികുതി വിഹിതം 19.20 ശതമാനത്തിൽ നിന്ന് 16.13 ശതമാനമായും കേന്ദ്ര സഹായധനം 10.77 ശതമാനത്തിൽ നിന്ന് 8.82 ശതമാനമായിട്ടും കുറയ്ക്കുകയാണ് ചെയ്തത്. കേന്ദ്രം സഹായം വർദ്ധിപ്പിച്ചിട്ടില്ല. ഈ പരിതസ്ഥിതിയിൽ എം. ഒ. യു.-വിൽ ഒപ്പിട്ട പ്രകാരമുള്ള സഹായം കേന്ദ്രം തരാത്തത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ട് അത് പരിഹരിക്കാൻ വല്ല നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: കേന്ദ്ര ഗവൺമെന്റുമായിട്ട് അങ്ങനെ ഒരു എം. ഒ. യു. ഇല്ല. കത്ത് കൊടുത്തിട്ടുണ്ട്. പശ്ചിമബംഗാൾ ഗവൺമെന്റും ഒരു കത്താണ് കൊടുത്തത്. പല സംസ്ഥാന ഗവൺമെന്റുകളും കത്താണ് കൊടുത്തത്. പല സംസ്ഥാന ഗവൺമെന്റുകളും എം. ഒ. യു.-വിൽ ഒപ്പുമിട്ടിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റിന് ദോഷകരമായ ഒരു തീരുമാനം എടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അന്നത്തെ ഗവൺമെന്റുമായി ഒരു കാര്യത്തിലും യോജിപ്പ് ഉണ്ടാക്കിയിട്ടില്ല. വെട്ടിക്കുറയ്ക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു കാലത്തും കൂട്ടുനിൽക്കുകയില്ല. സംസ്ഥാന ഗവൺമെന്റിന് നിലനിൽക്കാൻ പറ്റില്ല, അങ്ങനെ ചെയ്തിട്ടില്ല.

ശ്രീ. കെ. സി. വേണുഗോപാൽ: സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്കിന് ഏറ്റവും അനുപേക്ഷണീയമായ ഘട്ടമെന്നു പറയുന്നത് തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരിക എന്നതാണ്. തൊഴിലില്ലായ്മ വർദ്ധിക്കുമ്പോഴും വളർച്ചാ നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് മാറി മാറി വന്ന എല്ലാ ഗവൺമെന്റുകളും ഈ തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ ഒരു വലിയ പ്രയോറിറ്റി കൊടുക്കുന്നതായി കാണുന്നില്ല. നമ്മുടെ ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ 80,000 ചെറുപ്പക്കാർക്ക് പി.എസ്.സി. മുഖാന്തിരം ജോലി കൊടുത്തിട്ടുണ്ട്. ഇത് റിക്കാർഡാണ്. പക്ഷേ എങ്കിലും ഈ തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കാനുള്ള പരിപാടികൾ, സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട് ഒരു ബൃഹത്തായ പരിപാടിക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: അത് ആലോചിക്കാം.

ശ്രീ. കെ. മോഹൻകുമാർ: സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുള്ള വികസന പരിപാടികളിൽ ഒന്നിന്റേയും പ്രയോജനം ലഭിക്കാത്ത രണ്ട് ശതമാനത്തോളം വരുന്ന സാധാരണ ജനങ്ങൾ നമ്മുടെ കേരളത്തിലുണ്ടെന്നാണ് സാമ്പത്തിക അവലോകനത്തിൽ വ്യക്തമാക്കുന്നത്. ഇവരുടെ ക്രയശേഷി, പർച്ചേസിംഗ് കപ്പാസിറ്റി വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി എന്തെങ്കിലും വികസന പരിപാടികൾ നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ: പൊതുവേയുള്ള വരുമാനം വർദ്ധിക്കുമ്പോൾ ഈ കാര്യങ്ങളിലൊക്കെ മാറ്റങ്ങൾ ഉണ്ടാകും. പൊതുവേയുള്ള വരുമാനവും ക്രയവിക്രയവും വർദ്ധിക്കാതെ ഇത് കഴിയുകയില്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഇവിടെ അങ്ങ് ഒരു കാര്യം സൂചിപ്പിച്ചു

മി. സ്പീക്കർ: ഞാൻ ഒരു കാര്യവും സൂചിപ്പിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദേവകുമാർ: അല്ല, മന്ത്രി.

മി. സ്പീക്കർ: Question is through me.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അറുപത് ശതമാനമെന്നുള്ളത് വർദ്ധിപ്പിക്കണമെന്നാണ് പറഞ്ഞത്. നാണുവേട്ടൻ ചോദിച്ച ചോദ്യത്തിന് വ്യക്തമായി മറുപടി പറഞ്ഞില്ല. അതുകൊണ്ട് ഞാൻ ആവർത്തിച്ച് ആ ചോദ്യം ചോദിക്കുകയാണ്. പാട്ട നികുതി വെട്ടിക്കുറച്ചതുതന്നെ കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്കിനെ എങ്ങനെ ബാധിക്കും. വ്യക്തമായ ഒരു മറുപടി ധനകാര്യ മന്ത്രിയിൽനിന്ന് ഉണ്ടാകണം.

ശ്രീ. കെ. ശങ്കരനാരായണൻ: ഇത് സ്വപ്നത്തിലുള്ള കാര്യമാണ്. ഞാൻ ഇപ്പോൾ എങ്ങനെയാണ് മറുപടി പറയുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സംസ്ഥാനത്തെ ധനസ്ഥിതി നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ, കുന്നുകൂടുന്ന ധനക്കമ്മിയും വികസനേതര ചെലവിലെ ധനക്കമ്മിയും ആണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1993-94 മുതൽ 2001-2002 വരെ ധനക്കമ്മി 16.9 ശതമാനമായും വികസനേതര ചെലവ് 15.5 ശതമാനമായും വർദ്ധിച്ചു. പത്താം പദ്ധതി ലക്ഷ്യമിട്ട 6.5 ശതമാനം വളർച്ച നേടണമെങ്കിൽ പദ്ധതി ചെലവ് 24,000 കോടിയടക്കം 50,000 കോടി പുതുതായി കണ്ടെത്തേണ്ടി വരും. ഇതിനു പ്രയോജനകരമായ ഒരു ധന ഏകീകരണം, ഒരു ഫിസ്ക്കൽ കൺസോളിഡേഷൻ അത്യാവശ്യമാണ്. അതല്ലെങ്കിൽ വായ്പ റവന്യൂ ചെലവിലേയ്ക്ക് വക മാറ്റേണ്ടി വരും. ഇതിന് ഗവൺമെന്റ് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ: അതിന് ഇപ്പോൾ എങ്ങനെ പെട്ടെന്ന് ഒരു വാക്കിൽ മറുപടി പറയും.

ശ്രീ. കളത്തിൽ അബ്ദുള്ള: കേരളത്തിലെ ദേശീയ വരുമാനത്തേക്കാളും കേരളത്തിന്റെ ശരാശരി വരുമാനം കൂടിയെന്നു പറഞ്ഞത് വളരെ നല്ല കാര്യമാണ്. രണ്ടു കാര്യങ്ങൾ കേരളീയ ജീവിതത്തെ തകർക്കുകയാണ്. ഒന്ന് അമിതമായ മദ്യപാന ആസക്തിയും അതുപോലെതന്നെ പലിശയും. എന്റെ ചോദ്യം, റവന്യൂ വരുമാനം കുടിശ്ശിക വരുത്താതെ പിരിച്ചെടുക്കുവാൻ നിർദ്ദേശം നല്കിയതിനാലും നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ ശ്രമിച്ചതിനാലും 30-4-2004 വരെ എത്രകോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ താരതമ്യപ്പെടുത്തുമ്പോൾ കൂടുതലായി പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : നികുതി ഇനത്തിൽ മാത്രം 2236 കോടിയോളം രൂപ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ളതിൽ വലിയ തുക ഏകദേശം ഇരുപത്തി നാല് ശതമാനത്തോളം പിരിച്ചെടുത്തിട്ടുണ്ട്. മറ്റുള്ളത് ഞാൻ പറഞ്ഞു, കോടതിയിൽ ഉള്ള കാര്യങ്ങളാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർക്കാരിന്റെ ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതോടൊപ്പംതന്നെ വ്യക്തികളുടെ, കുടുംബങ്ങളുടെ, സാമൂഹ്യ ചടങ്ങുകളുടെയൊക്കെ ചെലവ് വളരെയധികം വർദ്ധിക്കുന്നു. ഇതിന് യാതൊരു സീലിംഗുമില്ല. അടുത്തകാലത്ത് ജമ്മു കാശ്മീരിൽ

LIBRARY ARCHIVES Kerala Legislative Assembly

വിവാഹ സംബന്ധമായ ചെലവുകൾ കുറയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു നിയമം കൊണ്ടുവന്നു. കുറച്ചൊക്കെ വിവാദങ്ങളുണ്ടായി. ആ മാതൃകയിൽ വ്യക്തികളുടേയും കുടുംബങ്ങളുടേയും സാമൂഹ്യ ചടങ്ങുകളുടേയും ചെലവുകൾ കുറയ്ക്കുന്നതിന് സമഗ്രമായ ഒരു നിയമം കൊണ്ടുവരാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: വ്യക്തികളുടെ ചെലവ് കുറയ്ക്കുന്നതു സംബന്ധിച്ച് അവർ അറിഞ്ഞിരിക്കേണ്ട കാര്യമാണ്. ഓരോ വ്യക്തിയും അവരുടെ വരുമാനത്തിനനുസരിച്ച് ചെലവാക്കണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : നമ്മുടെ സാമ്പത്തിക സ്ഥിതി ഭേദമാക്കുന്നതിന് സഹായകരമായ നിലയിൽ ഖജനാവിലേയ്ക്കും ധനകാര്യ വകുപ്പിലേയ്ക്കുമൊക്കെ പൈസ വരാൻ സഹായിക്കുന്നത് ആണല്ലോ ബിവറേജസ് കോർപ്പറേഷൻ. കോർപ്പറേഷന് ലഭിക്കുവാനുള്ള പണം ഏകദേശം നാല്പത്തിയഞ്ച് കോടിയിൽപ്പരം രൂപ ഡിസ്റ്റിലറികൾ തന്നെന്നു പറയുകയാണ്. കൺസ്യൂമർ ഫെഡറേഷന് അത് കിട്ടിയെന്നും പറയുകയാണ്. അതേസമയം നമുക്ക് കിട്ടിയിട്ടില്ല. ആ പൈസ എവിടെ പോയി? ഇങ്ങനെ വളരെയധികം പണം ചോർന്നു പോകുന്നതായിട്ടല്ലേ വരുന്നത്. അതൊന്ന് സംഘടിപ്പിച്ച് എടുക്കേണ്ടേ? നമ്മുടെ ധനകാര്യ സ്ഥിതി വളരെ നല്ല നിലയിൽ വളർത്താനാണല്ലോ അങ്ങും ഗവൺമെന്റും പരിശ്രമിക്കുന്നത്. നാല്പത്തിയഞ്ച് കോടി രൂപ എന്നു പറയുന്നത് ഒരു ചെറിയ തുകയാണോ ; ആ തുക ബിവറേജസ് കോർപ്പറേഷന് ന്യായമായി കിട്ടേണ്ടതാണ്. അതുസംബന്ധിച്ചുള്ള ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ അങ്ങ് അത് എവിടെ പോയി എന്നൊന്നും പറയുന്നില്ല. അത് വാങ്ങിയ ആളുകൾ ആരെങ്കിലും ഉണ്ടാകണം. അത് കണ്ടുപിടിക്കാൻ അങ്ങ് തേടാൻ പോകുന്ന വഴി എന്താണ് എന്ന് വ്യക്തമാക്കാമോ?

മി. സ്പീക്കർ: പ്രതിപക്ഷ നേതാവിന്റെ ചോദ്യം ആയതുകൊണ്ട് അനുവദിച്ചതാണ്.

ശ്രീ. കെ. ശങ്കരനാരായണൻ : കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന സിസ്റ്റമാണ്, ബിവറേജസ് കോർപ്പറേഷനും അബ്കാരി രംഗത്തുള്ള നിയമവും. എനിക്ക് അതിന്റെ ചാർജ്ജുണ്ടായിരുന്ന കാലത്ത് അതേപടി തുടർന്നുകൊണ്ടുവന്നു. തീർച്ചയായിട്ടും അതുകൊണ്ട് യാതൊരു ദോഷവും ഈ സംസ്ഥാനത്തിന് ഉണ്ടായിട്ടില്ല. ഗുണമേ ഉണ്ടായിട്ടുള്ളൂ. വരുമാനം കൂടുകയും ചെയ്തു. വില്പനയും കൂടിയിരിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യത്തിന് എങ്ങനെ മറുപടി പറയണമെന്ന് എനിക്ക് ഒരു നിശ്ചയവുമില്ലാത്ത കാര്യമാണ്. ഞാൻ ആത്മാർത്ഥതയോടുകൂടി പറയുകയാണ്. അങ്ങനെ വല്ലതുമുണ്ടെങ്കിൽ തീർച്ചയായും അതിനെക്കുറിച്ച് പരിശോധിക്കാം. അങ്ങനെ വരാൻ ഒരു മാർഗ്ഗം ഞാൻ കാണുന്നില്ല. ഇനി in between ആരെങ്കിലുമൊക്കെ ഇടപെട്ട് കമ്മീഷൻ വാങ്ങുന്നുണ്ടോ ഇല്ലയോ എന്നുള്ളത് അറിയില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിന് വരുമാനകുറവ് വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും ഇതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. അങ്ങനെയുണ്ടാകാൻ മാർഗ്ഗം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ഈ സാമ്പത്തിക വളർച്ചാ നിരക്ക് എല്ലാതലത്തിലും എത്തുന്നതിനു വേണ്ടിയാണ് നമ്മൾ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയത്. കഴിഞ്ഞ പത്തു വർഷംകൊണ്ട് കേരളത്തിൽ ത്രിതല പഞ്ചായത്തുകൾ വഴി പതിനായിരം കോടി രൂപയാണ് മുതൽ മുടക്കിയത്. അത് ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടുണ്ടോ; അതുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : എനിക്ക് ചോദ്യം മനസ്സിലായില്ല.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : നമ്മുടെ ത്രിതല പഞ്ചായത്തുകൾ വഴി ചെലവഴിച്ച പണംകൊണ്ട് കേരളത്തിന്റെ സാമ്പത്തിക വളർച്ചാ രംഗത്ത് എന്തെങ്കിലും നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : അത് വിലയിരുത്തേണ്ട കാര്യമാണ്. തീർച്ചയായും മാറ്റങ്ങൾ ഉണ്ടായിരിക്കും. ആ മാറ്റങ്ങൾ ഉണ്ടാകുവാൻ വേണ്ടിയാണല്ലോ നമ്മൾ ആ ഒരു പദ്ധതി സ്വീകരിച്ചത്.

മി. സ്പീക്കർ : I am sorry. അമ്പത്തിയഞ്ച് മിനിട്ട് ഒരു ചോദ്യത്തിന് അനുവദിച്ചു. എനിക്ക് തോന്നുന്നു, ഇത് റെക്കോർഡ് ആണെന്ന്. എന്നിട്ടും എല്ലാ ആളുകളെയും തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. എന്നോട് ക്ഷമിക്കണം.

ബഹുമുഖ വിൽപ്പന നികുതിക്ക് വിധേയമാക്കിയപ്പോഴുള്ള വർദ്ധന

*2 [531] ശ്രീ. അടൂർ പ്രകാശ്:

,, വി. ജെ. പൗലോസ്:

,, ടി. വി. ചന്ദ്രമോഹൻ:

,, വർക്കല കഹാർ:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്രയിനം ചരക്കുകൾ ഏകമുഖ വിൽപ്പന നികുതിക്കും ബഹുമുഖ വിൽപ്പന നികുതിക്കും വിധേയമാണ്;

(ബി) ഈ വർഷത്തെ ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് ഏകമുഖ വിൽപ്പന നികുതിക്ക് വിധേയമായിരുന്ന എത്രയിനം ചരക്കുകളെ ബഹുമുഖ വിൽപ്പന നികുതിക്ക് വിധേയമാക്കിയിട്ടുണ്ട്;

(സി) ഇപ്രകാരം ചെയ്യുമ്പോൾ അവയുടെ ആകെയുള്ള വിൽപ്പന നികുതിയുടെ തോതിൽ വർദ്ധന വരുത്തിയോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ,

(എ) കേരളാ പൊതുവില്പന നികുതി നിയമം ഒന്നാം പട്ടിക പ്രകാരം 31-3-2004 വരെ 177 ഇനം ചരക്കുകൾ ഏകമുഖ വില്പന നികുതിക്കും 11 ഇനം ചരക്കുകൾ ബഹുമുഖ വില്പന നികുതിക്കും വിധേയമാണ്.

(ബി) ഇരുപത്തിയൊന്ന് ഇനം ചരക്കുകളെ ബഹുമുഖ വില്പന നികുതിക്ക് വിധേയമാക്കിയിരുന്നു. ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: നികുതി സമ്പ്രദായത്തിലെ അവ്യക്തതയും അപാകതകളും ഉദ്യോഗസ്ഥന്മാരുടെ അഴിമതിയും ഒഴിവാക്കി നികുതി വർദ്ധിപ്പിക്കാതെതന്നെ വരുമാനം കൂട്ടാമെന്നുള്ള വ്യാപാരികളുടെ നിർദ്ദേശം അങ്ങ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ?

ശ്രീ. കെ. ശങ്കരനാരായണൻ: സെയിൽസ് ടാക്സെന്നു പറയുന്നത് കൺസ്യൂമർ കൊടുക്കുന്നതാണ്. വ്യാപാരി ആ സെയിൽസ് ടാക്സ് പിരിച്ച് ഗവൺമെന്റിലേയ്ക്ക്, ഖജനാവിലേയ്ക്ക് അടയ്ക്കുന്നു എന്നുള്ളതാണ്. ടാക്സ് മുഴുവൻ കൺസ്യൂമറുടെ കയ്യിൽനിന്ന് കൊടുക്കുന്നതാണ്. അത് കൃത്യമായി അടയ്ക്കണമെന്നുള്ളത് നിർബന്ധമാണ്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ടാക്സ് ഇവേഷൻ ഉണ്ടാകാത്ത വിധത്തിൽ കൃത്യമായി അത് കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് വളരെയധികം ഉദ്യോഗസ്ഥന്മാരും വളരെയധികം വ്യാപാരികളുമെല്ലാം ഉണ്ട്. അതിൽത്തന്നെ നിബന്ധനകൾക്ക് അതീതമായി ഒന്നോ രണ്ടോ ആളുകൾ എന്തെങ്കിലും തെറ്റുകൾ ചെയ്യുന്നുണ്ടെങ്കിൽ അത് തിരുത്താൻ വേണ്ടി പറയാം, അതിനെതിരെ കർശനമായ നടപടി എടുക്കാം.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : പുതിയ നികുതി സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ ഇടക്കാലത്ത് കൂടുതലായി എത്ര വരുമാനമുണ്ടായി എന്ന് പറയാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പതിനഞ്ചു ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് മാത്രമേയുള്ളൂ. നിലവിലുള്ള ശതമാനത്തിൽ പതിനഞ്ചു ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് മാത്രമേ കൂട്ടിയിട്ടുള്ളൂ. മറ്റ് ഒരു രംഗത്തും നികുതി കൂട്ടിയിട്ടില്ല.

ശ്രീ. വർക്കല കഹാർ: ഏകമുഖ വില്പന നികുതിയായാലും ബഹുമുഖ നികുതിയായാലും അയൽ സംസ്ഥാനങ്ങളേക്കാൾ നമ്മുടെ നാട്ടിൽ നികുതി വളരെയേറെ കൂടുതലാണ്. ഇതിനു കാരണം റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ മലഞ്ചരക്കുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ പുറത്തേയ്ക്ക് കള്ളക്കടത്ത് നടത്തുന്നതായിട്ടാണ് മനസ്സിലാക്കാനായിട്ടുള്ളത്. ഇതു തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുക ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ ഇരുപത്തിയൊന്ന് ഐറ്റങ്ങൾക്ക് കൊണ്ടുവന്ന വില്പന നികുതി വേണ്ടായെന്നു വച്ചിരിക്കുകയാണ്. ചില സാധനങ്ങൾക്ക് അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നികുതി കൂടുതലാണ്. ചില സാധനങ്ങൾക്ക് കേരളത്തേക്കാൾ കൂടുതൽ അയൽ സംസ്ഥാനങ്ങളിലുണ്ട്. ഇതിന് ഒരു ഏകീകൃത സ്വഭാവം നികുതി രംഗത്ത് ഉണ്ടാക്കണമെന്നുള്ള പശ്ചാത്തലം ആലോചിച്ച് തീരുമാനിച്ചുകൊണ്ടാണ് വാല്യു ആഡഡ് ടാക്സ് കൊണ്ടുവരാൻ ഇന്ത്യാ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ആലോചിച്ചിരിക്കുന്നത്. പശ്ചിമബംഗാൾ ധനകാര്യ മന്ത്രി ചെയർമാനായി അതിന് ഒരു എമ്പവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനകം വളരെയധികം സിറ്റിംഗുകൾ നടന്നു—രണ്ടു മൂന്നു വർഷക്കാലമായിട്ട്. അവസാനം ഇപ്പോഴത്തെ കേന്ദ്ര ധനകാര്യ മന്ത്രി 2005 ഏപ്രിൽ മുതൽക്ക് വാല്യു ആഡഡ് ടാക്സ് നടപ്പിലാക്കുവാൻ വേണ്ടി തീരുമാനിക്കുന്നുവെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ആ ഒരു പശ്ചാത്തലത്തിൽ എല്ലാ സംസ്ഥാനങ്ങളിലും കമ്മോഡിറ്റീസിന് നികുതി ഏകീകരണം ഉണ്ടാകും. അപ്പോൾ ഈ പ്രശ്നം നമുക്ക് പരിഹരിക്കുവാൻ സാധിക്കും.

ശ്രീ. വർക്കല കഹാർ : നികുതി കുറയ്ക്കുന്നതുകൊണ്ട് വില്പന കൂടുകയേ ഉള്ളൂ. അങ്ങനെ വർദ്ധിച്ചാൽ നികുതി വരവ് വർദ്ധിക്കുകയേയുള്ളൂ. തിരുവിതാംകൂർ ചരിത്രത്തിൽ പണ്ട് മാർത്താണ്ഡവർമ്മ രാമയ്യൻദളവയോട് കുടത്തിനകത്തു വളരുന്ന മത്തങ്ങ കുടം ഉടയ്ക്കാതെ പുറത്തെടുക്കാമെന്ന് പറഞ്ഞതുപോലെ ആളുകളെ കൂടുതൽ ഉപദ്രവിക്കാതെ തന്നെ ഈ വില്പന കൂടുമ്പോൾ നികുതിയും കൂടും. ഇക്കാര്യത്തിൽ ഒരു പുനരാലോചന ഉണ്ടാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : നികുതി ശതമാനം കുറച്ചതുകൊണ്ടൊന്നും വരുമാനം കൂടുകയില്ല. അതായത് വിവിധ കമ്മോഡിറ്റീസിന് ആവശ്യമായ നികുതി ചുമത്തിയാൽ മാത്രമേ വരുമാനം ഉണ്ടാകുകയുള്ളൂ. മറ്റുള്ളതൊക്കെ ഭംഗി വാക്ക് പറയാമെന്നു മാത്രമേയുള്ളൂ.

ശ്രീ. കെ. മുഹമ്മദാലി: വാല്യു ആഡഡ് ടാക്സ് നടപ്പിലാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വാല്യു ആഡഡ് ടാക്സ് നടപ്പിലാക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിനുണ്ടാകാവുന്ന നഷ്ടം കേന്ദ്ര ഗവൺമെന്റ് നികത്തി തരുമെന്നുള്ള എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ: വാല്യു ആഡഡ് ടാക്സ് നടപ്പാക്കുമ്പോൾ നമ്മുടെ സംസ്ഥാനം മാത്രമല്ല ഏത് സംസ്ഥാനത്തിനായാലും ഇന്ന് നിലവിലുള്ള നികുതിവരുമാനത്തിൽ നിന്ന് വ്യത്യസ്തമായി കുറവുണ്ടെങ്കിൽ അത് കേന്ദ്ര ഗവൺമെന്റ് നികത്തണം. നൂറു ശതമാനവും നികത്തി തരണമെന്ന് തന്നെയാണ് കേരളം ആവശ്യപ്പെട്ടിട്ടുള്ളത്. എല്ലാ ഗവൺമെന്റുകളും അതുതന്നെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് തീർച്ചയായിട്ടും അത് അംഗീകരിക്കുന്നതായിരിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റവന്യൂ വരുമാനം കുടിശ്ശിക കൂടാതെ പിരിച്ചെടുക്കുന്നതിന് നടപടി

*3 [532] ശ്രീ. ഇസഹാക്ക് കുരിക്കൾ :

,, യു. സി. രാമൻ:

,, പി. കെ. അബ്ദു റബ്ബ്:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വരുമാനം കുടിശ്ശിക വരുത്താതെ പിരിച്ചെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം ആരംഭം മുതൽ തന്നെ റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുവരെയുള്ള തുക കഴിഞ്ഞ വർഷത്തിൽ ഇതേ കാലയളവിൽ പിരിച്ചതിനേക്കാൾ കൂടിയിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര; കുറവു വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ);

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) റവന്യൂ വരുമാനം കുടിശ്ശിക വരുത്താതെ പിരിച്ചെടുക്കാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. കോടതി നടപടികളാൽ തടയപ്പെട്ട എല്ലാ കേസ്സുകളിലും യഥാവിധി കേസ്സു നടത്തിയും കോടതി സ്റ്റേകളിൽ നിന്നും ഒഴിവാക്കാനും നടപടി സ്വീകരിച്ചുവരുന്നു. നികുതി കുടിശ്ശിക സമയബന്ധിതമായി ഈടാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) 30-4-2004 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ ഇതേ കാലയളവിലെ കഴിഞ്ഞ വർഷത്തെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 31-4-2004-വരെയുള്ള എ. ജി.-യുടെ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനം ഇതേ കാലയളവിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 418.45 കോടി രൂപ വർദ്ധിച്ചിട്ടുണ്ട്.

ദ്വിമുഖ വിൽപ്പന നികുതി ഏർപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക പ്രയോജനങ്ങൾ

*4 [533] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. ബാബു:

,, എൻ. ശക്തൻ:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകമുഖ വിൽപ്പനനികുതിയുടെ തോത് വർദ്ധിപ്പിക്കാതെ ദ്വിമുഖ വിൽപന നികുതി ഏർപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക പ്രയോജനങ്ങൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ;

(ബി) ഏകമുഖ വിൽപന നികുതി ചുമത്തിയിട്ടുള്ള ഇനങ്ങളുടെ നികുതി അവയുടെ ആദ്യ വിൽപ്പനയിൽ തന്നെ വസൂലാക്കാൻ കഴിയുമോ;

(സി) ഏകമുഖ വിൽപ്പന നികുതിയുടെ തോത് വർദ്ധിപ്പിക്കാതെ നികുതി ദ്വിമുഖമാക്കുമ്പോൾ പ്രസ്തുത ഇനങ്ങളുടെ നികുതി പൂർണ്ണമായും ലഭിക്കുന്നതിന് അതിന്റെ രണ്ടാമത്തെ വിൽപ്പനവരെ കാത്തിരിക്കേണ്ടതായി വരാറുണ്ടോ;

(ഡി) ഇത്തരം സംവിധാനം നികുതി പിരിവ് സങ്കീർണ്ണമാക്കുമോ എന്ന് വ്യക്തമാക്കുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ബഹുമുഖ വിൽപ്പനനികുതി നിർദ്ദേശംകൊണ്ട് അധിക നികുതി വരുമാനം കണ്ടെത്തുവാൻ കഴിയും. ഒരു വ്യാപാരി തന്റെ സഹോദര സ്ഥാപനത്തിന്റെ പേരിൽ വില കുറച്ച് കാണിച്ച് നികുതി ഈടാക്കിയശേഷം സഹോദര സ്ഥാപനം ഉയർന്ന വിലയ്ക്ക് ടി സാധനങ്ങൾ വിറ്റ് അമിത ലാഭം ഈടാക്കുന്നത് തടയാനും സാധനങ്ങളുടെ യഥാർത്ഥ വില മറച്ചുവെയ്ക്കുന്നത് തടഞ്ഞ് നികുതി വർദ്ധനവ് വരുത്തുവാനും സാധിക്കും.

(ബി) വസൂലാക്കാൻ കഴിയും.

(സി) ദ്വിമുഖ നികുതി സമ്പ്രദായപ്രകാരം ഒരു ചരക്കിന്റെ ആദ്യ വിൽപ്പനയിലും അവസാന വിൽപ്പനയിലുമാണ് നികുതി വിധേയമാക്കുന്നത്. അവസാന ഘട്ട വിൽപ്പന നടന്നാൽ മാത്രമേ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ ഉള്ള നികുതി രജിസ്റ്റർ ചെയ്ത വ്യാപാരിയിൽനിന്നും ലഭിക്കുകയുള്ളു. എന്നാൽ ആദ്യ ഘട്ട വിൽപ്പന നടത്തുമ്പോൾ വാങ്ങുന്ന വ്യക്തി അംഗീകൃത വ്യാപാരി

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ പ്രഥമ ഘട്ടത്തിൽതന്നെ മുഴുവൻ നികുതിയും ലഭിക്കുന്നതാണ്. ദ്വിമുഖ നികുതി സമ്പ്രദായത്തിൽ ആദ്യഘട്ടത്തിൽ കൂടിയ നികുതി നിരക്കും അവസാന ഘട്ടത്തിൽ കുറഞ്ഞ നികുതി നിരക്കുമാണ് ഉള്ളത്. അവസാന ഘട്ടത്തിലും നികുതി വിധേയമായതിനാൽ ആദ്യ ഘട്ടത്തിൽ വില കുറച്ച് കാണിക്കുന്ന പ്രവണത കുറച്ച് കൂടുതൽ നികുതി പിരിക്കുവാൻ സാധിക്കും എന്നുള്ളതാണ് ദ്വിമുഖ നികുതി സമ്പ്രദായത്തിന്റെ പ്രയോജനം. അതായത്, നികുതി നിരക്ക് കൂട്ടാതെ വില കുറച്ച് കാണിക്കുന്ന പ്രവണതയെ നിർത്തലാക്കി കൂടുതൽ നികുതി പിരിക്കുക എന്ന രീതി.

(ഡി) ഈ സമ്പ്രദായം നികുതി പിരിവ് സങ്കീർണ്ണമാക്കുകയില്ല. നികുതി ചോർച്ച തടയുന്നതിനും അധികവരുമാനം സമാഹരിക്കുന്നതിനും ഇത് ഉപകരിക്കും.

"നാളികേര ടെക്നോളജി മിഷൻ"

*5 [534] ശ്രീ. വി. ചെന്താമരാക്ഷൻ:

ഡോ. തോമസ് ഐസക്:

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനംമൂലം സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം അടങ്കൽ തുക എത്രയാണ്;

(സി) ടെക്നോളജി മിഷൻ അംഗീകരിച്ച പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പദ്ധതിയും ഇതിനകം ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) തെങ്ങിന് ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗം തടയുന്നതിനും രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം വെച്ചുപിടിപ്പിക്കുന്നതിനും ടെക്നോളജി മിഷൻ എത്രകോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഈ പദ്ധതിയനുസരിച്ച് എന്ത് തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ — ഡി) നാളികേര ടെക്നോളജി മിഷനിൽ നാളിതുവരെ 36 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ മൊത്തം അടങ്കൽ തുക 4,931.942 ലക്ഷം രൂപയാണ്. ഈ പദ്ധതികൾക്ക് ആകെ 1,318.079 ലക്ഷം രൂപ അനുവദിക്കുകയും, 666.395 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. ഇതിൽ 616.619 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും മറ്റു വിവരങ്ങളും പട്ടിക-1-ൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതിക്ക് 3,769.700 ലക്ഷം രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ 942.40 ലക്ഷം രൂപ ടെക്നോളജി മിഷനിൽ കേന്ദ്രസഹായമായി അനുവദിച്ചു. ഈ പദ്ധതിക്ക് നാളിതുവരെ കേന്ദ്രസർക്കാർ നൽകിയ 470.998 ലക്ഷം രൂപ ഉൾപ്പെടെ 703 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കൃഷി ഫാമുകളുടെ പ്രവർത്തനങ്ങൾ

*6 [535] ശ്രീ. എം. കുമാരൻ:

,, കെ. പി. രാജേന്ദ്രൻ:

,, എൻ. രാജൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഫാമുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഫാമുകളുടെ ഇന്നത്തെ സ്ഥിതി മാറ്റിയെടുക്കുന്നതിന് എന്തെല്ലാം വികസന പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഫാമുകൾ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കൃഷിക്കാർക്ക് നല്ല വിത്തും ചെടികളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നതിന് കൃഷിവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഫാമുകളുടെ നവീകരണത്തിനായി 2002-2003 മുതൽ അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്ളാൻ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയും പദ്ധതിയുടെ മുൻഗണനയും അടിസ്ഥാനമാക്കി നടപ്പിലാക്കിവരുന്നു.

(സി) ഇല്ല.

(ഡി) കൃഷിക്കാർക്ക് നല്ല വിത്തും ചെടികളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടികൾ

*7 [536] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മാവേലി മെഡിക്കൽ സ്റ്റോറുകളിൽ ജീവൻരക്ഷാ മരുന്നുകളും പീഡിയാട്രിക് മരുന്നുകളും മറ്റ് അത്യാവശ്യ മരുന്നുകളും വിൽപ്പന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളോടും അനുബന്ധിച്ച് മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) സംസ്ഥാനത്ത് ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണ വകുപ്പ് എടുക്കുന്ന നടപടികളുടെ ഭാഗമായി വകുപ്പിന് കീഴിൽ 38 മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുകയും പുതുതായി ആരംഭിക്കുന്ന ലാഭം മാർക്കറ്റുകളുടെ കൂടെ മാവേലി മെഡിക്കൽ സ്റ്റോറുകൾ കൂടി തുറക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പുതുതായി ആരംഭിക്കുന്ന എല്ലാ ലാഭം മാർക്കറ്റിന്റെയും കൂടെ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, വിപണന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് വിൽപ്പന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മാവേലി മെഡിക്കൽ സ്റ്റോർ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കയറ്റുമതി ചെയ്ത കയറുൽപ്പന്നങ്ങൾ

* 8 [537] ശ്രീ. സി. മോയിൻകുട്ടി:

" യു. സി. രാമൻ:

" പി. കെ. കെ. ബാവ:

" ടി. പി. എം. സാഹിർ:

" കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ കയറ്റുമതി ചെയ്ത കയറുൽപ്പന്നങ്ങളുടെ അളവ് എത്ര;

(സി) ഇത് ഓരോ വിദേശ വിപണിയിലും എത്രയായിരുന്നു;

(ഡി) ഈയിനത്തിൽ ലഭിച്ച തുക എത്രയായിരുന്നു?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ സ്ഥാനം നേടുന്നതിനായി ഗുണമേൻമയും വൈവിധ്യവുമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടത്തിവരുന്നു. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് (മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ) ധനസഹായം നൽകിവരുന്നു. രാജ്യത്തെ പ്രധാന നഗരങ്ങളിലും വിദേശ രാജ്യങ്ങളിലും വ്യാപാര മേളകളിലും പ്രദർശനങ്ങളിലും ഫോം മാറ്റിംഗ്സും കയർ കോർപ്പറേഷനും പങ്കെടുത്തുവരുന്നു. ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ എന്നിവവഴി ഉൽപ്പന്നത്തിന്റെ വിപണനത്തിനായി പരസ്യം നടത്തുന്നതിന് പരസ്യ ചെലവിന്റെ 50% തുക സർക്കാർ ധനസഹായം നൽകിവരുന്നു. ചെറുകിട കയറുൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (CFSC) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. കയർമേഖലയിൽ സാങ്കേതികവിദ്യയുടേയും ഗവേഷണത്തിന്റെയും വികസനത്തിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളെടുത്തുവരുന്നു. കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കൽ, എം. ഡി. എ. തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മാർക്കറ്റ് സ്റ്റഡി നടത്താനുള്ള നടപടി തുടങ്ങിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി — ഡി) സംസ്ഥാനത്തെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലുള്ള കയറ്റുമതിയുടെ അളവും തുകയും താഴെ ചേർക്കുന്നു:

വർഷം	*അളവ്*	*തുക*
2002-03	60089.86 ടൺ	326.58 കോടി
2003-04	102253.40 ടൺ	407.49 കോടിരൂപ

അഖിലേന്ത്യാ തലത്തിൽ കയർ കയറ്റുമതിയുടെ വിദേശ വിപണി തിരിച്ചുള്ള വിവരം അനുബന്ധമായി† ചേർക്കുന്നു.

നികുതി വർദ്ധനയുണ്ടായ വകുപ്പുകളും പിരിഞ്ഞുകിട്ടാനുള്ള തുകയും

*9 [538] ഡോ. കെ. സി. ജോസഫ്:

ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയിനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തക്കാളും ഏതെല്ലാം വകുപ്പുകളിലാണ് വരുമാന വർദ്ധന ഉണ്ടായത്;

(ബി) എത്ര തുക വീതം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ മേഖലകളിലായി എത്ര രൂപ സർക്കാരിനു പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ട്;

(ഡി) പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുവാൻ പ്രത്യേകമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 30-4-2004 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടൻറ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഏപ്രിൽ 2004-ലെ കണക്കുകളും ഏപ്രിൽ 2003-ലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂനികുതി, സംസ്ഥാന എക്സൈസ്, വിൽപ്പന നികുതി, വാഹന നികുതി, വിദ്യുച്ഛക്തി നികുതി, മറ്റിനങ്ങൾ എന്നീ ഇനങ്ങളിൽ ഉൾക്കൊള്ളുന്ന സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായി.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്കൗണ്ടൻറ് ജനറലിന്റെ താത്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ 2004-ൽ വർദ്ധനവുണ്ടായ ഇനങ്ങളിൽ ലഭിച്ച തുക താഴെ പറയുംപ്രകാരമാണ്.

	രൂപ കോടിയിൽ
കാർഷികാദായ നികുതി	0.10
ഭൂനികുതി	3.16
സംസ്ഥാന എക്സൈസ്	245.55
വിൽപ്പന നികുതി	321.97
വാഹന നികുതി	46.00
വൈദ്യുതി നികുതി	0.65

(സി) 31-3-2004വരെ വിൽപ്പന നികുതിയിനത്തിൽ 2661.12 കോടി രൂപയും, കാർഷികാദായ നികുതിയിനത്തിൽ 64.99 കോടി രൂപയും സംസ്ഥാന എക്സൈസ് 282.08 കോടി രൂപയും മോട്ടോർ വാഹനനികുതി 386.09 കോടി രൂപയും ഭൂനികുതി യിനത്തിൽ 216.36 കോടി രൂപയും പിരിഞ്ഞു കിട്ടാനുണ്ട്.

(ഡി) വിൽപ്പന നികുതി ഉദ്യോഗസ്ഥരുടെ കോൺഫറൻസ് ജില്ലാ തലത്തിൽ വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നു. പ്രധാനമായ നികുതി പിരിവ് നടക്കുന്ന വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ അവലോകന മീറ്റിംഗ് സർക്കാർ തലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു.

പിന്നോക്ക വിഭാഗങ്ങളിൽ നിന്നുള്ളവരെ പൂജാരിമാരായി നിയമിക്കാൻ നടപടി

*10 [539] ശ്രീ. എ. എൻ. രാജൻ ബാബു:

" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പിന്നോക്കവിഭാഗങ്ങളിൽ നിന്നുള്ളവരും യോഗ്യതയുള്ളവരുമായ തന്ത്രിമാരെയും, പൂജാരിമാരെയും നിയമിക്കുന്നത് തടയുന്ന ഏതെങ്കിലും നിയമമോ വ്യവസ്ഥയോ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ പിന്നോക്ക സമുദായ വിഭാഗങ്ങളിൽ നിന്നുള്ള എത്ര പൂജാരി, ശാന്തി, തന്ത്രിമാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരെ നിയമിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടെങ്കിൽ ആ വ്യവസ്ഥ നീക്കം ചെയ്യുന്നതിനും പിന്നോക്കക്കാരെ ക്ഷേത്രങ്ങളിൽ നിയമിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇല്ല.

(ബി) നിശ്ചിത യോഗ്യതയുള്ളവരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുമായ ആരും തന്നെ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പൂജാരി, ശാന്തി തസ്തികകളിലേക്ക് ഇന്നുവരെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഈ വിഭാഗങ്ങളിൽപ്പെട്ട എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നു. ഈ ക്ഷേത്രങ്ങളിൽ അതത് ക്ഷേത്രവുമായി ബന്ധപ്പെട്ട താന്ത്രിക കുടുംബങ്ങളിൽ നിന്നുള്ള തന്ത്രിമാരാണ് തന്ത്രം നടത്തിവരുന്നത്.

(സി) എ വിഭാഗം മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഉത്സവവേളകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യം

*11 [540] ശ്രീ. പി. നാരായണൻ:

" മാങ്കോട് രാധാകൃഷ്ണൻ:

" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ അരി വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ടൺ അരി ചെലവഴിച്ചു;

(സി) ഇത്തരം ഉത്സവവേളകളിൽ അരിക്ക് പുറമെ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ ഇത്തരം വിദ്യാർത്ഥികൾക്ക് നൽകുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) 89749.379 ടൺ അരി.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

*12 [541] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ വരൾച്ചയോടനുബന്ധിച്ച് കൃഷിനാശം സംഭവിച്ചവർക്ക് ഇതുവരെ സർക്കാർ എത്ര രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് കൃഷി വകുപ്പിൽ നിന്നല്ലാതെ മറ്റേതെങ്കിലും വിധത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇത്തരം പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനു കൃഷിവകുപ്പു എന്തെല്ലാം ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഇതുവരെ 3467.58 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കാർഷിക വായ്പകൾ ഈടാക്കുന്നതിനു ജപ്തി ഉൾപ്പെടെയുള്ള എല്ലാ നിയമനടപടികളും ഒരു വർഷത്തേക്ക് നിർത്തിവെച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ച റവന്യൂവകുപ്പ് ഉത്തരവായിട്ടുണ്ട്.

(സി) ദീർഘകാലപദ്ധതികളുടെ ഭാഗമായി കേന്ദ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം, പ്രകൃതിക്ഷോഭങ്ങൾ മൂലം പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നു. സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിനു നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ മൈനർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്ന ഇറിഗേഷൻ പദ്ധതികളും മണ്ണ് സംരക്ഷണ പദ്ധതികളും ദീർഘപദ്ധതികളാണ്. ഇവയ്ക്കെല്ലാം പുറമെ, കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന 3847 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വനം വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

*13 [542] ശ്രീ. എ. സി. മൊയ്തീൻ:

" ടി. പി. രാമകൃഷ്ണൻ:

" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം വികസന പ്രവർത്തനങ്ങളിൽ നടക്കുന്ന അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വനവികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതിന് ശാസ്ത്രീയ സമീപനം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വന സംരക്ഷണത്തിനും വനാതിർത്തികളുടെ സർവ്വേകൾക്കുംവേണ്ടി എന്തെങ്കിലും നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്. വനവികസന പ്രവർത്തനങ്ങളിൽ അപാകതകളും പോരായ്മകളും യഥാസമയം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ മേൽ ഉദ്യോഗസ്ഥന്മാർ അവ നേരിട്ടു പരിശോധിക്കുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുമുണ്ട്. കൂടാതെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ ഇത്തരം പോരായ്മകളും അപാകതകളും യഥാസമയം കണ്ടുപിടിച്ച് അവ പരിഹരിക്കുന്നതിന് ഒരു വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി വിഭാഗം പരാതികളുടെ അടിസ്ഥാനത്തിലും അല്ലാതെയും പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിക്കുകയും പരിശോധനാ വേളയിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കാറുമുണ്ട്.

(ബി) വനവികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതിന് ശാസ്ത്രീയമായ സമീപനം സ്വീകരിക്കുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും നിജസ്ഥിതി പരിശോധിച്ചശേഷമാണ് ശാസ്ത്രീയമായി അവിടെ നടത്തേണ്ട വികസന പ്രവർത്തനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നത്. ഓരോ ഡിവിഷന്റെയും വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ച് സമഗ്രമായ വർക്കിംഗ് പ്ളാൻ ഉണ്ടാക്കി ഇത് കേന്ദ്ര സർക്കാർ പരിശോധിച്ച് അംഗീകരിച്ച ശേഷമാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(സി) വനസംരക്ഷണത്തിനായി ജനപങ്കാളിത്തത്തോടുകൂടിയ വനപരിപാലനം, ജനപങ്കാളിത്തത്തോടുകൂടിയുള്ള കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായുള്ള പ്രത്യേക പരിപാലന പ്രവർത്തനങ്ങൾ എന്നീ നൂതന സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. സാങ്കേതികമായി എഫ്.ഐ.എം.എസ്സ്., ജി. ഐ. എസ്സ്. എന്നീ പുതിയ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വനഭൂമി സർവ്വെ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ആധുനിക സർവ്വെ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉപ്പുവെള്ളംമൂലം ഉണ്ടാകുന്ന കൃഷിനാശം തടയാൻ നടപടി

*14 [543] ശ്രീ. തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകൃഷിക്ക് ഭീഷണിയായി ഉപ്പുവെള്ളം കയറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) കഴിഞ്ഞ വർഷം ഉപ്പുവെള്ളം കയറി എത്രമാത്രം കൃഷിനാശം ഉണ്ടായിട്ടുണ്ട്;

(ഡി) കായംകുളം കായലും കടലുമായി ചേരുന്ന ഭാഗത്ത് തണ്ണീർമുക്കം ബണ്ട് മാതൃകയിൽ ഒരു സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നുപ്പുഴ ചീപ്പ്, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ കേടുപാടുകൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. 2003-04 വർഷം ഉപ്പുവെള്ളം കയറിയതിനാൽ 13586 ഹെക്ടർ പ്രദേശത്ത് പൂർണ്ണമായി കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(സി) 13586 ഹെക്ടർ സ്ഥലത്തെ നെൽകൃഷി പൂർണ്ണമായും നശിച്ചു. കൂടാതെ 10894 ഹെക്ടർ പ്രദേശത്തെ നെൽകൃഷി ഭാഗികമായും നശിച്ചു. ഇതു പ്രകാരം മൊത്തം 48,96,00,000 രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ഈ കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഇ) തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നുപ്പുഴ ചീപ്പ് എന്നിവ നന്നാക്കി പുനഃസ്ഥാപിക്കുന്ന നടപടി മൈനർ ഇറിഗേഷൻവകുപ്പ് സ്വീകരിച്ചുവരുന്നു.

പ്രധാനമന്ത്രി പ്രഖ്യാപിച്ച കാർഷിക പാക്കേജിൽനിന്നുള്ള സഹായം

*15 [544] ശ്രീ. ടി. കെ. ദേവകുമാർ:

" കോടിയേരി ബാലകൃഷ്ണൻ:

" എം. വി. ജയരാജൻ:

" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി പ്രഖ്യാപിച്ച കാർഷിക പാക്കേജിൽ നിന്നുള്ള സഹായം കേരളത്തിലെ കർഷകർക്ക് ലഭിക്കുന്നതിനായി സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനു സർക്കാർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) കടക്കെണിയിൽപ്പെട്ട കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) പ്രധാനമന്ത്രി പ്രഖ്യാപിച്ചതായി പറയപ്പെടുന്ന കാർഷിക പാക്കേജ് സംബന്ധിച്ച വിവരം ലഭ്യമല്ല. എങ്കിൽത്തന്നെ സംസ്ഥാനത്തെ കർഷകർക്ക് ആശ്വാസം നൽകുന്ന 3847 കോടി രൂപയുടെ ഒരു പാക്കേജ് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകരിൽ 11 പേരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ജില്ലാ ബാങ്ക് വഴി ധനസഹായം ഇതുവരെ നൽകിയിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ മാത്രം കടക്കെണിമൂലം 48 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ നിന്ന് കണക്ക് ശേഖരിച്ചു വരുന്നു.

(ഡി) കടക്കെണിയിൽപ്പെട്ട കർഷകരെ സഹായിക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് വിവിധ വിളകൾക്കുള്ള നഷ്ടപരിഹാരത്തുക 100 ശതമാനം കണ്ട് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അടുത്ത വിളയിറക്കുന്നതിനു സൗജന്യമായി വിത്തും കുമ്മായവും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കാലയളവിൽ ജപ്തി നടപടിയും ഒഴിവാക്കിയിട്ടുണ്ട്. മോറട്ടോറിയം കാലയളവിൽ പലിശയ്ക്കും പിഴപ്പലിശയ്ക്കും ഇളവ് അനുവദിച്ചിട്ടുണ്ട്. ടി മോറട്ടോറിയം കാലാവധിയിൽ പലിശയും പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീഇംബേഴ്സ് ചെയ്യുന്നതാണ്. മോറട്ടോറിയം കാലാവധിക്കുശേഷം വായ്പത്തുക യുക്തിസഹമായ രീതിയിൽ റീ ഷെഡ്യൂൾ ചെയ്യുന്നതാണ്. പ്രകൃതിദുരന്തത്തിൽപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനപരിധി നീക്കം ചെയ്തിട്ടുണ്ട്. ഇവയ്ക്കുപുറമെ, കേന്ദ്രഗവൺമെന്റിനു നൽകിയ മെമ്മോറാണ്ടത്തിൽ കടക്കെണിയിൽപ്പെട്ട കർഷകരുടെ 50,000 രൂപ വരെയുള്ള കാർഷിക കടം എഴുതിതള്ളുന്നതിനായി 1277 കോടി രൂപയുടെ ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരെ പുനരധിവസിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുമായി 3847 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഒരു സ്പെഷ്യൽ പാക്കേജ് കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനാവരണത്തുടർച്ച നഷ്ടപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ

*16 [545] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

" കെ. രാധാകൃഷ്ണൻ:

" കെ. കെ. ജയചന്ദ്രൻ:

" വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാവരണത്തുടർച്ച നഷ്ടപ്പെട്ടുപോയിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വനാവരണത്തുടർച്ച നഷ്ടപ്പെടുന്നത് വനങ്ങളുടെയും ജീവജാലങ്ങളുടെയും പുനരുൽഭവത്തെ ഏതെല്ലാം വിധം ബാധിക്കുമെന്നതിനെക്കുറിച്ച് വനം വകുപ്പ് സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) വന്യജീവികളുടെ പ്രാദേശിക വംശനാശത്തിനിടയാക്കുന്ന വനാവരണത്തുടർച്ച ഇല്ലാതാക്കൽ പരിഹരിക്കാൻ എന്തെങ്കിലും കർമ്മപരിപാടി വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വന്യജീവി ദേശാടനത്തിന് വിഘാതം സൃഷ്ടിച്ചിട്ടുള്ള ഇടങ്ങൾ ഏതെല്ലാമാണ്;

(ഇ) ഇവിടങ്ങളിൽ കോറിഡോറുകൾ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(എഫ്) കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തിനായി ഇക്കാര്യത്തിൽ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) കേരളത്തിൽ വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ വനാവരണത്തുടർച്ച നഷ്ടപ്പെട്ടിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കേരളത്തിൽ വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ വന്യജീവി ദേശാടനത്തിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭ്യമായ ഫണ്ട് അനുസരിച്ച് വന്യജീവികളുടെ ദേശാടനത്തെ പ്രതികൂലമായി ബാധിക്കുന്ന പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 155.8077 ഹെക്ടർ സ്ഥലങ്ങളിൽ കണ്ണിയറ്റുപോയ ആവാസ വ്യവസ്ഥകളെ കൂട്ടിയിണക്കുന്നതിനുപകരിക്കുന്ന കോറിഡോറുകൾ സ്വകാര്യഭൂമി പൊന്നുംവിലയ്ക്കെടുത്ത് രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ അവശേഷിക്കുന്ന സ്ഥലങ്ങൾ കോറിഡോറുകൾ സൃഷ്ടിക്കുവാൻ ഫണ്ടുകൾക്കായി ശുപാർശകൾ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

*17 [546] ശ്രീ. എ. കെ. ബാലൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രതരം വിള ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയനുസരിച്ച് ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം രീതിയിലുള്ള കൃഷിനാശം സംഭവിച്ചവർക്കാണ് ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുന്നത്;

(സി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ വിളകളേയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) വിള ഇൻഷ്വറൻസ് പദ്ധതി സുസ്ഥിരമാക്കുന്നതിന് സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിളകളെ ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് രണ്ടുതരം വിള ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും, ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയും.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി. ജാതി, ഗ്രാമ്പു, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നീ വിളകളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കാട്ടാനശല്യം എന്നീ കാരണങ്ങളാലുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നു. എന്നാൽ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം, രോഗകീടങ്ങളുടെ ബാധ എന്നിവമൂലം ഉണ്ടാകുന്ന വിളകളുടെ നാശത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ തന്നെ സംസ്ഥാനത്തെ ഏതാണ്ട് എല്ലാ പ്രധാനപ്പെട്ട 25 വിളകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവ കൂടാതെ, കേരളത്തിലെ പ്രധാനപ്പെട്ട വിളകളായ തെങ്ങ്, അടയ്ക്കാ, കശുവണ്ടി, റബ്ബർ, കാപ്പി, തേയില, ഏലം എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി) ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളിലൊന്ന് ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുള്ള വിളകളെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാണ്. അങ്ങനെ ചെയ്താൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ലഭ്യമായ ധനവിഹിതം വർദ്ധിക്കുമെന്നാണ്. സർക്കാർ ഈ നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടറിൽ നിന്നും ആവശ്യമായ പ്രൊപ്പോസൽ ലഭിക്കുമ്പോൾ സർക്കാർ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശബരിമല വികസനം നടപ്പിലാക്കാൻ നടപടി

*18 [547] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
" ടി. യു. രാധാകൃഷ്ണൻ:
" ടി. വി. ചന്ദ്രമോഹൻ:
" സി. പി. മുഹമ്മദ്:
" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പുങ്കാവനത്തിലും എന്തെല്ലാം വിധത്തിലുള്ള അപൂർവ്വ ജീവികളും സസ്യങ്ങളും ഉണ്ടെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ ബാഹുല്യം നിമിത്തം ഈ ജന്തുജാലങ്ങൾക്കും സസ്യസമ്പത്തിനും എന്തെല്ലാം ദോഷം സംഭവിക്കുന്നു എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് ലഭിച്ചിട്ടുള്ള തെളിവുകളെന്തെന്നു വെളിപ്പെടുത്താമോ;

(സി) പരിസ്ഥിതിയുടെ കാഴ്ചപ്പാടിൽ മാത്രം കാണേണ്ട കാര്യമാണ് ശബരിമലയിലെ ഭക്തൻമാർക്ക് സൗകര്യങ്ങൾ പ്രദാനം ചെയ്യേണ്ട പ്രശ്നമെന്നത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ;

(ഡി) വനത്തിനും ജന്തുജാലങ്ങൾക്കും സസ്യങ്ങൾക്കും പരിസ്ഥിതിക്കും സ്ഥായിയായ ന്യൂനതയുണ്ടാകാത്ത വിധത്തിൽ ശബരിമല വികസനം അടിയന്തിരമായി നടപ്പാക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയിട്ടുണ്ട്. അത്യപൂർവ്വമായ, നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന 10 ഇനം സസ്യജാലങ്ങളും 5 ഇനം ജന്തുജാലങ്ങളും ഉള്ളതായി പഠനം വെളിപ്പെടുത്തി. സസ്യജാലങ്ങൾ സൈരേറ്റിത പെടമാറ്റ, എബ്ലിക്കാ ടെറേറ്റാ, ഗൈൾക്കോവിഡ് മാർക്കോകാർപ്പാ, മിസലരറിയാ അക്മിനേറ്റ്വാ, പോത്തോ സ്പീഷിസ്, സോണറിലാ സഹ്യാറിക്ക, സൈസീജിയം അക്സിഡന്റാലിസ്, കിംഗികോ ഡെന്റൽപിന്നേറ്റം, മിരിസ്റ്റിക്കാ മലബാറിക്ക, പൈപ്പർ ബാർബറി എന്നിവയും ജന്തുജാലകങ്ങൾ സിംഹവാലൻ കുരങ്ങ്, നീലഗിരി മാർട്ടിൻ, കടുവ, പുലി, രാജവെമ്പാല എന്നിവയുമാണ്.

(ബി) തീർത്ഥാടകരുടെ ബാഹുല്യം നിമിത്തം കാട്ടുതീ, ചെറിയ തോതിലുള്ള മരം മുറി, ഭക്തർ ഉപേക്ഷിച്ചുപോകുന്ന പ്ളാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ എന്നിവ ജന്തുജാലങ്ങൾക്കും സസ്യസമ്പത്തിനും ദോഷകരമാണെന്നും വന്യമൃഗങ്ങളുടെ സ്വൈര വിഹാരത്തിനും തീർത്ഥാടക ബാഹുല്യം തടസ്സമാണ് എന്നും ഇത് ക്രമേണ പ്രകൃതി സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്താൻ ഇടയാകും എന്നുമാണ് വനം വന്യജീവി വകുപ്പിന്റെ നിഗമനം.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും, നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, കോടതിവിധികൾ എന്നിവയ്ക്കു വിധേയമായും, ഭക്തർക്ക് പരമാവധി സൗകര്യങ്ങൾ ലഭ്യമാക്കണം എന്നതാണ് സർക്കാർ നിലപാട്.

(ഡി) ആവശ്യമായ വനഭൂമി ലഭ്യമാകുകയാണെങ്കിൽ പരിസ്ഥിതിക്ക് ന്യൂനത ഉണ്ടാകാത്ത വിധത്തിൽ ശബരിമല വികസനം നടപ്പാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി

*19 [548] ശ്രീ. പി. ജയരാജൻ:

" സാജു പോൾ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തനങ്ങൾ കൃഷിക്കാർക്ക് ഏതെല്ലാം വിധത്തിൽ ഗുണകരമാകുമെന്ന് വിശദമാക്കാമോ;

(ബി) കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തനമാരംഭിച്ചതിനുശേഷം നടന്നിട്ടുള്ള പ്രധാനപ്പെട്ട കയറ്റുമതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കേരളത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തന ഫലമായി താഴെ പറയുന്ന പ്രയോജനം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്കു ലഭിക്കുന്നതാണ്.

(1) കയറ്റുമതിക്കായുള്ള വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നീ വിളകളുടെ കൃഷി യഥാക്രമം 3000 ഹെക്ടർ, 500 ഹെക്ടർ എന്നിങ്ങനെ വ്യാപിപ്പിക്കുന്നതിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നു.

(2) കാർഷിക കയറ്റുമതി മേഖല പദ്ധതിയുടെ പ്രവർത്തനത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഉൽപ്പാദന ക്ഷമതാ പദ്ധതി കാലത്തിനുള്ളിൽ 50 മുതൽ 200 ശതമാനം വരെ വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിലൂടെ കർഷകർക്ക് അധിക വരുമാനം നേടാനാകുന്നതാണ്.

(3) കാർഷിക കയറ്റുമതി മേഖലാ പദ്ധതിയിൽ മെച്ചപ്പെട്ട ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിലൂടെ കർഷകർക്ക് അധികമൂല്യം നേടാൻ സാധിക്കുകയും കൂടാതെ തരം തിരിവിലൂടെ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടും നഷ്ടവും കുറക്കാനും കഴിയും.

(4) ആധുനിക കൃഷി രീതികൾ, വിളവെടുപ്പു കഴിഞ്ഞുള്ള പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ സമഗ്ര പരിശീലനം നൽകുന്നതിലൂടെ കർഷകർക്കു സ്ഥിരമായി അധിക വരുമാനം നേടാനാകുന്നതാണ്.

(5) കയറ്റുമതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് ഏർപ്പെടുത്തുക വഴി സംസ്ഥാനത്തു നിന്നുള്ള കയറ്റുമതി വർദ്ധിക്കുകയും അതിലൂടെ കർഷകർക്ക് ഉൽപ്പന്നങ്ങൾ മെച്ചപ്പെട്ട വിലക്കു കയറ്റുമതിക്കാർക്കു വിറ്റഴിക്കാനും കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) വിദേശ മാർക്കറ്റിനെ ലക്ഷ്യമാക്കി, പായ്ക്കിംഗ് നിലവാരം അന്താരാഷ്ട്ര നിലവാരമുള്ളതാക്കുന്നതിലൂടെയും അന്തർദേശീയ പ്രവർത്തനങ്ങളിൽ സംബന്ധിക്കാൻ അവസരം ഒരുക്കുന്നതിലൂടെയും കർഷകർക്കു ഗുണം ലഭിക്കുന്നതാണ്.

(7) ഗുണനിലവാരം, ഉൽപ്പാദനക്ഷമതയിലെ വർദ്ധനവ്, വിളവെടുപ്പിനു ശേഷമുള്ള ഉൽപ്പന്നങ്ങളുടെ പരിപാലനം, സംസ്ക്കരണം എന്നീ രംഗങ്ങളിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ വിവിധ ഏജൻസികളിൽകൂടി നടത്തുവാൻ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഇതിന്റെ പ്രയോജനവും കർഷകനു ലഭിക്കുന്നതാണ്.

(ബി) ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽനിന്നും, കയറ്റുമതി വ്യവസായികൾ നേരിട്ടു ഉൽപ്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനം ഒരുക്കുവാനാണ് കാർഷിക കയറ്റുമതി മേഖല പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2003 ആഗസ്റ്റ് മാസം മുതൽ പദ്ധതിപ്രദേശത്തുള്ള കർഷകരിൽ നിന്നും കയറ്റുമതി വ്യവസായികൾ നേരിട്ടു സംഭരിച്ചു കയറ്റുമതി ചെയ്ത ഉൽപ്പന്നങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

കൈതച്ചക്ക	. .	7.5 ടൺ
പച്ചക്കറി	. .	42.1 ടൺ
വാഴപ്പഴം	. .	1.7 ടൺ

വനസമ്പത്ത് തിട്ടപ്പെടുത്തൽ

*20 [549] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനസമ്പത്ത് ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വനനശീകരണവും വനംകൊള്ളയും കാരണം വനത്തിലെ മൃഗസമ്പത്തിന് കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ഭാഗത്തെ വനമാണ് സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരക്ഷിത വനത്തിൽ എന്തുമാത്രം നശീകരണം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്തിന്റെ വനസമ്പത്ത് മൊത്തമായി കണക്കാക്കാറില്ല. സംസ്ഥാനത്തെ അതാതു വനം ഡിവിഷനുകളുടെ വർക്കിംഗ് പ്ളാൻ തയ്യാറാക്കുമ്പോഴും വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും മാനേജ്മെന്റ് പ്ളാൻ തയ്യാറാക്കുമ്പോഴും അതാത് ഇടത്തെ വനത്തെപറ്റി പഠിച്ച് വനസമ്പത്ത് കണക്കാക്കാറുണ്ട്. ഏറ്റവും ഒടുവിൽ 2002 വർഷത്തിലാണ് വനസമ്പത്ത് തിട്ടപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല. അവസാനമായി നടത്തിയ 3 വർഷങ്ങളിലെ സെൻസസിന്റെ താരതമ്യപഠന റിപ്പോർട്ട് ചുവടെ കൊടുത്തിരിക്കുന്നു.

ഇനം	*1993-ലെ എണ്ണം*	*1997-ലെ എണ്ണം*	*2002-ലെ എണ്ണം*
ആന	4,286	5,737	6,939
കാട്ടുപോത്ത്	4,840	4,151	14,787
മ്ലാവ്	10,665	13,661	30,414
പുള്ളിമാൻ	6,259	14,882	38,391
കരിംകുരങ്ങ്	2,987	24,809	51,517
കാട്ടുപന്നി	40,963	40,425	60,940
കടുവ	76	73	71+7
മലയണ്ണാൻ	1,384	63,474	88,919
സിംഹവാലൻ കുരങ്ങ്	960	300	1,320
വരയാട്	1,075	1,008	600

മേപ്പടി പഠന റിപ്പോർട്ട് പ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ സെൻസസിൽ വരയാടുകളുടേതൊഴിച്ച് മൃഗങ്ങളുടെ എണ്ണം കൂടുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. പാരിസ്ഥിതിക കാരണങ്ങളാണ് വരയാടുകളുടെ എണ്ണത്തിലുള്ള കുറവിനു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളായ താഴെപ്പറയുന്ന 5 ദേശീയോദ്യാനങ്ങളടക്കം 17 വന്യജീവി സങ്കേതങ്ങളാണ് സംരക്ഷിത മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ളത്.

1. പറമ്പിക്കുളം വന്യമൃഗസങ്കേതം
2. നെയ്യാർ വന്യമൃഗസങ്കേതം
3. വയനാട് വന്യമൃഗസങ്കേതം
4. ഇരവിക്കുളം ദേശീയോദ്യാനം
5. പെരിയാർ ടൈഗർ റിസർച്ച്
6. സൈലന്റ്‌വാലി ദേശീയോദ്യാനം
7. ഇടുക്കി വന്യമൃഗസങ്കേതം
8. പീച്ചി-വാഴാനി വന്യമൃഗസങ്കേതം
9. പേപ്പാറ വന്യമൃഗസങ്കേതം
10. ശെന്തുരുണി വന്യമൃഗസങ്കേതം
11. ചിമ്മിനി വന്യമൃഗസങ്കേതം
12. ആറളം വന്യമൃഗസങ്കേതം
13. ചിന്നാർ വന്യമൃഗസങ്കേതം
14. തട്ടേക്കാട് പക്ഷി സങ്കേതം
15. മതികെട്ടാൻ ദേശീയോദ്യാനം
16. ആനമുടി ദേശീയോദ്യാനം
17. പാമ്പാടും ചോല ദേശീയോദ്യാനം

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരക്ഷിത വനത്തിൽ സ്ഥായിയായി നശീകരണം സംഭവിച്ചിട്ടില്ല. എന്നാൽ മുത്തങ്ങ റേഞ്ചിൽ 2003 ജാനുവരി-ഫെബ്രുവരി മാസങ്ങളിൽ നടന്ന വനം കയ്യേറ്റവും വനം കയ്യേറ്റം ഒഴിപ്പിക്കലുംമൂലം വനത്തിലെ അടിക്കാടുകൾ നശിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രഡിറ്റ് കാർഡ്

*21 [550] ശ്രീമതി രാധാ രാഘവൻ:

ശ്രീ. ജോർജ്ജ് ജെ. മാത്യു:

" ലൂഡി ലൂയിസ്:

" ജി. പ്രതാപവർമ്മ തമ്പാൻ:

" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ ക്രഡിറ്റ് കാർഡുകൾ നൽകിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് കാർഡുകൾ നൽകുന്നത്;

(സി) ഈ കാർഡെടുക്കുന്നവരിൽനിന്നും പലിശ, സർവ്വീസ് ചാർജ്ജ്, ടാക്സ്, ലേറ്റ് ഫീ എന്നീ ഇനങ്ങളിലായി എത്ര ശതമാനം വീതമാണ് ബാങ്കുകൾ ഈടാക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഉണ്ട്.

(ബി) സാധാരണ ഗതിയിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്രഡിറ്റ് കാർഡ് നൽകി വരുന്നു. തൊഴിൽപരമായ വായ്പാവശ്യങ്ങൾക്ക്, ചെയ്യുന്ന തൊഴിലിന്റെ അടിസ്ഥാനത്തിൽ ക്രഡിറ്റ് കാർഡുകൾ നൽകി വരുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാർ ഇതുവരെ പരിശോധിച്ചിട്ടില്ല.

ഓൺ ലൈൻ ലോട്ടറി കേസ്

*22 [551] ശ്രീ. കെ. രാധാകൃഷ്ണൻ:

" രാജു എബ്രഹാം:

" മത്തായി ചാക്കോ:

" പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറി കേസിന്റെ നടത്തിപ്പിനെക്കുറിച്ച് നികുതി വകുപ്പ് നടത്തിയ അന്വേഷണം പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കേണ്ട നികുതി എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) നികുതി വകുപ്പിന്റെ പിൻതുണയോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓൺലൈൻ ലോട്ടറി ഏജൻസികൾ പ്രതിദിനം ലക്ഷക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓൺലൈൻ ലോട്ടറി ഏജൻസികളുടെ പ്രതിദിനം നടക്കുന്ന നറുക്കെടുപ്പുകളേയും അവരുടെ വരുമാനത്തെക്കുറിച്ചും അന്വേഷണം നടത്താൻ തയ്യാറാവുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഓൺലൈൻ ലോട്ടറി കേസ് നടത്തിപ്പിനെ സംബന്ധിച്ച് നിയമ വകുപ്പ് സെക്രട്ടറിയും ഓൺലൈൻ ലോട്ടറിയിൽ നിന്നും ഈടാക്കാവുന്ന നികുതിയെ സംബന്ധിച്ച് നികുതി സെക്രട്ടറിയും അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി—ഡി) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കേണ്ട നികുതി തിട്ടപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്.

1. ചില നിയമപ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഇക്കൂട്ടർ ഫയൽ ചെയ്ത കേസിൽ സുപ്രീം കോടതിയുടെ സ്റ്റേ നിലവിലുള്ളത്.

2. സുപ്രീം കോടതിയുടെ റൂളിംഗ് അനുസരിച്ച് ഭാഗ്യക്കുറി ബിസിനസ്സിൽ വിറ്റുവരവ് മുഴുവൻ നികുതി വിധേയമല്ല. സമ്മാനത്തുക കഴിച്ച് ബാക്കി തുകയ്ക്ക് മാത്രമേ വിൽപ്പന നികുതി ഈടാക്കാനാവൂ. അതിനാൽ വിവിധ സംസ്ഥാന ഭാഗ്യക്കുറികളുടെ സമ്മാനഘടന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ നികുതി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ, ആന്റ് എഫ്) നികുതി വെട്ടിപ്പ് നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും വാണിജ്യനികുതി വകുപ്പിന്റെ കീഴിലുള്ള കമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗിലെ ഓരോ ഓഫീസറെ ഇതിനായി നിയോഗിക്കുകയും അവർ അതാത് ജില്ലകളിൽ അന്വേഷണം നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നുണ്ട്. കോടതി വിധികൾ മാറി മാറി വരികയും സ്റ്റേ നിലവിൽ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ നികുതി നിർണ്ണയം പൂർത്തിയാക്കി നടപടികൾ സ്വീകരിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു എന്നത് വസ്തുതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വിളകൾ വർദ്ധിപ്പിക്കാൻ പദ്ധതി

*23 [552] ശ്രീ. ഷിബു ബേബി ജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനും തൻമൂലം കാർഷിക വിളകൾ വർദ്ധിപ്പിക്കുവാനും ഉതകുന്ന ഏതെങ്കിലും പദ്ധതികളെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഗൗരവമായ ആലോചന നടത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. കാർഷിക മേഖലയിൽ നൂതന സാങ്കേതിക സംരംഭങ്ങൾ, ചെറുകിട യന്ത്രവൽക്കരണം, മാനവശേഷി വികസന പദ്ധതി, കാർഷിക മേഖലയിൽ വനിതാ വികസന പരിപാടി, പുഷ്പകൃഷി എന്നീ പദ്ധതികൾ സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവതീയുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനും തന്മൂലം കാർഷിക വിളകൾ വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്.

(ബി) സ്വീകരിച്ചുവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ നടപടി

*24 [553] ശ്രീ. ജോർജ്ജ് ജെ. മാത്യു:

,, ലൂഡി ലൂയിസ്:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതു സംബന്ധിച്ച് ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും അഭിപ്രായമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) തീർത്ഥാടകരുടെ വരവിൽ പ്രതിവർഷം ഇരുപത് ശതമാനത്തിൽ കുറയാത്ത വർദ്ധനവുണ്ടാകുന്ന ശബരിമലയുടെ പ്രാധാന്യവും മാനുഷിക മൂല്യങ്ങളും കണക്കിലെടുത്ത് അതിനെ എത്രയും വേഗം ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകം ശബരിമല പെരിയാർ ടൈഗർ റിസർവ്വിൽ ഉൾപ്പെടുന്നു എന്നതാണ്.

(ബി) ശബരിമല, പമ്പ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന പെരിയാർ ടൈഗർ റിസർവ്വിലെ 500 ഹെക്ടർ സ്ഥലം പെരിയാർ ടൈഗർ റിസർവ്വിൽ നിന്നും വേർപെടുത്തി ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കണമെന്നതാണ് ദേവസ്വം ബോർഡിന്റെ അഭിപ്രായം. ടൈഗർ റിസർവ്വിൽനിന്ന് ഈ ഭാഗം വേർപെടുത്തുന്നതിനെ വനം വകുപ്പ് അനുകൂലിച്ചിട്ടില്ല.

(സി) പാർലമെന്റിന്റെ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി ശബരിമല സന്ദർശിച്ച് ദേശീയ തീർത്ഥാടന കേന്ദ്രമാക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് കേന്ദ്ര സർക്കാരിന് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിതലത്തിലും ദേവസ്വം വകുപ്പ് മന്ത്രിതലത്തിലും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും ചെയ്തിരുന്നു. കേന്ദ്രഗവൺമെന്റാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

കാർഷിക ഗവേഷണങ്ങളുടെ ഫലമായി പുതിയ വിത്തുകളും കൃഷി രീതികളും

*25 [554] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ എന്തെല്ലാം ഗവേഷണങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഫലമായി പുതിയ വിത്തുകളോ കൃഷിരീതിയോ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയതായി കണ്ടെത്തിയ വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്തിട്ടുണ്ടോ; എങ്കിൽ ഫലം എന്തായിരുന്നു;

(ഡി) കാർഷിക മേഖലയിലെ ഗവേഷണം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കൃഷിവകുപ്പ് നേരിട്ട് ഗവേഷണങ്ങൾ നടത്തിയിട്ടില്ല. എന്നാൽ 'കുട്ടനാടൻ നെൽപ്പാട ജൈവ വ്യവസ്ഥയിൽ തണ്ണീർമുക്കം ബണ്ടിന്റെ പ്രതിഫലനം' എന്ന വിഷയത്തിൻമേൽ കരാറടിസ്ഥാനത്തിൽ ഗവേഷണം നടത്താനായി (2003-2004) സാമ്പത്തികവർഷം അവസാനം കേരളാ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന് 2.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയിൽ കൃഷിവകുപ്പിന്റെ ധനസഹായത്തോടെ 6 ഗവേഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗവേഷണഫലമായി പുതിയ വിത്തുകളും കൃഷി രീതികളും കണ്ടെത്തിയിട്ടുണ്ട്. കേരള കാർഷിക സർവകലാശാല വർദ്ധിച്ച വിളവു നൽകുന്ന 27 വിളയിനങ്ങൾ പുറത്തിറക്കി. ഇവയ്ക്ക് കൃഷിക്കാരുടെ ഇടയിൽ വളരെ പ്രചാരം ലഭിച്ചിട്ടുണ്ട്.

(സി) ചില വിത്തുകളുടെ ട്രയലുകൾ കർഷകരുടെ പാടങ്ങളിൽ കാർഷിക സർവകലാശാലാവിദഗ്ദ്ധരുടെ സഹായത്തോടെ നടത്തിയിട്ടുണ്ട്. അവ നാടൻ വിത്തിനങ്ങളേക്കാൾ മികവുറ്റതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) കർഷകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് പുറമേ അവരുടെ പ്രശ്നപരിഹാരത്തിനുതകുന്ന വിധത്തിലുള്ള ഗവേഷണ പദ്ധതികൾ കാർഷിക സർവ്വകലാശാല മുഖേന നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് സ്വീകരിച്ച നടപടി

1 [3727] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൻ വന്നതിനുശേഷം നടപ്പാക്കിയ സാമ്പത്തിക പരിഷ്കരണ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഭാഗമായി ധനക്കമ്മി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സർക്കാരിന്റെ ഭരണപരമായ കാര്യങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത നടപടികൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 1. ദീർഘവീക്ഷണത്തോടുകൂടിയ ധന മാനേജുമെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വം സംബന്ധിച്ച് വ്യവസ്ഥചെയ്യുന്ന 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ നിയമം ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.

2. സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഗ്യാരന്റികളുടെ പരമാവധി പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഗ്യാരന്റികളുടെ പരമാവധി നിയമം 2003 ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.

3. അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിച്ചു.

4. പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു.

5. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളിൽ തീരുമാനം എടുത്തിട്ടുണ്ട്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ സൂക്ഷിപ്പും ആഡിറ്റും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7. സ്റ്റാമ്പ് ഡ്യൂട്ടി, സർചാർജ് എന്നിവ കുറയ്ക്കുകയും ഭൂമിയുടെ ന്യായവില നിശ്ചയിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

8. ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു.

9. അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും താമസംവിനാ നിയമസഭയിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. ബാധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു.

11. ഓരോ വർഷത്തേയും ബഡ്ജറ്റിൽ അതിനടുത്ത വർഷത്തേക്കുള്ള മുൻകൂർ തിട്ടപ്പെടുത്തലുകളും കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

12. ചെലവ് നിർവ്വഹിക്കുന്ന വകുപ്പുകൾക്ക് ഫണ്ട് മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

13. പലിശയിനത്തിൽ ഉള്ള ബാദ്ധ്യത കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച Debt Swap Scheme-ൽ പങ്കാളിയായിട്ടുള്ളതു കൂടാതെ Consolidated Sinking Fund പുനരുജ്ജീവിപ്പിക്കാനും നടപടിയെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1. ബജറ്റ് പരിധികളുടെ ലംഘനം കർശനമായി തടയുന്നതിനും ബജറ്റിൽ ഉൾപ്പെടുത്തി കിട്ടുന്നതിന് ആദ്യം എസ്റ്റിമേറ്റുകൾ കുറച്ചുകാണിക്കുന്ന പതിവ് ഒഴിവാക്കുന്നതിനും വേണ്ടി ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു.

2. മെച്ചപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പു വരുത്തുന്നതിനുവേണ്ടി അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും താമസംവിനാ നിയമസഭയിൽ വയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു.

3. ബജറ്റിനു ബാഹ്യമായ പുതിയ ബാധ്യതകൾ ഉണ്ടാകുന്നത് തടയാനും ആർജ്ജിത കുടിശ്ശികകൾ മുൻഗണനാക്രമത്തിൽ കൊടുത്തുതീർക്കുന്നതിനുമായി ഒരു ബാധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു.

4. ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജുമെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ നിയമം ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.

(ഡി) ഉറപ്പ് വരുത്തിയിട്ടുണ്ട്.

2004-2005 കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന വിഹിതം

2 [3728] ശ്രീ. ടി. കെ. ബാലൻ:

,, ടി. പി. രാമകൃഷ്ണൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ വികസനത്തിന് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഓരോ മേഖലയിലും സംസ്ഥാനത്തിന്റെ വികസനത്തിനായി എന്തു തുകവീതം വകകൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന് കേന്ദ്രനികുതി വിഹിതമായി എത്ര കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു;

(ഡി) കാർഷിക മേഖലയുടെ വികസനത്തിനായി ബഡ്ജറ്റിൽ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട തോതിലുള്ള വിഹിതം കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയതായി കാണുന്നില്ല.

(ബി) ലഭ്യമായ രേഖകളിൽ ഓരോ മേഖലയിലും സംസ്ഥാനത്തിന്റെ വികസനത്തിനായി വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(സി) കേന്ദ്ര നികുതി വിഹിതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേന്ദ്രനികുതി വിഹിതത്തിൽ സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നതിലും 374.83 കോടി രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ഡി) കാർഷിക വായ്പക്കുള്ള സമഗ്രനയം ആവിഷ്ക്കരിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിനും റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിനും യഥാക്രമം 2800 കോടി രൂപയും 8000 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കാർഷിക ഗവേഷണത്തിനും വികസനത്തിനുമായി 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാഷണൽ വാട്ടർ റിസോഴ്സ് ഡവലപ്പ്മെന്റ് പ്രോജക്ട് ആരംഭിക്കും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി ദേശീയ വാട്ടർ ഹാർവസ്റ്റിംഗ് പദ്ധതി നടപ്പാക്കും. കൃഷിക്കും, കന്നുകാലികൾക്കും ഇൻഷ്വറൻസ് നടപ്പാക്കും തുടങ്ങിയ പ്രഖ്യാപനങ്ങളും കേന്ദ്ര ബഡ്ജറ്റിലുണ്ട്.

കടബാദ്ധ്യത കുറച്ചുകൊണ്ടുവരാൻ നടപടി

3 [3729] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടബാദ്ധ്യത വർദ്ധിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ കടബാദ്ധ്യത എത്രയാണ്;

(ബി) 2004 ജൂൺമാസം വരെ അത് എത്രമാത്രം വർദ്ധിച്ചിട്ടുണ്ട്, കടബാദ്ധ്യത ഇത്രയും വർദ്ധിക്കാൻ കാരണമെന്താണ്;

(സി) കടബാദ്ധ്യത കുറച്ചുകൊണ്ടുവരാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുക്കടം വർദ്ധിച്ചിട്ടുണ്ട്. 2003-2004-ലെ താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ പൊതുക്കടം 36,234 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 1-4-2001 മുതൽ 31-3-2004 വരെ പൊതുക്കടത്തിലുണ്ടായ വർദ്ധന 12,315 കോടി രൂപ. പദ്ധതി ചെലവിലുണ്ടായ വർദ്ധനവും, വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തതും, മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർത്തതുമാണ് പൊതു കടത്തിലെ വർദ്ധനവിനുള്ള പ്രധാന കാരണം.

(സി) പദ്ധതി ചെലവ് വർദ്ധിച്ചുവരുന്നതു കാരണം പൊതുക്കടം കുറയ്ക്കാൻ സാധിക്കുന്നില്ല. എന്നാൽ പലിശ ബാദ്ധ്യത കുറയ്ക്കാനായി ഉയർന്ന പലിശനിരക്കിലുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളായി രൂപാന്തരപ്പെടുത്തിവരുന്നു. സർക്കാർ ഗ്യാരന്റിയുടെ ഉയർന്ന പരിധിയും നിശ്ചയിച്ചിട്ടുണ്ട്.

ഗവൺമെന്റിന്റെ വാർഷിക വരവ്-ചെലവ്

4 [3730] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എന്തു തുക വരവും എന്തു തുക ചെലവും പ്രതീക്ഷിച്ചിരുന്നു എന്നറിയിക്കാമോ;

(ബി) ഓരോ വർഷവും എന്തു തുക വീതം വരവും എന്തു തുക വീതം ചെലവുമുണ്ടായിട്ടുണ്ട്; കമ്മിയോ, മിച്ചമോ എത്ര എന്നറിയിക്കാമോ;

(സി) ഓരോ വർഷത്തേയും വരവിനങ്ങളിൽ കേന്ദ്രം ഗ്രാന്റായിതന്ന തുകയെത്ര; മറ്റു മാർഗ്ഗങ്ങളിലൂടെ കടമെടുത്ത തുകയെത്ര; പി. ഡി. അക്കൗണ്ടിൽ ലഭിച്ച തുകയെത്ര?

ഉത്തരം

(എ) 2001-2002-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 43756.33 കോടി രൂപ വരവും, 43820.05 കോടി രൂപ ചെലവും പ്രതീക്ഷിച്ചിരുന്നു. 2002-2003-ൽ 43330.75 കോടി രൂപ വരവും, 43171.89 കോടി രൂപ ചെലവും പ്രതീക്ഷിച്ചിരുന്നു. 51911.87 കോടി രൂപ വരവും 52103.80 കോടി രൂപ ചെലവുമാണ് 2003-2004-ൽ പ്രതീക്ഷിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	വർഷം	വരവ്	ചെലവ്	(രൂപ കോടിയിൽ) മിച്ചം/കമ്മി
	2001-2002	36804.07	36663.41	140.66 (മിച്ചം)
	2002-2003	48047.23	48312.05	264.82 (കമ്മി)
	2003-2004*	52989.11	53112.43	123.32 (കമ്മി)

(സി) 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ഇൻ എയിഡായി യഥാക്രമം 975.33, 938.37, 882.43 കോടി രൂപ വീതം ലഭിച്ചിരുന്നു.

റിസർവ് ബാങ്കിൽ നിന്നുള്ള വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് തുക കഴിച്ചുള്ള ആഭ്യന്തര കടം കേന്ദ്രസർക്കാരിൽനിന്നള്ള വായ്പകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കടമെടുത്ത തുക താഴെ കൊടുത്തിരിക്കുന്നു

2001-2002 2791.72 കോടി രൂപ, 2002-2003 3910.24 കോടി രൂപ, 2003-2004-ലെ വിശദമായ കണക്കുകൾ ലഭ്യമായിട്ടില്ല.

2001-2002 വർഷാന്ത്യത്തിൽ പി. ഡി. അക്കൗണ്ടിൽ 186.88 കോടി രൂപയുടെ നീക്കിയിരുപ്പുണ്ടായിരുന്നു.

2002-2003-ൽ ഇത് 605.73 കോടി രൂപയായിരുന്നു. 2003-2004-ലെ വിശദമായ കണക്കുകൾ ലഭ്യമായിട്ടില്ല.

ക്ഷേമനിധികളിൽ നിന്ന് കടമെടുത്ത തുക

5 [3731] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമനിധികളിൽനിന്ന് ഇതുവരെ എന്തു തുക ഓരോ വർഷവും കടമെടുത്തിട്ടുണ്ട്?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധികളിൽനിന്നും കടമെടുത്തിട്ടില്ല.

കാർഷിക കടം

6 [3732] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കാർഷിക ആവശ്യങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക വായ്പ കൊടുത്തു എന്ന് വെളിപ്പെടുത്തുമോ;

*താൽക്കാലിക കണക്കുപ്രകാരം+

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക ആവശ്യങ്ങൾക്കായി വായ്പ എടുത്തവരിൽനിന്ന് എത്ര രൂപയുടെ കുടിശ്ശിക ധനകാര്യ സ്ഥാപനങ്ങൾക്ക് മടക്കിക്കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ ബാങ്കുകളിൽനിന്നായി കാർഷിക മേഖലയ്ക്കു നൽകിയ വായ്പ ഇപ്രകാരമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

വർഷം	*രൂപ (കോടിയിൽ)*
2001-2002	2861
2002-2003	3514
2003-2004	4549

(ബി) കാർഷിക മേഖലയ്ക്കു നൽകിയ വായ്പയിൽ ബാങ്കുകൾക്ക് കുടിശ്ശികയായി കിട്ടാനുള്ളത് 30-6-2003 വരെ 637 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ പ്രോൽസാഹന നിധിയിൽനിന്നും ധനസഹായം

7 [3733] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനക്കമ്മിയും റവന്യൂകമ്മിയും വർദ്ധിച്ചതുകാരണം കേന്ദ്രസർക്കാരിന്റെ പ്രോൽസാഹന നിധിയിൽനിന്നും ലഭിക്കേണ്ട ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഈ നിധിയിൽനിന്നും കഴിഞ്ഞ മൂന്ന് വർഷമായി എന്തു തുക വീതം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ പ്രോൽസാഹന നിധിയിൽനിന്നും 2000-2001, 2001-2002 കാലയളവിൽ സഹായധനം ലഭിക്കുകയുണ്ടായി. 2002-2003, 2003-2004 എന്നീ വർഷങ്ങളിലെ റവന്യൂ കമ്മിയിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതുമൂലം പ്രോൽസാഹന നിധിയിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല. 2004-2005 വർഷത്തെ അന്തിമ കണക്കിന്റെ അടിസ്ഥാനത്തിൽ റവന്യൂകമ്മി തിട്ടപ്പെടുത്തിയാൽ മാത്രമേ ബാക്കിയുള്ള കാലയളവിലേയ്ക്കുള്ള സഹായധനം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രോൽസാഹന നിധിയിൽനിന്ന് 2001-2002-ൽ 23.52 കോടി രൂപയും, 2002-2003-ൽ 40.92 കോടി രൂപയും (2000-2001, 2001-2002 കാലയളവിലെ റവന്യൂ കമ്മി ആധാരമാക്കി) ധനസഹായം ലഭിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കടപ്പത്രം

8 [3734] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു;

(ബി) ഓരോന്നും എത്ര രൂപയുടേതാണ്;

(സി) എത്ര ശതമാനം പലിശയാണ് നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ കാലാവധി എത്രയാണ്?

ഉത്തരം

(എ) Debt Swap Scheme ഉൾപ്പെടെ ഇരുപത്തിയൊന്ന് പൊതുക്കടപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ 20 നികുതിരഹിത സ്പെഷ്യൽ ബോണ്ടുകളും (പവർ ബോണ്ട്) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി ആന്റ് ഡി) ഇതു സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ധനകാര്യ വകുപ്പിന്റെ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ

9 [3735] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ ഓഫീസ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) ഇനി എത്ര രൂപ ചെലവഴിച്ചാൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുവാൻ കഴിയും;

(സി) ഇങ്ങനെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ ഇപ്പോൾ നിലവിലുള്ള തസ്തികകളിൽ കുറവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിന്റെ ഓഫീസ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി നാളിതുവരെ 1,12,45,283 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിലേക്കുള്ള പ്രോജക്ടിന്റെ ചെലവിനെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമല്ല.

(സി) ഇല്ല.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പ് പരിശോധനയെ തുടർന്നുള്ള വിജിലൻസ് അന്വേഷണം

10 [3736] ശ്രീ. പി. കെ. കെ. ബാവ:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, സി. മമ്മൂട്ടി:

,, ടി. പി. എം. സാഹിർ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം 1999-2000, 2001, 2002, 2003 വർഷങ്ങളിൽ എത്ര ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ വീതം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഓരോ വർഷങ്ങളിലും എത്ര റിപ്പോർട്ടുകളിന്മേൽ വിജിലൻസ് അന്വേഷണം ശുപാർശ ചെയ്തു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1999-2000-ൽ	..	302
2001-ൽ	..	194
2002-ൽ	..	192
2003-ൽ	..	242
(ബി) 2001-ൽ	..	3
2002-ൽ	..	1
2003-ൽ	..	2

ധനകാര്യ വകുപ്പിന്റെ ഡാറ്റാ പ്രോസസ്സിംഗ് സെന്ററിലെ നിയമനങ്ങൾ

11 [3737] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പ് ഡാറ്റാ പ്രോസസ്സിംഗ് സെന്ററിൽ ജൂനിയർ പ്രോഗ്രാമിംഗ് ഓഫീസർ തസ്തിക നിലവിലുണ്ടോ; എങ്കിൽ തസ്തികയ്ക്കുവേണ്ട യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) മാനദണ്ഡങ്ങൾ പാലിച്ചാണോ ഈ തസ്തികയിൽ നിയമനം നടത്തിയിരിക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ധനകാര്യ വകുപ്പ് ഡാറ്റാ പ്രോസസ്സിംഗ് സെന്ററിൽ നാളിതുവരെ എത്രപേരെ ഡാറ്റാ എൻട്രി ജോലികൾക്കായി നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവർ ഓരോരുത്തരും ജോലി ചെയ്ത കാലാവധിയും അവരെ തെരഞ്ഞെടുത്ത മാനദണ്ഡവും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തിയതാണോ; അല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ ഇപ്പോൾ ഈ തസ്തിക നിലവിൽ ഇല്ല. ടി തസ്തികയെ അസിസ്റ്റന്റ് ഡയറക്ടർ എന്നായി പുനർനാമകരണം ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനവും സർവ്വകലാശാല ബിരുദവും ധനകാര്യവകുപ്പിൽ 12 വർഷത്തെ സേവന പരിചയവുമാണ് പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യത.

(ബി) ബാധകമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 7 പേരെ ഡാറ്റാ എൻട്രി ജോലികൾക്കായി നിയമിച്ചിട്ടുണ്ട്.

(ഡി) (1) ശ്രീമതി ലക്ഷ്മി, ജി. എൻ.—2002 ജനുവരി—13 ദിവസം.

(2) ശ്രീ. മുജീബ്, എം.—2002 ജനുവരി-ജൂൺ—117 ദിവസം.

(3) ശ്രീ. ഷിബു, എസ്.—2003 ജൂലൈ-ഒക്ടോബർ—46 ദിവസം.

(4) ശ്രീമതി ശ്രീപ്രിയ, എസ്.—2003 ജൂലൈ-ഒക്ടോബർ—44 ദിവസം.

(5) ശ്രീമതി അജിത വേണുഗോപാൽ—2003—നവംബർ തുടരുന്നു—158 ദിവസം.

(6) ശ്രീമതി ലേഖ, ബി.—2003 നവംബർ—തുടരുന്നു—152 ദിവസം.

(7) ശ്രീമതി രേണുക, എസ്.—2002 ജനുവരി—15 ദിവസം. ഡാറ്റാ പ്രോസസ്സിംഗ് സെന്ററിൽ തയ്യാറാക്കിയിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ പാനലിൽനിന്നാണ് ടിയാളുകളെ തിരഞ്ഞെടുത്തിട്ടുള്ളത്.

(ഇ) അല്ല. പ്രസ്തുത തസ്തികകൾ താൽക്കാലികമായിട്ടുള്ളതാണ്. സ്ഥിരമാകുന്നമുറയ്ക്ക് എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന നിയമനങ്ങൾ നടത്താവുന്നതാണ്.

നാഷണൽ സേവിംഗ്സിന്റെ പുതിയ പദ്ധതികളും ആർ. ഡി. കലക്ടർമാരുടെ പ്രവർത്തനവും

12 [3738] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് മുഖേന പുതുതായി ഏതെങ്കിലും സമ്പാദ്യ പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാഷണൽ സേവിംഗ്സിന്റെ കീഴിലുള്ള ആർ. ഡി. വിഭാഗത്തിൽ കേരളത്തിൽ എത്ര അംഗീകൃത ആർ. ഡി. കലക്ടർമാരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര ആർ. ഡി. കളക്ടർമാരുണ്ട്;

(ഡി) കൂത്തുപറമ്പ്, തലശ്ശേരി ബ്ലോക്കുകളുടെ കീഴിലുള്ള ഏതെല്ലാം പോസ്റ്റാഫീസുകളിലാണ് ഇവർ നിക്ഷേപങ്ങൾ അടയ്ക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) പാനൂർ, തൂവക്കുന്ന് സബ് പോസ്റ്റാഫീസുകളിൽ നിക്ഷേപങ്ങൾ കൊണ്ടുവരുന്ന അംഗീകൃത ആർ. ഡി. കളക്ടർമാരുടെ പേരുവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) നാഷണൽ സേവിംഗ്സ് മുഖേന സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് റെക്കറിംഗ് ഡെപ്പോസിറ്റ് എന്ന പുതിയ പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ 10482 അംഗീകൃത ആർ. ഡി. കലക്ടർമാരാണ് കേരളത്തിൽ ഉള്ളത്.

(സി) 735.

(ഡി) കൂത്തുപറമ്പ് ബ്ലോക്കിനു കീഴിൽ താഴെപ്പറയുന്ന പോസ്റ്റാഫീസുകളിലാണ് നിക്ഷേപങ്ങൾ അടയ്ക്കുന്നത്:

1. നിടിയേങ്ങ
2. ചമ്പാട്
3. പത്തായക്കുന്ന്
4. തൂവക്കുന്ന്
5. ചിറ്റാരിപ്പറമ്പ്
6. അഞ്ചരക്കണ്ടി
7. കൂത്തുപറമ്പ്
8. പാനൂർ
9. നിർമ്മലഗിരി
10. കതിരൂർ
11. കടവത്തൂർ
12. ന്യൂമാഹി
13. പെരിങ്ങത്തൂർ
14. പൊന്ന്യം വെസ്റ്റ്
15. ഉമ്മൻചിറ
16. പേരാവൂർ
17. തലശ്ശേരി
18. ഒളവിലം

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ബ്ലോക്കിനു കീഴിൽ താഴെപ്പറയുന്ന പോസ്റ്റാഫീസുകളിലാണ് നിക്ഷേപങ്ങൾ നടത്തുന്നത്:

1. തലശ്ശേരി ഹെഡ് പോസ്റ്റാഫീസ്
2. പാലയാട്
3. നിട്ടൂർ
4. പാറാൽ
5. കൂത്തുപറമ്പ്
6. എരഞ്ഞോളി
7. ചൊക്ളി
8. പിണറായി
9. പാറപ്പുറം
10. പിണറായി വെസ്റ്റ്
11. കതിരൂർ
12. ഒളവിലം
13. പെരിങ്ങാടി
14. തിരുവങ്ങാട്
15. പെരിങ്ങത്തൂർ
16. കരിയാട്
17. ചിറക്കര
18. തലശ്ശേരി ടെമ്പിൽ ഗെയ്റ്റ്
19. ഉമ്മൻചിറ
10. തലശ്ശേരി ബസാർ
21. ധർമ്മടം
22. കരിയാട് സൗത്ത്
23. ന്യൂമാഹി

(ഇ) പാനൂർ, തൂവക്കുന്ന് പോസ്റ്റാഫീസുകളിൽ നിക്ഷേപങ്ങൾകൊണ്ടുവരുന്ന അംഗീകൃത ആർ. ഡി. കലക്ടർമാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

<u>പാനൂർ പോസ്റ്റാഫീസ്</u>

1. ശ്രീമതി കെ. ബേബി ഷീജ
2. ,, ഒ. ലീല
3. ,, എൻ. ഓമനകുമാരി
4. ,, കെ. ശോഭന
5. ,, പി. വനജ
6. ,, എം. രഞ്ജിനി പ്രശാന്ത്
7. ,, കെ. വനജ
8. ,, പി. പി. പത്മജ
9. ,, പി. പുഷ്പ
10. ,, കെ. രജില
11. ,, പി. സുമ
12. ,, കെ. ഉഷാറാണി
13. ,, വി. റീജ

LIBRARY ARCHIVES Kerala Legislative Assembly

തുവക്കുന്ന് പോസ്റ്റ് ഓഫീസ്

1. ശ്രീമതി സി. കെ. ഓമന
2. ,, സി. ഗീത
3. ,, വി. ശോഭ
4. ,, കെ. സി. ചന്ദ്രി
5. ,, എം. ചന്ദ്രി
6. ,, എ. പി. രാഗി
7. ,, ടി. എൻ. മഹിജ
8. ,, എ. ബേബി

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള തുകകൾ

13 [3739] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ ഓരോ വർഷവും കേന്ദ്ര സർക്കാരിൽനിന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾമൂലം സംസ്ഥാനത്തുണ്ടായ പൊതുവായ നഷ്ടം എത്ര കോടിയായിരുന്നു എന്നാണ് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നതെന്ന് ഓരോ വർഷവും കണക്കാക്കി വെളിപ്പെടുത്താമോ;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇനിയും ചെലവഴിക്കാൻ ബാക്കിയുള്ളവ എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-2002 വർഷം മുതൽ 2004-2005 വർഷം ഇതുവരെയും സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ വിഹിതമായി ലഭിച്ച തുക താഴെ കാണും പ്രകാരമാണ്.

വർഷം		*തുക (ലക്ഷത്തിൽ)*
2001-2002	..	8604 (2000-2001-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-2003	..	5560
2003-2004	..	5838
2004-2005-ൽ	..	3065
(ഇതുവരെ) ആകെ	..	23067

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ച, വെള്ളപ്പൊക്കം എന്നീ പ്രകൃതിക്ഷോഭങ്ങൾമൂലം താഴെപറയുംപ്രകാരം നഷ്ടം ഉണ്ടായിട്ടുള്ളതായി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വർഷം	*ആവശ്യം*	*തുക (കോടിയിൽ)*
2001	വെള്ളപ്പൊക്കം	552.00
2002	വരൾച്ച	1057.00
2002	വെള്ളപ്പൊക്കം	145.70
2004	വരൾച്ച	2844.90

(സി) 2003-2004 വരെയുള്ള തുക പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞു.

(ഡി) 2004-2005-ലെ തുക ചെലവഴിച്ചുവരുന്നു.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധി

14 [3740] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് ഭൂകമ്പ ദുരന്തത്തെ തുടർന്ന് സംസ്ഥാന ഗവൺമെന്റ് സ്വരൂപിച്ച ദുരിതാശ്വാസ നിധിയിലേക്ക് എന്തു തുക പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ഗുജറാത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) കഴിഞ്ഞ മൂന്ന് വർഷമായി ഈ ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടോ;

(ഇ) ഈ ഫണ്ടിൽ ഇപ്പോൾ ട്രഷറിയിൽ എന്തുതുകയുണ്ടെന്നും ഇതിന്റെ പലിശയിനത്തിൽ ലഭിച്ചിട്ടുള്ള തുകയെത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് 12,54,14,724 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭുജിലെ ഗവൺമെന്റ് പോളിടെക്നിക് 10 കോടി രൂപ ചെലവിൽ പുനർനിർമ്മിക്കൽ.

(ഡി) ഇല്ല.

(ഇ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിൽ ഇപ്പോൾ 9,14,89,918 രൂപ നീക്കിയിരുപ്പുണ്ട്. ടി അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭ്യമല്ല.

സ്വാതന്ത്ര്യസമര സേനാനി മൊയ്തു മൗലവി സാഹബിന്റെ സ്മാരകം പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട്

15 [3741] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തീകരിക്കാത്ത സ്വാതന്ത്ര്യ സമര സേനാനി മൊയ്തു മൗലവി സാഹബിന്റെ സ്മാരകം പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്ത് തുക ഇതിനകം സർക്കാർ സ്മാരക നിർമ്മാണത്തിന് നൽകിയിട്ടുണ്ട്;

(സി) 1996-ൽ ആരംഭിച്ച പ്രസ്തുത സ്മാരകത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് എത്രയാണ്;

(ഡി) ഇതനുസരിച്ച് എന്ത് തുക സർക്കാർ സ്മാരകനിർമ്മാണത്തിന് നൽകാനുണ്ട്;

(ഇ) സ്മാരകത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടില്ലെങ്കിൽ ഇതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ദേശീയപാത വികസനത്തിന് കേന്ദ്രത്തിൽ നിന്നും തിരിച്ചു കിട്ടാനുള്ള തുക

16 [3742] ശ്രീ. പി. ജെ. ജോയി;

,, വർക്കല കഹാർ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയ കേന്ദ്ര പദ്ധതികൾ എന്നിവയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് പ്രഥമ പടിയായി തുക ചെലവഴിക്കുകയും കേന്ദ്രഗവൺമെന്റിനു കണക്കുനൽകി അത് തിരികെ വാങ്ങുകയുമാണോ ചെയ്യുന്നത്; എങ്കിൽ ഈയിനത്തിൽ എന്നുമുതലുള്ള എത്ര തുക സംസ്ഥാനത്തിനു തിരിച്ചു കിട്ടാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുക കിട്ടുന്നതിന് ധനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ധനകാര്യ വകുപ്പ് കാലതാമസം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം വിവരങ്ങൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രത്തിനു സമർപ്പിച്ച കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അതെ. 1987 മുതൽ 31-3-2003 വരെ ദേശീയപാതകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് റീഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ 80.21 കോടി രൂപയും സെൻട്രൽ റോഡ് ഫണ്ട് പണികൾക്കായി കേന്ദ്രവിഹിതമായി 28.64 കോടി രൂപയും കേന്ദ്രസർക്കാരിൽനിന്നും തിരിച്ചുകിട്ടാനുണ്ട്. 1-4-2003-നുശേഷം സ്പെഷ്യൽ റിപ്പയർ ഇനത്തിൽ മാത്രമേ റീഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ ചെലവ് വരുന്നുള്ളു. പദ്ധതിയേതര ഇനത്തിൽ ചെലവായ 5 കോടിയോളം രൂപയും തിരിച്ചുകിട്ടാനുണ്ട്. അങ്ങനെ മൊത്തം 113.85 കോടി രൂപ കേന്ദ്രത്തിൽനിന്നും തിരികെ കിട്ടാനുണ്ട്.

(ബി) പി. ഡബ്ളിയു. ഡി. ഏറ്റെടുക്കുന്ന കേന്ദ്ര പദ്ധതികളുടെ റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതിന് പി. ഡബ്ളിയു. ഡി. സെക്രട്ടറിയും ചീഫ് എഞ്ചിനീയറു(നിരത്തുകൾ)മാണ് നടപടികൾ സ്വീകരിക്കേണ്ടത്. നാഷണൽ ഹൈവേയെ സംബന്ധിച്ച് റീഇംബേഴ്സ്മെന്റ് സംസ്ഥാന അക്കൗണ്ടന്റ് ജനറൽ സമർപ്പിക്കുന്ന ക്ലെയിം അനുസരിച്ച് ഉപരിതല ഗതാഗത വകുപ്പ് പേ ആന്റ് അക്കൗണ്ട്സ് ഓഫീസർ ആണ് അനുവദിച്ച് നൽകുന്നത്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് പ്രത്യേക നടപടി എടുക്കേണ്ടതില്ല. എന്നാലും റീഇംബേഴ്സ്മെന്റ് കിട്ടേണ്ട തുകയുടെ വിവരം കാലാകാലങ്ങളിൽ ഉദ്യോഗസ്ഥരെ ധനകാര്യ വകുപ്പ് അറിയിക്കുകയും അവ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. ഇതിലേക്കായി ധനകാര്യ വകുപ്പ് അവലോകന മീറ്റിംഗ് വിളിച്ചുകൂട്ടാറുമുണ്ട്.

(സി) 'ബി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) 'ബി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ബോണസ്സും ഫെസ്റ്റിവൽ അലവൻസും സംബന്ധിച്ച തീരുമാനം

17 [3743] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മറ്റും നൽകിവരുന്ന ബോണസ്സും ഫെസ്റ്റിവൽ അലവൻസും സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ നൽകിവരുന്ന ബോണസ്സ് വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പരിധി നിശ്ചയിക്കാതെ ഒരു മാസത്തെ ശംബളം ബോണസ്സായി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) തീരുമാനിച്ചിട്ടില്ല.

ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റിലെ കാലതാമസം ഒഴിവാക്കാൻ നടപടി

18 [3744] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് സ്കീം നിലവിലുണ്ടോ;

(ബി) സർക്കാർ ജീവനക്കാരുടേയും അവരുടെ ആശ്രിതരുടേയും ചികിൽസാ ആവശ്യങ്ങൾക്കായിട്ടുള്ള മെഡിക്കൽ അഡ്വാൻസ് ഇപ്പോൾ അനുവദിക്കുന്നുണ്ടോ;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട അഡ്വാൻസിൻമേലുള്ള ഫൈനൽ ക്ലെയിം തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം എത്ര കേസ്സുകളാണ് ഇപ്പോൾ തീർപ്പാക്കാതെയുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇവ ഓരോന്നും എന്തുതുക വീതമുള്ളതാണെന്നു വെളിപ്പെടുത്തുമോ;

(ഇ) ചികിൽസയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മെഡിക്കൽ അഡ്വാൻസുകൾ കാലതാമസം കൂടാതെ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) അനുവദിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മെഡിക്കൽ അഡ്വാൻസ് അന്തിമമായി മെഡിക്കൽ റീഇംബേഴ്സ്മെന്റിൽ തട്ടിക്കിഴിക്കേണ്ടത് വിവിധ വകുപ്പുകളുടെ ചുമതലയാണ്. അതിനാൽ കേസുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. 31-3-2001 വരെ 559.16 ലക്ഷം രൂപ ഈ ഇനത്തിൽ തീർപ്പാക്കാതെയുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിനെ അറിയിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയുണ്ടായി. അതിൻപ്രകാരം ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിന് ധനകാര്യ വകുപ്പ് വിവിധ ഓഫീസുകളിൽ പരിശോധന നടത്തി ഓരോ വകുപ്പിലേയും കാലതാമസത്തിനുള്ള കാരണങ്ങൾ വിശകലനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ അതാതു വകുപ്പിന് നൽകിവരുന്നുണ്ട്. ഇത്തരത്തിൽ 78.20 ലക്ഷം രൂപ തീർപ്പാക്കുന്നതിനുവേണ്ട നിർദ്ദേശം ഇതിനകം നൽകിക്കഴിഞ്ഞു.

(ഇ) കാലതാമസം വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ വകുപ്പുകളിലെ വാഹനങ്ങളുടെ പർച്ചേസ്

19 [3745] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഒന്നിൽകൂടുതൽ വാഹനങ്ങൾ കൈവശം വച്ച് ഉപയോഗിക്കുന്ന ഏതെങ്കിലും ഉയർന്ന ഉദ്യോഗസ്ഥന്മാരോ മറ്റുള്ളവരോ ഉണ്ടോ;

(ബി) ഓരോ വകുപ്പിലും കൈവശം വയ്ക്കാവുന്ന പരമാവധി വാഹനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും സർക്കാർ ഉത്തരവ് ഉണ്ടോ;

(സി) നിലവിൽ ഓരോ വർഷവും എത്ര വാഹനങ്ങൾ പുതിയതായി സർക്കാർ വാങ്ങാറുണ്ട്; ഇവ വാങ്ങുന്നതിന് സർക്കാർ, വാഹന കമ്പനികളിൽനിന്നോ ഏജൻസികളിൽനിന്നോ ടെണ്ടർ വിളിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി)എൽ. ഡി. എഫ്. സർക്കാരിന്റെ 5 വർഷക്കാലവും ഇപ്പോഴത്തെയു. ഡി. എഫ്. സർക്കാരിന്റെ നാളിതുവരെയുള്ള കാലഘട്ടത്തിലും വാങ്ങിയ വാഹനങ്ങളുടെ പേരും വിലയും തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതികൾ വന്നിട്ടില്ല.

(ബി) ഉണ്ട്.

(സി) ഓരോ വകുപ്പിന്റേയും അവശ്യമനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് മിനിമം വാഹനങ്ങൾ വാങ്ങാറുണ്ട്. സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 66 (എ) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ്, ന്യൂഡൽഹി നിശ്ചയിച്ചിരിക്കുന്ന റേറ്റ് കോൺട്രാക്ട് അനുസരിച്ചാണ് സർക്കാർ നേരിട്ട് വാഹനങ്ങൾ വാങ്ങുന്നത്. കൂടാതെ സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 23 (എ) പ്രകാരം ദർഘാസുകൾ ക്ഷണിച്ചും സർക്കാർ വാഹനങ്ങൾ വാങ്ങുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ ആനുകൂല്യം ഇനത്തിൽ കൊടുത്തുതീർക്കാനുള്ള തുക

20 [3746] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ പറ്റിയ ജീവനക്കാരെത്ര;

(എ) പെൻഷൻ ആനുകൂല്യം ഇനത്തിൽ എന്തുതുക കൊടുത്തു തീർക്കാനുണ്ട്?

ഉത്തരം

(എ—ബി) വിവരം ശേഖരിച്ചുവരുന്നു.

കോൺട്രാക്ടേഴ്സ് ഫെഡറേഷൻ സമർപ്പിച്ച നിവേദനം

21 [3747] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി സമർപ്പിച്ച നിവേദനം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ;

(സി) ചെറുകിട-ഇടത്തരം കരാറുകാർക്ക് ഏറെ പ്രയാസം സൃഷ്ടിക്കുന്ന സെയിൽസ് ടാക്സ് രജിസ്ട്രേഷൻ വേണമെന്ന നിയമത്തിൽ മാറ്റം വരുത്താൻ ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ;

(ഡി) ഗവൺമെന്റ് കരാറുകാർക്ക് കുടിശ്ശികയായി 31-3-2004 വരെ എത്ര കോടി രൂപ നൽകാനുണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള കുടിശ്ശിക എത്രയായിരുന്നു; എത്ര തുക ഈ ഇനത്തിൽ കൊടുത്തുതീർത്തിട്ടുണ്ട്; കുടിശ്ശിക തീർക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ—ബി) നിവേദനത്തിലെ വിവധ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ചെറുകിട-ഇടത്തരം കരാറുകാർക്ക് സെയിൽസ് ടാക്സ് രജിസ്ട്രേഷൻ വേണമെന്ന നിയമത്തിൽ മാറ്റം വരുത്തുവാൻ നിയമപരമായി തടസ്സമുണ്ട്. ഒരേ തരത്തിലുള്ള ജോലികളെ രണ്ടുതരത്തിലുള്ള നടപടികൾക്ക് വിധേയമാക്കുന്നതു വിവേചനപരമായതിനാൽ, ഇൻഡ്യൻ ഭരണഘടനയുടെ വ്യവസ്ഥയ്ക്ക് എതിരാകുമെന്നുള്ളതിനാൽ, ഈ കാര്യത്തെക്കുറിച്ച് കൂടുതലായുള്ള നിയമവശം നോക്കിയതിനുശേഷം മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) 847.35 കോടി രൂപ.

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള കുടിശ്ശിക 873.39 കോടി രൂപയായിരുന്നു. ഈ കുടിശ്ശിക മുഴുവനും കൊടുത്തുതീർത്തിട്ടുണ്ട്. അതിനു ശേഷമുള്ള കുടിശ്ശികത്തുക ഘട്ടംഘട്ടമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളാ ജനറൽ സർവ്വീസിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ ഒഴിവുകൾ

22 [3748] ശ്രീ. എ. എൻ. രാജൻബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ജനറൽ സർവ്വീസിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ നിലവിലുള്ള റാങ്ക്ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഡിവിഷണൽ അക്കൗണ്ടന്റുമാരായി ജോലി നോക്കുന്നതിൽ എത്രപേർ ആവശ്യമായ യോഗ്യത നേടിയിട്ടില്ലാത്തവരാണെന്ന് അറിയാമോ;

(ഡി) യോഗ്യതയില്ലാത്തവരെ ഡിവിഷണൽ അക്കൗണ്ടന്റുമാരായി നിയമിക്കപ്പെടാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഇ) റാങ്ക്ലിസ്റ്റിൽനിന്നും യോഗ്യതയുള്ളവരെ നിയമിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17 (പതിനേഴ്).

(ബി) 12 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി. നിർദ്ദേശിച്ച 12 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ ഉള്ള നടപടികൾ കൈക്കൊണ്ടിരിക്കുന്നു. ബാക്കി 5 ഒഴിവുകൾ റിപ്പോർട്ടുചെയ്യുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 53 (അമ്പത്തിമൂന്ന്)

(ഡി) സ്പെഷ്യൽ റൂൾസ്പ്രകാരം ജൂനിയർ സൂപ്രണ്ടുമാർക്ക് നിശ്ചയിച്ചിട്ടുള്ള ക്വോട്ടായിൽ നിയമിക്കപ്പെടുവാൻ പി. എസ്. സി. യുടെ പ്രാഥമിക യോഗ്യതാ പരീക്ഷ പാസ്സായി റാങ്ക് നേടുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ അഭാവത്തിലും, ടി ക്വോട്ടയിൽ മറ്റ് രണ്ട് ക്വോട്ടയിലുള്ളറാങ്ക് ജേതാക്കളെ നിയമിക്കുവാൻ സ്പെഷ്യൽ റൂൾസ് പ്രകാരം വകുപ്പില്ലാത്തതിനാലും, പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാലയളവിൽ ഉണ്ടാകുന്ന (റിട്ടയർമെന്റ്/പ്രൊമോഷൻ മൂലം) ഒഴിവുകൾ നികത്തുവാനും, കെ. പി. ഡബ്ല്യൂ.എ. കോട് അനുശാസിക്കുന്ന വിധത്തിൽ താൽക്കാലികമായി പി. ഡബ്ല്യൂ. ഡി./ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്/വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് എന്നീ വകുപ്പുകളിൽ നിന്ന് സമർപ്പിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ പാനലിൽനിന്ന്, (സ്പെഷ്യൽ റൂൾസിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയില്ലാത്ത) ജൂനിയർ സൂപ്രണ്ടുമാരെ നിയമിക്കുന്നു. ഒഴിവുള്ള ഡിവിഷനുകളിലെ ജോലികൾ സുഗമമായി നടക്കുവാൻ വേണ്ടിയാണ് ഇത്തരം നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ഇ) ഒഴിവുകൾ വരുന്നമുറയ്ക്ക് നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല, അതിനോടനുബന്ധിച്ചുള്ള മറ്റ് നടപടികളും യഥാവിധി സ്വീകരിച്ചുവരുന്നു.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പിരിച്ചെടുത്തതും കൈവശം വച്ചതുമായ തുക

23 [3749] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2004 മാർച്ച് 31 വരെ ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുകയും കൈവശം വയ്ക്കുകയും ചെയ്ത തീരുവയും സർച്ചാർജും സർക്കാരിലേക്ക് അടച്ചിട്ടുണ്ടോ;

(ബി) എന്തു തുകയാണ് ഈ ഇനത്തിൽ അടയ്ക്കാനുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പൂർണ്ണമായും അടച്ചിട്ടില്ല.

(ബി) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കണക്കുകൾ പ്രകാരം ഇലക്ട്രിസിറ്റി ബോർഡ് സർച്ചാർജ്ജിനത്തിൽ 6.28 കോടി രൂപ അടയ്ക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദേശത്തുനിന്നും സംസ്ഥാനത്തേയ്ക്കുവരുന്ന തുക

24 [3750] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, കളത്തിൽ അബ്ദുള്ള:

,, സി. മമ്മൂട്ടി:

,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും സംസ്ഥാനത്തേക്ക് വരുന്ന തുക മുൻവർഷത്തേക്കാളും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശത്തുനിന്നും സംസ്ഥാനത്തേക്ക് വരുന്ന തുക മുൻവർഷത്തേക്കാളും കുറഞ്ഞിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവ നികുതി ഇനത്തിൽ നൽകുവാനുള്ള തുക

25 [3751] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവ നികുതി ഇനത്തിൽ 2004 മാർച്ച് 31 വരെ എന്തുതുക നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് നികുതി പിരിച്ചെടുത്തിട്ടും സർക്കാരിലേക്ക് അടയ്ക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) അത്തരം സ്ഥാപനങ്ങളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നികുതിയിനത്തിൽ എത്രകോടി രൂപയാണ് സഹകരണ സ്ഥാപനങ്ങൾക്ക് കുടിശ്ശികയുള്ളതെന്ന് പറയാമോ;

(ഇ) കേരള വനം വികസന കോർപ്പറേഷൻ പിരിച്ചെടുത്ത തുക സർക്കാരിലേക്ക് അടച്ചിട്ടുണ്ടോ;

(എഫ്) കുടിശ്ശികയിനത്തിൽ എന്തു തുകയാണ് പ്രസ്തുത കോർപ്പറേഷൻ അടയ്ക്കാനുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവ 2004 മാർച്ച് 31 വരെ വിൽപ്പന നികുതിയിനത്തിൽ നൽകാനുള്ളത് 818.29 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കേരള വനം വികസന കോർപ്പറേഷൻ 2003-2004 വർഷത്തിൽ 49.50 ലക്ഷം രൂപ നികുതിയിനത്തിൽ സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

(എഫ്) 31-3-2004 വരെ നികുതി കുടിശ്ശികയിനത്തിൽ അടയ്ക്കാനുള്ളത് 26.63 ലക്ഷം രൂപ.

കൊമേഴ്സ്യൽ ബാങ്കുകളിലെ നിക്ഷേപം

26 [3752] ശ്രീ. കെ. എ. ചന്ദ്രൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, എൻ. ഡി. അപ്പച്ചൻ:

,, ലൂഡി ലൂയിസ്:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൊമേഴ്സ്യൽ ബാങ്കുകളിൽ 2004 മാർച്ച് 31-ന് എന്തു തുകയുടെ നിക്ഷേപം ഉണ്ടായിരുന്നു;

(ബി) ഈ നിക്ഷേപത്തിനു കൊടുത്ത പലിശ എത്ര ശതമാനം ആയിരുന്നു;

(സി) ഈ തുകയിൽനിന്നും കൊടുത്ത വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കിയ പലിശ എത്രവീതമായിരുന്നു;

(ഡി) ഈ നിക്ഷേപത്തിൽ നിന്നു എത്ര തുക സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോയിട്ടുണ്ട്;

(ഇ) പ്രസ്തുത തുകയ്ക്ക് ഈടാക്കുന്ന പലിശ എത്രയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 65,961 കോടി രൂപ.

(ബി) 3.5 ശതമാനം മുതൽ 6 ശതമാനം.

(സി) 4 ശതമാനം മുതൽ 14.50 ശതമാനം.

(ഡി—ഇ) ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളായതിനാൽ നിക്ഷേപത്തിന് സംസ്ഥാനതല അതിരുകളില്ല. എന്നാൽ ഒരു സംസ്ഥാനത്തുനിന്നും സമാഹരിക്കുന്ന നിക്ഷേപവും (ഡെപ്പോസിറ്റ്) ആ സംസ്ഥാനത്തു വിതരണം ചെയ്യുന്ന ക്രെഡിറ്റും തമ്മിലുള്ള അനുപാതം (ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം) സംബന്ധിച്ച കണക്കുകൾ ലഭ്യമാണ്. കേരളത്തിൽ തന്നെയുള്ള സ്ഥാപനങ്ങളിലെ ഇൻവെസ്റ്റ്മെന്റ് ഉൾപ്പെടെ സംസ്ഥാനത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം ഏതാണ്ട് 53 ശതമാനമായി കണക്കാക്കപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ഇത് വർദ്ധിച്ചിട്ടുള്ളതായി കാണാം. ദേശീയ ശരാശരി ഏതാണ്ട് 60 ശതമാനം ആണ്.

കേന്ദ്ര നികുതിയിനത്തിൽ സംസ്ഥാനത്തിന്റെ വിഹിതം

27 [3753] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനികുതിയിൽ 82,000 കോടി രൂപ സംസ്ഥാനങ്ങൾക്ക് വിഹിതമായി നൽകുമെന്ന് കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രനികുതിയിനത്തിൽ ഇപ്പോൾ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതം സംബന്ധിച്ച് വിശദമാക്കാമോ;

(സി) പുതിയ നികുതി നിർദ്ദേശം സംസ്ഥാനത്തെ ഏതുനിലയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര നികുതിയിനത്തിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോർപ്പറേഷൻ നികുതി, ആദായ നികുതി, സ്വത്ത് നികുതി, കസ്റ്റംസ് തീരുവ, ക്രയവിക്രയ നികുതി, കേന്ദ്ര എക്സൈസ് തീരുവ എന്നീ ഇനങ്ങളിൽ സംസ്ഥാനങ്ങൾക്കുള്ള മൊത്തം വിഹിതത്തിന്റെ 3.057 ശതമാനവും, സേവനനികുതി, ചെലവിൻമേലുള്ള നികുതി എന്നീ ഇനങ്ങളിൽ സംസ്ഥാനങ്ങളുടെ മൊത്തം വിഹിതത്തിന്റെ 3.097 ശതമാനവുമാണ് കേരളത്തിന് കേന്ദ്ര നികുതി വിഹിതമായി ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ ഏകദേശം 374.83 കോടി രൂപ പുതിയ കേന്ദ്ര ബഡ്ജറ്റ് അനുസരിച്ച് വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 1999-2000 മുതൽ 2003-2004 വരെയുള്ള ഒരോ സാമ്പത്തിക വർഷവും ലഭിച്ച കേന്ദ്ര നികുതി വിഹിതം താഴെ പറയുംപ്രകാരമാണ്.

(രൂപ കോടിയിൽ)

1999-2000	..	1535.22
2000-2001	..	1585.61
2001-2002	..	1614.26
2002-2003	..	1715.22
2003-2004*	..	2004.27

മത്സ്യബന്ധന ഉപകരണങ്ങളെ വിൽപ്പന നികുതിയിൽ നിന്നൊഴിവാക്കൽ നടപടി

28 [3754] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, കെ. എ. ചന്ദ്രൻ:

,, സി. പി. മുഹമ്മദ്:

,, എ. സുജനപാൽ:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന ഉപകരണങ്ങൾക്ക് വിൽപ്പന നികുതി ചുമത്തുന്നുണ്ടോ;

(ബി) മത്സ്യ ലഭ്യത കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇവയെ വിൽപ്പന നികുതിയിനത്തിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വള്ളത്തിനും ഫൈബർബോട്ടിനും നിലവിലുള്ള നിയമം അനുസരിച്ച് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ ഫിഷിംഗ് നെറ്റിനെയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള അപ്പെക്സ് സഹകരണ സൊസൈറ്റികൾ അംഗങ്ങൾക്കു വിൽക്കുന്ന 15 കുതിരശക്തിയിൽ താഴെയുള്ള ഔട്ട്ബോർഡ് മോട്ടോർ എഞ്ചിനുകളേയും

* താൽക്കാലിക കണക്കുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

എസ്.ആർ.ഒ. 1090/99 പ്രകാരം നികുതിയിൽ നിന്നും 1-4-2000 മുതൽ ഒഴിവാക്കിയിട്ടുണ്ട്. മറൈൻ എഞ്ചിനും യന്ത്രഭാഗങ്ങൾക്കും 10 ശതമാനം നികുതി ചുമത്തിയിട്ടുണ്ട്. മണ്ണെണ്ണയുടെ നികുതി നിരക്ക് 24 ശതമാനമായി 1-4-2004 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും മത്സ്യബന്ധന ബോട്ടിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ നികുതിനിരക്ക് 12 ശതമാനമായി കുറച്ചിട്ടുണ്ട്.

(ബി) നികുതി വകുപ്പിൽ ലഭിച്ചിട്ടില്ല. പ്രസക്തമല്ല.

ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പന നികുതി

29 [3755] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പന നികുതിയിലെ വർദ്ധന ഈ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ സംഘടനയായ ഇ. ഇ. ആന്റ് ഇ. ഡി. എ. യുമായി ചർച്ച നടത്തിയിരുന്നുവോ;

(സി) വിൽപ്പന നികുതി ഏകീകരിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കിയിട്ടുണ്ടോ;

(ഡി) കുറഞ്ഞ നികുതി നിരക്കുള്ള അയൽ സംസ്ഥാനങ്ങളിൽനിന്ന് പ്രസ്തുത ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നതുകാരണം ഉണ്ടാകുന്ന പ്രതിസന്ധി ഒഴിവാക്കാൻ വർദ്ധിപ്പിച്ച നികുതി നിരക്കിൽ കുറവു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മുമ്പുണ്ടായിരുന്ന നികുതി നിരക്കും, നിലവിലുള്ള നികുതി നിരക്കും എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പന നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. വിവിധ നിരക്കുകളിൽ ഈടാക്കിവരുന്ന വൈദ്യുതി സാമഗ്രികളുടെ നിരക്കുകൾ ഏകീകരിക്കണമെന്ന് ധാരാളം നിവേദനങ്ങൾ ലഭിച്ചതിന്റെ വെളിച്ചത്തിൽ വൈദ്യുതോപകരണങ്ങൾ, വയറിംഗ് കേബിളുകൾ എന്നിവയുടെ നികുതി നിരക്കുമായി സമാനത കൈവരുത്തുവാനുമായി ഒന്നാം പട്ടികയിലെ 54 (1) ഇനത്തിൽപ്പെട്ട വൈദ്യുതി സാമഗ്രികളുടെ നികുതി നിരക്ക് 8 ശതമാനത്തിൽനിന്നും 12 ശതമാനമായി ഉയർത്തിയിട്ടുണ്ട്.

(ബി) നികുതി വകുപ്പ് ചർച്ച നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതി ഏകീകരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സാമഗ്രികളുടെ നികുതി 12 ശതമാനം ആയി നിജപ്പെടുത്തി ഒന്നാം പട്ടികയിൽ വേണ്ട ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) ഇലക്ട്രിക് ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് അന്യസംസ്ഥാനങ്ങളിലെ നിരക്കിന് തുല്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അയൽ സംസ്ഥാനങ്ങളിലെ പട്ടികയിലെ ഇനങ്ങളുടെ വിവരണവും കേരളാ പൊതുവിൽപ്പന നികുതി നിയമത്തിലെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഇനങ്ങളുടെ വിവരണവും വ്യത്യസ്ഥമാണ്. തമിഴ്നാട്ടിൽ വിവിധയിനം ഇലക്ട്രിക് സാധനങ്ങൾക്ക് 10 ശതമാനം മുതൽ 20 ശതമാനം വരെ നികുതി നിരക്കുകൾ പ്രാബല്യത്തിലുണ്ട്. മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുമ്പോൾ ഇലക്ട്രിക് സാധനങ്ങൾക്ക് 12.5 ശതമാനം നികുതി നിരക്കാണ് എല്ലാ സംസ്ഥാനങ്ങളിലും ചുമത്തുവാൻ സാധിക്കുന്നത്.

(ഇ) കേരളാ വിൽപ്പന നികുതി നിയമത്തിലെ ഒന്നാം പട്ടികയിലെ ക്രമനമ്പർ 54 (1)-ൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾക്ക് 31-3-2004-വരെ 8 ശതമാനം നികുതിനിരക്കായിരുന്നു. എന്നാൽ 54 (2), 54 (3) എന്നീ ക്രമനമ്പരുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇലക്ട്രിക് ഉൽപ്പന്നങ്ങൾക്ക് നികുതി നിരക്ക് 12 ശതമാനം ആണ്. ഇലക്ട്രിക് ഉൽപ്പന്നങ്ങൾക്ക് നികുതി നിരക്ക് ഏകീകരിക്കുന്നതിന്റെ ഭാഗമായി കേരള ധനകാര്യ ബിൽ 2004 പ്രകാരം ഒന്നാം പട്ടികയിലെ ക്രമനമ്പർ 54 (2)-ൽ പറഞ്ഞിരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നികുതി 12 ശതമാനമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് ഉയർത്തിയിട്ടില്ല.

വിൽപ്പന നികുതി വകുപ്പിലെ ഉയർന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി

30 [3756] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി വകുപ്പിലെ നിരവധി ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിട്ടയർമെന്റ്, പ്രൊമോഷൻ മുതലായവമൂലം ഒഴിവുവന്നിട്ടുള്ള ഡെപ്യൂട്ടി അസിസ്റ്റന്റ് കമ്മീഷണർമാരുടെ എണ്ണം എത്രയാണ്;

(സി) ട്രൈബ്യൂണലുകളിലെ മേധാവികൾ, അസിസ്റ്റന്റ് അപ്പലേറ്റ് കമ്മീഷണർമാർ എന്നീ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(ഡി) സംസ്ഥാന ഖജനാവിലേക്ക് ഗണ്യമായ തുക ശേഖരിക്കുന്ന പ്രസ്തുത വകുപ്പിലെ മുഖ്യ ചുമതലകൾ വഹിക്കുവാൻ ഉദ്യോഗസ്ഥർ കുറവായത് നികുതി പിരിവിനെ ഗുരുതരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വകുപ്പിലെ അർഹരായവർക്ക് അടിയന്തിരമായി പ്രൊമോഷൻ അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡെപ്യൂട്ടി കമ്മീഷണർമാരുടെ എട്ട് ഒഴിവും, അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഇരുപത്തി ഒൻപത് ഒഴിവുമുണ്ട്.

(സി) ട്രൈബ്യൂണലുകളിൽ രണ്ട് മേധാവികളുടെ ഒഴിവും, അസിസ്റ്റന്റ് അപ്പലേറ്റ് കമ്മീഷണർമാരുടെ ഒരു ഒഴിവും ഉണ്ട്.

(ഡി) മുഖ്യ ചുമതലകൾ വഹിക്കുവാൻ ഉദ്യോഗസ്ഥർ കുറവാണെങ്കിലും നികുതി പിരിവിൽ വീഴ്ച വരാതിരിക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സീനിയോറിറ്റി സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള സ്റ്റേ ഉത്തരവ് പിൻവലിച്ചാലുടൻതന്നെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകൾ നികത്തുന്നതാണ്. അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഫീഡർ കാറ്റഗറിയിലുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡി. പി. സി. കൂടുന്നതും ഒഴിവുകൾ നികുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഇരുമ്പ്, ഉരുക്ക് വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള നികുതി വരുമാനം

31 [3757] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇരുമ്പ്, ഉരുക്ക് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും എന്തു നടപടി സ്വീകരിക്കുവാൻ പോകുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതി വെട്ടിപ്പ് തടയുന്നതിനായി ഈ വസ്തുക്കളെ പ്രവേശന നികുതി നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിൽപ്പന നികുതി നിയമ വകുപ്പ് 30 (ഇ) പ്രകാരം പ്രസ്തുത സാധനങ്ങൾ കൊണ്ടുവരുമ്പോഴും കൊണ്ടുപോകുമ്പോഴും പെർമിറ്റ് കൂടി ഉണ്ടായിരിക്കണം എന്നും ഇപ്രകാരം പെർമിറ്റ് ഇല്ലായെങ്കിൽ അത് കള്ളക്കടത്തായി കണക്കാക്കി നികുതിയുടെ മൂന്നിരട്ടി സാധനത്തിന്റെ ഉടമയിൽനിന്നും, രണ്ടിരട്ടി അല്ലെങ്കിൽ അൻപതിനായിരം രൂപ വാഹന ഉടമയിൽനിന്നും ഈടാക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള നിയമ ഭേദഗതിയിൽകൂടി നികുതി ചോർച്ച തടയാൻ ശ്രമിക്കുന്നുണ്ട്.

റബ്ബർ ഷീറ്റ് കള്ളക്കടത്ത്

32 [3758] ശ്രീ. അടൂർ പ്രകാശ്:

,, ഡി. സുഗതൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, വി. ഡി. സതീശൻ:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും റബ്ബർ ഷീറ്റുകൾ തമിഴ്നാട്ടിലേക്ക് കള്ളക്കടത്ത് നടത്തുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം സംസ്ഥാനത്തിന് വിൽപ്പന നികുതി ഇനത്തിൽ എന്തു നഷ്ടം ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നികുതി വെട്ടിച്ച് റബ്ബർഷീറ്റുകൾ തമിഴ്നാട്ടിലേക്ക് കള്ളക്കടത്ത് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലേക്കാണ് കയറ്റി അയക്കുന്നത്. കേരള പൊതുവിൽപ്പന നിയമപ്രകാരം റബ്ബറിന് 11 ശതമാനം നികുതിയും ടി നികുതിയുടെ 15 ശതമാനം അഡീഷണൽ വിൽപ്പന നികുതിയും സംസ്ഥാനത്തിനകത്ത് അവസാന വാങ്ങൽഘട്ടത്തിൽ ചുമത്തിവരുന്നു. കൂടാതെ അന്തർ സംസ്ഥാന വിൽപ്പന നടത്തുമ്പോൾ ഒരുശതമാനം കേന്ദ്ര വിൽപ്പന നികുതിയും നൽകേണ്ടതായിട്ടുണ്ട്. 2002-ൽ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതിക്കനുസൃതമായി രജിസ്റ്റേർഡ് വ്യാപാരികൾ മുഖേന മാത്രമേ ക്രയവിക്രയം നടത്തുവാൻ കഴിയുകയുള്ളൂ. അത്തരം ക്രയവിക്രയങ്ങൾക്ക് നിയമം അനുശാസിക്കുന്ന 'സി' ഫാറം ഡിക്ലറേഷൻ ബന്ധപ്പെട്ട നികുതി നിർണ്ണയ

LIBRARY ARCHIVES Kerala Legislative Assembly

അധികാരിക്ക് നൽകേണ്ടതുണ്ട്.അന്യസംസ്ഥാനത്ത് രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യാപാരിക്കോ ഉൽപ്പാദന സ്ഥാപനത്തിനോ വിൽപ്പന നടത്തിയാൽ നിയമ പ്രകാരമുള്ള 'സി' ഫാറം ഡിക്ലറേഷൻ ഹാജരാക്കുവാൻ കഴിയാതെ വരികയും കള്ള ക്കടത്ത് മാർഗ്ഗത്തിലൂടെ ചരക്ക് എത്തിക്കുകയും ചെയ്യുന്നു. കൂടാതെ തമിഴ്നാട്ടിൽ റബ്ബറിന്റെ മാർക്കറ്റ്വില കേരളത്തിനേക്കാൾ ഉയർന്നതും നികുതി വെട്ടിച്ച് കള്ളക്കടത്ത് നടത്തുവാൻ പാകത്തിലുള്ള ധാരാളം ഇടവഴികളും നടപ്പാതകളും സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശങ്ങളിലും ചെക്ക് പോസ്റ്റുകൾക്ക് സമീപത്തും ഇപ്പോൾ നിലവിലുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങളാലാണ് റബ്ബർ കള്ളക്കടത്ത് നടക്കുന്നത്. ഇത്തരം ഇടവഴികളിലൂടെയുള്ള കള്ളക്കടത്ത് നടത്തുന്നത് തടയുന്നതിനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു.

(സി) കൃത്യമായി കണക്കാക്കിയിട്ടില്ല.

ആലക്കോട് ട്രഷറി ആരംഭിക്കുവാൻ നടപടി

33 [3759] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ആലക്കോട് ട്രഷറി ആരംഭിക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ എതു ഘട്ടത്തിലാണ്;

(ബി) എന്നത്തേയ്ക്ക് ട്രഷറി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) ആലക്കോട് ഏകാംഗ ട്രഷറി സബ്ട്രഷറിയായി ഉയർത്തുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രവർത്തനം താമസിയാതെ തുടങ്ങുന്നതാണ്.

നാദാപുരം മണ്ഡലത്തിലെ സബ് ട്രഷറികൾ

34 [3760] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ എത്ര സബ് ട്രഷറികൾ പ്രവർത്തി ക്കുന്നുണ്ട്;

(ബി) സബ്ട്രഷറികൾക്ക് സ്വന്തം കെട്ടിടം പണിയുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ട് സബ്ട്രഷറികൾ പ്രവർത്തിക്കുന്നു.

(ബി) ഇപ്രകാരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

അനധികൃത ലോട്ടറി ഏജൻസി ഓഫീസുകളുടെ റെയ്ഡ്

35 [3761] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, എൻ. ശക്തൻ:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ലോട്ടറി ടിക്കറ്റുകൾ വിറ്റുവന്ന എത്ര ഏജൻസികളുടെ ഓഫീസ് 2004 ഏപ്രിൽ, മേയ് മാസങ്ങളിൽ റെയ്ഡ് ചെയ്തു;

(ബി) എന്തു തുകയ്ക്കുള്ള അനധികൃത ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുത്തു;

(സി) 50 ലക്ഷത്തിലധികം വിലവരുന്ന ലോട്ടറി ടിക്കറ്റുകൾ ആരിൽനിന്നെല്ലാം പിടിച്ചെടുത്തുവെന്നും അവരിൽ ഓരോരുത്തരിൽനിന്നും എന്തു തുകയ്ക്കുള്ള ടിക്കറ്റുകൾ പിടിച്ചുവെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ; അനധികൃത ലോട്ടറി ടിക്കറ്റ് റെയ്ഡിൽ ഏതെല്ലാം വകുപ്പിലുള്ളവർ പങ്കെടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ന്യൂ ജെ. കെ. ഏജൻസീസിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് മാത്രമാണ് റെയ്ഡ് ചെയ്തത്. ഇതിനുപുറമേ 15 പേപ്പർ ലോട്ടറി ഗോഡൗണുകളും 384 ഔട്ട്ലറ്റുകളും പൂട്ടി മുദ്രവെച്ചു.

(ബി) 50 കോടി രൂപയുടെ ടിക്കറ്റുകൾ പിടിച്ചെടുത്തു.

(സി) സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. അനധികൃത ലോട്ടറി ടിക്കറ്റ് റെയ്ഡിൽ ഭാഗ്യക്കുറി വകുപ്പിലെയും പോലീസ് വകുപ്പിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു.†

അനധികൃത ഭാഗ്യക്കുറികളുടെ വിൽപ്പന നിയന്ത്രിക്കാൻ നടപടി

36 [3762] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അന്യസംസ്ഥാന അനധികൃത ഭാഗ്യക്കുറികളുടെ വ്യാപകമായ വിൽപ്പനയിലൂടെ പ്രതിവർഷം എത്രകോടി രൂപയുടെ വ്യാപാരമാണ് നടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം തട്ടിപ്പ് ഭാഗ്യക്കുറികളിൽപ്പെട്ട് 2004-ൽ എത്രപേർ ആത്മഹത്യ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) പ്രതിദിനം എത്ര അനധികൃത അന്യസംസ്ഥാന ഭാഗ്യക്കുറികളാണ് കേരളത്തിൽ വിൽപ്പന നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത്തരം അനധികൃത ഭാഗ്യക്കുറികൾ നിയന്ത്രിക്കുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ബി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) ഏകദേശം 250 അനധികൃത ഭാഗ്യക്കുറികളുടെ വിൽപ്പന സംസ്ഥാനത്ത് നടന്നുവരുന്നു.

(ഡി) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

അനധികൃത ലോട്ടറി വിൽപ്പന

37 [3763] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്ന അനധികൃത ലോട്ടറി വിൽപ്പന തടയുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടി വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ ധനകാര്യവർഷം ഈ ഇനത്തിൽ എത്ര അനധികൃത ലോട്ടറി കച്ചവടം സംബന്ധിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ വകുപ്പുതല അന്വേഷണം നടക്കുന്ന സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി—സി) 544 സംഭവങ്ങൾ കണ്ടെത്തുകയും വിവിധ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി ഏജൻസികളുടെ വിൽപ്പന നികുതി വെട്ടിപ്പ്

38 [3764] ശ്രീമതി രാധാ രാഘവൻ:

ശ്രീ. ഡി. സുഗതൻ:

,, അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജൻസികളുടെ വിൽപ്പന നികുതി വെട്ടിപ്പിനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര ഏജൻസികൾ നികുതി വെട്ടിക്കുന്നതായി കണ്ടെത്തി;

(സി) 25 ലക്ഷത്തിൽ കൂടുതൽ നികുതി വെട്ടിപ്പ് നടത്തിയ ഏജൻസികൾ ആരെല്ലാമാണ്; എത്ര തുക വീതമാണ് ഇവർ വെട്ടിച്ചത്; ഇതിനെ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിലെ അന്വേഷണ വിഭാഗം ഇതേക്കുറിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്. ലോട്ടറി ഏജൻസികൾ നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിനായി ലോട്ടറി ഏജൻസികളെ വിൽപ്പന നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും നികുതി ഈടാക്കുന്നതിനും വേണ്ടി എല്ലാ ജില്ലകളിലും ഓരോ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്.

(ബി—സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

മൾട്ടിലെവൽ മാർക്കറ്റിംഗ്

39 [3765] ശ്രീ. എ. എൻ രാജൻബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് സംവിധാനത്തിന്റെ പേരിൽ സംസ്ഥാനത്ത് അനേകംപേർ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗിന് സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റേയോ എന്തെങ്കിലും പ്രത്യേക നിയമപരിരക്ഷയുണ്ടോ;

(സി) എങ്കിൽ മൾട്ടിലെവൽ മാർക്കറ്റിംഗ്/നെറ്റ്‌വർക്ക് മാർക്കറ്റിംഗിന് ഉള്ള നിയമപരിരക്ഷകൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനധികൃതമായി മണിചെയിൻപോലെ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

(ഇ) മൾട്ടിലെവൽ മാർക്കറ്റിംഗിനെക്കുറിച്ച് പഠിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗിന് സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റേയോ യാതൊരുവിധ പരിരക്ഷയുമില്ല.

(സി) 'ബി'-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) 1978-ലെ ചിട്ടിമുഖേനയുള്ള മണി സർക്കുലേഷൻ സ്കീമുകൾ നിരോധന നിയമവകുപ്പ് 3 പ്രകാരം ചിട്ടിമുഖേനയുള്ള സമ്മാനങ്ങളും മണി സർക്കുലേഷൻ സ്കീമുകളും നിരോധിച്ചിരിക്കുന്നു. കൂടാതെ പ്രസ്തുത നിയമ പ്രകാരം ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് നിയമലംഘനം നടത്തുന്ന വ്യക്തികൾക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ്. അനധികൃതമായി മണിചെയിൻപോലെ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഇതിന്റെ ഒരാവശ്യം ഇപ്പോൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ലോക്കൽ ഫണ്ട് ആഡിറ്റിലെ ജീവനക്കാർക്ക് പരിശീലനം

40 [3766] ശ്രീ. എ. എൻ. രാജൻബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ സി. & എ. ജി.-യുടെ നിർദ്ദേശപ്രകാരം അക്കൗണ്ടും ബഡ്ജറ്റും തയ്യാറാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ ഇവയുടെ ആഡിറ്റ് നടത്തുന്ന ലോക്കൽ ഫണ്ട് ഓഡിറ്റിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പുതിയ അക്കൗണ്ടിംഗ്, ബഡ്ജറ്റിംഗ് രീതികളെക്കുറിച്ച് ഓഡിറ്റ് ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ കാലാകാലങ്ങളായുണ്ടാകുന്ന അധികാര കൈമാറ്റങ്ങൾക്കനുസരിച്ച് ലോക്കൽഫണ്ട് വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ പുതിയ അക്കൗണ്ടിംഗ് രീതികളെക്കുറിച്ച് ഒരു പരിശീലന പരിപാടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് നൽകിവരുന്നുണ്ട്. ഓഡിറ്റിംഗിനെപ്പറ്റിയുള്ള പരിശീലനം എൻട്രി കേഡറിൽ മൂന്നു മാസത്തേയ്ക്ക് വകുപ്പിന്റെ മേൽനോട്ടത്തിൽ നൽകിവരുന്നുണ്ട്.

(ബി) ഐ. എം. ജി. തിരുവനന്തപുരം, 'കില' തൃശ്ശൂർ എന്നീ കേന്ദ്രങ്ങളിൽവച്ച് അക്കൗണ്ടിംഗ് രീതികളെപ്പറ്റി ഹ്രസ്വകാല പരിശീലനം നൽകുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഓഡിറ്റിംഗിലുള്ള പരിശീലനം വകുപ്പിന്റെ ഒരു സ്ഥിരം സംവിധാനമാണ്.

(സി) 'ബി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) 'ബി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പുനഃസംഘടന

41 [3767] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള വർക്ക് സ്റ്റഡി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻപ്രകാരം അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) എത്ര തസ്തികകൾ സൃഷ്ടിക്കാനാണ് ശുപാർശ ചെയ്തതെന്നും അതിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ;

(ഇ) വർക്ക് സ്റ്റഡി റിപ്പോർട്ട് ശുപാർശപ്രകാരം അവശേഷിക്കുന്ന തസ്തികകൾ സൃഷ്ടിച്ച് ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടി വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 264 തസ്തികകൾ സൃഷ്ടിക്കാൻ 22-8-1998-ൽ ശുപാർശ ചെയ്തു. അതിൽ 132 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

കെ. എസ്. എഫ്. ഇ. യുടെ ബാലുശ്ശേരി ബ്രാഞ്ചിന്റെ പ്രവർത്തനം

42 [3768] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ ബാലുശ്ശേരി ബ്രാഞ്ചിൽ കഴിഞ്ഞ വർഷത്തെ ഇടപാടുകൾ എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ലക്ഷ്യമിട്ടിരുന്ന ഇടപാടുകൾ പ്രസ്തുത ബ്രാഞ്ചിൽ നടന്നിട്ടുണ്ടോ;

(സി) പിടിച്ച ചിട്ടിയുടെ തവണ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ ഫലമായി എന്തു തുക ലഭിക്കാനുണ്ട്;

(ഡി) ഈ ബ്രാഞ്ചിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ്; ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രധാനപ്പെട്ട പദ്ധതികളിൽ ലക്ഷ്യമിട്ടിരുന്ന ഇടപാടുകൾ നടന്നിട്ടുണ്ട്.

(സി) 31-3-2004-ലെ കണക്കനുസരിച്ച് 16.81 ലക്ഷം രൂപ ലഭിക്കുവാനുണ്ട്.

(ഡി) 28 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. തസ്തികകളൊന്നും ഇപ്പോൾ ഒഴിഞ്ഞുകിടപ്പില്ല.

കെ. എസ്. എഫ്. ഇ. ശാഖകളിലെ ബിസിനസ്സുകൾ

43 [3769] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ ശാഖകളിൽ ഏതെല്ലാം വിധത്തിലുള്ള ബിസിനസ്സുകളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) കെ. എസ്. എഫ്. ഇ. വാന്തർ ശാഖയിൽ എത്രപേർക്ക് വായ്പകൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര രൂപാ മുതൽ എത്ര രൂപാവരെയുള്ള ചിട്ടികളാണ് ഈ ശാഖകളിൽ നടന്നുവരുന്നത്;

(ഡി) പ്രസ്തുത ശാഖയിൽ സ്വർണ്ണാഭരണ പണയത്തിന്മേൽ വായ്പകൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ തുടങ്ങിയതുമുതൽ എത്രപേർക്ക് സ്വർണ്ണ വായ്പ നൽകി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വാന്തർ ശാഖയില്ല. പാന്നൂർ ശാഖയിൽ 1482 പേർക്ക് വായ്പകൾ നൽകിയിട്ടുണ്ട്.

(സി) 25,000 രൂപ സലയുള്ള ചിട്ടികൾ മുതൽ 2 ലക്ഷം രൂപ സലയുള്ള ചിട്ടികൾ വരെ പാന്നൂർ ശാഖയിൽ നടന്നുവരുന്നു.

(ഡി) ഉണ്ട്. 19-10-2002-ൽ പ്രസ്തുത ശാഖയിൽ ഈ പദ്ധതി ആരംഭിച്ചതു മുതൽ 31-3-2004-ലെ കണക്കുപ്രകാരം 986 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പുതിയ കെ. എസ്. എഫ്. ഇ. ബ്രാഞ്ചുകൾ

44 [3770] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ. എസ്. എഫ്. ഇ. ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് പുതിയ കെ. എസ്. എഫ്. ഇ. ബ്രാഞ്ചുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കെ. എസ്. എഫ്. ഇ.-യുടെ രണ്ട് പുതിയ ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതിനുശേഷം മാത്രം പുതിയ ശാഖകൾ ആരംഭിക്കാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ശാഖകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) നേരത്തെ അനുമതി നൽകിയിട്ടുള്ള കണ്ണൂർ (ഈവനിംഗ്), മട്ടന്നൂർ എന്നീ ശാഖകൾക്കു പുറമേ തലശ്ശേരി II (ഈവനിംഗ്) വടകര II (ഈവനിംഗ്) എന്നീ സ്ഥലങ്ങളിൽ പുതിയ ശാഖകൾ തുടങ്ങാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

വായ്പാ ഈടിന്റെ മൂല്യം കുറവായതുമൂലം കെ.എഫ്.സി.-ക്കുണ്ടായ നഷ്ടം

45 [3771] ശ്രീ. എൻ. ശക്തൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. മുഹമ്മദാലി:

" ഇ. എം. അഗസ്തി:

" കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എഫ്. സി.-യിൽ നിന്ന് 35 ലക്ഷത്തിലധികം വായ്പയെടുത്ത എത്ര വ്യവസായങ്ങൾ 2000 ജനുവരി 1 മുതലുള്ള കാലയളവിൽ പൂട്ടേണ്ടതായി വന്നിട്ടുണ്ട്;

(ബി) ഇപ്രകാരം പൂട്ടിയിടേണ്ടതായി വന്ന വ്യവസായങ്ങൾ വായ്പയ്ക്കു വേണ്ടി ഈടായി നൽകിയ വസ്തുവകകളുടെ യഥാർത്ഥ മൂല്യം എത്രയായിരുന്നു;

(സി) കെ. എഫ്. സി. നൽകിയ വായ്പയ്ക്ക് സ്വീകരിച്ച ഈടിന്റെ മൂല്യം വളരെ കുറവായിരുന്നതുകൊണ്ട് ഈ കാലത്ത് പൂട്ടിയ വ്യവസായങ്ങളിൽ നിന്ന് ഈടായി കിട്ടിയ വസ്തുവകകൾ വിറ്റപ്പോൾ കെ. എഫ്. സി.-ക്ക് എന്തു നഷ്ടമുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) കെ. എഫ്. സി.-യിൽ നിന്ന് 35 ലക്ഷത്തിലധികം വായ്പയെടുത്ത 39 വ്യവസായ സ്ഥാപനങ്ങൾ 2000 ജനുവരി 1 മുതലുള്ള കാലയളവിൽ പൂട്ടേണ്ടതായി വന്നിട്ടുണ്ട്.

(ബി) ഇപ്രകാരം പൂട്ടിയിടേണ്ടതായി വന്ന വ്യവസായങ്ങൾ വായ്പയ്ക്കുവേണ്ടി ഈടായി നൽകിയ വസ്തു വകകളുടെ യഥാർത്ഥ മൂല്യം 4384.67 ലക്ഷം രൂപ ആയിരുന്നു.

(സി) ഈടു നൽകുന്ന വസ്തുവിന്റെ മതിയായ മൂല്യം നോക്കി മാത്രമേ കെ.എഫ്.സി. വായ്പ അനുവദിക്കാറുള്ളു. വായ്പ തുക യഥാസമയം തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ ഈടു വസ്തുവിന്റെ മൂല്യത്തേക്കാൾ തിരിച്ചടക്കാനുള്ള ബാദ്ധ്യത തുക കൂടി വരാറുണ്ട്. ഈ കാലയളവിൽ ഏറ്റെടുത്ത 39 വ്യവസായ സ്ഥാപനങ്ങളിൽ 3 എണ്ണം വിൽപ്പന നടത്തിയിട്ടുണ്ട്. ഈടായി കിട്ടിയ വസ്തുവകകൾ വിറ്റപ്പോൾ ഉണ്ടായ നഷ്ടം 16.93 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്തതിനെ തുടർന്ന് പൂട്ടേണ്ടിവന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

46 [3772] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. മോഹൻകുമാർ

,, കെ. മുഹമ്മദാലി:

,, എൻ. ശക്തൻ:

,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എഫ്. സി.-യിൽ നിന്ന് വായ്പയെടുത്ത എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ 2000 ജനുവരി 1 മുതലുള്ള കാലഘട്ടത്തിൽ പൂട്ടേണ്ടതായി വന്നിട്ടുണ്ട്;

(ബി) ഇപ്രകാരം പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ പിന്നീട് തുറന്നിട്ടുണ്ടോ;

(സി) ഈ കാലയളവിൽ വ്യവസായ സ്ഥാപനങ്ങൾ കെ. എഫ്. സി.-യിൽ നിന്ന് എടുത്തിരുന്ന വായ്പയ്ക്ക് ഈടാക്കിയിരുന്ന പലിശ എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ. എഫ്. സി.-യിൽ നിന്ന് വായ്പയെടുത്ത 534 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ 2000 ജനുവരി 1 മുതലുള്ള കാലഘട്ടത്തിൽ പൂട്ടേണ്ടതായി വന്നിട്ടുണ്ട്.

(ബി) ഉണ്ട്. ഇപ്രകാരം പൂട്ടിയ വ്യവസായ സ്ഥാപനങ്ങളിൽ 260 എണ്ണം തുറന്നിട്ടുണ്ട്.

(സി) വിവിധ നിരക്കുകളാണ് നിലവിലിരുന്നത്. പലിശ നിരക്ക് സംബന്ധിച്ച വിശദാംശം ഇതോടൊപ്പം ചേർക്കുന്നു. †

ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

47 [3773] ശ്രീ. ഡി. സുഗതൻ:

,, ഇ. എം. അഗസ്തി:

,, അടൂർ പ്രകാശ്:

,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മാസശമ്പളക്കാരായ അർദ്ധ ഗവവൺമെന്റ് ജീവനക്കാരിലേക്ക് മാത്രമാണോ പ്രസ്തുത വികസനം ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ എയിഡഡ് സ്കൂൾ, ലോക്കൽ ബോഡികൾ എന്നിവയിൽ എത്ര സ്റ്റാഫാണുള്ളത്;

(ഡി) അതിൽ എത്ര പേരെ സ്റ്റേറ്റ് ഇൻഷ്വറൻസിൽ ചേർക്കാൻ കഴിഞ്ഞു;

(ഇ) ഇവരിൽനിന്ന് പ്രീമിയം ഇനത്തിൽ പ്രതിമാസം എന്തു തുക കിട്ടും;

(എഫ്) പെൻഷൻകാരെ സ്റ്റേറ്റ് ഇൻഷ്വറൻസിൽ ചേർക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) ഏകദേശം ഒന്നര ലക്ഷത്തിലധികം പേർ.

(ഡി) 58148 പേരെ ചേർക്കാൻ കഴിഞ്ഞു.

(ഇ) ഏകദേശം രണ്ടുകോടി രൂപ.

(എഫ്) പെൻഷൻകാരെ സംബന്ധിച്ച ഇൻഷ്വറൻസ് പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർ

48 [3774] ശ്രീ. ഇ. എം. അഗസ്തി:

,, ഡി. സുഗതൻ:

,, അടൂർ പ്രകാശ്:

,, ടി. യു. രാധാകൃഷ്ണൻ:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളിൽ എത്ര പേർ എൽ.ഐ.സി. മറ്റ് ഇൻഷ്വറൻസ് കമ്പനികൾ എന്നിവയിൽ ചേർന്നിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ: എങ്കിൽ എത്ര;

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന് പൊതുജനങ്ങളെ അംഗങ്ങളായി ചേർക്കാൻ ഉദ്ദേശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഇൻഷ്വറൻസ് ഡയറക്ടറുടെ ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

കോർട്ട് ഫീ സ്റ്റാമ്പുകൾക്കും മുദ്രക്കടലാസുകൾക്കും അനുഭവപ്പെടുന്ന ക്ഷാമം

49 [3775] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർട്ട് ഫീ സ്റ്റാമ്പുകൾക്കും മുദ്രക്കടലാസുകൾക്കും സംസ്ഥാനത്ത് ഇടയ്ക്കിടെ ക്ഷാമം അനുഭവപ്പെടുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) കൃത്രിമ ക്ഷാമം സൃഷ്ടിച്ച് കുറഞ്ഞ വിലയുടെ സ്റ്റാമ്പുകൾ കൂടുതലായി വിറ്റഴിക്കുന്നതിന് ഏതെങ്കിലും ശ്രമങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ തുകകൾക്കുള്ള എത്ര രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പുകൾ 2001-02, 2002-03, 2003-04 വർഷങ്ങളിൽ വിൽപ്പന നടത്തിയിട്ടുണ്ട്; സ്റ്റാമ്പ് തുക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കോർട്ട് ഫീ സ്റ്റാമ്പുകൾക്കും മുദ്രക്കടലാസുകൾക്കും കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെറിയ ഇനം കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിൽപ്പന നടത്തിയിട്ടുള്ള കോർട്ട് ഫീ സ്റ്റാമ്പുകളുടെ ഇനം തിരിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ബാധകമല്ല.

പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

50 [3776] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഇപ്പോൾ എത്ര പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ഷോപ്പിലേക്കും ആഴ്ചതോറും അനുവദിച്ചിട്ടുള്ള അരി, മണ്ണെണ്ണ, പഞ്ചസാര, ഗോതമ്പ് എന്നിവയുടെ അളവ് എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഓരോ ആഴ്ചയിലും എത്ര കാർഡ് ഉടമകൾ റേഷൻ സാധനങ്ങൾ വാങ്ങിക്കുന്നുണ്ടെന്നും അതിന്റെ അളവും അറിയിക്കാമോ;

(ഡി) റേഷൻ സാധനങ്ങൾ മറിച്ച് വിൽക്കുന്നതായുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവർക്കെതിരായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) 102.

(ബി, സി) പേരാമ്പ്ര മണ്ഡലത്തിലെ 102 റേഷൻ കടകളിലായി 49220 കാർഡുടമകളുണ്ട്. 2004 ജൂലൈ 5-ാം തീയതി തുടങ്ങിയ ആഴ്ചയിൽ ഓരോ കടയിലേയ്ക്കും അനുവദിച്ചിട്ടുള്ളതും കാർഡുടമകൾ വാങ്ങിയിട്ടുള്ളതുമായ അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ അളവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്.

(ഇ) ഗുരുതരമായ ക്രമക്കേടുകൾ കണ്ട 5 റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഈ കടയുടമകളിൽ നിന്നും ദുരുപയോഗം ചെയ്ത സാധനങ്ങളുടെ വിലയും റേഷൻ കടകളുടെ ജാമ്യ സംഖ്യയും അടക്കം 16,296 രൂപ സർക്കാരിലേയ്ക്ക് ഈടാക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു അംഗീകൃത റേഷൻ മൊത്ത വ്യാപരിയിൽനിന്നും ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ വിലയും ജാമ്യസംഖ്യയും അടക്കം 9953 രൂപ സർക്കാരിലേക്കയക്ക് ഈടാക്കുവാൻ ഉത്തരവായിട്ടുണ്ട്.

പൊതു വിതരണ സംവിധാനത്തിൽ അർഹരായവർക്ക് മാത്രം ആനുകൂല്യം നൽകുന്നതിന് നടപടി

51 [3777] ശ്രീ. പി. കെ. കെ. ബാവ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, ടി. പി. എം. സാഹിർ:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിതരണ സംവിധാനത്തിൽ അനുവദിക്കുന്ന സബ്സിഡി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിട്ടുള്ളതിനാൽ അവരുടെ ലിസ്റ്റ് തയ്യാറാക്കാൻ താമസം വരുന്നതുമൂലം അർഹരായ പലർക്കും ആനുകൂല്യം ലഭിക്കാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹതയില്ലാത്തവർ പലരും പ്രസ്തുത ആനുകൂല്യം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അർഹരായവർക്കുമാത്രം ആനുകൂല്യം നൽകുന്നതിന് അടിയന്തിര നടപടിയെടുക്കുമോ?

ഉത്തരം

(എ, ബി) 1996-ൽ ഗ്രാമപ്രദേശങ്ങളിൽ സംയോജിത ഗ്രാമ പദ്ധതി പ്രകാരവും നഗര പ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരവുമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽനിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇപ്പോഴത്തെ ബി.പി.എൽ. കാർഡുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ അർഹതയില്ലാത്തവർ കടന്നുകൂടിയിട്ടുണ്ടോയെന്ന് ഭക്ഷ്യവകുപ്പിന് അറിവില്ല.

(സി) കേന്ദ്ര സർക്കാർ മാർഗ്ഗരേഖയനുസരിച്ച് ബി.പി.എൽ. കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത് അതാത് ഗ്രാമ/വാർഡ് സഭകളാണ്. ഇങ്ങനെ തയ്യാറാക്കി, സർക്കാർ അംഗീകരിക്കുന്ന ലിസ്റ്റിൽ മാറ്റം വരുത്താൻ വ്യവസ്ഥയില്ല.

മാർജിൻ ഫ്രീ മാർക്കറ്റുകൾ

52 [3778] ശ്രീ. വർക്കല കഹാർ:

,, പി. ജെ. ജോയി:

,, ടി. എൻ. പ്രതാപൻ:

,, എം. മുരളി:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാർജിൻ ഫ്രീ മാർക്കറ്റുകൾ തുടങ്ങുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;

(ബി) മാർജിൻ ഫ്രീ മാർക്കറ്റുകളിൽകൂടി വിൽക്കപ്പെടുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി കർക്കശമായ വ്യവസ്ഥകൾ കൊണ്ടുവരുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) അവ നൽകുന്ന ബില്ലുകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ ഉന്നത ഗുണനിലവാരം പുലർത്തുന്നതാണെന്ന സർട്ടിഫിക്കറ്റ് ചേർക്കുവാൻ വ്യവസ്ഥ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി, സി) സ്വകാര്യ കച്ചവട സ്ഥാപനമായ മാർജിൻ ഫ്രീ മാർക്കറ്റുകൾക്ക് മറ്റു സ്വകാര്യ കച്ചവട സ്ഥാപനങ്ങൾക്ക് ബാധകമായ നിലവിലുള്ള എല്ലാ നിയമങ്ങളും ബാധകമാണ്. ഗുണനിലവാരവും അളവുതൂക്കവും പരിശോധിക്കുവാൻ ആരോഗ്യ വകുപ്പിന്റെയും അളവുതൂക്ക വകുപ്പിന്റെയും കീഴിൽ സംവിധാനം നിലവിലുണ്ട്.

എഫ്.സി.ഐ.-യുടെ ഗോഡൗൺ പൂട്ടുന്ന നടപടി

53 [3779] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലുള്ള ഏതെങ്കിലും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഭക്ഷ്യ ഗോഡൗൺ പൂട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇങ്ങനെ പൂട്ടുന്നതിനുണ്ടായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. കൊച്ചുവേളിയിൽ പുതിയ റെയിൽവേ ടെർമിനൽ പണിയുന്നതിനായി അവിടെ നിലവിലുള്ള ഗുഡ്ഷെഡ് റെയിൽവേ നിർത്തലാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ കൊച്ചുവേളിയിലേക്കുള്ള റേക്ക് കൊണ്ടുവരുന്നതും അവിടെ നിന്നും വലിയതുറ എഫ്.സി.ഐ. ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് സംഭരിക്കുന്നതും താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. വലിയതുറ ഡിപ്പോയുമായി ബന്ധിപ്പിച്ചിട്ടുള്ള റേഷൻ മൊത്തവ്യാപാരികളെ ഇപ്പോൾ കഴക്കൂട്ടം എഫ്.സി.ഐ. ഡിപ്പോയുമായി ബന്ധിപ്പിച്ചിരിക്കയാണ്.

റേഷൻ വ്യാപാരികൾക്ക് ലഭിക്കേണ്ട കുടിശ്ശിക

54 [3780] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങൾക്ക് റേഷൻ സബ്സിഡി അനുവദിച്ചതുമൂലം റേഷൻ വ്യാപാരികൾക്ക് ലഭിക്കേണ്ട കുടിശ്ശിക സംഖ്യ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സിഡി തുക നൽകാത്തതുകാരണം റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാണെന്നും പലരും റേഷൻ സാധനങ്ങൾ എടുക്കാൻ തയ്യാറില്ലെന്നുമുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിശ്ശിക കൊടുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പട്ടിണിയും ദുരിതവും അനുഭവിക്കുന്ന ആദിവാസികൾക്ക് അനുവദിച്ചിട്ടുള്ള സൗജന്യറേഷൻ പോലും മേൽപ്പറഞ്ഞ പ്രതിസന്ധിമൂലം കൊടുക്കാൻ കഴിയുന്നില്ല എന്നകാര്യം അറിയുമോ;

(ഇ) എങ്കിൽ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കുടിശ്ശിക സംഖ്യ അനുവദിച്ച് നൽകി ആദിവാസി മേഖലയിലെ റേഷൻ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദുർബല വിഭാഗങ്ങൾക്ക് റേഷൻ സബ്സിഡി അനുവദിച്ചതുമൂലം കുടിശ്ശിക ഉണ്ടായിട്ടില്ല. വിവിധ വിഭാഗങ്ങൾക്ക് സൗജന്യ റേഷൻ നൽകിയ ഇനത്തിൽ 1.34 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ജില്ലാ കളക്ടർമാർ റേഷൻ വ്യാപാരികൾക്ക് കൊടുത്തു തീർക്കാനുണ്ട്.

(ബി) വയനാട്, എറണാകുളം, ഇടുക്കി ജില്ലകളിൽ റേഷൻ വ്യാപാരികൾ റേഷൻ സാധനങ്ങൾ എടുത്ത് വിതരണം ചെയ്യാൻ വിസമ്മതം പ്രകടിപ്പിച്ചിരുന്നു. എറണാകുളം, ഇടുക്കി ജില്ലകളിലെ റേഷൻ വ്യാപാരികളുമായി ചർച്ചചെയ്തു വിതരണം മുടക്കം വരുത്താതിരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽപട്ടിക വർഗ്ഗക്കാർക്കായുള്ള സൗജന്യ റേഷൻ വിതരണം ജൂലൈ 14-ാം തീയതി മുതലേ ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(സി) പൂർണ്ണ ബഡ്ജറ്റ് പാസായി കഴിഞ്ഞാൽ ആദിവാസികൾക്ക് അനുവദിച്ച സൗജന്യ റേഷന്റെ തുക അനുവദിക്കുന്നതാണ്.

(ഡി, ഇ) ആദിവാസികൾക്ക് അനുവദിച്ച സൗജന്യറേഷൻ വയനാട് ജില്ലയിൽ 14-7-2004 മുതലെ വിതരണം ആരംഭിക്കുവാൻ കഴിഞ്ഞുള്ളൂ. റേഷൻ അനുവദിക്കുന്നത് മാസാടിസ്ഥാനത്തിലായതിനാൽ സൗജന്യ റേഷൻ വിതരണത്തിൽ തടസ്സമുണ്ടാകാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾക്കുള്ള സൗജന്യങ്ങൾ

55 [3781] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബി.പി.എൽ. റേഷൻ കാർഡുകളാണ് നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ബി.പി.എൽ. റേഷൻ കാർഡുകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓണക്കാലത്ത് ബി.പി.എൽ. റേഷൻ കാർഡുടമകൾക്ക് സൗജന്യമായി ധാന്യങ്ങളും, പഞ്ചസാരയും മറ്റും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം എത്ര അളവിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ബി.പി.എൽ. കാർഡുടമകൾക്ക് ഓണം പ്രമാണിച്ച് വില കുറച്ച് റേഷൻ സാധനങ്ങൾ എന്തെങ്കിലും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം എത്ര അളവിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഈ സർക്കാരിന്റെ അഭ്യർത്ഥന പ്രകാരമാണ് സംസ്ഥാനത്തെ എല്ലാ ബി.പി.എൽ. കാർഡുകൾക്കും കേന്ദ്ര സർക്കാർ ഗോതമ്പ് അനുവദിച്ചിട്ടുള്ളത്. 2004 ജനുവരി മാസം മുതൽ ബി.പി.എൽ. കാർഡുകൾക്ക്, ബി.പി.എൽ. നിരക്കിൽ ഗോതമ്പു വിതരണം ചെയ്തുവരുന്നു.

(സി, ഡി) ഇത്തരം ഒരു നിർദ്ദേശം പരിഗണിച്ചിട്ടില്ല.

റേഷൻ കടയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

56 [3782] ശ്രീ. സി. ടി. അഹമ്മദ് അലി:

,, കളത്തിൽ അബ്ദുള്ള:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, സി. മോയിൻകുട്ടി:

,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം സംവിധാനമുണ്ടോ;

(ബി) എങ്കിൽ അവരുടെ പരിശോധന റിപ്പോർട്ട് ആർക്കാണ് സമർപ്പിക്കുക;

(സി) ഭക്ഷ്യസാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) റേഷൻ വിതരണത്തിനായിട്ടുള്ള അരി എഫ്.സി.ഐ. ഡിപ്പോയിൽ നിന്നും എടുക്കുന്നതിന് മുമ്പ് ജില്ലാ സപ്ളൈ ആഫീസറും എഫ്.സി.ഐ.-യിലെ പ്രതിനിധിയും സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ എഫ്.സി.ഐ.-യിൽ നിന്നും വിതരണം നടത്തുന്ന അരി തന്നെയാണ് റേഷൻ കടവഴി വിതരണം നടത്തുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനായി സീൽ ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ എഫ്.സി.ഐ.-യിൽനിന്നും റേഷൻ മൊത്ത വ്യാപാരികളിൽനിന്നും വിതരണം നടത്തുകയും റേഷൻ വ്യാപാരി, സാമ്പിൾ കാർഡുടമകൾ കാണത്തക്കവിധം കടകളിൽ പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റേഷൻ കടയിലുള്ള അരിയുടെ ഗുണനിലവാരവും മറ്റും റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ളൈ/സിറ്റി റേഷനിംഗ് ആഫീസർമാർ, ജില്ലാ സപ്ളൈ ആഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

പരിശോധനാ സമയം അരി ഗുണനിലവാരമുള്ളവ അല്ലെങ്കിൽ, അതതു സംഗതിപോലെ, ജില്ലാ സപ്ളൈ ആഫീസർമാർ സ്റ്റോക്കെടുക്കുവാൻ നിർവ്വാഹമില്ലെന്ന് എഫ്.സി.ഐ. അധികാരികളെ അറിയിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട ലൈസൻസിക്കെതിരെ നടപടിയെടുക്കുകയോ ആണ് ചെയ്യുന്നത്.

(സി, ഡി) ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങളാണ് ഇപ്പോൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത്.

റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ

57 [3783] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് 2003-04-ൽ എത്ര വിതരണക്കാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഈ കാലയളവിൽ സംസ്ഥാനത്തെ 147 അംഗീകൃത റേഷൻ ചില്ലറ വ്യാപാരികളുടേയും 19 അംഗീകൃത റേഷൻ മൊത്ത വ്യാപാരികളുടേയും 8 അംഗീകൃത മണ്ണെണ്ണ മൊത്ത വ്യാപാരികളുടേയും പേരിൽ ഗൗരവമായ കുറ്റങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊയിലാണ്ടി താലൂക്കിൽ റേഷൻ മുടങ്ങിയ കാര്യം

58 [3784] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ കുറച്ചു ദിവസം റേഷൻ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലെ ഷോപ്പുകളിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) റേഷൻ ഷോപ്പുകൾ അടഞ്ഞു കിടക്കാനുള്ള കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) റേഷൻ വിതരണം മുടങ്ങിയിട്ടില്ല.

(സി) പൊതുവിതരണ കേന്ദ്രങ്ങൾ ഒന്നും അടച്ചിട്ടിട്ടില്ല.

സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ ജീവനക്കാർ

59 [3785] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി പ്രതിവർഷം എത്ര രൂപ നൽകുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഡെയിലി വേജസിലും കോൺട്രാക്ട് വ്യവസ്ഥയിലും എത്രപേർ വീതം പണിയെടുക്കുന്നു; ഇവർക്ക് എത്ര രൂപ കൂലിയും മറ്റുമായി നൽകുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കോർപ്പറേഷനിൽ ജോലി ചെയ്യുന്നവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) കോർപ്പറേഷനിൽ സംവരണതത്വം പൂർണ്ണമായും പാലിക്കുന്നുണ്ടോയെന്നും ഏതെങ്കിലും ജാതിയിൽപ്പെട്ടവർക്ക് അർഹമായത് ലഭ്യമാക്കാതെ പോയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഏതെല്ലാം തസ്തികകളിൽ എത്രപേരെ വീതം ആകെ എത്ര പേരെ ആവശ്യമുണ്ട്; വർക്ക് സ്റ്റഡി ജോബ് ഇവാല്യുവേഷൻ നടത്തിയിട്ടുണ്ടോ;

(എഫ്) അധിക ജീവനക്കാരുടെ ഭാരം കുറയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) കോൺട്രാക്ട് വ്യവസ്ഥയിലും ഡെയ്ലി വേജസ് വ്യവസ്ഥയിലും ജോലി ചെയ്യുന്നവരെ ഒഴിവാക്കി സംവരണ തത്വം പാലിച്ച് സ്ഥിരം ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) കോർപ്പറേഷന്റെ നഷ്ടം തീർത്ത് ലാഭകരമാക്കാൻ മാർജിൻഫ്രീ അടിസ്ഥാനത്തിൽ മുഴുവൻ പലചരക്ക് സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും ടോയ്ലറ്റ് ക്ലീനിംഗ് സാധനങ്ങളും എല്ലാത്തരം ഇംഗ്ലീഷ് ആയുർവേദ മരുന്നുകളും വിൽപ്പന നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ	..	1
വിജിലൻസ് ഓഫീസർ	..	1
അഡീഷണൽ ജനറൽ മാനേജേഴ്സ്	..	4
റീജിയണൽ മാനേജേഴ്സ്/മാനേജേഴ്സ്	..	9
ഡെപ്യൂട്ടി മാനേജർ	..	1
അസിസ്റ്റന്റ് മാനേജേഴ്സ്	..	90
ജൂനിയർ മാനേജേഴ്സ്	..	110
പ്രോഗ്രാമർ	..	1
കമ്പ്യൂട്ടർ ഓപ്പറേറ്റർ	..	4
ഡേറ്റാ എൻട്രി ഓപ്പറേറ്റർ	..	12
റിസപ്ഷനിസ്റ്റ്	..	1
സീനിയർ അസിസ്റ്റന്റ്-I	..	396
സീനിയർ അസിസ്റ്റന്റ്-II	..	339
ജൂനിയർ അസിസ്റ്റന്റ്	..	458
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	..	11
ടൈപ്പിസ്റ്റ്	..	13
ഡ്രൈവർ	..	45
സെയിൽസ്മാൻ	..	29
ഹെൽപ്പേഴ്സ്	..	1659
സെക്യൂരിറ്റി	..	6
സ്വീപ്പർ	..	10
ആകെ	..	3200

ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഏകദേശം 25,56,00,000 രൂപ പ്രതിവർഷം ആവശ്യമാണ്.

(ബി) ഡെയിലി വേജസിൽ 23 പേരും കോൺട്രാക്ട് വ്യവസ്ഥയിൽ 50 പേരെയും അനിവാര്യമായ സാഹചര്യത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് കൂലിയും മറ്റുമായി 9,09,640 രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നേരിട്ടു നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) കോർപ്പറേഷനിൽ ഹെൽപ്പർമാർ മുതൽ ജൂനിയർ മാനേജർ വരെയുള്ള നിയമനങ്ങൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. അതിൽ സംവരണ തത്വം പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ട്. അതിനു മുകളിലുള്ളവരുടെ നിയമനം കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത്. അതിൽ സംവരണ തത്വം പാലിക്കാൻ നടപടികൾ എടുത്തു വരുന്നു.

(ഇ, എഫ്) കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് താഴെ പറയുന്ന ജീവനക്കാരെ ആവശ്യമുണ്ട്:

	Designation	എണ്ണം
1.	ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ	1
2.	ജനറൽ മാനേജർ	1
3.	വിജിലൻസ് ഓഫീസർ	1
4.	അഡീഷണൽ ജനറൽ മാനേജേഴ്സ്	6
5.	കമ്പനി സെക്രട്ടറി	1
6.	റീജിയണൽ മാനേജേഴ്സ്	5
7.	പി.ആർ.ഒ.	1
8.	ലോ ഓഫീസർ	1
9.	മാനേജേഴ്സ്	4
10.	അസിസ്റ്റന്റ് മാനേജേഴ്സ് (ഡയറക്ട്)	12
11.	അസിസ്റ്റന്റ് മാനേജേഴ്സ് (ഡെപ്യൂട്ടേഷൻ)	77
12.	ജൂനിയർ മാനേജേഴ്സ് (ഡെപ്യൂട്ടേഷൻ)	135
13.	ജൂനിയർ മാനേജർ (Q.C.)	16
14.	ജൂനിയർ മാനേജർ (A/C)	8
15.	പ്രോഗ്രാമർ	2
16.	റിസപ്ഷനിസ്റ്റ്	1
17.	കമ്പ്യൂട്ടർ ഓപ്പറേറ്റർ	4
18.	ഡി. ഇ. ഒ.	15
19.	അസിസ്റ്റന്റ്സ് (Direct)	316
20.	അസിസ്റ്റന്റ്സ് (Deputation)	1230
21.	സി. എ. (Direct)	5
22.	സി. എ. (Deputation)	10

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	Designation	എണ്ണം
23.	ടൈപ്പിസ്റ്റ് (Direct)	16
24.	ടൈപ്പിസ്റ്റ് (Deputation)	19
25.	ഫാർമസിസ്റ്റ്	70
26.	ഡ്രൈവർ	95
27.	സെയിൽസ്മാൻ	42
28.	ഹെൽപ്പർ	2099
29.	സെക്യൂരിറ്റി	13
30.	സ്വീപ്പർ	12
	ആകെ	4218

ജനറൽ മാനേജർ ചെയർമാനായിട്ടുള്ള കമ്മിറ്റി, വർക്ക് സ്റ്റഡി, ജോബ് ഇവാല്യൂവേഷൻ നടത്തി അധികമായി തസ്തികകൾ ഒന്നും തന്നെ ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ജി) ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യത്തിൽ മാത്രമേ കോൺട്രാക്ട് വ്യവസ്ഥയിലും ഡെയിലിവേജസ് വ്യവസ്ഥയിലും ജീവനക്കാരെ നിയമിക്കുന്നുള്ളു.

(എച്ച്) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകളിൽ പലചരക്ക് സാധനങ്ങൾ വിലകുറച്ചു നൽകുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിൽപെടുത്തി സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. പൊതുമാർക്കറ്റിലെ വിലയേക്കാൾ 10 ശതമാനം മുതൽ 30 ശതമാനം വരെ വില കുറച്ചാണ് കോർപ്പറേഷൻ 13 ഇനം പലചരക്ക് സാധനങ്ങൾ വിതരണം നടത്തുന്നത്. അവകൂടാതെ പ്രധാനപ്പെട്ട എല്ലാ ഇനം മാവേലിയിതര ഇനങ്ങളും സിവിൽ സ്പ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞവിലക്ക് വിതരണം നടത്തുന്നുണ്ട്. ഇവ ഒഴികെയുള്ള മറ്റു സാധനങ്ങൾ കോർപ്പറേഷന്റെ ഔട്ട്ലെറ്റ് വഴി വിതരണം ചെയ്യാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഓണാഘോഷ പരിപാടി

60 [3786] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സർക്കാർ തലത്തിൽ ഓണാഘോഷം സംഘടിപ്പിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലുമുള്ള ഓണാഘോഷ പരിപാടികളുടെ സംഘാടനവും നടത്തിപ്പും പരിപാടികളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും എല്ലാ ജില്ലകൾക്കും ഓണാഘോഷത്തിന്റെ നടത്തിപ്പിനായി അതതു ജില്ലാകളക്ടർമാർക്ക് തുക അനുവദിക്കാനും സംസ്ഥാനതല ഓണാഘോഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്തുവാനും തീരുമാനം ആയിട്ടുണ്ട്. ഇതിനായി ജനപ്രതിനിധികളെ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പുമന്ത്രി ചെയർമാനും, ടൂറിസം സെക്രട്ടറി കോ-ഓർഡിനേറ്ററും, ടൂറിസം ഡയറക്ടർ ജനറൽ കൺവീനറുമായി ഒരു ജനറൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിപാടികളെ സംബന്ധിച്ച് അന്തിമ രൂപം നൽകിയിട്ടില്ല.

സാംസ്കാരിക നായകൻമാരുടെ ജീവചരിത്രം

61 [3787] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സാംസ്കാരിക നായകൻമാരുടെ ജീവചരിത്രം സാംസ്ക്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അവർ ആരെല്ലാമാണെന്നും അവയുടെ രചയിതാക്കൾ ആരാണെന്നും അറിയിക്കാമോ?

ഉത്തരം

(എ, ബി) 10 സാംസ്കാരിക നായകൻമാരുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

കേന്ദ്ര സാംസ്കാരിക-ടൂറിസം വകുപ്പിന്റെ ധനസഹായത്തോടും ഗ്രാന്റോടും കൂടി നടത്തുന്ന പ്രവർത്തനങ്ങൾ

62 [3788] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാംസ്കാരിക-ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെയും ഗ്രാന്റോടുകൂടിയും സംസ്ഥാനത്ത് സർക്കാർ തലത്തിലും സാംസ്കാരിക സംഘടനകൾ വഴിയും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാംസ്ക്കാരിക സംഘടനകൾക്കും, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്നും ഏതെല്ലാം പദ്ധതികൾക്കാണ് ധനസഹായങ്ങളും ഗ്രാന്റും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം ഗ്രാന്റോ ധനസഹായങ്ങളോ ലഭിക്കുന്നതിന് സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ ശുപാർശ ആവശ്യമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് സാംസ്കാരിക സംഘടനകൾക്കും സൊസൈറ്റികൾക്കും സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാന്റും ധനസഹായങ്ങളും നൽകുന്ന കേന്ദ്രസർക്കാർ പദ്ധതികളോ സംസ്ഥാനസർക്കാരിന്റെ പദ്ധതികളോ നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് കൾച്ചറൽ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ഭാരത സാംസ്കാരവുമായി ബന്ധപ്പെട്ടുനിൽക്കുന്ന കലാസാഹിത്യ സംഗീത വിഷയങ്ങളെ പ്രോത്സാഹിപ്പിക്കുക, മ്യൂസിയങ്ങളിൽ ഡോക്യുമെന്റേഷൻ ജോലികൾ ചെയ്യുക, രാസ സംരക്ഷണ ലബോറട്ടറികൾ സ്ഥാപിക്കുക, കലാസാംസ്കാരിക കാര്യങ്ങളെ കുറിക്കുന്ന ലഘുലേഖകൾ പ്രസിദ്ധീകരിക്കുക, കേരളത്തിലെ പൂരം, ഉത്സവങ്ങൾ, മലബാർ മഹോത്സവം, ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളി തുടങ്ങി അനവധി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ധനസഹായം ലഭിക്കുകയും ആയതിന്റെ നടത്തിപ്പിനായി ചെലവഴിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ കേന്ദ്രസർക്കാരിലേക്ക് അയയ്ക്കുന്നതിനായി സംഘടനകൾ നൽകുന്ന അപേക്ഷകൾ ശുപാർശചെയ്ത് അയയ്ക്കാറുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും അത്തരമൊരു നിർദ്ദേശം കിട്ടിയിട്ടില്ല.

(ഡി) ഉണ്ട്; ഇത്തരത്തിലുള്ള ആവശ്യങ്ങൾക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സാംസ്കാരിക ടൂറിസം വകുപ്പ് അപേക്ഷ ക്ഷണിക്കാറുണ്ട്. സംസ്ഥാന സാംസ്കാരിക വകുപ്പിന് ഇത്തരം പദ്ധതികൾ നിലവിലില്ല.

(ഇ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കൊട്ടാരങ്ങൾ, കോട്ടകൾ, പുരാതന ആരാധനാലയങ്ങൾ മുതലായ സംരക്ഷിത സ്മാരകങ്ങളുടെ സമഗ്രമായ സംരക്ഷണപണികൾ വിനോദസഞ്ചാര വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം കിഴക്കേ കോട്ടയുടെയും കൊട്ടാരങ്ങളുടെയും സംരക്ഷണപണികൾ, മോടിപിടിപ്പിക്കൽ, ചേന്ദമംഗലം ജൂതപ്പള്ളി, കോട്ടപ്പുറം കോട്ട, പള്ളിപ്പുറം കോട്ട, തൃശ്ശൂരിലെ ശക്തൻതമ്പുരാൻ കൊട്ടാരവളപ്പിൽ പൈതൃക ഗാർഡൻ സജ്ജീകരിക്കൽ, വയനാട് ജില്ലയിലെ ജൈനമത ക്ഷേത്രങ്ങളുടെ സംരക്ഷണം മുതലായ പ്രോജക്ടുകൾ സാംസ്കാരിക ടൂറിസം വികസനത്തിനായി സാംസ്കാരിക വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക പരിപാടികൾ

63 [3789] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചറിയിക്കത്തക്ക വിധത്തിലുള്ള ഏതെങ്കിലും സാംസ്കാരിക പരിപാടികൾ ആവിഷ്ക്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ ഇത്തരം പരിപാടിയെക്കുറിച്ച് ചിന്തിക്കുമോ?

ഉത്തരം

(എ—സി) സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ ഭാരതോത്സവം എന്ന പേരിൽ ബൃഹത്തായ ഒരു പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനലക്ഷ്യങ്ങൾ

64 [3790] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രവർത്തന ലക്ഷ്യങ്ങൾ സഫലമാക്കാൻ അക്കാദമി ഇതേവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) തിരുവനന്തപുരത്ത് നടന്നുവരാറുള്ള അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ എത്ര വിദേശരാജ്യങ്ങളിൽ നിന്നും പ്രതിനിധികളും ചിത്രങ്ങളും പങ്കാളികളാകുന്നു;

(ഡി) അക്കാദമി ഭാരവാഹികൾക്ക് പങ്കാളിത്തമുള്ള ചിത്രങ്ങൾ മത്സരത്തിനുള്ള എൻട്രികളായി പരിഗണിക്കുമ്പോൾ നിഷ്പക്ഷ മൂല്യനിർണ്ണയത്തിനായി എന്തെല്ലാം മുൻകരുതലുകളാണെടുക്കുക എന്നറിയിക്കാമോ;

(ഇ) നിലവാരമുള്ള മലയാള ചലച്ചിത്രങ്ങൾ അന്യഭാഷകളിലേക്കും/രാജ്യങ്ങളിലേക്കും ആസ്വാദനക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കുമോ;

(എഫ്) വിവിധ അന്താരാഷ്ട്ര ചലച്ചിത്ര ഉത്സവങ്ങളിൽ സമ്മാനം ലഭിക്കുന്ന ചിത്രങ്ങൾ ചലച്ചിത്രമേളയ്ക്കു ശേഷവും ജനങ്ങൾക്ക് കാണാനുള്ള അവസരം ഒരുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ചലച്ചിത്ര അക്കാദമിക്കുള്ള സർക്കാർ ധനസഹായം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ചലച്ചിത്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, ടെലിവിഷൻ ചാനലും ഫിലിം ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടും തുടങ്ങുക, മലയാള ചലച്ചിത്രങ്ങൾക്ക് സബ്സിഡി നൽകുക എന്നിവയൊഴികെയുള്ള പ്രവർത്തന ലക്ഷ്യങ്ങളിൽ എല്ലാ മേഖലകളിലും അക്കാദമി പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം, ചികിത്സാ സഹായം, സർവീസ് ചാർജ് ഈടാക്കൽ, ഫെലോഷിപ്പ് തുടങ്ങിയ പുതിയ പദ്ധതികളും അക്കാദമി നടപ്പാക്കിയിട്ടുണ്ട്.

(സി) 2001-ൽ 30 രാജ്യങ്ങളിൽനിന്നും 92 പ്രതിനിധികൾ പങ്കെടുക്കുകയും 290 ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. 2002-ൽ 36 രാജ്യങ്ങളിൽനിന്നും 125 പ്രതിനിധികൾ പങ്കെടുക്കുകയും 240 ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. 2003-ൽ 45 രാജ്യങ്ങളിൽ നിന്നായി 140 പ്രതിനിധികൾ പങ്കെടുക്കുകയും 150 ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അക്കാദമി ഭാരവാഹികൾക്ക് പങ്കാളിത്തമുള്ള ചിത്രങ്ങൾ മത്സരത്തിനുള്ള എൻട്രികളായി വരുന്ന സാഹചര്യത്തിൽ ആ ഭാരവാഹികളെ ബന്ധപ്പെട്ട കമ്മിറ്റികളിൽനിന്നും ഒഴിവാക്കി നിർത്തുകയാണ് പതിവ്.

(ഇ) അന്താരാഷ്ട്ര ചലച്ചിത്രമേളയോടനുബന്ധിച്ച് അക്കാദമി ഒരുക്കുന്ന ഫിലിംമാർക്കറ്റ് മലയാള സിനിമകൾക്ക് അന്തർ ദേശീയ വിപണിയൊരുക്കുന്നതിനു വേണ്ടിയാണ്.

(എഫ്) അവാർഡ് ലഭിക്കുന്ന പടങ്ങൾ ഒറ്റത്തവണ പ്രദർശിപ്പിക്കാവൂ എന്ന നിബന്ധനയോടെയാണ് വരുന്നത്. പക്ഷേ പിന്നീടിവയുടെ പ്രിന്റുകൾ പ്രദർശനത്തിന് ലഭ്യമാക്കുകയും പ്രദർശിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്.

(ജി) 2004-2005 വർഷത്തിൽ അക്കാദമിക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്.

അവശത അനുഭവിക്കുന്ന കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും സഹായധനം നൽകുന്ന പദ്ധതി

65 [3791] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവശത അനുഭവിക്കുന്ന കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും സഹായധനം നൽകുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നും അവർ ആരെല്ലാമാണെന്നും എന്തു തുകയുടെ ആനുകൂല്യം നൽകി എന്നും അറിയിക്കാമോ;

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവശകലാകാരൻമാർക്കും, സാമ്പത്തിക അവശത അനുഭവിക്കുന്ന സാഹിത്യകാരൻമാർക്കുംവേണ്ടി എന്തെല്ലാം സാമ്പത്തിക പദ്ധതികളാണ് സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രതിമാസം 400 രൂപ വീതം 1249 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. അവരുടെ പേരുവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) അവശകലാകാര പെൻഷനും ചികിത്സാധനസഹായവുമാണ് നൽകി വരുന്നത്.

സ്റ്റേറ്റ് കോൺഗ്രസ്സ് നേതാക്കളുടെ ജീവചരിത്രം

66 [3792] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുഖ്യമന്ത്രിയായിരുന്ന പട്ടംതാണുപിള്ളയുടെ ജീവചരിത്രം സാംസ്കാരിക വകുപ്പ് എന്നേക്ക് പ്രകാശനം നടത്തുമെന്ന് അറിയിക്കുമോ;

(ബി) ശ്രീ. സി. കേശവൻ, ശ്രീ. ടി. എം. വർഗ്ഗീസ്, ശ്രീ. പി. എസ്. നടരാജപിള്ള, ശ്രീ. എ. പി. ഉദയഭാനു തുടങ്ങിയവരുടെ ജീവചരിത്രം പ്രകാശനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടംതാണുപിള്ളയുടെ ജീവചരിത്രരചന ശ്രീ. രാജീവ് ഗോപാലകൃഷ്ണനെ ചുമതലപ്പെടുത്തുകയും അദ്ദേഹം 18-7-2002-ൽ വകുപ്പുമായി ഉടമ്പടി ഒപ്പു വയ്ക്കുകയും ചെയ്തിരുന്നു. ഗ്രന്ഥരചന പൂർത്തിയാക്കി കൈയ്യെഴുത്തുപ്രതി ലഭ്യമായിട്ടില്ല. ആയത് എത്രയുംവേഗം സമർപ്പിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എന്നത്തേക്ക് പ്രകാശനം നടത്താനാകുമെന്ന് പറയാനാവൂ.

(ബി) സി. കേശവൻ, പി. എസ്. നടരാജപിള്ള എന്നിവരുടെ ജീവചരിത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി. എം. വർഗ്ഗീസിന്റെ ജീവചരിത്രത്തിന്റെ പ്രസിദ്ധീകരണ നടപടികൾ ആയി വരുന്നു. എ. പി. ഉദയഭാനുവിന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

മോയിൻകുട്ടി സ്മാരക കമ്മിറ്റിക്ക് ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

67 [3793] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി സ്മാരക കമ്മിറ്റിക്ക് വർഷംതോറും നൽകി വരുന്ന അരലക്ഷം രൂപയുടെ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാന്റ് തുക 5 ലക്ഷം രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എത്രമാത്രം വർദ്ധനവ് നൽകാനാണ് ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) അഞ്ചുലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ഗ്രാന്റിലെ വർദ്ധനകാര്യത്തിൽ മോയിൻകുട്ടി വൈദ്യർ സ്മാരകമുൾപ്പെടെ സാംസ്കാരിക സംഘടനകൾക്കും സ്മാരകങ്ങൾക്കും അവയുടെ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ കാലോചിതമായി ഗ്രാന്റ് തുക പുനഃനിർണ്ണയം ചെയ്യുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കയാണ്. ആ കമ്മിറ്റി നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ നടപടി

68 [3794] ശ്രീ. ടി. എൻ. പ്രതാപൻ:

,, കെ. ബാബു:

,, പി. ജെ. ജോയി:

,, എം. മുരളി:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ അടുത്ത സീസൺ ആരംഭിക്കുന്നതിന് മുമ്പ് സന്നിധാനത്തിലും പമ്പയിലും എന്തെല്ലാം വിധത്തിലുള്ള കൂടുതൽ സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ബി) തീർത്ഥാടകരുടെ സുരക്ഷയ്ക്ക് എന്തെല്ലാം കൂടുതൽ നടപടികളെടുക്കാനുദ്ദേശിക്കുന്നു;

(സി) തീർത്ഥാടകർക്ക് അസൗകര്യം സൃഷ്ടിക്കുന്ന വാഹന പാർക്കിംഗ് ഒഴിവാക്കുമോ?

ഉത്തരം

(എ) ഏർപ്പെടുത്താനുദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സീസണിൽ ഉണ്ടായതുപോലെയുള്ള അഗ്നിബാധ ഒഴിവാക്കാൻ അപ്പം-അരവണ നിർമ്മാണവും, പ്രസാദനിർമ്മാണ കേന്ദ്രങ്ങളുടെ സമീപം സ്ഥിതിചെയ്യുന്ന ഡീസൽ സ്റ്റോറേജ് ടാങ്കുകളും ക്ഷേത്ര കെട്ടിടത്തിൽനിന്നും മാറ്റുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസാദ നിർമ്മാണ കേന്ദ്രങ്ങളുടെ സമീപത്ത് ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിക്കുക എന്നിവയ്ക്കുള്ള നടപടികൾ നടന്നുവരുന്നു.

(സി) പാർക്കിംഗിന് പമ്പയിലും പരിസര പ്രദേശത്തും ലഭ്യമായിട്ടുള്ള സ്ഥലം പരിമിതമാണ്. വനസംരക്ഷണ നിയമംമൂലം കൂടുതൽ വനഭൂമി വിട്ടുകിട്ടുന്നതിനും ബുദ്ധിമുട്ടുണ്ട്. നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഏറ്റവും അനുയോജ്യവും, തീർത്ഥാടകർക്ക് പരമാവധി അസൗകര്യങ്ങൾ ഒഴിവാക്കിക്കൊണ്ടുമുള്ള പാർക്കിംഗ് ക്രമീകരണമാണ് നിലവിൽ പാലിച്ചുപോരുന്നത്.

പമ്പയിൽനിന്ന് സന്നിധാനത്തിലേക്ക് റോപ്പ് വേ

69 [3795] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, വി. ഡി. സതീശൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ജെ. പൗലോസ്:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ നിന്ന് സന്നിധാനത്തിലേക്ക് റോപ്പ് വേ ഏർപ്പെടുത്തുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഇല്ലാത്ത പക്ഷം പമ്പയിൽനിന്ന് സന്നിധാനത്തേക്ക് റോപ്പ് വേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സാങ്കേതികവും മറ്റുമായ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ, ബി) പമ്പയിൽനിന്ന് ശബരിമലയിലേക്ക് റോപ്പ് വേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വംബോർഡ് 1996-ൽ സാധ്യതാപഠനം നടത്തിച്ചിട്ടുണ്ട്. റോപ്പ് വേ ഏർപ്പെടുത്തുന്നത് ഭാരിച്ച ചെലവുള്ള പദ്ധതിയാകയാലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് വനഭൂമിയും മരം മുറിച്ചു മാറ്റുന്നതിനുള്ള അനുവാദവും ആവശ്യമായതിനാലും, ഈ പദ്ധതി തൽക്കാലം നടപ്പാക്കേണ്ടതില്ല എന്ന് ദേവസ്വം ബോർഡ് തീരുമാനിക്കുകയും വിവരം ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അയ്യപ്പ ഭക്തർക്ക് സൗകര്യങ്ങൾ

70 [3796] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, എ. പി. അനിൽകുമാർ:

,, എം. എ ചന്ദ്രശേഖരൻ:

,, വി. ജെ. പൗലോസ്:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പഭക്തന്മാർക്ക് പ്രതികൂല സാഹചര്യങ്ങൾ ഒഴിവാക്കുവാനും പരാതിയില്ലാത്ത വിധം സന്നിധാനത്തിലെത്തി ദർശനം നടത്തി മടങ്ങാനും എന്തെല്ലാം നടപടികളെടുത്തു;

(ബി) പരിസരങ്ങൾ വൃത്തിയുള്ളതാക്കാനും ശുദ്ധജലവും ഭക്ഷണവും എല്ലാവർക്കും എത്തിക്കാനുമുള്ള ഒരു സ്കീം തയ്യാറാക്കി കേന്ദ്രത്തിന്റെ സഹായത്തോടുകൂടി ശബരിമലയിൽ നടപ്പാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡും, സർക്കാരിന്റെ വിവിധ വകുപ്പുകളും ഏകോപിച്ചാണ്. മുൻവർഷങ്ങളിൽ ചെയ്ത പ്രധാന കാര്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) പരിസര ശുചീകരണം പ്രധാനമായും പത്തനംതിട്ട ജില്ലാകളക്ടർ ചെയർമാനായ ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. കെട്ടിടങ്ങളും പരിസരവും ശുചീകരിക്കുന്നതിന് ദേവസ്വം ബോർഡും നിത്യവേതനാടിസ്ഥാനത്തിൽ ആൾക്കാരെ നിയോഗിക്കുന്നുണ്ട്. ശുചീകരണത്തിന്റെ ഭാഗമായി ഇൻസിനറേറ്ററുകളും, പമ്പയിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധജല വിതരണത്തിന് വാട്ടർ അതോറിറ്റിയും, ദേവസ്വം ബോർഡും തൃപ്തികരമായ നടപടി സ്വീകരിക്കുന്നുണ്ട്. ദേവസ്വം ബോർഡ് അന്നദാനവും നടത്തുന്നുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്ര സഹായത്തോടെ നടത്താൻ സ്കീമുകളൊന്നും തയ്യാറാക്കിയിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിനും എരുമേലി ക്ഷേത്രത്തിനും സ്വന്തമായുള്ള ഭൂമി

71 [3797] ശ്രീ. വി. ഡി. സതീശൻ:

,, എം. മുരളി:

,, ടി. എൻ. പ്രതാപൻ:

,, പി. ജെ. ജോയി:

,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിനും എരുമേലി ക്ഷേത്രത്തിനും എത്ര ഭൂമി സ്വന്തമായുണ്ട്;

(ബി) ശബരിമല ധർമ്മശാസ്താവിന്റെ പുങ്കാവനത്തിൻമേൽ ധർമ്മശാസ്താ ക്ഷേത്രത്തിനുള്ള അവകാശാധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) സന്നിധാനത്തിന്റെയും പമ്പയുടെയും പമ്പയിൽനിന്ന് സന്നിധാനത്തിലേക്കുമുള്ള തീർത്ഥാടന പാതയുടെ വികസനത്തിന് എത്ര സ്ഥലമാണ് വേണ്ടി വരുന്നത്;

(ഡി) ഈ സ്ഥലം ലഭിക്കുന്നതിന് കഴിഞ്ഞ തീർത്ഥാടന സീസൺ അവസാനിച്ചശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) പ്രസ്തുത പാത എപ്പോൾ വികസിപ്പിക്കാമെന്നു കരുതുന്നു?

ഉത്തരം

(എ) ശബരിമല ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ 13.35 ഏക്കർ ഭൂമിയും പാട്ട വ്യവസ്ഥയിൽ 50 ഏക്കറും, എരുമേലി ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ 13.57 ഏക്കറും ഭൂമിയുണ്ട്.

(ബി) പന്തളം രാജാവിന്റെ വകയായിരുന്ന ക്ഷേത്രമുൾപ്പെടുന്ന പുങ്കാവനം പന്തളം രാജാവ് തിരുവിതാംകൂർ രാജാവിന് കൈമാറുകയും രാജാവിൽനിന്നും ആ അവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിന് സിദ്ധിച്ചിട്ടുള്ളതുമാണ്.

(സി) ശബരിമലയിലേയും പമ്പയിലേയും. പമ്പയിൽനിന്ന് ശബരിമലയിലേക്കുള്ള പാതയുടേയും വികസനത്തിന് ആകെ 500 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്.

(ഡി) പാർലമെന്റിന്റെ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 500 ഹെക്ടർ വനഭൂമി അനുവദിക്കാനും പെരിയാർ ടൈഗർ റിസർവിൽനിന്നും ഈ ഭൂമി ഒഴിവാക്കി കിട്ടുവാനും തിരുവിതാംകൂർ ദേവസ്വംബോർഡ് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. തീർത്ഥാടനകാലത്ത് പ്രസ്തുത കമ്മിറ്റി സ്ഥലം പരിശോധിച്ച് പഠനം നടത്തി അനുകൂലമായ റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിക്കുകയും അതിനുശേഷം ഇതു സംബന്ധിച്ച ഔദ്യോഗിക തലത്തിലുള്ള ചർച്ചകൾ നടന്നുവരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പാത വികസിപ്പിക്കുന്നതിനുള്ള നടപടി ദേവസ്വം ബോർഡിന് സ്വീകരിക്കാൻ കഴിയുന്നതാണ്.

ശബരിമലയും സ്വാമി അയ്യപ്പന്റെ പുങ്കാവനവും പെരിയാർ വന്യമൃഗ സങ്കേതത്തിന്റെ പരിധിയിൽനിന്നൊഴിവാക്കാൻ നടപടി

72 [3798] ശ്രീ. എം. മുരളി:

,, കെ. ബാബു:

,, ടി. എൻ. പ്രതാപൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയും സ്വാമി അയ്യപ്പന്റെ പുങ്കാവനവും പെരിയാർ വന്യമൃഗ സങ്കേതത്തിന്റെ ഭാഗമാണോ;

(ബി) ഇത് ഒരു വന്യമൃഗസങ്കേതത്തിന്റെ ഭാഗമായി വച്ചുകൊണ്ടിരിക്കുന്നത് വന്യമൃഗസങ്കേതത്തിനും തീർത്ഥാടനകേന്ദ്രത്തിനും ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്താൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) പുങ്കാവനവും ശബരിമലയും പെരിയാർ വന്യമൃഗസങ്കേതത്തിന്റെ കോർ ഏരിയായിലാണോ സ്ഥിതി ചെയ്യുന്നത്;

(ഡി) അല്ലാത്തപക്ഷം പുങ്കാവനത്തേയും ശബരിമലയേയും പെരിയാർ വന്യമൃഗസങ്കേതത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) പുങ്കാവനത്തേയും ശബരിമലയേയും പെരിയാർ വന്യമൃഗസങ്കേതത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) വികസന പ്രവർത്തനങ്ങൾക്ക് തടസ്സം അനുഭവപ്പെടുന്നുണ്ട്.

(സി) അല്ല.

(ഡി ആന്റ് ഇ) കോർ ഏരിയായിൽപ്പെടാത്തതിനാലും ആൾ സഞ്ചാരം ഉള്ളതിനാലും റോഡുകളാൽ ബന്ധപ്പെട്ട് കിടക്കുന്നതിനാലും 500 ഹെക്ടർ സ്ഥലം പെരിയാർ ടൈഗർ റിസർവ്വ് ഏരിയയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിന് ദേവസ്വം ബോർഡ് പാർലമെന്റിന്റെ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി മുഖേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരുനെല്ലി ക്ഷേത്രത്തിലേക്കുള്ള റോഡ് നന്നാക്കാൻ നടപടി

73 [3799] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുനെല്ലി ക്ഷേത്രത്തിൽ എത്തിച്ചേരുന്നതിനായി മെയിൻ റോഡിൽനിന്നും 360 മീറ്റർ റോഡും ചെറിയ പാലവും നന്നാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം വിനോദസഞ്ചാരവകുപ്പിന്റെ പരിഗണനയിലാണ്.

മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനുള്ള നടപടി

74 [3800] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ:

(ബി) ഇത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് അറിയിക്കുമോ?

ഉത്തരം

(എ) ബിൽ നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണം എന്ന നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അതിനാലാണ് ഇതിനുള്ള ബിൽ സഭയിൽ അവതരിപ്പിച്ചത്. സഭ ഇത് സെലക്ട് കമ്മിറ്റിയ്ക്ക് വിടുകയായിരുന്നു.

കുറുവന്തട്ടകഴകം പുമാല ഭഗവതി ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകുവാൻ നടപടി

75 [3801] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ രാമന്തളിയിലെ കുറുവന്തട്ടകഴകം പുമാല ഭഗവതി ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് നാല് വർഷത്തെ ശമ്പള കുടിശ്ശിക നൽകാനുണ്ടെന്നത് സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) തുച്ഛമായ വേതനംപറ്റി ജോലി ചെയ്യുന്ന പ്രസ്തുത ജീവനക്കാർക്ക് 2002-ലെ ശമ്പള കുടിശ്ശിക മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് മുഴുവൻ ശമ്പള കുടിശ്ശികയും നൽകുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2002 വരെയുള്ള വർഷങ്ങളിലെ ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ട്.

(സി) ബാക്കിയുള്ള തുക ഉടനടി കൊടുത്ത് തീർക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നുണ്ട്.

മകരവിളക്കിന് സന്നിധാനത്ത് എത്തുന്നവർക്ക് കുടിവെള്ളം, വാഹന പാർക്കിംഗ് സൗകര്യങ്ങൾ

76 [3802] ശ്രീ. ഡൊമനിക് പ്രസന്റേഷൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ഡി. സതീശൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മകരവിളക്കിന് സന്നിധാനത്ത് എത്ര പേരെത്തിയിരുന്നു;

(ബി) ഇവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ സ്ഥലമെവിടെ ആയിരുന്നു;

(സി) വാഹനം പാർക്ക് ചെയ്തശേഷം നിലയ്ക്കലെത്താൻ എത്ര കിലോ മീറ്റർ നടക്കണമായിരുന്നു;

(ഡി) ഇവരുടെ വാഹനം പമ്പവരെ വരുന്നതിന് തടസ്സം ഏർപ്പെടുത്തിയത് എന്തിനായിരുന്നു;

(ഇ) മകരവിളക്കിന്റെ തലേദിവസവും അന്നും പിറ്റേദിവസവും നിലയ്ക്കൽ മുതൽ സന്നിധാനം വരെ തിങ്ങിക്കൂടിയ ആളുകൾക്ക് കുടിവെള്ളം നൽകാൻ ഏർപ്പാടുണ്ടായിരുന്നോ;

(എഫ്) എങ്കിൽ എത്ര സമയത്തേക്ക് കുടിവെള്ള വിതരണമുണ്ടായിരുന്നു;

(ജി) ഇനിയെങ്കിലും തീർത്ഥാടകർക്ക് മകര വിളക്കിന് തലേന്നും അന്നും പിറ്റേദിവസവും കുടിവെള്ളം കൊടുക്കാൻ ഏർപ്പാടുണ്ടാക്കുമോ;

(എച്ച്) തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവിധത്തിലുള്ള പാർക്കിംഗ് ഏർപ്പാട് അവസാനിപ്പിക്കുമോ?

ഉത്തരം

(എ) ഏകദേശം മൂന്നുകോടി തീർത്ഥാടകർ എത്തിയിരുന്നു എന്ന് കണക്കാക്കുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പാമെയിൻ പാർക്കിംഗ് ഗ്രൗണ്ട്, പമ്പാ ഹിൽടോപ്പ്, ചക്കുപാലം, ത്രിവേണി, ചാലക്കയം, ചിന്നക്കയം, കുപ്പുറോഡ്, പോപ്പ്സൺ കുപ്പ്റോഡ്, നിലയ്ക്കൽ, പ്ളാപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു പാർക്കിംഗ് ഏർപ്പെടുത്തിയിരുന്നത്.

(സി) വാഹനം പാർക്ക് ചെയ്യുന്ന നിലയ്ക്കലിനും പമ്പക്കും ഇടയിലായി കെ. എസ്. ആർ. ടി. സി. "ചെയിൻസർവ്വീസ്" ഏർപ്പെടുത്തിയിരുന്നു.

(ഡി) ഗതാഗതക്കുരുക്ക് ഒഴിവാക്കാനായിരുന്നു തീർത്ഥാടകരുടെ വലിയ വാഹനങ്ങൾ പമ്പവരെ വരുന്നത് ഒഴിവാക്കിയത്.

(ഇ—ജി) കുടിവെള്ള വിതരണത്തിൽ മുടക്കം വന്നിട്ടില്ല എങ്കിലും നിലവിലുള്ള ക്രമീകരണങ്ങൾ വിപുലപ്പെടുത്തുവാൻ കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) ഗതാഗതക്കുരുക്കുമൂലം തീർത്ഥാടകർക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കാനും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താനുമാണ് പോലീസ് വകുപ്പ് പാർക്കിംഗ് ക്രമീകരിക്കുന്നത്.

വടകര ഓർക്കട്ടേരി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങ്

77 [3803] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, കെ. എ. ചന്ദ്രൻ,

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ഓർക്കട്ടേരി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങിന് ദേവിക്ക് ചാർത്താനുള്ള പുടവ കായക്കൊടി മുസ്ലീം തറവാട്ടിൽനിന്ന് കൊടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കൊടുക്കുന്ന പുടവ മുസ്ലീം വനിതകൾ അണിയുന്ന കാച്ചിയാണോ;

(സി) ഹിന്ദു-മുസ്ലീം സൗഹാർദ്ദത്തിന്റെ മഹത്വം കാണിക്കുന്ന ഈ ഏർപ്പാടിന് പ്രചാരണം കൊടുക്കാനുദ്ദേശമുണ്ടോ;

(ഡി) വടകരയിൽ ഇതൊരു വലിയ ആഘോഷമാക്കുവാൻ വേണ്ട ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) വടകര ഓർക്കട്ടേരി ക്ഷേത്രം എച്ച്.ആർ. ആന്റ് സി. ഇ. വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രമല്ല; അതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി—ഡി) ഉദിക്കുന്നില്ല.

ക്ഷേത്രങ്ങളിൽ തമിഴിൽ എഴുതിയ ബോർഡുകളും അറിയിപ്പുകളും സ്ഥാപിക്കാൻ നടപടി

78 [3804] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തിരുവഞ്ചിക്കുളം ക്ഷേത്രം എന്നിവിടങ്ങളിൽ എത്തുന്ന ഭക്തരിൽ നല്ലൊരു ശതമാനവും തമിഴ്നാട്ടുകാരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കുവേണ്ടി പ്രത്യേകമായി എന്തെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ക്ഷേത്രങ്ങളിൽ തമിഴിൽ എഴുതിയ ബോർഡുകളും, അറിയിപ്പുകളും സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇവർക്കു മാത്രമായി പ്രത്യേക സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ദർശനം, വഴിപാട്, വിശ്രമം എന്നിവ സംബന്ധിച്ച് ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം തമിഴിൽ എഴുതിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങൾക്ക് എച്ച്.ആർ. ആന്റ് സി. മുഖേന സാമ്പത്തിക സഹായം

79 [3805] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എച്ച്. ആർ. ആന്റ് സി. കമ്മീഷൻ മുഖേന സാമ്പത്തിക സഹായം നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ ഇത്തരം സാമ്പത്തിക സഹായം നൽകുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റും അവസാനം ഓരോ ക്ഷേത്രത്തിനും നൽകിയ സഹായധനവും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) മേൽ സാമ്പത്തിക സഹായം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. വകുപ്പിന് കീഴിൽ, നിശ്ചിതസമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന അമ്പലങ്ങളെ അതത് ഏരിയാകമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷേത്ര പുനരുദ്ധാരണ ധനസഹായത്തിന് പരിഗണിച്ചുവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സി, ഡി, ഗ്രേഡിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വേണ്ടിവരുന്ന തുകയുടെ 30 ശതമാനം ക്ഷേത്രം വരുമാനത്തിൽനിന്നും എടുത്തശേഷം ബാക്കി തുക മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിച്ചു വരുന്നു.

കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

80 [3806] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രത്തിൽ ഭക്തർക്കുവേണ്ടി നടപ്പാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കുമോ;

(സി) ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ സർക്കാർ ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ക്ഷേത്ര സമുച്ചയം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്തജനങ്ങളുടെ ആവശ്യം പരിഗണിച്ച് കംഫർട്ട് സ്റ്റേഷൻ, ക്ലോക്ക് റൂം എന്നിവ ഏർപ്പെടുത്തുകയും ഭക്തജനങ്ങളുടെ വിശ്രമത്തിനും താമസത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ക്ഷേത്രക്കുളം വൃത്തിയായി സൂക്ഷിച്ചു വരുന്നു. ദർശനത്തിനും വഴിപാടുകൾ നടത്തുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രനട ഉച്ചയ്ക്ക് 12 മണി വരെ തുറന്നു വയ്ക്കുന്നുണ്ട്.

(സി) ക്ഷേത്ര സമുച്ചയത്തിന്റെ നവീകരണവും പഴയ ചെമ്പോലകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പണിയും കൊച്ചിൻ ദേവസ്വം ബോർഡ് നടത്തി കൊണ്ടിരിക്കുകയാണ്.

ഔഷധങ്ങളുടെ ഉൽപ്പാദന വിതരണ മേഖല

81 [3807] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധങ്ങളുടെ ഉൽപ്പാദന വിതരണ മേഖലകളിൽ ദേശീയ അന്തർദേശീയ സ്വകാര്യ കുത്തക കമ്പനികളുടെ മേധാവിത്വം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഔഷധ വിപണന മേഖലയിൽ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന മെഡിക്കൽ-റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളുമായി ബന്ധപ്പെട്ട പരാതികൾ ഒഴിവാക്കുന്നതിന് വ്യാപകമായ ഗവൺമെന്റ് നിയന്ത്രിത വിപണന ശൃംഖല ഇപ്പോൾ നിലവിലില്ലെന്ന വസ്തുത ശ്രദ്ധിക്കുമോ;

(ഡി) പ്രധാനപ്പെട്ട ജില്ലാ, താലൂക്ക് ആശുപത്രി പരിസരങ്ങളിലെങ്കിലും അലോപ്പതി/ആയുർവേദ/ഹോമിയോ ഔഷധ വിതരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷ്യപൊതു വിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യ വകുപ്പിൽനിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 38 മാവേലി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്നുണ്ട്. ഈ മെഡിക്കൽ സ്റ്റോറുകളിൽകൂടി എല്ലാ വിധമരുന്നുകളും 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിലാണ് വിൽപ്പന നടത്തുന്നത്. മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്ഥലം ലഭിക്കുന്ന മുറയ്ക്ക് എല്ലാ ലാഭം മാർക്കറ്റിന്റെയും കൂടെ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ വകുപ്പ് മാവേലി മെഡിക്കൽ സ്റ്റോറുകൾ അനുവദിക്കുന്നുണ്ട്. 38 മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രധാന കേന്ദ്രങ്ങളിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പരിഗണനയിലുണ്ട്. ഈ പദ്ധതിയിൽ അലോപ്പതി ഔഷധങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വിള ഇൻഷ്വറൻസ് പദ്ധതി

82 [3808] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിളകളെ ഉൾപ്പെടുത്തിയാണ് വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നിട്ടുള്ളത്.

(ബി) ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ ഇതുവരെ അംഗങ്ങളായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി മുഴുവൻ കർഷകർക്കും പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടുവിള ഇൻഷ്വറൻസ് പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രകൃഷി ഇൻഷ്വറൻസ് പദ്ധതിയും. സംസ്ഥാനകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ തെങ്ങ്, കമുങ്ങ്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കേന്ദ്രകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, മഞ്ഞൾ, ഇഞ്ചി എന്നീ വിളകളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) കേന്ദ്രകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ 158,663 കർഷകരെ നാളിതുവരെയായി അംഗങ്ങളായി ചേർത്തിട്ടുണ്ട്. സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയിൽ 122,657 കർഷകരും അംഗങ്ങളായിട്ടുണ്ട്. സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ദേശീയകൃഷി ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചു പുരോഗതി അവലോകനം ചെയ്തപ്പോൾ ലോണെടുക്കാത്ത കർഷകരുടെ പങ്കാളിത്തം പദ്ധതിയിൽ തൃപ്തികരമായ അളവിൽ ഇല്ലാത്തതിനാൽ തിരഞ്ഞെടുത്ത കൃഷിഭവനുകളും കേന്ദ്രമാക്കി വ്യാപകമായ പരസ്യം നടത്തുവാനും, കിസ്സാൻ പദ്ധതി, എഫ്.ഐ.ബി. പ്രസിദ്ധീകരണങ്ങൾ എന്നിവ വഴി മാദ്ധ്യമ പരസ്യം നൽകാനും അതുവഴി കർഷകരെ കൂടുതലായി പദ്ധതിയിൽ അംഗങ്ങളാക്കാനും നടപടി തുടങ്ങിയിട്ടുണ്ട്.

വരൾച്ചയെത്തുടർന്നു കാർഷിക മേഖലയിലുണ്ടായ നഷ്ടം

83 [3809] ശ്രീ. പി. ജയരാജൻ:

,, വി. കെ. സി. മമ്മത്കോയ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയെത്തുടർന്ന് കാർഷികമേഖലയിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) കാർഷിക മേഖലയിലുണ്ടായ നഷ്ടത്തിനു പരിഹാരം കാണാൻ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ എന്തുതുക വീതം കേന്ദ്രത്തിൽനിന്നും ലഭിച്ചു; ഇതിൽ എന്തുതുക വീതം ചെലവഴിച്ചു;

(ഡി) കേന്ദ്രത്തിൽനിന്നും ലഭിച്ച തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്ര;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാലയളവിൽ വരൾച്ചമൂലം കൃഷിനശിച്ച കർഷകർക്ക് എന്തു തുക വീതം സംസ്ഥാന സർക്കാർ ചെലവഴിച്ചു;

(എഫ്) ഓരോ വർഷവും എത്ര ഏക്കർ സ്ഥലത്തെ കൃഷിയാണ് നശിച്ചതെന്നും അതുമൂലം ഓരോ വർഷവും ഉണ്ടായ നഷ്ടം എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 1431.46 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. രണ്ടു മെമ്മോറാണ്ടങ്ങൾ സംസ്ഥാനസർക്കാർ കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. 1479.02 കോടി രൂപയുടെ ധനസഹായമാണ് ഇതു വഴി ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര സഹായമൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(സി കേന്ദ്രഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായമൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 2004-2005 വർഷത്തിൽ ഇതുവരെ 3467.58 ലക്ഷം രൂപ ചെലവഴിച്ചു. മുൻവർഷങ്ങളിൽ നൽകിയ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 2003-2004-ൽ 172673 ഹെക്ടർ സ്ഥലത്ത് 1431.46 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

വരൾച്ച ദുരിതാശ്വാസത്തിനുള്ള ധനസഹായ വിതരണം

84 [3810] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വരൾച്ച ദുരിതാശ്വാസത്തിലുള്ള ധനസഹായ വിതരണത്തിനായി അനുവദിച്ച തുകയും വിത്തുകളും എല്ലാ കൃഷിഭവനുകളിലൂടെയും വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) കൃഷിനാശം സംഭവിച്ച അനേകം പഞ്ചായത്തുകൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ കുറഞ്ഞുപോകുകയോ തീരെ ലഭ്യമാക്കാതിരിക്കുകയോ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം സംഭവിച്ചവർക്ക് അനുവദിച്ച ധനസഹായം

85 [3811] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകർക്കു അനുവദിച്ച ധനസഹായം ട്രഷറി നിയന്ത്രണംമൂലം കർഷകർക്ക് ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനു സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(സി) ദുരിതാശ്വാസ സംഖ്യ കർഷകർക്കു ലഭ്യമാക്കുന്നതിനായി പ്രസ്തുത ഇനം ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടപരിഹാരത്തിനു ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. പ്രതിമാസ ട്രഷറി നിയന്ത്രണത്തിൽനിന്നും ഇതു ഒഴിവാക്കിയിട്ടുണ്ട്.

(സി) ഈ കാര്യത്തിൽ ട്രഷറി നിയന്ത്രണം ഇല്ലാത്തതിനാൽ ദുരിതാശ്വാസം കർഷകർക്കു ലഭിക്കുന്നതിനു തടസ്സമില്ല. പണം അനുവദിക്കുന്നതിൽ താമസ മുണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കാം.

എറണാകുളം ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരതുക ലഭിക്കാൻ നടപടി

86 [3812] ശ്രീ. ടി. എച്ച് മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം ഉണ്ടായ കൃഷിനാശത്തിന് 2000-2001-ൽ നൽകിയ നഷ്ടപരിഹാരതുകയ്ക്കുള്ള ചെക്കും ഡ്രാഫ്റ്റും മറ്റും ട്രഷറിയിൽ നിന്നും മാറികിട്ടാത്തതുമൂലം എറണാകുളം ജില്ലയിലെ കൃഷിക്കാർക്ക് കൃഷി യിറക്കാൻ കഴിയാത്ത അവസ്ഥയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ചു ഏതെങ്കിലും എം.എൽ.എ.-യിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച ട്രഷറി ബാൻ നീക്കം ചെയ്ത് കർഷകർക്ക് വിളനാശ നഷ്ടപരിഹാരം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക നഷ്ടപരിഹാരം ലഭിക്കേണ്ട കർഷകർക്ക് ഇത് എന്നത്തേക്ക് നൽകും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രകൃതിക്ഷോഭത്തിൽ ഉണ്ടായ കൃഷിനാശം

87 [3813] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 വർഷത്തിൽ സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഉണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാരവും മറ്റ് വിധത്തിലുള്ള സഹായവുമായി 2003-2004 വർഷത്തിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്ര; അനുവദിച്ച തുക ഓരോ ജില്ലയിലും എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 2004-2005 വർഷത്തിൽ കാലവർഷക്കെടുതി മൂലം സംസ്ഥാനത്ത് ഉണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ; ഓരോ ജില്ലയിലേയും നഷ്ടത്തിന്റെ കണക്ക് വിശദമാക്കാമോ;

(ഡി) 2004-2005 കൃഷിനാശം സംഭവിച്ചതിന് തൃശൂർ ജില്ലയ്ക്ക് അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004 കാലഘട്ടത്തിൽ ഉണ്ടായ വരൾച്ചമൂലം 143.46 കോടി രൂപയുടെ നാശനഷ്ടവും കാലവർഷക്കെടുതിമൂലം 15.52 കോടി രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച നഷ്ടപരിഹാര തുകയും ചെലവഴിച്ച തുകയും അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ കാലവർഷക്കെടുതിമൂലം 177.46 കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ഇതിന്റെ ജില്ല തിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. †

(ഡി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി തൃശൂർ ജില്ലയ്ക്ക് 131.31 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിൽ വരൾച്ചാദുരിതാശ്വാസത്തിന്റെ ഭാഗമായി ചകിരിച്ചോറ് വിതരണം

88 [3816] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കർഷകർക്ക് ചകിരിച്ചോറ് വിതരണം ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എന്താവശ്യത്തിന് വേണ്ടിയാണ് ഇതു വിതരണം ചെയ്തതെന്നു വെളിപ്പെടുത്താമോ;

(സി) തമിഴ്നാട്ടിൽ ഉപയോഗശൂന്യമായ ചകിരിച്ചോറാണ് ഇത്തരത്തിൽ വിതരണം ചെയ്തതെന്ന പരാതി ഗവൺമെന്റു അന്വേഷിക്കുമോ;

(ഡി) ഇതു സംബന്ധമായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ചകിരിച്ചോറു വിതരണം ചെയ്യാൻ കൃഷിവകുപ്പു എത്രരൂപ ചെലവഴിച്ചു വെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ ഇടപാടിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇതുസംബന്ധിച്ചു കൃഷിവകുപ്പിനു പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ ആന്റ് എഫ്) ചോദ്യം ഉദിക്കുന്നില്ല.

കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി

89 [3817] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-3-1994-ലെ കൃഷി (പ്ലാനിംഗ് ബി) വകുപ്പ് നം.സ.ഉ. (എം.എസ്.) 122/94/തിരുവനന്തപുരം എന്ന ഉത്തരവ് പ്രകാരം കാർഷിക മേഖലയിലെ പ്രത്യേക തൊഴിൽദാന പദ്ധതിയിൽ എത്ര പേർ അംഗത്വം എടുത്തുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര യുവജനങ്ങൾക്ക് തൊഴിൽ നൽകി;

(സി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) 98,861 പേർ

(ബി) ഇവരിൽ 81,722 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതി നവീകരിച്ചു മുൻപോട്ടു കൊണ്ടുപോകുന്നതിനും സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നബാർഡിന്റെ അനുബന്ധ സ്ഥാപനമായ നാബ്കോൺസിനെ ചുമതലപ്പെടുത്തിയിരുന്നു. നാബ്കോൺസ് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

കോൾ ഡവലപ്പ്മെന്റ് ഏജൻസിയുടെ നിർമ്മാണ പ്രവർത്തികൾ

90 [3818] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾവികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോൾ ഡെവലപ്പ്മെന്റ് ഏജൻസി (കെ.ഡി.എ.)-യുടെ 6 നിർമ്മാണ പ്രവർത്തികൾ വീണ്ടും തുടങ്ങുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കേസുകൾ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകൾ പിൻവലിക്കാനാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കേസുകളുടെ നടത്തിപ്പിന് ഇതുവരെ എത്ര സംഖ്യ ചെലവഴിച്ചു;

(ഇ) സർക്കാർ ഉത്തരവനുസരിച്ച് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടോ; കരാറുകാരൻ സർക്കാരിന് എതിരായി കൊടുത്ത കേസുകൾ പിൻവലിച്ചിട്ടുണ്ടോ;

(എഫ്) 7-1-2003-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 22/2003/എഡി ഉത്തരവനുസരിച്ച് കെ. ഡി. എ.-യും ബന്ധപ്പെട്ട കരാറുകാരനും തമ്മിൽ ഉണ്ടായിട്ടുള്ള എഗ്രിമെന്റുകൾ എന്തെല്ലാമാണ്;

(ജി) ഈ കരാറുകാരന് 7-1-2003-ലെ ഉത്തരവനുസരിച്ച് എത്ര സംഖ്യ നൽകിയിട്ടുണ്ട്;

(എച്ച്) കരാറുകാരൻ 6 നിർമ്മാണ ജോലികൾ പൂർത്തിയാക്കിയോ എന്ന് വ്യക്തമാക്കാമോ; ഈ വർക്കുകളുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേസിൽപെട്ട് പൂർത്തീകരിക്കാതിരുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാണ് ഉത്തരവ് നൽകിയിരിക്കുന്നത്.

(ബി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) മുകളിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിൻപ്രകാരം കേസിൽപ്പെട്ട ആറു പണികളെ സംബന്ധിച്ച എല്ലാ കേസുകളും പിൻവലിക്കാനാണ് ഉത്തരവായത്.

(ഡി) കെ.എൽ.ഡി.സി. 13,400 രൂപ പ്രസ്തുത കേസിനായി ചെലവഴിച്ചിട്ടുണ്ട്.

(ഇ) കേസുകൾ എല്ലാം പിൻവലിച്ചിട്ടുണ്ട്.

(എഫ്) മുടങ്ങിക്കിടക്കുന്ന ആറു പ്രവർത്തികളും 15-4-2003-ന് പുനരാരംഭിക്കണമെന്നും പുരോഗതി അനുസരിച്ച് തയ്യാറാക്കുന്ന ബില്ലുകളിൽ നിന്നും 30 ശതമാനം സംഖ്യ അഡ്വാൻസിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യണമെന്നും 6 പ്രവർത്തികളിൽ 3 പ്രവർത്തികൾ 15-5-2004-ലും ബാക്കി 3 പ്രവർത്തികൾ 31-3-2005-ലും പൂർത്തീകരിക്കണമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ജി) 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(എച്ച്) കരാറുകാരൻ കരാറിലെ വ്യവസ്ഥ പ്രകാരം 15-5-2004-ൽ തീർക്കേണ്ടതായ 3 പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. ബാക്കി മൂന്ന് പ്രവർത്തികളുടെ പുരോഗതിയും തൃപ്തികരമല്ല.

കൊപ്രയുടെ താങ്ങുവില

91 [3819] ഡോ. തോമസ് ഐസക്:

ശ്രീ. പീരപ്പൻകോട് മുരളി:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ മിൽ കൊപ്രായ്ക്കും, ഉണ്ട കൊപ്രായ്ക്കും ക്വിന്റലിന് എന്തു വിലയാണ് താങ്ങുവിലയായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

2004 സീസണിലേക്ക് കൊപ്രയുടെ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4500 രൂപയും, ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 4750 രൂപയും താങ്ങുവില പ്രഖ്യാപിയ്ക്കണമെന്ന് സംസ്ഥാനം കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചിറ്റൂർ മേഖലയിൽ നാളികേരത്തിന്റെ ഉൽപ്പാദനം

92 [3820] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി തെങ്ങുകൃഷി ചെയ്യുന്ന ചിറ്റൂർ മേഖലയിൽ നാളികേരത്തിന്റെ ഉൽപ്പാദനം കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കൃഷി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തെങ്ങിൽനിന്നും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തെങ്ങിൽനിന്ന് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം തെങ്ങുകൃഷിയിടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണറുകളും പമ്പുസെറ്റുകളും സ്ഥാപിക്കൽ, സംയോജിത വളപ്രയോഗം ജൈവവള വിത്തുവിതരണം, സംയോജിത കീടരോഗ നിയന്ത്രണം, നല്ലയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യൽ, അതുപോലെ വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗബാധിതമായ തെങ്ങുകൾ വെട്ടിനീക്കൽ എന്നിവയും ചെയ്യുന്നു. 975 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

(2) നാളികേര വികസനബോർഡ് പദ്ധതികൾ മുഖാന്തിരം കാറ്റുവീഴ്ച രോഗം ബാധിച്ച ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനും, കാറ്റുവീഴ്ച രോഗപ്രതിരോധനടപടികൾക്ക് ഊന്നൽ നൽകുന്ന പരിചരണ മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുന്നതിനും, ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായധനം നൽകുന്നു. റ്റി × ഡി തെങ്ങിൻ തൈകൾ വിതരണം നടത്തുന്നു. പ്രസ്തുത പദ്ധതിക്കായി 283.625 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(3) ടെക്നോളജി മിഷൻ പദ്ധതി മുഖേന 2002-2003 വർഷം മുതൽ 2006-2007 വരെയുള്ള കാലയളവിൽ 694,261 കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതും 347,130 നല്ലയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതും 73524 ഹെക്ടർ കൃഷിയിടങ്ങളിൽ സംയോജിത വളപ്രയോഗം അവലംബിക്കുന്നതുമാണ്. ഈ സാമ്പത്തിക വർഷം 3.81 കോടി ഇതിനായി ചെലവഴിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

"പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലെ ക്രമക്കേടുകൾ"

93 [3821] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ടരവർഷമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ വൻതോതിൽ ക്രമക്കേട് നടക്കുന്നതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2002-2003 വർഷം ചിറ്റൂർ പ്രദേശത്ത് വിതരണം ചെയ്ത ഗുണ നിലവാരം കുറഞ്ഞ "കയർ പിത്ത് കമ്പോസ്റ്റുവളം" കൂടിയ വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്തതിലെ ക്രമക്കേടുകളെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തുമോ;

(സി) വരൾച്ച ദുരിതാശ്വാസ പദ്ധതികളുടെ ഭാഗമായി വിതരണം ചെയ്ത ഗുണനിലവാരം കുറഞ്ഞ നെൽവിത്തിനെക്കുറിച്ചുള്ള പരാതിയിന്മേൽ അന്വേഷണം നടത്തുമോ;

(ഡി) 2002-ൽ കർഷകർക്ക് വിതരണം ചെയ്ത ചുണ്ണാമ്പ് സംബന്ധിച്ച ക്രമക്കേടുകളെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) വനിതകളടക്കമുള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുന്നതായുള്ള പരാതി ഗവൺമെന്റ് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ മുതലമട കൃഷിഭവൻ പരിധിയിലെ നെൻമേനി നെല്ലുൽപാദക സമിതി ഒരു പരാതി നൽകിയിരുന്നു. സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തുകയും ആരോപണം അടിസ്ഥാനരഹിതമാണെന്നു തെളിയുകയും ചെയ്തു.

പാലക്കാട് ജില്ലയിലെതന്നെ മലമ്പുഴ ആർ. എ. റ്റി. റ്റി. സി.-യിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ ക്രമക്കേടും കൃത്യവിലോപവും നടത്തിയതായും ഇത് പരിശോധിച്ചു കണ്ടുപിടിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ആർ. റ്റി. 1546/03/എ.ഡി. തീയതി 17-11-2003 പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. തുടർന്നു സ. ഉ. (ആർ.ടി.) 254/04/എ.ഡി. തീയതി 17-2-2004 ഉത്തരവ് പ്രകാരം സീനിയർ ഫിനാൻസ് ഓഫീസറെ അന്വേഷണ ഓഫീസറായി നിയമിക്കുകയും അനന്തര നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി ആന്റ് സി) ഇങ്ങനെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാലക്കാട് ജില്ലയിൽ ചുണ്ണാമ്പ് വിതരണം ചെയ്തതിൽ അഴിമതി നടന്നതായി ആരോപിച്ച് ഒരു പരാതി ലഭിച്ചിരുന്നതിന്മേൽ അന്വേഷണം നടത്തിയ സ്പെഷ്യൽ വിജിലൻസ് സെൽ കൃഷിഭവനുകളിലെ രജിസ്റ്ററുകൾ പരിശോധിക്കുകയും പാടശേഖര സമിതികൾക്ക് ശരിയായ അളവിൽ തന്നെയാണ് ചുണ്ണാമ്പ് വിതരണം ചെയ്തിട്ടുള്ളത് എന്നു കണ്ടെത്തുകയുമുണ്ടായി. നേരിൽ പോയി കണ്ട കർഷകർ ആരുംതന്നെ ചുണ്ണാമ്പ് വിതരണത്തെ സംബന്ധിച്ചു പരാതിപ്പെട്ടിട്ടില്ല. സർക്കാർ ഏജൻസിയായ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയാണ് ചുണ്ണാമ്പ് വിതരണം ചെയ്തത്. അധിക വിലയ്ക്ക് വാങ്ങി വിതരണം നടത്തി എന്നതാണ് ആരോപണം. വിതരണ ഏജൻസിയിലെ റിക്കാർഡുകളും മറ്റും വിശദമായി പരിശോധിക്കുവാനും പരാതിക്കാരിൽ നിന്നും തെളിവുകൾ ശേഖരിക്കുവാനും അതനുസരിച്ച് അഴിമതി നടന്നിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇങ്ങനെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തേയില കൃഷി പരിപോഷിപ്പിക്കുന്നതിന് പദ്ധതി

94 [3823] ശ്രീ. സി. ടി. അഹമ്മദ് അലി:
" പി. കെ. കെ. ബാവ:
" സി. മോയിൻകുട്ടി:
" ഇസ്ഹാക് കുരിക്കൾ:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തേയില കൃഷി പരിപോഷിപ്പിക്കുന്നതിന് ഗവൺമെന്റ് നടത്തുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് തേയിലയുടെ ഉത്പാദനം എത്രയായിരുന്നു;

(സി) ആഭ്യന്തര വിപണിയിൽ വിറ്റ തേയിലയുടെ അളവ് എത്ര;

(ഡി) കയറ്റുമതി ചെയ്ത തേയിലയുടെ അളവ് എത്ര;

(ഇ) തേയില കയറ്റുമതി ഇനത്തിൽ നേടിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ആശ്വാസ നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ട് 2-6-2004 തീയതിയിൽ ജി.ഒ. (ആർ.റ്റി.) 542/2004/ഐ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തേയില തോട്ടങ്ങളെ കാർഷികാദായ നികുതിയിൽ നിന്നും തോട്ട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ തേയില കൃഷി പരിപോഷിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 52.07 ദശലക്ഷം കിലോഗ്രാം തേയില ഉത്പാദിപ്പിച്ചു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ആഭ്യന്തര വിപണിയിൽ (ഇന്ത്യയിലാകെ) ഉദ്ദേശം 710 ദശലക്ഷം കിലോഗ്രാം തേയിലയും സംസ്ഥാനത്ത് ഉദ്ദേശം 48 ദശലക്ഷം കിലോഗ്രാം തേയിലയും വിറ്റു.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിൽ നിന്നും ഉദ്ദേശം 173 ദശലക്ഷം കിലോഗ്രാം തേയിലയും കൊച്ചി തുറമുഖം വഴി ഉദ്ദേശം 45 ദശലക്ഷം കിലോഗ്രാം തേയിലയും കയറ്റുമതി ചെയ്തു.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിൽ നിന്നും ഉദ്ദേശം 1550 കോടി രൂപയുടെയും കൊച്ചി തുറമുഖം വഴി ഉദ്ദേശം 279 കോടി രൂപയുടെയും തേയില കയറ്റുമതി ചെയ്തിട്ടുണ്ട്.

"റബ്ബർ സംഭരണം, കയറ്റുമതി എന്നിവയ്ക്ക് സബ്സിഡി ഇനത്തിൽ നൽകാനുള്ള തുക"

95 [3824] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1995 മുതൽ റബ്ബർ സംഭരണം കയറ്റുമതി എന്നിവയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച സബ്സിഡി, കൈകാര്യച്ചെലവ് എന്നീ ഇനങ്ങളിൽ എത്ര കോടി രൂപ സർക്കാർ ഇനി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബർ സംഭരണത്തിന് ചുമതലപ്പെടുത്തിയ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപാവീതം ഏതെല്ലാം കാലയളവിലേക്ക് ഇനിയും നൽകാനുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഇതിനകം ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ഈ തുക എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് റബ്ബർ സംഭരണം, കയറ്റുമതി എന്നിവയ്ക്കുള്ള സബ്സിഡി ക്ലെയിമുകൾ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികളും കൃഷി ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ള വെരിഫിക്കേഷൻ ടീമും പരിശോധിച്ചു വരികയാണ്. പരിശോധന പൂർത്തിയായശേഷമേ സബ്സിഡി, കൈകാര്യച്ചെലവ് എന്നീ ഇനങ്ങളിൽ എത്ര രൂപ നൽകാനുണ്ടെന്ന് വ്യക്തമാകൂ. റബ്ബർ സംഭരണത്തിന് ചുമതലപ്പെടുത്തിയിരുന്ന ഏജൻസികൾ ഇൻഫാം, റബ്കോ, റബ്ബർ മാർക്ക്, കേരള വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റബ്ബർ സംഭരണത്തിന് ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ പാക്കേജിനു മുമ്പുള്ള കാലയളവിൽ (18-2-2002-ന് മുമ്പ്) 3.95 കോടി രൂപ നൽകിയിട്ടുണ്ട്. ആയത് താഴെപറയും പ്രകാരമാണ്:

റബ്ബർ മാർക്ക്	..	1.53 കോടി
റബ്കോ	..	2.00 ,,
വെയർഹൗസിംഗ് കോർപ്പറേഷൻ	..	0.42 ,,

ഇതിനുപുറമേ ഈ വർഷം സ്പെഷ്യൽ പാക്കേജിന് മുൻപത്തെ കയറ്റുമതി സബ്സിഡിയായി 18,13,000 രൂപ ഇൻഫാമിന് നൽകിയിട്ടുണ്ട്. സ്പെഷ്യൽ പാക്കേജ് കാലയളവിൽ (18-2-2004-ന് ശേഷം) റബ്ബർ സംഭരണം/ കയറ്റുമതി എന്നിവയ്ക്ക് ചുമതലപ്പെടുത്തിയ ഏജൻസികൾക്ക് 1.644 കോടി രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ഏജൻസി തിരിച്ചുള്ള വിവരം ചുവടെ പറയുന്നു:

റബ്ബർ മാർക്ക്	..	1.070 കോടി
റബ്കോ	..	0.481 ,,
ഇൻഫാം	..	0.093 ,,

(ഡി) ക്ലെയിമുകളുടെ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

"പെരുമണ്ണയിൽ കൃഷിഭവൻ"

96 [3825] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപം കൊണ്ട പെരുമണ്ണ പഞ്ചായത്തിൽ (കോഴിക്കോട് ജില്ല, കുന്ദമംഗലം മണ്ഡലം) കൃഷിഭവൻ ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ കൃഷിഭവൻ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പെരുമണ്ണ കൃഷിഭവൻ എന്നുമുതൽ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പെരുമണ്ണ പഞ്ചായത്ത് ഉൾപ്പെടെ പുതുതായി രൂപീകരിച്ച 20 പഞ്ചായത്തുകളിലും കൃഷിഭവൻ രൂപീകരിക്കുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ട്. അടുത്ത വാർഷിക പദ്ധതിയിൽ ഈ നിർദ്ദേശം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

"ആശ്രിതർക്ക് ജോലി നൽകുന്നതിന് പാലിക്കുന്ന നിബന്ധനകൾ"

97 [3831] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പിൽ സർവ്വീസിലിരിക്കെ എത്ര ജീവനക്കാർ മരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി വകുപ്പിൽ സർവ്വീസിലിരിക്കെ മരണമടയുന്ന ആശ്രിതർക്ക് ജോലി നൽകുന്നതിന് പാലിക്കുന്ന നിബന്ധനകൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി നൽകി;

(ഡി) കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ കൃഷി വികസന ഓഫീസിൽ കൃഷി അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. ഭാസ്കരൻ നായർ സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇദ്ദേഹത്തിന്റെ ആശ്രിതർ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലിയ്ക്ക് അപേക്ഷിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരാണ് അപേക്ഷ നൽകിയത് എന്നും പരേതനുമായി അപേക്ഷകനുള്ള ബന്ധം എന്താണെന്നും വ്യക്തമാക്കാമോ;

(ജി) ഇതിന്മേൽ കൈക്കൊണ്ട നടപടി വിശദീകരിക്കാമോ; അപേക്ഷകന് എന്ന് ജോലി ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 24-5-1999-ലെ സർക്കാർ ഉത്തരവ് (പി) നം. 12/99/പി. ആന്റ് എ. ആർ. ഡി.-ലെ പൊതു നിബന്ധനകൾ പ്രകാരമാണ് കൃഷി വകുപ്പിലും ജോലി നൽകുന്നത്.

(സി) 69 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ശ്രീ. സജിൻ, കെ. ബി., മകൻ

(ജി) അപേക്ഷ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. നിലവിലുള്ള നിബന്ധനകൾ അനുസരിച്ചുള്ള നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷയുടെ മുൻഗണനാക്രമം അനുസരിച്ച് നിയമനം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനത്തു നിന്നു വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ നടപടി

98 [3833] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന പാലിന്റെ നല്ലൊരു പങ്കും അന്യ സംസ്ഥാനത്തുനിന്നുമാണ് വരുന്നത് എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഉദ്ദേശം 5 ലക്ഷം ലിറ്റർ പാൽ മാത്രം പ്രതിദിനം അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് ക്ഷീരവികസന വകുപ്പിനും ആരോഗ്യവകുപ്പിനും സംവിധാനമുണ്ട്. അതുപോലെ മിൽമ കൊണ്ടു വരുന്ന പാൽ ഡയറി പ്ലാന്റുകളിൽ വിശദമായ പരിശോധനകൾക്ക് വിധേയമാക്കി യതിനുശേഷമാണ് സ്വീകരിക്കുന്നത്.

(സി) വിജ്ഞാന വ്യാപനം, ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും, പച്ചപ്പുൽകൃഷി വ്യാപന പരിപാടി, പാൽ വിപണനത്തിനായി സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കന്നുകാലികളിലെ രോഗപ്രതി രോധത്തിനായി നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ യുള്ള പരിപാടി, കൃത്രിമ ബീജദാനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികൾ എന്നിവ നടപ്പിലാക്കിവരുന്നു.

മിൽമയും മദർഡയറി പ്രോജക്ടും ചേർന്നുള്ള കരാറിന്റെ വിശദാംശങ്ങൾ

99 [3834] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയും മദർഡയറി പ്രോജക്ടും ചേർന്നുള്ള കരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സംയുക്ത സംരംഭത്തിൽ നിന്നും മിൽമ പിന്മാറാൻ തീരുമാനിച്ചതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സംയുക്ത സംരംഭത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന പൊതു അഭിപ്രായങ്ങളും, ക്ഷീരകർഷകരുടെ ആശങ്കകളും പരിശോധിച്ച ശേഷമായിരുന്നോ കരാറിലേർപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സംയുക്ത സംരംഭത്തിൽ മിൽമയ്ക്ക് നഷ്ടമെന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കരാറിന്റെ പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു:

1. മിൽമയുടെ മേഖലാ യൂണിയനുകൾ ഉല്പാദിപ്പിക്കുന്ന പാലും പാലുൽപ്പന്നങ്ങളും വിപണനം ചെയ്യുന്നത് സംയുക്ത സംരംഭ കമ്പനി ആണ്.

2. പാലും തിരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങളും മിൽമ എന്ന വ്യാപാര നാമത്തിലാണ് വിൽപ്പന നടത്തുന്നത്.

3. പാലും പാലുൽപ്പന്നങ്ങളും മേഖലാ യൂണിയനുകളിൽ നിന്ന് വാങ്ങുന്നത് ഫെഡറേഷനുമായി വർഷാവർഷം ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ്.

4. പാലിന്റെ സംഭരണവില നിശ്ചയിക്കുവാനുള്ള അധികാരം പൂർണ്ണമായും മേഖലാ യൂണിയനുകൾക്കും ഫെഡറേഷനുമായിരിക്കും.

5. മേഖലാ യൂണിയനുകളുടെ ഡയറികളുടെ വികസനത്തിനും, ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നതിനും വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

6. മേഖലാ യൂണിയനുകളിലും, ഫെഡറേഷനിലും വിപണന വിഭാഗത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ കമ്പനി തിരഞ്ഞെടുത്ത് നിയമിക്കും.

7. കമ്പനി നിയമപ്രകാരം പബ്ലിക് ലിമിറ്റഡ് കമ്പനിയായിട്ടാണ് രജിസ്റ്റർ ചെയ്തത്.

8. സംയുക്ത സംരംഭ കമ്പനിയിൽ മിൽമയ്ക്ക് 49 ശതമാനം ഓഹരിയും മദർഡയറി ഫുഡ്സിന് 51 ശതമാനം ഓഹരിയും ആണ് ഉള്ളത്.

9. ഈ കമ്പനിയിൽ പങ്കാളികളായ മിൽമയ്ക്കും മദർഡയറി ഫുഡ്സിനും തങ്ങളുടെ ഓഹരി പുറത്ത് വിൽക്കുവാൻ സാധിക്കില്ല. വിൽക്കുവാൻ തയ്യാറാണെങ്കിൽ ഇതിൽ പങ്കാളികളായ കക്ഷികൾക്ക് മാത്രമേ വിൽക്കുവാൻ സാധിക്കുകയുള്ളൂ.

10. സംയുക്ത സംരംഭ കമ്പനിയുടെ ഭരണസമിതിയിൽ ഫെഡറേഷനിൽ നിന്നും നാലുപേരും മദർഡയറി ഫുഡ്സിൽ നിന്നും അഞ്ചുപേരും ഉണ്ടായിരിക്കും.

11. ഈ കമ്പനി ലാഭമുണ്ടാക്കുകയാണെങ്കിൽ ആയത് മിൽമയിൽ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകരുടെ ഉന്നതിക്കായി പൂർണ്ണമായും ഉപയോഗപ്പെടുത്തും.

(ബി) പ്രതീക്ഷിച്ച വിപണി വർദ്ധനവ് പാലിന് ലഭിക്കാത്തതും, നെയ്യ്, തൈര്, സംഭാരം എന്നിവ ഒഴികെയുള്ള പാലുൽപ്പന്നങ്ങളുടെ വിപണി നേരത്തെ ഉണ്ടായിരുന്നതിൽ നിന്നും കുറഞ്ഞതും മേഖലാ യൂണിയനുകൾക്ക് വരുമാനകുറവ് സംഭവിച്ചതും കാരണമാണ് സംയുക്ത സംരംഭത്തിൽ നിന്നും പിന്മാറാൻ മിൽമ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മിൽമയുടെ വളർച്ചയ്ക്ക് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കിയ ദേശീയ ക്ഷീരവികസന ബോർഡ് മുന്നോട്ട് വച്ച വിപണനത്തിന് സംയുക്ത സംരംഭം എന്ന ആശയം മേഖലാ യൂണിയനുകളും ഫെഡറേഷനും ചർച്ച ചെയ്യുകയുണ്ടായി.

(ഡി) പാലിന്റെ വിപണനത്തിൽ പ്രതീക്ഷിച്ച 11 ശതമാനം വർദ്ധനവിനു പകരം 7.4 ശതമാനം മാത്രമേ നേടുവാനായുള്ളൂ. നെയ്യ്, തൈര്, സംഭാരം ഒഴികെ മറ്റെല്ലാ പാലുൽപ്പന്നങ്ങളുടേയും വിപണനം നേരത്തേയുണ്ടായിരുന്നതിൽ നിന്നും വളരെ കുറഞ്ഞു. തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾക്ക് 2003-2004 വർഷം യഥാക്രമം 117.07 ലക്ഷം രൂപയും, 70.42 ലക്ഷം രൂപയും വരുമാനനഷ്ടം സംഭവിച്ചു.

കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങൾ

100 [3836] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നിലവിലുള്ള ഗവേഷണ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവ ഏത് കാലത്താണ് സ്ഥാപിക്കപ്പെട്ടതെന്നും അറിയിക്കാമോ;

(ബി) മാറിവരുന്ന കാർഷിക പരിസ്ഥിതികൾ അനുസരിച്ച് സർവ്വകലാശാലയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) കാർഷിക വിദ്യാഭ്യാസത്തിൽ നൂതനമായ കോഴ്സുകളും ഗവേഷണ കേന്ദ്രങ്ങളും ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും അവ സ്ഥാപിച്ച വർഷവും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി) കാർഷിക സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾ പുതിയതായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ ഈ വർഷം മുതൽ വെർച്വൽ യൂണിവേഴ്സിറ്റി നിലവിൽ വന്നിട്ടുണ്ട്.

കോഴിക്കുഞ്ഞുങ്ങളും കോഴിക്കൂടും നൽകുന്ന പദ്ധതി

101 [3837] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വനിതകൾക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളേയും കോഴിക്കൂടും നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരവും, തൃശ്ശൂർ, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരവും ആണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) വിവിധ ജില്ലകളിൽപ്പെട്ട പത്തൊൻപത് ബ്ലോക്കുകളിൽ കൂടി നടപ്പാക്കുവാൻ വേണ്ടി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തൊട്ടാകെ മറ്റു ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനായി മുപ്പത്തിയാറു കോടി രൂപയുടെ ഒരു പദ്ധതിയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വില വർദ്ധനവ്

102 [3838] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വിലയിൽ ഉണ്ടായ വർദ്ധനവിന്റെ കാരണങ്ങൾ വിശദീകരിക്കുമോ;

(ബി) വില വർദ്ധനവിന്റെ വിഹിതം ചെറുകിട ഉൽപ്പാദകർക്ക് ലഭ്യമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കയർ ഉൽപ്പന്നങ്ങളുടെ ആവശ്യകതയിലുണ്ടായ വർദ്ധനവ്, ഉൽപ്പാദന ച്ചെലവിന്റെ വർദ്ധനവ്, അസംസ്കൃത സാധനങ്ങളുടെ ലഭ്യതയിലുള്ള കുറവ്, എന്നിവ കയറ്റുമതി വില വർദ്ധിക്കുന്നതിന് കാരണമായി. കയർ പിത്തിന്റെ വർദ്ധിത തോതിലുള്ള കയറ്റുമതി കൂടി ഇതിനൊരു കാരണമായി.

(ബി) വാർഷിക വിറ്റുവരവിന്റെ 10 ശതമാനം വിപണന വികസന സഹായമായി (എം.ഡി.എ.) നൽകുന്നു. എം.ഇ.പി., പി.പി.ഇ.എസ്. പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റുമായി നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

"കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ"

103 [3839] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട്, ചകിരി എന്നിവയുടെ സംസ്കരണത്തിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്ന സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് തരം തിരിച്ച് നൽകാമോ;

(ബി) റബ്ബറൈസ്ഡ് കയർ കൊണ്ട് മെത്തകൾ നിർമ്മിക്കുന്ന എത്ര സ്ഥാപനങ്ങൾ കേരളത്തിലുണ്ടെന്നും അവ ഓരോന്നിന്റെയും പേര്, മേൽവിലാസം, സ്ഥാപിത ശേഷി, ഉൽപ്പാദനം എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകുമോ;

(സി) യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കും മെത്തകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കും ഏതെല്ലാം പദ്ധതികളിലൂടെ എത്ര തുക വീതം 2000-2001 മുതൽ സർക്കാർ നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്, കയർ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) റബ്ബറൈസ്ഡ് കയർ മെത്തകൾ ഉണ്ടാക്കുന്ന പതിനൊന്നോളം യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ക്രമനമ്പർ 1, 4 എന്നിവയുടെ സ്ഥാപിത ശേഷി, ഉൽപ്പാദനം, അവയുടെ പേരും, മേൽവിലാസവും അനുബന്ധമായി ചേർക്കുന്നു.† ബാക്കി യൂണിറ്റുകളുടെ സ്ഥാപിതശേഷിയും ഉൽപ്പാദനവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) സഹകരണ മേഖലയിലുള്ള ചിറയിൻകീഴ്, അഞ്ചുതെങ്ങ് കയർ സഹകരണ സംഘത്തിന് മെത്ത നിർമ്മിക്കുന്ന യൂണിറ്റു സ്ഥാപിക്കുന്നതിനായി 234.65 ലക്ഷം രൂപ എൻ.സി.ഡി.സി.-യുടെ സഹായത്തോടെ അനുവദിച്ചിട്ടുണ്ട്. യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ തുക ഒന്നും നൽകിയിട്ടില്ല.

കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ സഹായത്തോടെയുള്ള പദ്ധതികൾ

104 [3840] ശ്രീ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപരിസ്ഥിതി വനം മന്ത്രാലയത്തിന്റെ സഹായത്തോടെ ഏതെല്ലാം പദ്ധതികൾ എന്നുമുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ ഓരോന്നിനും എന്തു തുക വീതം ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ഓരോന്നിനും എന്തു തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ധനസഹായത്തിനായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിയുടെ അടങ്കൽ തുക എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഡി) സമർപ്പിച്ച ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്നും ഏതെല്ലാം നടപ്പിലാക്കി തുടങ്ങിയെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും 30-6-2004 വരെ ചെലവഴിച്ച തുകയും എത്ര വീതമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വന്യജീവി മേഖലയുടെ വികസനത്തിനായി 50 ശതമാനം കേന്ദ്രസഹായത്തോടെയുള്ള സംയുക്ത പദ്ധതികളും പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് എലിഫന്റ്, ബയോഫിയർ റിസർവിനുവേണ്ടിയുള്ള പദ്ധതികൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നുണ്ട്. ഇതൊടൊപ്പം ലോകബാങ്ക് സഹായത്തോടെ തേക്കടിയിൽ ഇക്കോ ഡവലപ്മെന്റ് പദ്ധതിയും, മറ്റു സംരക്ഷിത മേഖലകളിൽ കേരള ഫോറസ്ട്രീ പോജക്ടിന്റെ ഘടകമായുള്ള പ്രത്യേക സ്കീമുകളും നടപ്പിലാക്കിവരുന്നു.

ഇവയിൽ 50 ശതമാനം കേന്ദ്രസഹായമുള്ള സംയുക്ത പദ്ധതികൾ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി 1997-98 മുതലും പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതികൾ (100 ശതമാനം) 1991-92 വർഷം മുതലും ലോകബാങ്ക് സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി 1996 ഡിസംബർ മുതലുമാണ് നടപ്പിലാക്കി വരുന്നത്.

കൂടാതെ എൻ.എ.ഇ.ബി.-യുടെ 100 ശതമാനം ധനസഹായമുള്ള സംയോജിത വനവൽക്കരണ പരിസ്ഥിതി വികസന പരിപാടിയനുസരിച്ച് എട്ട് വാട്ടർഷെഡ് പ്രദേശങ്ങളിൽ മരം വച്ചുപിടിപ്പിക്കുന്നതിന് 1997-98 മുതൽ 2001-2002 വരെയുള്ള തീരദേശഹരിതമേഖലയുടെ വികസനത്തിന് 2000-2001 മുതൽ 2001-2002 വരെയും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവ കൂടാതെ മറ്റു പദ്ധതികൾ ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) (i) 50 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന സംയുക്ത പരിപാടി 9-ാം പഞ്ചവൽസര പദ്ധതിയിൽ 1997-1998 മുതൽ 2002-2003 വരെ 1148.51 ലക്ഷം രൂപ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(ii) 100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ "പ്രോജക്ട് എലിഫന്റ്" ഇനത്തിൽ 863.962 ലക്ഷം രൂപ കേന്ദ്രസഹായം ലഭിക്കുകയുണ്ടായി. രണ്ട് ബയോസ്ഫിയർ റിസർവ്വുകളിലായി 493.51 ലക്ഷം രൂപയും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iii) ലോകബാങ്ക് സഹായത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 2862.92 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതികൾക്കായി ലഭിച്ച മുഴുവൻ തുകയും ചെലവഴിക്കുകയുണ്ടായി.

(iv) ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്കീമിനായി 2003-2004 വർഷത്തിൽ 150 ലക്ഷം രൂപയും 2004-2005 വർഷത്തിൽ 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(v) 100 ശതമാനം കേന്ദ്രസഹായ പദ്ധതിയായ "വാട്ടർ ഷെഡ് ഡവലപ്മെന്റ് പദ്ധതി" (ഐ.എ.ഇ.പി.) പ്രകാരം കേന്ദ്രസഹായമായി 1997 മുതൽ 2004-2005 വരെ 1740.49 ലക്ഷം രൂപ ധനസഹായം ലഭിക്കുകയും 1327.04 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ "കോസ്റ്റൽ ഷെൽറ്റർ ബെൽറ്റ് പദ്ധതി"-ക്കു വേണ്ടി 2000-2001 മുതൽ 2001-2002 വരെ 309.08 ലക്ഷം രൂപ അനുവദിക്കുകയും 224.07 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റു പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിവരം ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാരിന് സമർപ്പിച്ച പദ്ധതികളുടെ പൂർണ്ണവിവരം പി.സി.സി.എഫ്.-ൽ നിന്നും ലഭ്യമായിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരമുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i) "ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ" സ്കീമിനു വേണ്ടി 20 കോടി രൂപയുടെ പദ്ധതി. ഈ പദ്ധതിക്ക് 2004-2005 വർഷത്തേക്ക് 5 കോടി രൂപ കേന്ദ്ര വിഹിതം നീക്കിവച്ചിട്ടുണ്ട്.

(ii) 5385 ലക്ഷം രൂപ അടങ്കൽ തുകയുള്ള "ഗ്രീനിംഗ് ഇൻഡ്യാ പദ്ധതി." ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

(iii) 2800 ലക്ഷം രൂപ അടങ്കൽ തുകയുള്ള "ജെട്രോപാകർക്കസ് ബയോ ഫ്യൂവൽ പ്ലാന്റേഷൻ പദ്ധതി". കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

(iv) 604.95 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഇന്റഗ്രേറ്റഡ് അഫോറസ്റ്റേഷൻ ഇക്കോ ഡവലപ്മെന്റ് പ്രോജക്ടിനു കീഴിലുള്ള വാട്ടർഷെഡുകളുടെ മെയിന്റനൻസും, പുതിയ തോട്ടനിർമ്മാണവും.

ഇതിൽ 69.64 ലക്ഷം രൂപ 2003-2004 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

(v) 142.80 ലക്ഷം രൂപ അടങ്കൽ തുകയുള്ള കോസ്റ്റൽ ഷെൽട്ടർ പ്ലാന്റേഷൻ പദ്ധതിയുടെ മെയിന്റനൻസ്—ഇതിനും കേന്ദ്രാനുമതി ലഭ്യമായിട്ടില്ല.

(vi) നാഷണൽ ഫോറസ്ട്രി ആക്ഷൻ പ്ലാനിൽപ്പെടുത്തി സസ്റ്റയിനബിൾ മാനേജ്മെന്റ് ഓഫ് നോൺവുഡ് ഫോറസ്റ്റ് പ്രൊഡ്യൂസ് ത്രൂ ട്രൈബൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ കമ്മിറ്റി എന്ന പേരിൽ അഞ്ചുവർഷത്തേക്ക് 277.5 മില്യൺ രൂപ അടങ്കലുള്ള നിർദ്ദേശം സമർപ്പിച്ചിരുന്നു. ഈ പദ്ധതിക്കും കേന്ദ്രാനുമതി ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്കീമിന് 5 കോടി രൂപ കേന്ദ്രവിഹിതമായി കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതേവരെ തുക ചെലവഴിച്ചിട്ടില്ല.

വാട്ടർഷെഡ് പദ്ധതി (ഐ.എ.ഇ.പി.)-ക്ക് 2003-2004-ൽ 69.64 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 26.55 ലക്ഷം രൂപ ചെലവിടുകയും ചെയ്തിട്ടുണ്ട്. 2004-2005-ൽ ഈ പദ്ധതിക്ക് അനുവദിച്ച 5.21 ലക്ഷം രൂപയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. മറ്റു പദ്ധതികളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിന് അനുവദിച്ച തുക

105 [3841] ശ്രീ. പി. എസ്. സുപാൽ:

,, എൻ. രാജൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിന് 2002-2003 വർഷത്തിൽ എന്തു തുക അനുവദിച്ചു;

(ബി) ഏതെല്ലാം സങ്കേതങ്ങൾക്ക് എന്തു തുക വീതമാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെങ്കിലും സാങ്കേതങ്ങൾക്ക് വേണ്ടി അനുവദിച്ച തുക പാഴായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എന്നും എത്ര തുക വീതമാണ് പാഴായിട്ടുള്ളതെന്നും ഇതിനുള്ള കാരണങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിന് 2002-2003 വർഷത്തിൽ 740 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ഇതിൽ 370 ലക്ഷം രൂപ സ്റ്റേറ്റ് വിഹിതവും 370 ലക്ഷം രൂപ കേന്ദ്രവിഹിതവുമാണ്. എന്നാൽ ടി വർഷത്തിൽ 479.663 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചു. കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ മുൻവർഷത്തെ കേന്ദ്രവിഹിതത്തിൽ ചെലവാകാതിരുന്ന തുക റീവാലിഡേറ്റ് ചെയ്തതും ഉൾപ്പെടും.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) തുക പാഴാക്കിയിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോടതി വിധിയുടെയും മറ്റും അടിസ്ഥാനത്തിൽ വനംവകുപ്പ് വിട്ടുകൊടുത്തിട്ടുള്ള നിബിഡ വനങ്ങൾ

106 [3842] ഡോ. കെ. സി. ജോസഫ്:
„ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
„ കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൈലന്റ് വാലിയോടു ചേർന്നുള്ള നിബിഡവനങ്ങൾ എപ്പോഴെങ്കിലും കോടതി വിധികളുടേയും മറ്റേതെങ്കിലും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ വനം വകുപ്പ് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്നും എത്ര ഏക്കർ വീതമാണെന്നും വ്യക്തമാക്കാമോ;

(സി) കോടതി വിധി ഉണ്ടെങ്കിലും നിബിഡ വനങ്ങളാണെന്ന് വനം വകുപ്പിനു ബോദ്ധ്യപ്പെട്ട പ്രദേശങ്ങൾ സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ സംരക്ഷിക്കപ്പെട്ട പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൈലന്റ് വാലിയോട് ചേർന്നുള്ള നിബിഡവനങ്ങൾ വിട്ടുകൊടുത്തിട്ടില്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് (വിവിധ കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ) സൈലന്റ് വാലിയോട് ചേർന്നുള്ള കക്കിവാണി മലവാരത്തിൽപ്പെട്ട 92.2 ഏക്കർ സ്ഥലം 3-6-1999-ലെ ജി.ഒ.പി. നം. 58/99 വനം ഉത്തരവ് പ്രകാരം വിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ 2000-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസ് പ്രകാരം പ്രസ്തുത സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കി സംരക്ഷിച്ചുവരുന്നു.

(സി) നിബിഡ വനങ്ങളാണെന്നും പാരിസ്ഥിതികമായി ദുർബ്ബലമായ ഭൂപ്രദേശമാണെന്നും വനം വകുപ്പിന് ബോദ്ധ്യപ്പെട്ട പ്രദേശങ്ങൾ എക്കോളജിക്കൽ ഫ്രാജയിൽ ലാന്റ് ആയി (EFL) നോട്ടിഫൈ ചെയ്ത് സംരക്ഷിച്ചു വരുന്നുണ്ട്. അല്ലാതെ ഒ.എ. കേസ്സുകളിൽ വിട്ടുകൊടുത്ത സ്ഥലങ്ങളിൽ വൃക്ഷ സംരക്ഷണ നിയമത്തിലെ സെക്ഷൻ b നോട്ടിഫിക്കേഷൻ പ്രകാരം മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനം ഡിവിഷന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്ന നടപടി

107 [3844] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ വനം ഡിവിഷൻ ഏതാണ്; വിശദാംശം വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ഓരോ ഡിവിഷനിലും കഴിഞ്ഞ മൂന്നു വർഷമായി പൊതുമരാമത്ത് പ്രവർത്തികൾക്ക് ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) റാന്നി ഡിവിഷനിൽ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) റാന്നി ഡിവിഷനിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദ വിവരം അറിയിക്കുമോ?

ഉത്തരം

(എ) റാന്നി ഡിവിഷൻ. ഇതിന്റെ വിസ്തീർണ്ണം 1059.114 സ്ക്വയർ മീറ്ററാണ്. ഈ ഡിവിഷന്റെ കീഴിൽ മൂന്നു റെയിഞ്ചുകളുണ്ട്.

1. റാന്നി റെയിഞ്ച്— വിസ്തീർണ്ണം-136.2862 സ്ക്വയർ മീറ്റർ.
2. വടശ്ശേരിക്കര റെയിഞ്ച് — വിസ്തീർണ്ണം-268.86 സ്ക്വയർ മീറ്റർ.
3. ഗൂഡ്രിക്കൽ റെയിഞ്ച്—വിസ്തീർണ്ണം-653.9673 സ്ക്വയർ മീറ്റർ.

(ബി) കഴിഞ്ഞ മൂന്നു വർഷമായി പൊതുമരാമത്ത് പ്രവർത്തികൾക്ക് ഓരോ ഡിവിഷനിലും ചെലവഴിച്ച ഫണ്ടിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) റാന്നി ഡിവിഷനിൽ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ കുറവു വന്നിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ പ്രാധാന്യവും ആവശ്യകതയും അനുസരിച്ചുമാണ് ഫണ്ട് അനുവദിക്കുന്നത്.

(ഡി) റാന്നി ഡിവിഷനിൽ 2004-2005 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് പത്തു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് വടശ്ശേരിക്കര ഫോറസ്റ്റ് റെസ്റ്റ് ഹൗസിലേക്കും ഡി.എഫ്.ഒ.-യുടെ ക്വാർട്ടേഴ്സിലേക്കും ഉള്ള റോഡുകളുടെ റിപ്പയറിംഗിനും റാന്നിയിലുള്ള ടൈപ്പ്-6 ക്വാർട്ടേഴ്സിന്റെയും പമ്പയിലുള്ള ഇന്റർപ്രെട്ടേഷൻ സെന്ററിന്റെയും പൂർത്തീകരണ ജോലിക്കും വേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനം കൊള്ളയും വനം കയ്യേറ്റവും

108 [3847] ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മറയൂരിലും മതികെട്ടാനിലും കണ്ണവത്തും ചന്ദനമരങ്ങളും മറ്റു വിലപിടിപ്പുള്ള മരങ്ങളും മുറിച്ചു കടത്തിയതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) മറയൂരിൽ ചന്ദനമരങ്ങൾ നഷ്ടപ്പെട്ടതിനെ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) മറയൂരിലും മതികെട്ടാനിലും ചന്ദനമരങ്ങളും മറ്റു വിലപിടിപ്പുള്ള മരങ്ങളും മുറിച്ചു കടത്തിയതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. കണ്ണവത്തു നിന്നും ചന്ദനമോ മറ്റു വിലപിടിപ്പുള്ള മരങ്ങളോ മുറിച്ചുകടത്തിയിട്ടില്ല.

(ബി) ഉണ്ട്. ചന്ദനമരങ്ങൾ നഷ്ടപ്പെട്ടതു സംബന്ധിച്ച് 627 കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 243 കേസ്സുകൾ കോടതിയിൽ ചാർജ്ജുചെയ്യുകയും ചെയ്തിട്ടുണ്ട്. 1017 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. 65386 കിലോഗ്രാം ചന്ദനവും 154 വണ്ടികളും പിടിച്ചെടുത്തിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മുൻകരുതൽ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

1. മറയൂർ റെയിഞ്ചിലെ ചന്ദന റിസർവുകളിലെ ചന്ദനമരങ്ങൾ നമ്പരിട്ട് എണ്ണി തിട്ടപ്പെടുത്തിയിട്ടുണ്ട്.

2. റിസർവുകളിലെ ഉണങ്ങിയതും, കാറ്റത്തു വീണതുമായ ചന്ദനമരങ്ങൾ മാർക്ക് ചെയ്ത് വെട്ടി ശേഖരിച്ച് ലേലത്തിൽ വിൽപന നടത്തിവരുന്നുണ്ട്.

3. മറയൂരിലെ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും പൊതുജന പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

4. മേത്താപ്പിലും എക്കോ പോയിന്റിലും പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചു.

5. ചന്ദനക്കള്ളക്കടത്തു തടയുന്നതിനുവേണ്ടി വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി പോലീസ് സേനാംഗങ്ങൾ ഉൾപ്പെടുന്ന റാപ്പിഡ് ആക്ഷൻ ഫോഴ്സിനെ മറയൂരിലേക്ക് നിയോഗിക്കുകയും സംരക്ഷണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും വയർലെസ് സംവിധാനം ഏർപ്പെടുത്തുകയും ആയുധബലം വർദ്ധിപ്പിക്കുകയും പ്രശ്നമേഖലകളിൽ ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ

109 [3849] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിനെയും മുതിർന്ന ഗവൺമെന്റ് പ്ലീഡർമാരെയും മാത്രമായി നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ വിഭാഗത്തിലെ എത്ര കേസുകൾ കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്;

(സി) പ്രസ്തുത കേസുകളിലെ പരാതിക്കാരായിട്ടുള്ളവരുടെ പേരുവിവരവും ഓരോ കേസിലും ഉൾപ്പെട്ട ഭൂമിയുടെ വിസ്തൃതിയും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ എത്ര കേസുകളിൽ ഇതിനകം സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്;

(ഇ) ശേഷിക്കുന്ന കേസുകളിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ശ്രീമതി സുശീല ആർ. ഭട്ടിനെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പുമായി ബന്ധപ്പെട്ട് 1996 കേസുകൾ ഹൈക്കോടതിയിൽ നിലവിലുള്ളതായി അഡ്വക്കേറ്റ് ജനറൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി—ഇ) ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

ചന്ദനതൈലം ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ

110 [3850] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, സാജു പോൾ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചന്ദനതൈലം ഉൽപ്പാദിപ്പിക്കുന്ന എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നു എന്നു അറിയിക്കാമോ; ഈ ഫാക്ടറികൾക്കാവശ്യമായ ചന്ദനം നൽകുവാൻ സംസ്ഥാനത്തിനു കഴിയുമോ;

(ബി) ഇവയുടെ പ്രവർത്തനത്തിനാവശ്യമായ ചന്ദനമരം എവിടെ നിന്നാണ് ശേഖരിക്കുന്നതെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എവിടെ നിന്നാണ് ചന്ദനം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) വനം വകുപ്പ് ചന്ദനലേലം നടത്താറുണ്ടോ; എങ്കിൽ 2002-2003, 2003-2004 എന്നീ വർഷങ്ങളിലായി നടത്തിയ ലേലത്തിന്റെ വിശദാംശം അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ ഏതെല്ലാം ചന്ദന ഫാക്ടറികളാണ് ചന്ദനം ലേലത്തിൽ പിടിച്ചിട്ടുള്ളതെന്നും അവയുടെ കണക്കും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചന്ദനതൈലം ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾക്ക് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി 14 ഫാക്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിരുന്നു. അവയിൽ 4 ഫാക്ടറികൾക്കെതിരെ വനം വകുപ്പ് നടപടിയെടുത്തിട്ടുണ്ട്. ചന്ദന ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ ചന്ദനം സംസ്ഥാനത്തെ വനങ്ങളിൽ ലഭ്യമല്ല.

(ബി) ഈ വിഭാഗത്തിൽ ഔപചാരികമായ അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ റെയ്ഡ് നടത്തുമ്പോഴോ പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തുമ്പോഴോ ചന്ദന ഫാക്ടറികളുടെ കൈവശമുള്ള ചന്ദനത്തിന്റെ ഉറവിടം അന്വേഷിക്കാറുണ്ട്.

(സി) ആവശ്യമായ ചന്ദനത്തിന്റെ ഏറിയപങ്കും കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി ലഭിക്കുന്നതായി അനുമാനിക്കുന്നു. കൂടാതെ ചെറിയ അളവിൽ വനം വകുപ്പിൽ നിന്നും ലേലം പിടിച്ചും ലഭ്യമാക്കാറുണ്ട്.

(ഡി) ഉണ്ട്. 2002-2003, 2003-2004 വർഷങ്ങളിൽ നടത്തിയ ചന്ദന ലേലത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	*വിറ്റ ചന്ദനം*	*ലഭിച്ച വില*
2002-2003	25.0928 മെ. ടൺ	2,66,61,948 രൂപ
2003-2004	52.8675 ,,	9,69,67,886 ,,

(ഇ) സംസ്ഥാനത്തെ താഴെപ്പറയുന്ന ഫാക്ടറികളാണ് മേൽകാലയളവിൽ ചന്ദനം ലേലത്തിൽ പിടിച്ചത്.

ചന്ദന ഫാക്ടറികൾ	*ലേലത്തിൽ പിടിച്ച ചന്ദനം*	*ലഭിച്ച തുക*
1. ഫാത്തിമ പെർഫ്യൂമറി ഇൻഡസ്ട്രി, കാസർഗോഡ്	1.6178 മെ. ടൺ	15,51,848 രൂപ
12 മലബാർ റൂറൽ ഇൻഡസ്ട്രി, കണ്ണൂർ	2.4876 ,,	34,70,216 ,,

LIBRARY ARCHIVES Kerala Legislative Assembly

കുടിയിറക്ക് ഭീഷണി

111 [3851] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ 1500-ഓളം കുടുംബങ്ങൾ വനം വകുപ്പുകാരുടെ കുടിയിറക്കുഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളമല വില്ലേജിൽപ്പെട്ട 30 വർഷത്തിലധികമായി ഭൂമിയുടെ കരം അടച്ച് രസീതു കൈവശമുള്ള ആദിവാസികളെ വനംവകുപ്പ് ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിക്കാൻ ഉള്ള കാരണം വ്യക്തമാക്കാമോ;

(സി) കുടിയൊഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി വെരിഫിക്കേഷൻ നടപടികൾ സ്വീകരിക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി കള്ളമല വില്ലേജിൽപ്പെട്ട കുടുംബങ്ങളുടെ പട്ടയം, ആധാരം, നികുതി അടച്ച രസീത് എന്നിവ പരിശോധിച്ച ശേഷം മാത്രം തുടർനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കള്ളമല വില്ലേജിൽ ഒഴിപ്പിച്ചിട്ടുള്ളത് 1-7-77-ന് ശേഷമുള്ള വനം കയ്യേറ്റങ്ങൾ മാത്രമാണ്. സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ, ഇത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

(സി) ഉണ്ട്.

(ഡി) റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി പരിശോധിച്ചശേഷം അനധികൃതമെന്ന് കണ്ടെത്തുന്നവ മാത്രമാണ് ഒഴിപ്പിക്കുന്നത്.

വനവൽക്കരണം

112 [3852] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ കോട്ടത്തറ വില്ലേജിൽ കടമ്പാറ പ്രദേശത്ത് 1999-ന് ശേഷം കേരള സർക്കാർ വനവൽക്കരണത്തിന് വേണ്ടി ഏതെങ്കിലും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഏതെങ്കിലും പ്രോജക്ടുകൾക്ക് ബദലായി വനവൽക്കരണത്തിന് വേണ്ടി പ്രസ്തുത വില്ലേജിൽ ഏതെങ്കിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

ദേലബാടി പള്ളഞ്ചി റിസർവ്വ് വനത്തിൽ നിന്നുള്ള വനംകൊള്ള

113 [3854] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കാസർഗോഡ് ദേലബാടി പഞ്ചായത്തിലെ പള്ളഞ്ചി റിസർവ്വ് വനത്തിൽ നിന്നും വൻതോതിൽ വനംകൊള്ള നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ക്യൂബിക് മീറ്റർ തടികളാണ് മോഷണം പോയതെന്നും ഇതുമൂലം എത്ര തുകയുടെ നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കാമോ;

(സി) മോഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ചെറിയൊരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടു കുറ്റി തേക്കു തടികൾ മുറിച്ച് 0. 735 ക്യൂ. മീറ്റർ തടി നീക്കം ചെയ്ത കുറ്റത്തിന് 11-6-2004-ൽ ഒ. ആർ. 22/04 നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമൂലം 2000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. നഷ്ടപ്പെട്ട തേക്ക് തടി (0.735 ക്യൂ. മീറ്റർ) 2-7-2004-ന് കണ്ടെടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കേസിലെ രണ്ടു പ്രതികളെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഒരു പ്രതി ജാമ്യത്തിൽ ഇറങ്ങി. മറ്റൊരു പ്രതി റിമാൻഡിലുമാണ്.

വെസ്റ്റഡ് ഫോറസ്റ്റ്

114 [3855] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിലെ കാന്തലോട്ട് വില്ലേജിൽ വെസ്റ്റഡ് ഫോറസ്റ്റായി പ്രഖ്യാപിച്ചിട്ടുള്ള എത്ര ഏക്കർ സ്ഥലം ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാൽപ്പത്തിയഞ്ചും അൻപതും വർഷങ്ങൾ പ്രായമായ തെങ്ങുകൾ നിൽക്കുന്നതും അനേകവർഷമായി സ്ഥിരതാമസം നടത്തി വരുന്നതിന്റെ രേഖകളുമുള്ള ചില പ്രദേശങ്ങൾ വെസ്റ്റഡ് ഫോറസ്റ്റായി കണക്കാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൈവശക്കാരിൽ നിന്നും ഏതെങ്കിലും പരാതി വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2016.9515 ഏക്കർ സ്ഥലം വെസ്റ്റഡ് ഫോറസ്റ്റായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പരാതി വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തിയതിൽ പരാതിയിൽ പറയുന്ന വസ്തുതകൾ അടിസ്ഥാനരഹിതമാണെന്നു കണ്ടതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

വനവൽക്കരണ പരിപാടി

115 [3856] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി വനം ഡിവിഷനിൽ 2002 ജൂലൈ മുതൽ 2004 ജൂലൈ വരെ നടത്തിയ വനവൽക്കരണ പരിപാടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ എത്ര തുകയാണ് ചെലവഴിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ ഏജൻസികൾ എത്ര തുക വീതമാണ് ഇതിനായി ചെലവഴിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം വൃക്ഷത്തൈകളാണ് ഈ വനവൽക്കരണ പദ്ധതിയിൽ നട്ടുപിടിപ്പിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ളത്; തൈകളുടെ എണ്ണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റാന്നി വനം ഡിവിഷനിൽ 2002 ജൂലൈ മുതൽ 2004 ജൂലൈ വരെ ലോകബാങ്ക് പദ്ധതി, ഇൻഡസ്ട്രിയൽ റാ മെറ്റീരിയൽ, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ, ഹാർഡ് വുഡ് സ്പീഷ്യസ്, നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം എന്നീ പദ്ധതികൾ പ്രകാരം പുതിയ തോട്ടങ്ങൾ നിർമ്മിക്കുകയും പരിചരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ 1,53,08,639 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. ലോകബാങ്ക്—1,24,74,160 രൂപ—4649.93 ഹെക്ടർ

2. വനസംരക്ഷണ സമിതികൾ—90,455 രൂപ—29 ഹെക്ടർ

3. ഐ.ആർ.എം.—8,49,224 രൂപ—38.8 ഹെക്ടർ

4. സി. എ.—5,27,841 രൂപ—20.11 ഹെക്ടർ

5. ഹാർഡ് വുഡ് സ്പീഷ്യസ്—12,41,959 രൂപ—36.5 ഹെക്ടർ

6. നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം—1,25,000 രൂപ—20 ഹെക്ടർ.

(ഡി) തേക്ക്—342500 എണ്ണം

അക്കേഷ്യ—148000 എണ്ണം

പലവക—60000 എണ്ണം

മുള—12500 എണ്ണം

മുറിച്ചുമാറ്റിയ തേക്ക് തടികൾ

116 [3857] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഡിവിഷനിൽ കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ മുറിച്ച് വിൽപ്പന നടത്തിയ തേക്കുതടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത്രയും തടിയിൽ നിന്നും വനം വകുപ്പിന് എന്തു വരുമാനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ ഡിപ്പോകളിലാണ് തടി ഇറക്കിയത്; എത്ര ക്യൂബിക് മീറ്റർ വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) മുറിച്ച തേക്കുതടികൾ പ്ലാന്റ് ചെയ്തത് ഏതു വർഷങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഡിവിഷനിൽ ഇനി എത്ര ഏരിയായിൽ തേക്ക് പ്ലാന്റേഷനുണ്ട്; പ്ലാന്റിംഗിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റാന്നി ഡിവിഷനിൽ കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ മുറിച്ച് വിൽപ്പന നടത്തിയ തേക്കുതടിയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	*തേക്കുതടിയുടെ അളവ് (ക്യൂ. മീ.)*	*തേക്കുകഴ (എണ്ണം)*	*തേക്ക്ബില്ലറ്റ് (മെ. ടൺ)*
2001—2002	2090.233	4650	735
2002—2003	1927.000	14053	482
2003—2004	2881.000	10433	1057

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ റാന്നി ഡിവിഷനിൽ മുറിച്ച് വിൽപ്പന നടത്തിയ തേക്കുതടിയിൽ നിന്നും 22.76 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) ഡിപ്പോ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: (തടിയുടെ അളവ് ക്യൂബിക് മീറ്ററിൽ)

വർഷം	*പാറമ്പുഴ*	*അരീക്കക്കാവ്*	*പത്തനാപുരം*	*കടയ്ക്കാമൺ*	*വിയപുരം*	*തൃയം*	*കോന്നി*
2001–2002	235.0	714.233	408.0	408.0	325.0	. .	. .
2002–2003	. .	890.0	322.0	295.0	420.0	. .	. .
2003–2004	115.0	1455.0	301.0	304.0	276.0	400.00	30.0
ആകെ	350.0	3059.233	1031.0	1007.0	1021.0	400.00	30.0

(ഡി) തേക്കുതടികൾ മുറിക്കുന്നതിനായി തേക്ക് പ്ലാന്റേഷനിലെ അന്തിമ വെട്ടും ഇടവെട്ടും നടത്തിയ തേക്ക് തോട്ടങ്ങൾ പ്ലാന്റ് ചെയ്തതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	*തോട്ടങ്ങൾ പ്ലാന്റ് ചെയ്ത വർഷം*			
	അന്തിമവെട്ട്	*ഇടവെട്ട്*		
2001-2002	1938	1959,	1966,	1980
2002-2003	1939	1988		
2003-2004	1940	1958,	1966,	1969

(ഇ) റാന്നി ഡിവിഷനിൽ 3175.44 ഹെക്ടർ തേക്കുതോട്ടം നിലവിലുണ്ട്. തോട്ടങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

മൂന്നാർ മേഖലയിലെ വനം വകുപ്പിന്റെ ചെക്കുപോസ്റ്റുകൾ

117 [3859] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനക്കാടുകൾ ഉൾക്കൊള്ളുന്ന മറയൂർ, മൂന്നാർ മേഖലയിൽ വനം വകുപ്പിന്റെ എത്ര ചെക്ക്പോസ്റ്റുകളാണ് ഉള്ളത്; ഇവ ഓരോന്നും ഏതെല്ലാം റേഞ്ചുകളിലാണ്;

(ബി) ഈ ചെക്ക്പോസ്റ്റുകളുടെ നിയന്ത്രണം നിലവിലുള്ള റേഞ്ചോഫീസുകളിൽ നിന്നും മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത തീരുമാനം എടുക്കുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ചെക്കുപോസ്റ്റുകളുടെ നിയന്ത്രണമുള്ള റേഞ്ചോഫീസുകൾ ചന്ദനകള്ളക്കടത്ത് തടയുന്നതിന് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ചന്ദനക്കാടുകൾ ഉൾക്കൊള്ളുന്ന മറയൂർ, മൂന്നാർ മേഖലയിൽ മൂന്നാർ ഡിവിഷന്റെ കീഴിൽ 6 ചെക്കുപോസ്റ്റുകളും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിൽ 3 ചെക്കുപോസ്റ്റുകളുമാണ് ഉള്ളത്. റേഞ്ച് തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

	ചെക്കുപോസ്റ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം	*നിയന്ത്രണമുള്ള റേഞ്ചിന്റെ പേര്*	*ഡിവിഷൻ*
1.	ചട്ടമൂന്നാർ	മറയൂർ	മൂന്നാർ
2.	പാലാർ	ദേവികുളം	,,
3.	പള്ളിവാസൽ	ദേവികുളം	,,
4.	പനംകുടി	അടിമാലി	,,
5.	തലക്കോട്	നേര്യമംഗലം	,,
6.	ബോഡിമെട്ട്	ദേവികുളം	,,
7.	ചിന്നാർ	ചിന്നാർ വൈൽഡ് ലൈഫ്	മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ
8.	കരിമുട്ടി	,,	,,
9.	രാജമല	ഇരവികുളം വൈൽഡ് ലൈഫ്	,,

(ബി) ദേവികുളം വില്ലേജിൽ മാട്ടുപ്പെട്ടി ഭാഗത്ത് പ്രവർത്തിക്കുന്ന മറയൂർ റേഞ്ചിന്റെ നിയന്ത്രണത്തിലുള്ള പാലാർ താൽക്കാലിക ചെക്കിംഗ് സ്റ്റേഷന്റെ ചുമതല ദേവികുളം റേഞ്ചിലേക്കും, നേര്യമംഗലം, അടിമാലി അതിർത്തിയിലുള്ള പനംകുടി ചെക്കുപോസ്റ്റിന്റെ ചുമതല നേര്യമംഗലം റേഞ്ചിൽ നിന്നും അടിമാലി റേഞ്ചിന്റെ അധികാര പരിധിയിൽവരുന്ന പനംകുടി ഔട്ട്സ്റ്റേഷനും കൈമാറിയിട്ടുണ്ട്.

(സി) മറയൂർ റേഞ്ചിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പാലാർ താൽക്കാലിക ചെക്കിംഗ് സ്റ്റേഷൻ ഭരണപരമായി ദേവികുളം റേഞ്ചിൽപ്പെടുന്നതിനാലും മറയൂരിൽ നിന്നും വളരെദൂരെ ആയതിനാലുമാണ് അതിന്റെ ചുമതല ദേവികുളം റേഞ്ചിലേയ്ക്ക് മാറ്റിയിട്ടുള്ളത്. അതുപോലെ തന്നെ നേര്യമംഗലം റേഞ്ചിന്റെ അധികാര പരിധിയിൽപ്പെട്ട നേര്യമംഗലം, അടിമാലി റേഞ്ചുകളുടെ അതിർത്തിയിലുള്ള പനംകുടി ചെക്കുപോസ്റ്റിന്റെ ചുമതല നേര്യമംഗലം റേഞ്ചിൽ നിന്നും അടിമാലി റേഞ്ചിന്റെ അധികാരപരിധിയിൽപ്പെടുന്ന പനംകുടി ഔട്ട്പോസ്റ്റിന് കൈമാറിയത് വനസംരക്ഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനു വേണ്ടിയാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാൻ നടപടി

118 [3860] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനംകൊണ്ട് കാട്ടുകൊള്ള, ചന്ദന മോഷണം, ആനക്കൊമ്പുമോഷണം എന്നിവ തടയാൻ കഴിയുന്നുണ്ടോ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ വനം കൊള്ളയുമായി ബന്ധപ്പെട്ട കേസ്സുകളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട്;

(ഡി) എത്ര കേസ്സുകളിൽ പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിലെ വിജിലൻസ് വിഭാഗം ഒരു ചീഫ് കൺസർവേറ്ററുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വിഭാഗം കാര്യക്ഷമമാക്കുവാൻ കോട്ടയം ആസ്ഥാനമാക്കി തെക്കൻ മേഖലയിലും കോഴിക്കോട് ആസ്ഥാനമാക്കി വടക്കൻ മേഖലയിലും ഓരോ വിജിലൻസ് കൺസർവേറ്റർമാരുണ്ട്. ഓരോ കൺസർവേറ്ററുടെ കീഴിലും നാലുവീതം ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളുണ്ട്. ഓരോ ഡിവിഷന്റെയും കീഴിൽ രണ്ടുമുതൽ മൂന്നുവരെ യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഡിവിഷന്റെ മേധാവി ഡിവിഷണൽ ഫോറസ്റ്റാഫീസറും, യൂണിറ്റിന്റെ മേധാവി റേഞ്ചാഫീസറുമാണ്. ഓരോ യൂണിറ്റിലും പത്തോളം വനസംരക്ഷണ വിഭാഗം ജീവനക്കാരുമുണ്ട്. യൂണിറ്റുതലം വരെ വാഹനവും ഡിവിഷൻതലം വരെ കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ തുടങ്ങിയ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്ക് മൊബൈൽ ഫോണുകളും, രഹസ്യ വിവരങ്ങൾ ശേഖരിക്കുവാൻ (ഇന്റലിജൻസ് ഗാതറിങ്ങ്) ആവശ്യമായ തുകയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു അസിസ്റ്റന്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു ഇന്റലിജൻസ് സെല്ലും പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വനംകൊള്ളയുമായി ബന്ധപ്പെട്ട 3041 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) 504 കേസുകളിൽ പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൈവശക്കാർക്ക് ഭൂമി സർവ്വേ ചെയ്ത് വിട്ടുകൊടുക്കുവാൻ നടപടി

119 [3861] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ട്രൈബ്യൂണലുകളും കോടതിയും വിധി പ്രസ്താവിച്ച അനേകം കേസുകളിൽപ്പെട്ട കൈവശഭൂമിക്കാർക്ക് യഥാസമയം ഭൂമി സർവ്വേ ചെയ്ത് വിട്ടുകൊടുക്കുവാൻ വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം കേസ്സുകളിൽ എത്രപേർക്ക് കൈവശഭൂമി സർവ്വേ ചെയ്ത് വിട്ടുകൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കേസ്സിൽ വിധിയായ കൃഷിക്കാർക്ക് യഥാസമയം ഭൂമി വിട്ടുകൊടുക്കാത്തതു സംബന്ധിച്ച് ലഭിച്ച പരാതികൾ അടിയന്തിരമായി പരിഹരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അപ്പീലുകൾക്ക് സാധ്യത ഇല്ലാത്ത കേസുകളിൽ മാത്രം വിട്ടുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ഉദ്ദേശം 1100 കേസുകളിൽ സർവേ ചെയ്ത് ഭൂമി വിട്ടുകൊടുക്കുവാനുണ്ട്.

(സി) പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

വനം വകുപ്പിലെ താൽക്കാലിക നിയമനം

120 [3862] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനംവകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തസ്തികകളിലും എത്രവീതം പേരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫോറസ്റ്റ് ഗാർഡ്, റെസ്റ്റ് ഹൗസ് വാച്ചർ, വാച്ചർ കം കുക്ക്, പാർട്ട്ടൈം സ്വീപ്പർ, ഡ്രാഫ്റ്റ്സ്മാൻ, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സ്കൂളുകളിലെ സ്പോർട്ട്സിന്റെ ഉന്നതിക്കായി നടപടി

121 [3864] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ സ്പോർട്ട്സിന്റെ ഉന്നതിക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

സർക്കാർ സ്കൂളുകളിൽ സ്പോർട്ട്സിന്റെ ഉന്നമനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കളിസ്ഥലം നിർമ്മിക്കുന്നതിന് സ്കൂളുകൾക്ക് മൂന്നു ലക്ഷം രൂപ വരെ ധനസഹായം നൽകാനുള്ള പദ്ധതി കേരളാ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ നിലവിലുണ്ട്. കൂടാതെ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ വെളിച്ചത്തിൽ അത്യാവശ്യ കായിക ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട 78 സ്കൂളുകളിലെ 5-ാം ക്ലാസിൽ പഠിക്കുന്ന 15 കുട്ടികളെ വീതം കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുത്ത് ആഴ്ചയിൽ 5 ദിവസത്തെ കായിക പരിശീലനം നൽകുന്ന "ഓപ്പറേഷൻ ഗോൾഡ്" എന്ന പദ്ധതിയും കൗൺസിൽ നടപ്പാക്കി വരുന്നു.

കേന്ദ്ര സ്പോർട്ട്സ് മന്ത്രാലയത്തിന്റെ സഹായത്തോടെയുള്ള സ്റ്റേഡിയം നിർമ്മാണം

122 [3865] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സ്പോർട്ട്സ് മന്ത്രാലയത്തിന്റെ സഹായത്തോടെ പുതുതായി എത്ര സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനായി ആകെ ലഭിക്കാവുന്ന കേന്ദ്രസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19 സ്റ്റേഡിയങ്ങൾ

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഏകദേശം 7.87 കോടി (ഏഴു കോടി എൺപത്തിയേഴു ലക്ഷം) രൂപയാണ് ആകെ ലഭിക്കാവുന്ന കേന്ദ്രസഹായം.

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

57-ാമത് സന്തോഷ് ട്രോഫി ടീമംഗങ്ങൾക്ക് ജോലി

123 [3866] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001–2002 വർഷത്തിൽ നടന്ന 57-ാമത് സന്തോഷ് ട്രോഫി മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരളാ ടീമിന് സർക്കാർ തലത്തിൽ എന്തെങ്കിലും ഉറപ്പ് നൽകിയിരുന്നോ;

(ബി) പ്രസ്തുത ടീമിലെ ജോലി ഇല്ലാത്ത കായികതാരങ്ങളായ ശ്രീ. കെ. അജയൻ, ശ്രീ. പുരുഷോത്തമൻ, ശ്രീ. സന്തോഷ് രാജ് എന്നിവർക്ക് ജോലി നൽകാൻ ഉത്തരവായിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ നടപടി വൈകുന്നത് എന്തുകൊണ്ടാണെന്നും അടിയന്തിരമായി നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. അജയൻ, ശ്രീ. പുരുഷോത്തമൻ എന്നിവർക്ക് ജോലി നൽകിയിട്ടില്ല. സന്തോഷ്രാജ് എന്നയാൾ ടൂർണമെന്റിൽ പങ്കെടുത്തിട്ടുമില്ല.

(സി) സെക്രട്ടറിയേറ്റിലെ വ്യവസായം, ഗതാഗതം, പവർ, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ (ഫുട്ബോൾ ടീം സംഘടിപ്പിച്ചിട്ടുള്ളതും) ഇവർക്കു ജോലി നൽകുന്നതു സംബന്ധിച്ച അഭിപ്രായം അറിയിക്കാൻ പ്രസ്തുത വകുപ്പുകളോടാവശ്യപ്പെട്ടിരിക്കയാണ്. ആയത് ഇതുവരെയും ലഭ്യമായിട്ടില്ല. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ജോലി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. സർക്കാർ സർവീസിൽ, സ്പോർട്ട്സ് ക്വാട്ടാ നിയമനത്തിനായി ഇവർ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, 1997—2001 വരെയുള്ള 100 ഒഴിവുകളിലേക്ക് സെലക്ഷൻ നടക്കുമ്പോൾ അതും പരിഗണിക്കുന്നതാണ്.

മൂവാറ്റുപുഴ മുനിസിപ്പാലിറ്റി സ്റ്റേഡിയം നിർമ്മാണം

124 [3867] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മുനിസിപ്പാലിറ്റി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതി പ്രകാരം എന്തുതുകയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ മുനിസിപ്പൽ വിഹിതം, സംസ്ഥാന വിഹിതം, കേന്ദ്രവിഹിതം എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുനിസിപ്പാലിറ്റിയുടെ വിഹിതത്തിൽ എത്ര തുകയുടെ നിർമ്മാണം നടന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കേന്ദ്രസർക്കാർ അനുവദിച്ച തുക നിർമ്മാണം നടത്താനായി നൽകിയോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(ജി) തടസ്സം നീക്കി തുക അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 44.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 18 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ 50 ശതമാനം (9 ലക്ഷം രൂപ) കേന്ദ്ര വിഹിതവും 50 ശതമാനം (9 ലക്ഷം രൂപ) സംസ്ഥാന വിഹിതവും ആയിരിക്കും. ഇതിനുപരിയായി വേണ്ട തുക സ്പോൺസറുടെ (മുനിസിപ്പാലിറ്റി) വിഹിതവും ആയിരിക്കും.

(സി) മുനിസിപ്പാലിറ്റിയുടെ വിഹിതത്തിൽ നിന്നും 14,52,516 (പതിനാലു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിപ്പതിനാറ് രൂപ) രൂപയുടെ നിർമ്മാണം നടന്നിട്ടുണ്ട്.

(ഡി) 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ് ആന്റ് ജി) കേന്ദ്രവിഹിതമായി അനുവദിച്ച 9 ലക്ഷം രൂപ മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകുന്നതിന് ബഡ്ജറ്റ് വിഹിതം ലഭ്യമല്ലാത്ത സ്ഥിതിക്ക് ഈ തുക അധിക തുകയായി ആതറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. തുക കാലതാമസം കൂടാതെ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സ്പോർട്ട്സ് കൗൺസിലിനു കീഴിലെ വിവിധ അസോസിയേഷനുകൾക്ക് നൽകാനുള്ള തുക

125 [3868] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ അസോസിയേഷനുകൾക്ക് ചെലവായ തുകകൾ കൊടുക്കുവാനുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം അസോസിയേഷനുകൾക്ക് എന്നുമുതലുള്ള എത്ര തുക വീതം എന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ തലത്തിലുള്ള സ്പോർട്സ് താരങ്ങൾക്ക് 1978 മുതൽ നൽകി വന്നിരുന്ന ഗ്രേസ്മാർക്ക് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഗ്രേസ് മാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കേരളാ ടേബിൾ ടെന്നീസ് അസോസിയേഷന് കേരളാ സ്പോർട്സ് കൗൺസിലിൽ നിന്ന് നൽകാനുള്ള കുടിശ്ശിക തുക എത്രയുണ്ടെന്ന് വിശദീകരിക്കുമോ;

(ജി) പ്രസ്തുത തുക അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) വിവിധ മേഖലകളിൽ കേരളത്തെ പ്രതിനിധീകരിക്കുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്ന കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പ് തുക ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടുള്ള ഒരു അസോസിയേഷനും ധനസഹായം വിതരണം ചെയ്യാനില്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) ജി.ഒ.(പി) 53/2004/പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവിന്റെ തീയതി 2-4-2004 പ്രകാരം 2005-ലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ ഗ്രേഡിംഗ് സമ്പ്രദായം ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിച്ചതിനാൽ ഗ്രേഡിംഗ് നിലവിൽ വരുന്നതോടെ ഗ്രേസ് മാർക്ക് ഇല്ലാതാകുന്നതാണ്. എന്നാൽ പാർട്ട് 2-ലെ വിഷയങ്ങളിൽ ഒരു നിശ്ചിത ശതമാനം വെയിറ്റേജ് തുടർപഠനത്തിന്റെ അഡ്മിഷൻ സമയത്ത് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ് ആന്റ് ജി) കേരള സ്പോർട്സ് കൗൺസിലിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ച് കേരളാ ടേബിൾ ടെന്നീസ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷകൾക്ക് കുടിശ്ശിക ഒന്നും നൽകാനില്ല.

(എച്ച്) സ്കോളർഷിപ്പ് തുക ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ സിന്തെറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് നടപടി

126 [3869] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ സിന്തെറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സിന്തെറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെയോ ഏതെങ്കിലും കേന്ദ്ര സ്പോർട്ട്സ് ഏജൻസിയുടെയോ സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ സിന്തെറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഏകദേശം രണ്ടുകോടി തൊണ്ണൂറ് ലക്ഷം രൂപ.

(സി) ഇല്ല.

(ഡി) നടപ്പ് സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വാഴക്കാട് ഗവൺമെന്റ് ഹൈസ്ക്കൂളിനോടനുബന്ധിച്ച് കളിസ്ഥലവും മിനി സ്റ്റേഡിയവും നിർമ്മിക്കണമെന്ന ആവശ്യം

127 [3870] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴക്കാട് ഗവൺമെന്റ് ഹൈസ്ക്കൂളിനോടനുബന്ധിച്ച് ഒരു കളിസ്ഥലവും മിനി സ്റ്റേഡിയവും നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) അതിനായി സമർപ്പിച്ച പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതിലേക്കായി 3 ലക്ഷം (മൂന്നു ലക്ഷം) രൂപ അനുവദിക്കാൻ കേരളാ സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ചെയ്തുകഴിഞ്ഞ മരാമത്ത് ജോലിയുടെ 50 ശതമാനം തുകയോ 1.5 ലക്ഷം (ഒന്നര ലക്ഷം) രൂപയോ ഏതാണോ കുറവ് ആ തുക ഗവ. എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ആദ്യഗഡുവായി അനുവദിക്കുന്നതാണ്. ഇതിനുവേണ്ടി സ്പോർട്ട്സ് കൗൺസിലുമായി ഒരു ഉടമ്പടി ഒപ്പു വയ്ക്കാൻ വാഴക്കാട് ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പലിനോട് കൗൺസിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

പവ്വർ ലിഫ്റ്റിംഗ് താരം അജിത് എൽ. ഡെന്നിസന്റെ പിതാവ് സ്പോർട്ട്സ് വകുപ്പുമന്ത്രിക്ക് അയച്ച കത്ത്

128 [3871] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത പവ്വർ ലിഫിറ്റിംഗ് താരം അജിത് എൽ. ഡെന്നീസന്റെ പിതാവ് ഡെന്നീസ് എൽ. ദാസ്, 3-5-2004-ൽ സ്പോർട്ട്സ് വകുപ്പുമന്ത്രിക്ക് ഒരു കത്തയച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത കത്തിൽ ഉന്നയിച്ചിരുന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-5-2004-ൽ അയച്ചു എന്നു പറയുന്ന കത്ത് വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത 3814, 3815, 3822, 3826, 3827, 3828, 3829, 3830, 3832, 3835, 3843, 3845, 3846, 3848, 3853, 3858, 3863, 3872 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

II. ചരമോപചാരം

മുൻമന്ത്രി കെ. പി. രാമചന്ദ്രൻ നായർ, മുൻ നിയമസഭാംഗങ്ങളായ എൻ. ശിവൻപിള്ള, ഒ. ലൂക്കോസ്, സി. ജി. പണിക്കർ, പി. വി. എസ്. മുസ്തഫ പൂക്കോയ തങ്ങൾ, ഇ. വി. കുമാരൻ, അലിക്കുഞ്ഞുശാസ്ത്രി, കുമാരൻ ആചാരി, പി. ബാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: മുൻ മന്ത്രി കെ. പി. രാമചന്ദ്രൻ നായർ, മുൻ നിയമ സഭാംഗങ്ങളായ എൻ. ശിവൻപിള്ള, ഒ. ലൂക്കോസ്, സി. ജി. പണിക്കർ,
9.30 a.m.] പി. വി. എസ്. മുസ്തഫ പൂക്കോയ തങ്ങൾ, ഇ. വി. കുമാരൻ, അലിക്കുഞ്ഞുശാസ്ത്രി, കുമാരൻ ആചാരി, പി.ബാലൻ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

കെ. പി. രാമചന്ദ്രൻ നായർ

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ മികച്ച സംഭാവനകൾ നൽകിയ കെ. പി. രാമചന്ദ്രൻ നായർ എൻ. എസ്. എസ്സ്.-ന്റെ ഡയറക്ടർ ബോർഡ് അംഗം, ട്രഷറർ, അമ്പലപ്പുഴ താലൂക്ക് യൂണിയൻ പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. നാഷണൽ ഡെമോക്രാറ്റിക് പാർട്ടി രൂപീകരിച്ചപ്പോൾ ആലപ്പുഴ ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചു. 1982-ൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1991-ലും അതേ മണ്ഡലത്തിൽ നിന്ന് വിജയിച്ചു. 1983-85 കാലയളവിൽ ആരോഗ്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്ന അദ്ദേഹം ദീർഘകാലം ആലപ്പുഴ നഗരസഭാദ്ധ്യക്ഷനായും പ്രവർത്തിച്ചിട്ടുണ്ട്.

എൻ. ശിവൻപിള്ള

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കളിൽ ഒരാളായ എൻ. ശിവൻപിള്ള സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു കൊണ്ടാണ് രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. 1938-ൽ അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമായി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന ഉത്തരവാദഭരണ പ്രക്ഷോഭത്തിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം 1945-ൽ ആണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നത്. നിരവധി തവണ അദ്ദേഹം ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. ഒന്നര വർഷക്കാലം ഒളിവിൽ കഴിയേണ്ടതായും വന്നു. സംസ്ഥാന പുനഃസംഘടനയെ തുടർന്ന് ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ പറവൂർ നിയോജക മണ്ഡലത്തിന്റെ പ്രതിനിധിയായി അദ്ദേഹം കേരള നിയമസഭയിലെത്തി. കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി.പി.ഐ. പക്ഷത്തുനിന്ന അദ്ദേഹം പ്രസ്തുത പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി അംഗമായിരുന്നു. 1987 ൽ അദ്ദേഹം വീണ്ടും അതേ മണ്ഡലത്തിന്റെ പ്രതിനിധിയായി സഭയിലെത്തി. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉഴിഞ്ഞുവയ്ക്കപ്പെട്ട ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ നിര്യാണം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒ. ലൂക്കോസ്

പ്രശസ്തമായ നിലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരിക്കുമ്പോഴാണ് ഒ. ലൂക്കോസ് രാഷ്ട്രീയ രംഗത്ത് പ്രവേശിച്ചത്. 1964-ൽ അദ്ദേഹം കേരള കോൺഗ്രസ്സിൽ അംഗത്വം സ്വീകരിച്ചു. പിന്നീടദ്ദേഹം പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമാവുകയും ഒടുവിൽ പാർട്ടിയുടെ ചെയർമാൻ സ്ഥാനം വഹിക്കുകയും ചെയ്തു. 1970-ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ലൂക്കോസ് 1977-ലും 80-ലും അതേ മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി ചെയർമാനായും കേരള സർവ്വകലാശാല സെനറ്റംഗമെന്ന നിലയിലും കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗമെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഒരു മികച്ച സഹകാരിയായിരുന്ന അദ്ദേഹം റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. അദ്ധ്യാപകൻ, വാഗ്മി, സഹകാരി, സംഘാടകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ലൂക്കോസ് മദ്ധ്യതിരുവിതാംകൂറിന്റെ കാർഷിക, വ്യാവസായിക മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.

സി. ജി. പണിക്കർ

സ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രീയ രംഗത്ത് പ്രവേശിച്ച സി. ഗോവിന്ദപ്പണിക്കർ 1949-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. 1952-ലാണ് അദ്ദേഹം അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായത്. കാർഷിക മേഖല തന്റെ സേവന രംഗമായി തെരഞ്ഞെടുത്ത പണിക്കർ കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാനും അവയ്ക്കു പരിഹാരം കാണാനും ആത്മാർത്ഥമായി പരിശ്രമിച്ചു. പാർട്ടിയിലുണ്ടായ പിളർപ്പിനെത്തുടർന്ന് മാർക്സിസിറ്റ് പക്ഷത്ത് നിലയുറപ്പിച്ച പണിക്കർ 1967-ൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1970-ലും അദ്ദേഹം അതേ മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. പിന്നീട് സി. എം. പി.-യിൽ അംഗത്വം സ്വീകരിച്ചു. കർഷകത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ശബ്ദമുയർത്തിയ പണിക്കരുടെ നിര്യാണം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

പി. വി. എസ്. മുസ്തഫ പൂക്കോയ തങ്ങൾ

മുസ്ലീംലീഗിന്റെ സജീവ പ്രവർത്തകനായി 1951-ൽ മുസ്തഫ പൂക്കോയ തങ്ങൾ രാഷ്ട്രീയ രംഗത്ത് പ്രവേശിച്ചു. 1954 മുതൽ 1957 വരെ മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗമായിരുന്നു. പാർട്ടിയുടെ വിവിധ ഘടകങ്ങളിൽ ഭാരവാഹിത്വം വഹിച്ചിട്ടുള്ള തങ്ങൾ പാലക്കാട് ജില്ലാ വൈസ് പ്രസിഡന്റായും മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റായും പ്രവർത്തിക്കുകയും ഒരു മികച്ച സംഘാടകനെന്നു തെളിയിക്കുകയും ചെയ്തു. 1970-ൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽനിന്ന് അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. താൻ പ്രതിനിധാനം ചെയ്യുന്ന ജനവിഭാഗങ്ങളുടെ ഉത്തമ താൽപ്പര്യങ്ങൾക്കുവേണ്ടി വാദിക്കാൻ തങ്ങൾ എന്നും

LIBRARY ARCHIVES Kerala Legislative Assembly

മുൻപന്തിയിലുണ്ടായിരുന്നു. ഉത്തര കേരളത്തിൽ മുസ്ലീംലീഗിന് ശക്തമായ അടിത്തറയുണ്ടാക്കാൻ നിർണ്ണായക പങ്കാണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. ഒട്ടേറെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന പൂക്കോയ തങ്ങളുടെ നിര്യാണംമൂലം ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ കരുത്തനായ ഒരു സാരഥിയെയാണ് നഷ്ടമായിരിക്കുന്നത്.

ഇ. വി. കുമാരൻ

ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളിൽ ഒരാളായ ഇ. വി. കുമാരൻ വളരെ ചെറുപ്പത്തിൽത്തന്നെ രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചു. ഒട്ടേറെ കർഷ സമരങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള കുമാരൻ പാർട്ടിയിൽ ഭിന്നിപ്പുണ്ടായപ്പോൾ മാർക്സിസ്റ്റ് പക്ഷത്ത് നിലയുറപ്പിക്കുകയും പാർട്ടിയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. 1967-ൽ അദ്ദേഹം നാദാപുരം നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ദീർഘകാലം സഹകരണമേഖലയിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം കാൽനൂറ്റാണ്ടുകാലം കോഴിക്കോട് ജില്ലാ സഹകരണബാങ്കിന്റെ പ്രസിഡന്റായിരുന്നു. കർഷക സംഘം കോഴിക്കോട് ജില്ലാ പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റിയംഗം എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ഇടതുപക്ഷ പ്രസ്ഥാനത്തിലെ പ്രമുഖനായ ഒരു സഹകാരിയെയാണ് കുമാരന്റെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

അലിക്കുഞ്ഞുശാസ്ത്രി

തിരുവനന്തപുരം സംസ്കൃത കോളേജിൽനിന്ന് പ്രശസ്തമായ നിലയിൽ ബിരുദം നേടിയശേഷം അലിക്കുഞ്ഞുശാസ്ത്രി സാമൂഹ്യപ്രവർത്തനമാരംഭിച്ചു. ബഹുജന പ്രക്ഷോഭങ്ങളിൽ പങ്കെടുത്തതിന് രണ്ട് തവണ അദ്ദേഹം ജയിൽ ശിക്ഷയ്ക്ക് വിധേയനായി. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ യുവ നേതാക്കളിൽ ഒരാളായി രാഷ്ട്രീയരംഗത്ത് വന്ന ശാസ്ത്രി 1960-ൽ അന്നത്തെ ഉള്ളൂർ നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേരള യൂണിവേഴ്സിറ്റി സെനറ്റംഗം, സിൻഡിക്കേറ്റംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ശാസ്ത്രി തിരുവനന്തപുരം ജില്ലാ കയർത്തൊഴിലാളി യൂണിയൻ, ദക്ഷിണ കേരള മത്സ്യത്തൊഴിലാളി യൂണിയൻ തുടങ്ങിയവയുടെ നേതൃത്വവും വഹിച്ചിട്ടുണ്ട്.

പി. കെ. കുമാരൻ ആചാരി

ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടിയ കുമാരൻ ആചാരി വിശ്വകർമ്മ സമുദായത്തിന്റെ ശക്തനായ ഒരു നേതാവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്നു. 1948-52 കാലയളവിൽ അദ്ദേഹം തിരു-കൊച്ചി നിയമസഭയിൽ മീനച്ചിൽ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. സാമൂഹ്യപരിഷ്ക്കരണം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള കുമാരൻ ആചാരി പിന്നോക്ക ജനവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിൽ എന്നും മുൻപന്തിയിലുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പി. ബാലൻ

ഇല്ലായ്മയുടേയും വേദനയുടേയും മടിത്തട്ടിൽ പിറന്നുവീണ് തൊഴിലാളിവർഗ്ഗ സൗഹൃദങ്ങളുടെ പ്രാണനായി, വിട്ടുപിരിയവെ എല്ലാവരിലും വേദനയുടെ വറ്റാത്ത ഉറവകൾതീർത്ത് കടന്നുപോയ ഒരസുലഭ മനുഷ്യ സ്നേഹിയായിരുന്നു പി. ബാലൻ. ജീവിത സംഘർഷങ്ങളുടെ നടുവിൽ അഞ്ചാം ക്ലാസ്സിൽ പഠനം നിർത്തേണ്ടിവരികയും തോട്ടം തൊഴിലാളിയായും ഹോട്ടൽ തൊഴിലാളിയായും തുന്നൽക്കട നടത്തിയും ദിനരാത്രങ്ങൾ താണ്ടിയ ബാലന്റെ ആദ്യ നാളുകൾ പിൽക്കാലത്ത് അദ്ദേഹത്തെ ഈ നാടുകണ്ട വലിയ തൊഴിലാളി സ്നേഹികളിലൊരാളാക്കി മാറ്റി. രാഷ്ട്രീയ പ്രവർത്തനം കഷ്ടത അനുഭവിക്കുന്നവന് ആശ്വാസത്തിന്റെ മൃതസഞ്ജീവനിയായിത്തീരണമെന്ന് കാലത്തെ ബോധ്യപ്പെടുത്താൻ ബാലന് സ്വന്തം ജീവിത പാഠങ്ങൾ തന്നെയായിരുന്നു ആശ്രയം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ ഊർജ്ജസ്വലനായ പ്രവർത്തകനായിട്ടായിരുന്നു ബാലന്റെ രാഷ്ട്രീയ പ്രവേശം. ഷൊർണ്ണൂർ വില്ലേജ് കോൺഗ്രസ് പ്രസിഡന്റായും പട്ടാമ്പി ബ്ലോക്ക് കോൺഗ്രസ്സിന്റെ സെക്രട്ടറിയായും പിന്നീട് പ്രസിഡന്റായും പാലക്കാട് ഡിസ്ട്രിക്റ്റ് യൂത്ത് കോൺഗ്രസ്സ് കൺവീനറായും തുടങ്ങി, പാലക്കാട് ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡന്റായി ബാലൻ ഉയരുകയായിരുന്നു. ദീർഘകാലം അദ്ദേഹം ഈ നായകത്വം വഹിച്ചിരുന്നു. ഐ.എൻ.ടി.യു.സി.-യുടെ പാലക്കാട് പ്രസിഡന്റായും ബാലൻ സേവനമർപ്പിച്ചിട്ടുണ്ട്. എ.ഐ.സി.സി. അംഗമായിരിക്കുമ്പോൾ അദ്ദേഹം കോൺഗ്രസ്സ് ഇലക്ഷൻ കമ്മിറ്റി അംഗവുമായിരുന്നു. പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു. ഇൻഡ്യൻ കോഫി ബോർഡിന്റെ പ്രസിഡന്റ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ എന്ന നിലയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ബാലൻ ദേശീയ കർഷകത്തൊഴിലാളി ഫെഡറേഷന്റെ സ്റ്റേറ്റ് പ്രസിഡന്റായിരിക്കുമ്പോഴാണ് ഞാൻ കൃഷി-തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയിൽ കർഷകത്തൊഴിലാളി നിയമം കൊണ്ടുവന്നത്. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ കേന്ദ്രങ്ങളിൽനിന്ന് ബില്ലിനെതിരായി ശക്തമായ നീക്കങ്ങൾ ഉണ്ടായി. അതിനെതിരെ ബാലൻ പ്രബലമായ ചെറുത്തുനിൽപ്പാണ് നടത്തിയത്. ബില്ല് നിയമമാക്കിയെടുക്കുന്നതിന് എനിക്ക് അതീവമായ കരുത്തും ആവേശവും അദ്ദേഹം നൽകിയെന്ന സത്യം അഭിമാനത്തോടെ അതിലുപരി നന്ദിയോടെ ഞാനിവിടെ സ്മരിക്കുന്നു. 1977-ൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്നും 1987-ലും 1991-ലും ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽനിന്നും അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ബാലന്റെ നിയമസഭാ പ്രസംഗങ്ങൾ രാഷ്ട്രീയ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട ഗവേഷണ രേഖകളാണ്. യുക്തിഭദ്രമായ ആശയങ്ങൾ, നർമ്മമധുരമായി അവതരിപ്പിക്കാനും പ്രതിയോഗികളുടെ വാദമുഖങ്ങളെ നിർദ്ദാക്ഷിണ്യം ഖണ്ഡിക്കാനുമുള്ള അസാമാന്യ പാടവം മാത്രമല്ല സ്വന്തം അഭിപ്രായം ശക്തമായ ഭാഷയിൽ മുഖംനോക്കാതെ പറയാനുള്ള കൂസലില്ലായ്മയും അദ്ദേഹത്തിനുണ്ടായിരുന്നു. ജനകീയ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രക്ഷോഭങ്ങളിൽ നിർഭയനായ നേതാവായിരുന്നു അദ്ദേഹം. പോലീസിന്റെ ക്രൂരമായ മർദ്ദനമേറ്റ് അംഗവൈകല്യം സംഭവിച്ചപ്പോഴും അദ്ദേഹത്തിന്റെ ആവേശത്തിന് കുറവുണ്ടായില്ല. ആശയ സംഘർഷങ്ങൾക്കു നടുവിൽ എതിരാളികളോട് വിദ്വേഷമില്ലാതെ പെരുമാറാനുള്ള വിശാല മനസ്കതയും ആ ഗാന്ധിയനുണ്ടായിരുന്നു.

സ്വാതന്ത്ര്യ സമരകാലത്തെ സംശുദ്ധ രാഷ്ട്രീയത്തിന്റെ ഇത്തിരിവെട്ടം മനസ്സിൽ സൂക്ഷിച്ചിരുന്ന നേതാക്കളിൽ ഓരാളെക്കൂടി ബാലന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായി.

അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) ഇ. എസ്. ഐ. ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച്

ശ്രീ. എ. എ. അസീസ് : സർ, കേരളത്തിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചികിത്സിക്കുന്നതിനുവേണ്ടി എത്തുന്ന സ്ഥലമാണ് ഇ. എസ്. ഐ.-യുടെ കീഴിലുള്ള ഡിസ്പെൻസറികളും ആശുപത്രികളും. ഇ. എസ്. ഐ. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 36 ഡിസ്പെൻസറികളും 12 ആശുപത്രികളും ഒരു മോഡൽ ആശുപത്രിയുമാണ് നിലവിലുള്ളത്. ഇവിടങ്ങളിലേയ്ക്ക് ആവശ്യമായ ഡോക്ടർമാർ നിലവിലില്ല. ഉണ്ടായിരുന്നവരിൽ പലരും ലീവിലാണ്. പെട്ടെന്നുണ്ടാകുന്ന അപകടംമൂലവും മറ്റും മറ്റുള്ള ആശുപത്രികളിൽ പോകേണ്ടിവരുമ്പോൾ അവിടെ ചെലവാകുന്ന തുകയുടെ ബില്ലുകളും മറ്റും പാസ്സാക്കി കൊടുക്കേണ്ടത് ഡിസ്പെൻസറികളിലെ ഐ .എം. എം.-മാരാണ്. പരിചയ സമ്പന്നരായ സീനിയർ ഡോക്ടർമാർ ഇല്ല എന്ന കാരണത്താൽ യഥാസമയം ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നില്ല. ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഡോക്ടർമാരുടെ കുറവ് നികത്താനാവശ്യമായ നടപടികൾ ഉണ്ടാകണം. അതുപോലെ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കി കൊടുക്കുന്നതിനുള്ള നടപടിയും ഉണ്ടാകണം. ഇ. എസ്.ഐ. ആശുപത്രികളിൽ മുമ്പുണ്ടായിരുന്ന വികസന സമിതിയുടെ പ്രവർത്തനം ഇപ്പോൾ നിശ്ചലമാണ്. വികസന സമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇ. എസ്. ഐ. ഹോസ്പിറ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇ. എസ്. ഐ. ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം, കുറച്ചു ഡോക്ടർമാരുടെ കുറവുണ്ട്. അതിന്റെ ബുദ്ധിമുട്ടുകൾ ഇ.എസ്.ഐ. ആശുപത്രികൾ അനുഭവിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് 2002-ൽ അവസാനിച്ച പി. എസ്. സി. ലിസ്റ്റിൽ നിന്നാണ് നിയമന ഉത്തരവുകൾ നൽകിയത്. നിരവധി ഉത്തരവുകൾ നൽകിയിട്ടും പല ഡോക്ടർമാരും വന്ന് ജോയിൻ ചെയ്യാൻ വിമുഖത കാട്ടിയതുകൊണ്ട് നമുക്ക് ഈ ലിസ്റ്റിൽ നിന്ന് പരമാവധി നിയമനത്തിന് കഴിഞ്ഞില്ല. അതിനുശേഷം എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഈ ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം നൂറോളം ഒഴിവുകൾ ഉണ്ടായിരുന്നതിൽ 35-ഓളം ഒഴിവുകൾ ഇതിനകം നികത്തിക്കഴിഞ്ഞു. തിരുവനന്തപുരത്തും എറണാകുളത്തുമൊക്കെ റീജിയണൽ ഡയറക്ടർമാർ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് ആവശ്യമായ ലിസ്റ്റുകൾ വരുത്തി നിയമനത്തിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. റീ-ഇംമ്പേഴ്സ്മെന്റ് പോലെയുള്ള കാര്യങ്ങളിൽ ഡിസ്പെൻസറികളിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള പ്രത്യേകമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം തന്നെ കൊട്ടിയം ഡിസ്പെൻസറിയിലെ കാലതാമസത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചിരുന്നു. അത് അപ്പോൾ തന്നെ പരിഹരിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. അതുപോലെ വികസന സമിതികൾ പുനസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഏതാനും ദിവസങ്ങൾക്കകം പുറപ്പെടുവിക്കുന്നതാണ്. വികസന സമിതികൾ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള പുതിയ സംവിധാനത്തിന് ഞങ്ങൾ രൂപം കൊടുത്തു. അത് ഇപ്പോഴുള്ളത് ഏതെങ്കിലും ട്രേഡ് യൂണിയൻ നേതാക്കളുടെ മാത്രം പ്രതിനിധികൾ അടങ്ങുന്നതാണ്. ആ പ്രദേശത്തെ ഏതെങ്കിലും പ്രധാനപ്പെട്ട തൊഴിലുടമയുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി പുതിയ ഒരു വികസന സമിതിക്ക് രൂപം കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.ഇ.എസ്.ഐ.-യിലെ എല്ലാ ആശുപത്രികളിലും അവിടുത്തെ സേവന വേതന സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ് : ഇപ്പോൾ പല ഡിസ്പെൻസറികളിലും ജൂനിയർ ഡോക്ടർമാരാണ് ഐ.എം.എം.-മാരുടെ ചാർജ്ജ് വഹിക്കുന്നത്. ജൂനിയർ ആയതുകൊണ്ട് റീ ഇംമ്പേഴ്സ്മെന്റ് ബില്ലുകൾ പാസ്സാക്കിക്കൊടുക്കാൻ പരിചയക്കുറവുമൂലം അവർ വിമുഖത കാണിക്കുന്നുണ്ട്. അതുകൊണ്ട് സീനിയറായ ആളുകൾക്ക് ഐ.എം.എം.-മാരുടെ ചാർജ്ജ് കൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ?

ശ്രീ. ബാബു ദിവാകരൻ: ഇ. എസ്. ഐ.-യുടെ പ്രവർത്തനം സംബന്ധിച്ച്, സാധാരണ എം.ബി.ബി.എസ്. പാസ്സായി വന്നാൽ നേരിട്ട് ഡിസ്പെൻസറികളിൽ പ്രവർത്തിക്കാനുള്ള പ്രയാസമുണ്ട്. ഇ.എസ്.ഐ. നിയമത്തെക്കുറിച്ചും അതിന്റെ ലീവും മറ്റ് കാര്യങ്ങളും അതുപോലെ റീ ഇംമ്പേഴ്സുമെന്റും ഒക്കെ നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ interpret ചെയ്യുന്നതിന് സ്വല്പം ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുണ്ട്. അതിന് ആദ്യത്തെ രണ്ടു മൂന്ന് മാസക്കാലം അവർക്ക് ഒന്ന് പരിചയിച്ചു വരുന്നതിന് പ്രയാസമുണ്ട്. ഡിസ്പെൻസറികളിൽ വന്നിരിക്കുന്ന സീനിയർ ഡോക്ടർമാരെ ആശുപത്രിയിലെ സേവനത്തിന് കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെല്ലാം ആശുപത്രികളിൽ സേവനം അനുഷ്ഠിക്കണമെന്ന ഒരു നിബന്ധന കൊണ്ടുവന്നിട്ടുണ്ട്. ആ പോരായ്മ നികത്തുന്നതിന് അവർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് എത്രയും പെട്ടെന്ന് റീ ഇംബേഴ്സ്മെന്റും മറ്റു കാര്യങ്ങളും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

(2) കണ്ണൂർ ജില്ലയിലെ വൈദ്യുതി വിതരണ രംഗത്ത് ഉള്ളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. സി. ജോസഫ് : സർ, കണ്ണൂർ ജില്ലയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള താമസമാണ് എന്റെ പ്രമേയം. 1995-1996-ൽ മിനിമം ഗ്യാരന്റി വച്ച പ്രവൃത്തികൾപോലും ഇപ്പോൾ പൂർത്തിയാകുന്നില്ല. കാരണം ഇതിനാവശ്യമായ മെറ്റീരിയൽസ് യഥാസമയത്ത് ബോർഡ് കൊടുക്കുന്നില്ല. ആവശ്യമായ സ്റ്റാഫിനെ അവിടേയക്ക് ഡിപ്ളോയ് ചെയ്യുന്നില്ല. കണ്ണൂർ ജില്ലയിലെ വൈദ്യുതി ഓഫീസുകളിലെല്ലാം പ്രധാനപ്പെട്ട പദവികൾ പോലും ഒഴിഞ്ഞുകിടക്കുകയാണ്. തിരു-കൊച്ചി മേഖലയിൽ 2002-2003 വരെ എം. ജി. വച്ച വർക്കുകൾപോലും നടത്തിക്കൊണ്ടിരിക്കുമ്പോൾ മലബാർ ജില്ലകളിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ 1995-ൽ മിനിമം ഗ്യാരന്റി വച്ച വർക്കുകൾ പോലും ആരംഭിക്കാൻ സാധിക്കുന്നില്ല. അത് എന്തുകൊണ്ടാണെന്ന് മന്ത്രി പരിശോധിക്കണം. ദയവായി കേരളത്തിലെ എല്ലാ ജില്ലകളിലും ഒരു കട്ട് ഓഫ് ഡേറ്റ് വച്ച് ആ ഡേറ്റിനു മുമ്പുള്ള എം.ജി. വർക്കുകൾ കമ്മീഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. രണ്ടാമത് ഓൺ ഗോയിംഗ് വർക്കുകൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. പ്രധാന പ്രശ്നം ആവശ്യമായ മെറ്റീരിയൽസ് കിട്ടുന്നില്ല. മൂന്നാമത്തെ കാര്യം വോൾട്ടേജ് ഇംപ്രൂവ്മെന്റ്. അതിനുവേണ്ടി നിരവധി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ഒന്നും പണി ആരംഭിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി കണ്ണൂർ ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും മറ്റ് എം.ജി. വർക്കുകൾ പൂർത്തിയാക്കാനുമാവശ്യമായ മെറ്റീരിയൽസ് കൊടുക്കാനും അവിടുത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം സമയ ബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കണ്ണൂർ ജില്ലയിൽ കട്ട് ഒഫ് ഡേറ്റ് എന്നു പറയുന്നത് 1996-1997-ലേത് തീർക്കണമെന്നുള്ളതായിരുന്നു. ഇവിടെ മിനിമം ഗ്യാരന്റി വച്ച 22 വർക്കുകളിൽ 13 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 1996 മുതൽ 1997 വരെ മിനിമം ഗ്യാരന്റി വച്ച 22 വർക്കുകളിൽ 17 എണ്ണം മലയോര മേഖലയായ ഇരിട്ടി സബ്ഡിവിഷനിൽ ആയിരുന്നു. ഇരിട്ടിയിൽ 17 എണ്ണത്തിൽ ഒമ്പത് എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കി. ബാക്കിയുള്ളിടത്ത് എല്ലാ പണികളും ചെയ്തു. ഒരെണ്ണത്തിന് കണക്ഷൻ കൊടുക്കുന്ന ജോലി മാത്രമേ ബാക്കിയുള്ളു. ഇരിട്ടി ലൈനിനുള്ള കുഴപ്പം എന്താണെന്നു ചോദിച്ചാൽ അത് വളരെ ദീർഘമായ ലൈൻ ആണ്. അവിടെ പൂർത്തിയായതിൽ നിന്നും 5,600 പേർക്ക് കണക്ഷൻ നൽകി എന്നുള്ളതിൽ നിന്നും ആ ലൈനിന്റെ ദൈർഘ്യം മനസ്സിലാക്കാവുന്നതാണ്. പത്ത് കാർഷിക ലൈനുകളും പൂർത്തിയാക്കി. ബാക്കിയുള്ള ഒമ്പത് വർക്കുകൾക്ക് ആവശ്യമായ പോസ്റ്റുകൾ, കമ്പികൾ, ഇൻസുലേറ്ററുകൾ എന്നിവ ലഭ്യമാക്കിക്കഴിഞ്ഞു. ബാക്കി സാധന സാമഗ്രികൾകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. മേൽ പറഞ്ഞ ലൈൻ എക്സ്റ്റെൻഷൻ വർക്കുകളിൽ അധിക പങ്കും മലയോര മേഖലയായ ഇരിട്ടി സബ് ഡിവിഷന്റെ കീഴിലാണ്. 2004-ന് മുമ്പ് ഈ ജോലികൾ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2003-2004 ആരംഭത്തിലുണ്ടായിരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകളിൽ 75 എണ്ണം പൂർത്തിയായി. 242 വർക്കുകളാണ് ബാക്കിയുള്ളത്. അവയ്ക്ക് അവശ്യമായ പോസ്റ്റുകൾ ലഭ്യമാക്കിക്കഴിഞ്ഞു. ബാക്കി ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ഇവ മുഴുവൻ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മലയോര മേഖലയായ നെടുവത്ത് പ്രദേശത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്, ആലക്കോട് സെക്ഷനിലെ ആദ്യത്തെ പ്രവർത്തിയാണ്. ആവശ്യമായ ഭൂരിഭാഗം സാധന സാമഗ്രികളും ശേഖരിച്ചു കഴിഞ്ഞു. ഈ വർക്ക് ഉടൻ തന്നെ പൂർത്തിയാക്കുന്നതാണ്. തായാട്ട് പ്രദേശത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കിന് 14-ാമത്തെ മുൻഗണനയാണുള്ളത്. 1.4 കിലോമീറ്റർ 11 കെ.വി. ലൈനും ഒരു 100 കെ.വി. ട്രാൻസ്ഫോർമറും ഉൾപ്പെടെ ഈ വർക്ക് മുൻഗണനാ ക്രമമനുസരിച്ച് ഉടൻ പൂർത്തിയാക്കുന്നതാണ്. ജലസേചന കണക്ഷനുകളും ഇപ്പോൾ നൽകി വരുന്നു. ഈ വർഷം ഏപ്രിൽ മുതൽ ഇതുവരെ 213 ജലസേചന കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആവശ്യമായ സാധന സാമഗ്രികൾ വാങ്ങാൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് അനുവാദം നൽകിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽതന്നെ കണ്ണൂർ ജില്ലയിലെ വർക്കുകൾ പൂർത്തിയാക്കാനുള്ള താമസം വ്യക്തമായ സ്ഥിതിക്ക് ദയവായി അങ്ങയുടെ അടുത്ത കണ്ണൂർ സന്ദർശനത്തിലെങ്കിലും കണ്ണൂരിലെ വർക്കുകളുടെ ഒരു റിവ്യൂ നടത്താൻ തയ്യാറാകുമോ ?

ശ്രീ. കടവൂർ ശിവദാസൻ : സ്റ്റേറ്റിൽ പൊതുവേയുള്ള പ്രശ്നമാണ്, മലബാർ മേഖലയിലേയ്ക്ക് നമ്മുടെ ജീവനക്കാർ പോവുകയില്ല. പോയാൽ തിരിച്ചുവരാൻ ശ്രമിക്കും. വലിയ വലിയ പ്രഷറൊക്കെ ചെലുത്തും. അത് നമ്മളെല്ലാപേരുംകൂടി അധികം ഇടപെടാതെ അവിടെതന്നെ ലഭ്യമാകുന്നതിനുള്ള ശ്രമം നടത്തണം. ഞാൻ തന്നെ വളരെ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് ചെറിയ ഷോർട്ടേജൊക്കെ വരും. പക്ഷെ, സാധന സാമഗ്രികളെല്ലാം ഒരു വിവേചനവും കൂടാതെ പൂർണ്ണമായും ലഭ്യമാക്കുന്നതിന് ഉടൻ നടപടിയെടുക്കുന്നതാണ്. സ്റ്റാഫിനേയും വയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

IV. സബ്മിഷൻ

(1) മലപ്പുറം ജില്ലയിലെ ചരിത്ര സ്മാരകങ്ങൾ പുരാവസ്തുവകുപ്പ് ഏറ്റെടുക്കേണ്ടത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്.-അച്ചുതാനന്ദൻ) : സർ, മലപ്പുറം ജില്ലയിൽ തിരുനാവായയിലെ ജനങ്ങൾ എനിക്കു നൽകിയ ഒരു നിവേദനത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകങ്ങളായ നിലപാട്തറ, മണിക്കിണർ, ചങ്ങമ്പള്ളി കളരി, പഴക്കമണ്ഡപം, മരുന്നറ, സഞ്ചാര ഗുഹകൾ എന്നിങ്ങനെയുള്ള സാമൂതിരി രാജാക്കന്മാരുടെ കാലത്ത് ഓരോ ഘട്ടങ്ങളിലും വളരെയധികം ആചാരങ്ങളായിട്ട് എടുത്തുപോന്നിരുന്ന സ്ഥാപനങ്ങൾ നശിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രമാണി ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും പുരാവസ്തു ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇത് ചരിത്ര വിദ്യാർത്ഥികൾക്കും സമൂഹത്തിലെ ആളുകൾക്കും ഉപകാരപ്രദമായിട്ടുള്ള നിലയിൽ സംരക്ഷിക്കുകയാണ് വേണ്ടത് എന്നും പറഞ്ഞിട്ടുണ്ട്. അത് വായിച്ചപ്പോൾ ശരിയാണെന്ന് എനിക്കു തോന്നി. ഇത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കടലിലേയ്ക്ക് പോകാനുള്ള ഗുഹകളെല്ലാമുണ്ടെന്നാണ് പറയുന്നത്. അതെല്ലാം ഇടിച്ചുനിരത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ നിന്ന് രക്ഷിച്ച് സമൂഹത്തിന് ഉപകാരപ്രദമായ നിലയിൽ വിദ്യാർത്ഥികൾക്കും മറ്റും പഠനാർഹമായ നിലയിൽ അത് കാത്തുസൂക്ഷിക്കേണ്ടത് ആവശ്യമാണെന്നാണ് എനിക്ക് മനസ്സിലാകുന്നത്. അത് ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് നശിപ്പിക്കാതിരിക്കാനുള്ള സംരക്ഷണ നടപടികൾ എടുക്കണം. പുരാവസ്തു ഗവേഷണ ഡിപ്പാർട്ടുമെന്റ് ആവശ്യമായ പഠനം നടത്തി ഇവ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞതനുസരിച്ച് വിശദീകരിച്ചില്ലെങ്കിൽ പ്രയോജനമില്ല. നിളാ നദിയുടെ തീരത്ത് തിരുനാവായ മണൽപുറത്ത് 28 നാൾ നീണ്ടുനിന്നിരുന്ന ഉൽസവമായിരുന്നു മാമാങ്കം. സാംസ്കാരിക കാര്യങ്ങൾക്കും വാണിജ്യ കാര്യങ്ങൾക്കും ഊന്നൽ നൽകിയ മാമാങ്കം അവസാനം കൊണ്ടാടിയത് 1766-ലാണ്. നിലപാട്തറ—മാമാങ്ക മഹോൽസവ വേളയിൽ സാമൂതിരിമാർ രക്ഷാപുരുഷ സ്ഥാനം ഏറ്റെടുത്ത് നിലയുറപ്പിക്കുന്ന സ്ഥലമാണ് നിലപാട്തറ. രണ്ടാമത് മണിക്കിണർ. രക്ഷാപുരുഷ സ്ഥാനത്തിനു വേണ്ടി ഭാരതപ്പുഴയുടെ തീരത്ത് സാമൂതിരിയുടെ സൈന്യവും വള്ളുവക്കോനാതിരിയുടെ ചാവേറുകളും തമ്മിൽ നടന്ന യുദ്ധത്തിൽ മരണം വരിച്ച ചാവേറുകളുടെ മൃതദേഹങ്ങൾ നിക്ഷേപിച്ചിരുന്നത് മണിക്കിണറുകളിലായിരുന്നു. തിരുനാവായ ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള ഗോപുരകവാടത്തിന് വലതുവശത്ത് ഉയർത്തിക്കെട്ടിയിരിക്കുന്ന മണ്ഡപമാണ് പഴക്കമണ്ഡപം. ഈ പഴക്കമണ്ഡപത്തിൽ ഇരുന്നാണത്രേ സാമൂതിരിമാർ മാമാങ്കം ദർശിച്ചിരുന്നത്. ഗുഹയുടെ കാര്യം അദ്ദേഹം പറഞ്ഞു. 2003 ജൂലൈ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടയ്ക്കൽ ഓട്ടുകമ്പനി പൊളിച്ചപ്പോഴാണ് ആ തുരങ്കം ദൃശ്യമായത്. തുരങ്കം വെട്ടുകല്ലിൽ തന്നെയാണ് ഉണ്ടാക്കിയിരിക്കുന്നത്. പ്രസ്തുത തുരങ്കത്തെക്കുറിച്ചും അതിന് മാമാങ്കവുമായുള്ള ബന്ധത്തെക്കുറിച്ചും ആർക്കിയോളജി വകുപ്പ് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഈ സ്ഥാപനങ്ങൾ, ഈ സ്മാരകങ്ങൾ ആർക്കിയോളജി വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി നടത്തുന്നതിനുള്ള നടപടികളും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഇത് ഗവണ്മെന്റ് ഏറ്റെടുക്കുന്നതാണ്.

(2) സ്വകാര്യ ബസ് സമരം

ശ്രീ. പി. സി. ജോർജ്ജ് : ഈ രാജ്യത്തെ ജനങ്ങളെ ഞെക്കിപ്പിഴിയാൻ വേണ്ടി ഗവണ്മെന്റ് സ്പോൺസേർഡ് സമരവുമായി ഒരു പറ്റം ബസ് മുതലാളിമാർ ഇറങ്ങിത്തിരിച്ചിരിക്കുകയാണ് എന്നാണ് എന്റെ അഭിപ്രായം. അതിന് യാതൊരു സംശയവുമില്ല. ജനങ്ങളെ വീണ്ടും ഞെക്കിപ്പിഴിഞ്ഞ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായിട്ടാണ് ജൂലൈ മാസം 26-ാം തീയതി മുതൽ ഒരു വിഭാഗം ബസ്സുടമകൾ സമരത്തിന് ഇറങ്ങിയിരിക്കുന്നത്. 2001 ഒക്ടോബർ 13-ാം തീയതിയാണ് ഈ ഗവൺമെന്റ് ആദ്യമായി ബസ്ച്ചാർജ്ജ് വർദ്ധിപ്പിച്ചത്. അന്ന് ബസ്ച്ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ ഓർഡിനറി ബസ്സിന് 7 പൈസയാണ് ഒരു കിലോമീറ്ററിന് കൂട്ടിക്കൊടുത്തത്. ഞാൻ ചോദിക്കുന്നത് അന്ന് വർദ്ധിപ്പിച്ചപ്പോൾ ഇത് കൂടുതലാണെന്ന് അന്നത്തെ മന്ത്രി ശ്രീ. ഗണേഷ്കുമാർ ഈ സഭയിൽതന്നെ സമ്മതിച്ചു. ഈ വർദ്ധനവ് ആവശ്യമില്ലായിരുന്നുവെന്ന് പറഞ്ഞു, എന്നിട്ട് ബസ്ച്ചാർജ്ജ് കുറയ്ക്കുമെന്ന് ക്യാബിനറ്റിൽ പറഞ്ഞു, ചെയ്തില്ല. ബസ്ച്ചാർജ്ജ് കുറയ്ക്കുമെന്ന് പറയുക മാത്രമല്ല അന്ന് ഈ സഭയിലെ അംഗമായിരുന്ന ഇപ്പോഴത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറഞ്ഞ ഒരു വാക്ക് 2001 നവംബർ 13-ലെ മനോരമയിലുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ചാർജ്ജ് വർദ്ധനവ് ആവശ്യമില്ലെന്ന് എത്രവട്ടം പറഞ്ഞതാണ്. ഇന്ത്യയിലെ ഒറ്റ സംസ്ഥാനത്തും ഗതാഗത വകുപ്പ് ലാഭത്തിൽ പ്രവർത്തിക്കാതിരുന്നപ്പോൾ കേരളത്തിൽ കെ.എസ്.ആർ.ടി.സി. ലാഭത്തിൽ.....

മി. സ്പീക്കർ : ഇപ്പോഴത്തെ കാര്യം വല്ലതും പറയാനുണ്ടെങ്കിൽ ഒരു മിനിറ്റിൽ പറയണം.

ശ്രീ. പി. സി. ജോർജ്ജ് : സംസ്ഥാനത്ത് യാതൊരു കാരണവശാലും ചാർജ്ജ് വർദ്ധിപ്പിക്കരുത്. ഇവിടെ ഓർഡിനറി ബസ്സിന് ഇപ്പോൾ കി. മീറ്ററിന് 35 പൈസയാണ്. ഫാസ്റ്റിന് 43 പൈസ. സൂപ്പർ ഫാസ്റ്റിന് 46 പൈസ. തമിഴ്നാട്ടിൽ ഇപ്പോഴത്തെ ചാർജ്ജ് കി.മീ.ന് 26 പൈസ, കർണാടകത്തിൽ 28 പൈസ. ഇവിടെ വിദ്യാർത്ഥികൾക്ക് കൺസെഷൻ കൊടുക്കുന്നുവെന്ന് പറയുന്നു. കർണ്ണാടകയിൽ വിദ്യാർത്ഥികൾക്ക് സൗജന്യമാണ്. 60 വയസ്സ് കഴിഞ്ഞാൽ സൗജന്യമാണ്. ആ നിലയിൽ ഇവിടെ ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് പറയുന്നത് എന്ത് ന്യായമാണ്? കോടതിയിൽ കേസ് വന്നപ്പോൾ ഒ.പി.16/935/97...ബഹുമാനപ്പെട്ട കോടതി പറഞ്ഞു ത്രൈമാസിക റിപ്പോർട്ട് വയ്ക്കണമെന്ന്. വരവിന്റേയും ചെലവിന്റേയും കണക്കുകൾ വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെയടിസ്ഥാനത്തിൽ വരവ് കുറവും ചെലവ് കൂടുതലും ആണെങ്കിൽ അത് പരിശോധിച്ചേ ചാർജ്ജ് വർദ്ധിപ്പിക്കാവൂ എന്ന് ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അന്ന് അത് സമ്മതിച്ച് ട്രാൻസ്പോർട്ട് കമ്മിഷണർ അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. അത് കണക്കാക്കാതിരിക്കാൻ പറ്റുമോ? ഈ സംസ്ഥാനത്ത് ജനങ്ങളുടെ മുമ്പിലും ജനപ്രതിനിധികളുടെ മുമ്പിലും മന്ത്രിയുൾപ്പെടെ പ്രചരിപ്പിച്ചുവച്ചിരിക്കുന്നത് ഡീസൽ വില വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാണ്. അത് തെറ്റാണ്. അത് തെറ്റാണെന്ന് ഈ സഭയെ ബോധ്യപ്പെടുത്താൻ അങ്ങ് അനുവദിക്കാതിരുന്നാൽ എന്ത് ചെയ്യും? ഒറ്റ കണക്ക് മാത്രം. ഈ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ 3,615, പ്രൈവറ്റ് ബസ്സുകൾ 25,075. ഇവിടെ കി.മീ.ന് ഒരു ബസ് ഒരു ദിവസം ഒരു പൈസ കൂട്ടിയാൽ 37 ലക്ഷം രൂപ കിട്ടും. ഇപ്പോൾ ഇവർ ചോദിക്കുന്ന 20 പൈസ കൂടുതലാണ് .....ഈ ബസ് ചാർജ്ജ് വർദ്ധനവ് അനാവശ്യമാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ഇവിടെ ബസ്ച്ചാർജ്ജ് കൂട്ടാനൊന്നും ആരും തീരുമാനിച്ചിട്ടില്ല, തീരുമാനിച്ചുവെന്ന അടിസ്ഥാനത്തിലാണ് പറയുന്നത്. ബസ്ച്ചാർജ്ജ് കൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭണങ്ങൾ ബസ്സുടമകൾ ആരംഭിച്ചിട്ട് ഏതാണ്ട് ഒന്നേകാൽ വർഷക്കാലമായി. ഞാൻ ഈ വകുപ്പിന്റെ ചാർജ്ജ് ഏറ്റെടുക്കുമ്പോൾ തന്നെയുള്ള കാര്യമാണ്. അന്ന് വ്യാവസായികാടിസ്ഥാനത്തിൽ ഈ പ്രശ്നം പരിശോധിക്കണമെന്ന് ഒരു ആവശ്യം വരികയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഏകാംഗ കമ്മിഷനെ നിയമിക്കുകയും ചെയ്തു. നമ്മുടെ മുൻ ചീഫ് സെക്രട്ടറിയും സാമ്പത്തിക വിദഗ്ദ്ധനുമായ ശ്രീ. രബീന്ദ്രൻ നായരെ ഈ കാര്യങ്ങൾ പഠിക്കുന്നതിന് ചുമതലപ്പെടുത്തി. അതിന്റെയടിസ്ഥാനത്തിൽ അദ്ദേഹത്തോട് മൂന്ന് മാസത്തിനകം റിപ്പോർട്ട് തരാൻ പറഞ്ഞു. അദ്ദേഹം മൂന്നു മാസത്തിനകം റിപ്പോർട്ട് തന്നു. സാധാരണ പതിവില്ലാത്തതാണ്. ആ റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് സ്ഥിരമായി ഇതൊരു വ്യവസായം എന്ന നിലയിൽ ഒരു സംവിധാനം വേണമെന്നാണ്. ചെലവുകളുടെ അടിസ്ഥാനത്തിൽ ചാർജ്ജ് നിശ്ചയിക്കുന്ന ഒരു സംവിധാനം ഉണ്ടാകണമെന്നാണ് അദ്ദേഹത്തിന്റെ റിപ്പോർട്ട്. അതിനുവേണ്ടി സ്ഥിരമായിത്തന്നെ ഒരു ഏജൻസിയെ ഗവണ്മെന്റ് നിയമിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഗവണ്മെന്റ് അതിന്റെയടിസ്ഥാനത്തിൽ വളരെ കാര്യമായി ആലോചിക്കുകയും ഗവണ്മെന്റിന്റെ നേരിട്ടുള്ള ചുമതലയിൽ അല്ലാതെ ഒരു സ്വതന്ത്ര ഏജൻസി ട്രാൻസ്പോർട്ടേഷൻ സംബന്ധിച്ച് വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സ്വതന്ത്ര ഏജൻസിയായ NATPAC-നെ ഇത് പഠിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. NATPAC-ന്റെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ട് വളരെ നാളുകളായി. അദ്ദേഹം ഇവിടെ കാര്യങ്ങൾ പറഞ്ഞതു കൊണ്ട് ഞാൻ സഭയുടെ അറിവിലേയ്ക്കുവേണ്ടി പറയുകയാണ്. കഴിഞ്ഞ തവണ ചാർജ് വർദ്ധിപ്പിച്ച അവസരത്തിൽ 18 രൂപ 46 പൈസ ആയിരുന്നു ഒരു ലിറ്റർ ഡീസൽ ഓയിലിന്റെ വില. എന്നാൽ NATPAC- ന്റെ റിപ്പോർട്ടുവരുമ്പോൾ 6 രൂപ യോളം ഒരു ലിറ്റർ ഡീസലിന്റെ വില വർദ്ധിച്ചു. എന്നുപറഞ്ഞാൽ ഒരു ദിവസം ഒരു ബസ്സിന് ശരാശരി 500 രൂപയിലധികം ചെലവുവരും. 500 രൂപയിലധികം ചെലവുവ രുമെന്ന് പറയുന്നത് 200 കിലോമീറ്റർ എന്ന ആവറേജ് എടുത്തുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

35 കിലോമീറ്റർ ഓടുന്ന വണ്ടികളുമുണ്ട്. NATPAC- ന്റെ റിപ്പോർട്ടുവന്നതിനുശേഷം 1-6-2004-ൽ വീണ്ടും 1 രൂപ 12 പൈസ ഡീസലിന്റെ വില വർദ്ധിച്ചു. ഇപ്പോൾ NATPAC പറഞ്ഞിരിക്കുന്നത് 20 ശതമാനത്തിലധികം ചെലവ് എല്ലാ രംഗത്തും ഉണ്ടായിട്ടുണ്ടെന്നാണ്. ഡീസൽ ഓയിലിന്റെ വില 40 ശതമാനംവരെ വർദ്ധിച്ചുവെന്നാണ്. മൊത്തത്തിൽ ചെലവ് 20 ശതമാനത്തിൽക്കൂടുതൽ വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് 20 ശതമാനം വർദ്ധനവ് ഒരു ടെമ്പററി സംവിധാനം എന്നുള്ള നിലയ്ക്ക് ഇവർക്ക് കൊടുക്കേണ്ടതാണ്; പ്രൈവറ്റ് ബസ്സിനും ട്രാൻസ്പോർട്ടിനും. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് അവർ പറഞ്ഞിരിക്കുന്നത് 25 ശതമാനത്തിന് മുകളിലാണ്. അത് എടുക്കുന്നില്ല. ഇങ്ങനെയാണ് റിപ്പോർട്ട് തന്നിരിക്കുന്നത്. ഗവൺമെന്റ് നിയമിച്ച കമ്മീഷന്റെ നിർദ്ദേശപ്രകാരമുള്ള കാര്യങ്ങളാണ്. ഇത് വളരെ പ്രധാനപ്പെട്ട ഇഷ്യൂ ആണ്. NATPAC പറഞ്ഞിരിക്കുന്ന കമ്പാരിസണിന്റെ അടിസ്ഥാനത്തിൽ ഇന്ന് മന്ത്രിസഭ ഇത് പരിഗണിക്കുവാൻ വച്ചിരിക്കുകയാണ്. അദ്ദേഹം എഴുതിത്തന്നതിൽ ചർച്ചയ്ക്ക് വിളിച്ചില്ലെന്ന് പറഞ്ഞു. ഇന്നലെ വൈകിട്ടും അസോസിയേഷന്റെ ബന്ധപ്പെട്ടവരുമായി ഞാൻ സംസാരിച്ചു. അവർ ഇന്നലെയും വന്നു. മന്ത്രിസഭയുടെ പരിഗണനയിൽവച്ചിരിക്കുകയാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല. പക്ഷേ അദ്ദേഹം പറഞ്ഞത്, ഇരുപത്തിയാറായിരം ബസ് എന്നാണ്. അത്രയൊന്നുമില്ല. പത്തുപതിനാറായിരം ബസ്സുണ്ട്. ഒരു ദിവസംകൊണ്ട് ഇതിനു പകരം ബസ് ഓടിക്കുവാൻ ഒരു ഗവൺമെന്റ് വിചാരിച്ചാലും സാധിക്കുകയില്ല. അങ്ങേയ്ക്ക് അറിയാമല്ലോ? അതുകൊണ്ട് ഈ കാര്യം പരിഗണിക്കുകയാണ്. ഗവൺമെന്റ് ഏറ്റെടുക്കുമ്പോൾ ഇതിന് ചില നിയമങ്ങളും നോംസുമൊക്കെയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബസ്സ് ഓടിക്കേണ്ട എന്ന് തീരുമാനിച്ചാൽ ഒന്നും ചെയ്യണ്ട. പക്ഷേ അതിന് പരിഹാരമുണ്ടാക്കുവാൻ ഒരു ദിവസംകൊണ്ടോ നാലുദിവസം കൊണ്ടോ ആരു വിചാരിച്ചാലും സാധ്യമല്ല. ഈ സമരം ഇന്നത്തെ മന്ത്രിസഭാ യോഗം കഴിയുന്നതുവരെ മാറ്റിവയ്ക്കുവാൻ ആവശ്യപ്പെട്ടു. അതിനും അവർ തയ്യാറായില്ല. കാരണം പല പ്രാവശ്യം മാറ്റിവച്ചതാണ്. ഇന്ന് മന്ത്രിസഭ ആലോചിക്കുന്നുണ്ട്. ഉചിതമായ ഒരു തീരുമാനം എടുക്കുവാൻ എല്ലാപേരും സഹായിക്കണം. നമുക്ക് എല്ലാപേർക്കും ആവശ്യമുള്ളതാണ്. ചാർജ് വർദ്ധനവ് ആർക്കും ഇഷ്ടമുള്ള കാര്യമല്ല. കോടതി പറയുന്നതൊക്കെ നോക്കി ചെയ്യുന്നത് ഗവൺമെന്റിന്റെ ജോലിയല്ലേ? കോടതി എന്തൊക്കെയാണ് പറയുന്നതെന്ന് ശ്രീ. പി.സി. ജോർജ്ജിന് അറിയാവുന്നതുപോലെ എനിക്കും അറിയാം. നമ്മൾ ഒരു വാദപ്രതിവാദത്തിലേയ്ക്ക് പോകണ്ട. കോടതി പറയുന്നതൊക്കെ പരിഗണിച്ച് മാത്രമേ മന്ത്രിസഭയ്ക്ക് ഒരു തീരുമാനം നിയമപരമായി എടുക്കുവാൻ കഴിയൂവെന്നത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. കോടതി പറയുന്നതൊക്കെ പരിഗണിച്ചുതന്നെ ചെയ്യും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിമാർ ദയവുചെയ്ത് സബ്മിഷൻ തീരുന്നതുവരെ ഹൗസുവിട്ടുപോകാതിരുന്നാൽ കൊള്ളാം. കാരണം ലിസ്റ്റിൽ ഇല്ലാതിരുന്ന ചില സബ്മിഷനുകളും ഇന്ന് കൊടുക്കുന്നുണ്ട്. മന്ത്രിമാർക്ക് അറിയാവുന്നതിന് മറുപടി പറയണം. അല്ലെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കാമെന്ന് പറയണം. ലിസ്റ്റിൽ ഇല്ലാത്ത കുറച്ച് സബ്മിഷൻ കൂടെ ഇന്ന് വന്നിട്ടുള്ളതുകൊണ്ടാണ് ഇങ്ങനെ ഞാൻ റിക്വസ്റ്റ് ചെയ്തത്. അംഗങ്ങളും മന്ത്രിമാരും ചുരുക്കിപ്പറയണം.

LIBRARY ARCHIVES Kerala Legislative Assembly

(3) തൃശ്ശൂർ ജില്ലയിൽ ഒരു ടെക്നോപാർക്ക് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ ഒരു ടെക്നോപാർക്ക് ആരംഭിക്കണമെന്നതാണ് എന്റെ ആവശ്യം. ഇന്ന് എട്ട് എഞ്ചിനീയറിംഗ് കോളേജുകളും മൂന്ന് മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജ് ഉൾപ്പെടെ പാരാമെഡിക്കൽ കോഴ്സുകളും, എം. ബി. എ., എം. സി. എ. കോഴ്സുകളും അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെറ്ററിനറി കോളേജ്, ലാ കോളേജ് മുതലായ സ്ഥാപനങ്ങളുമൊക്കെ സ്ഥിതിചെയ്യുന്ന ജില്ലയാണ് തൃശ്ശൂർ. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്നാണ് തൃശ്ശൂരിനെ വിശേഷിപ്പിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ തലസ്ഥാനവുമാണ് തൃശ്ശൂർ. അതുകൊണ്ട് ഇതിന് അനുയോജ്യമായ മറ്റ് സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ ഗവൺമെന്റ് മുന്നോട്ടുവരണം. തൃശ്ശൂരിൽ സാങ്കേതിക ബിരുദധാരികളും മറ്റ് ബിരുദധാരികളും ധാരാളമുള്ളതുകൊണ്ട് അവർക്ക് പരിശീലനത്തിനും ഉദ്യോഗ സാധ്യതയ്ക്കും വളരെ ആവശ്യമായിട്ടുള്ളതാണ് ടെക്നോപാർക്ക്. അത് ഏറ്റവും വേഗത്തിൽ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, നമുക്ക് ആലോചിക്കാം. കൊച്ചിയിൽ പുതിയ ടെക്നോപാർക്ക് ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. അതിന്റെ മുക്കാൽ ഭാഗവും ബുക്ക്ഡാണ്. എഴുപത്തിയഞ്ച് ശതമാനവും ഐ. റ്റി. കമ്പനിക്കാർ ബുക്കുചെയ്തുകഴിഞ്ഞു. മാത്രമല്ല എടുത്ത സ്ഥലത്ത് 'വിപ്രോ' ഇൻവെസ്റ്റുചെയ്യാനും തീരുമാനിച്ചു..... 40 ഏക്കർ സ്ഥലം അവർ സ്വന്തമായി എടുക്കുകയാണ്. വലിയ ക്യാമ്പസ് വരികയാണ്. ഇതുകണ്ടപ്പോൾ ഗവൺമെന്റിന് വലിയ എൻകറേജുമെന്റുണ്ടായി. മറ്റ് ജില്ലകളായ കോഴിക്കോടും തൃശ്ശൂരുമൊക്കെ നമുക്ക് ആലോചിക്കാം. ജോയിന്റ് സെക്ടറിലും പ്രൈവറ്റ് സെക്ടറിലും പറ്റും. ഗവൺമെന്റ് ഒരു ഘടകമായി നിന്നാൽ മതി. കൊച്ചിയിലെ സ്ഥിതിവച്ച് നോക്കുമ്പോൾ വലിയൊരു ആത്മവിശ്വാസം ഗവൺമെന്റിനുണ്ട്. നമുക്ക് ആലോചിക്കാം.

(4) തലശ്ശേരി-തലായി ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മലബാറിലെ മൽസ്യമേഖലയുടെ വളർച്ചയ്ക്ക് ഏറ്റവും സഹായകരമാണ് തലശ്ശേരി തലായിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുക എന്നത്. ഈ ആവശ്യം വളരെക്കാലമായി ഇവിടെ ഉന്നയിക്കുന്നതാണ്. ഇന്ന് തലശ്ശേരിയിൽ അയ്യായിരം മൽസ്യത്തൊഴിലാളികളും ജനങ്ങളും ചേർന്ന് വലിയൊരു സമരം നടത്തുകയാണ്. ഈ പശ്ചാത്തലത്തിൽ ഗവൺമെന്റ് മുൻകയ്യെടുത്ത് ഇതിനുള്ള ശ്രമം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫസർ കെ.വി. തോമസ്) : സർ, തലശ്ശേരിയിലെ തലായിയിൽ മൽസ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതിതേടിക്കൊണ്ട് 2002-ൽ 19.7 കോടിരൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി പഠനവും പൂർത്തിയായിട്ടുണ്ട്. ഇതിന് കേന്ദ്രാനുമതി ലഭിച്ചാൽ നിർമ്മാണം ഉടൻ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(5) കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കള്ള് വ്യവസായത്തിന്റേയും തൊഴിലിന്റേയും സംരക്ഷണം ആവശ്യപ്പെട്ട് വിവിധ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ ഇന്ന് തൊഴിലാളികൾ സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തിവരികയാണ്. ഗവൺമെന്റ് ഈ രംഗത്തുള്ള നയം പുനഃപരിശോധിക്കണം. നിർത്തലാക്കിയ 1610 കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കണം. ദൂരപരിധി വ്യവസ്ഥയിൽനിന്ന് കള്ള് ഷാപ്പുകളെ ഒഴിവാക്കണം. റേഞ്ച് അടിസ്ഥാനത്തിൽ കള്ള് ഷാപ്പുകൾക്ക് ലൈസൻസ് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ലൈസൻസ് ഫീസ് ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. തൊഴിൽ സംരക്ഷണം മുൻനിർത്തി നടത്തിയ സമരത്തിന്റെ ഭാഗമായി തൊഴിലാളികളുടെ പേരിൽ എടുത്തിട്ടുള്ള അബ്കാരി കേസ്സുകളും ക്രിമിനൽ കേസ്സുകളും ഒഴിവാക്കുവാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. ഗവൺമെന്റ് നിലപാട് പുനഃപരിശോധിച്ചുകൊണ്ട് എഴുപത്തിയയ്യായിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന ഈ വ്യവസായത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫസർ കെ.വി. തോമസ്) : സർ, കള്ള് ഷാപ്പ് തൊഴിലാളികളുടെ പ്രശ്നത്തിൽ വളരെ അനുഭാവപൂർവ്വമായ സമീപനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ആ പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്.

(6) അതിരപ്പിള്ളി വെള്ളച്ചാട്ടം വിദ്യുച്ഛക്തി പ്രകാശത്തിൽ കാണാനുള്ള സൗകര്യങ്ങൾ

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: സർ, ആദ്യം സബ്മിഷനിൽ നിന്നും വിട്ട് ഒരു അപേക്ഷയാണ്. സ്ഥലം എം. എൽ. എ. ആയ ഞാൻ ആവർത്തിച്ച് പറയുകയും എഴുതുകയും ചെയ്തിട്ടുള്ളതാണ്. അതിരപിള്ളി എന്നത് റിക്കാർഡുകളിൽ ആതിരപിള്ളി ആയിട്ട് എല്ലായ്പ്പോഴും മാറുന്നു. അത് അതിരപിള്ളി എന്ന് തിരുത്തണമെന്ന അഭ്യർത്ഥനയുണ്ട്. അങ്ങയുടെ പ്രത്യേക സഹായത്തോടുകൂടി അങ്ങ് സന്ദർശിച്ചിട്ടുള്ള ഈ വെള്ളച്ചാട്ടത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് ഇൻഡ്യയിലെ ഒന്നാം നമ്പർ വെള്ളച്ചാട്ടംതന്നെയാണ്. ഒരു ആക്ഷേപവുമില്ല. കർണ്ണാടകയിലെ ജോക്ഫാൾസിലോ തമിഴ്നാട്ടിലെ കുറ്റാലത്തോ ഒന്നും ചെയ്യാത്ത രീതിയിലുള്ള ഒരു പുതിയ പുരോഗതി ഈ വെള്ളച്ചാട്ടത്തിന് ഉണ്ടാക്കേണ്ടതാണ്. ഈ വെള്ളച്ചാട്ടം വൈദ്യുത ദീപങ്ങളാൽ അലങ്കൃതമാകണമെന്നതാണ് എന്റെ അപേക്ഷ. നിറഞ്ഞ നിലാവിൽ അത്യപൂർവ്വ ഭംഗി ഈ വെള്ളച്ചാട്ടത്തിനുള്ളത് അനുഭവസ്ഥർക്കേ അറിയുവാൻ കഴിയൂ. ഡൈനാമിക് ലൈറ്റിംഗ് വേണം. വെറുതേ വിദ്യുച്ഛക്തി പ്രദാനം ചെയ്താൽപോരാ. മഴവില്ലിന്റെ നിറങ്ങളാണ്, ഏഴ് നിറങ്ങളാണ്, സപ്തവർണ്ണങ്ങളാണ്, അതിലുംകൂടിയ നിറങ്ങളുണ്ടെങ്കിൽ അതൊക്കെയാണ്. ലേസർപോലുള്ള പുത്തൻ പരിഷ്ക്കാരങ്ങളുമാകാം. ബഡ്ജറ്റ് പ്രൊവിഷനുള്ള സ്ഥിതിക്ക് ഈ വർഷം തന്നെ അടിയന്തിരമായി ഈ പ്രോജക്ട് നടപ്പാക്കാൻ ടൂറിസം വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, അതിരപ്പിള്ളിയുടെ സമഗ്ര വികസനത്തിനും അതിരപ്പിള്ളി വെള്ളച്ചാട്ടം വിദ്യുച്ഛക്തി പ്രകാശത്തിൽ കാണുന്നതിനും ഉതകുന്ന ഡൈനാമിക് ഇല്യൂമിനേഷൻ, വിവിധ നിറങ്ങൾ മാറിമാറി വരുന്ന നൂതന ദീപവിതാന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ടൂറിസം വകുപ്പ് തയ്യാറാക്കിവരികയാണ്. ഈ പദ്ധതിക്ക് അതിരപ്പിള്ളി പഞ്ചായത്ത് സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള വെള്ളച്ചാട്ട ദീപവിതാന സംവിധാനം രാജ്യത്ത് ആദ്യത്തെ സംരംഭമാണ്. ഏകദേശം അഞ്ചു കോടിയോളം രൂപയാണ് ഈ പദ്ധതിക്ക് മൊത്തം ചെലവു പ്രതീക്ഷിക്കുന്നത്. ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. സമഗ്രമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രോജ്ക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്.

(7) ശ്രീകൃഷ്ണപുരത്തെ മുറിയങ്കണ്ണി പാലത്തിന്റെ പ്രവൃത്തി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ മുറിയങ്കണ്ണി പുഴയ്ക്കു കുറുകേയുള്ള മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കണമെന്നതാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ശ്രീകൃഷ്ണപുരം, വെള്ളിനേഴി, തച്ചനാട്ടുകര, താഴേക്കാട് എന്നീ നാലു പഞ്ചായത്തുകളേയും ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, പെരിന്തൽമണ്ണ എന്നീ മൂന്നു അസംബ്ളി മണ്ഡലങ്ങളേയും പാലക്കാട്-മലപ്പുറം ജില്ലകളേയും പരസ്പരം ബന്ധിപ്പിക്കുന്ന ഈ പാലം നിലവിൽ വന്നാൽ പാലക്കാട് നിന്ന് പെരിന്തൽമണ്ണയിലേക്ക് യാത്ര ചെയ്യുമ്പോൾ എട്ടു കിലോമീറ്റർ ദൂരം ലാഭിക്കാൻ കഴിയും.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): 2000-ൽ ഈ പാലത്തിന് 210 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതാണ്. ഈ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി സൈറ്റ് സർവ്വേ പൂർത്തിയാക്കുകയും അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പാലത്തിന്റെ നിർമ്മാണം നബാർഡിന്റെ ധനസഹായത്തോടെ ചെയ്യാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

(8) സൗമ്യാ വാസുദേവൻ എന്ന വിദ്യാർത്ഥിനിയുടെ ദുരൂഹമായ മരണം

ശ്രീ. പി. ടി. തോമസ്: സർ, 2004 ജൂൺ 17-ാം തീയതി രാവിലെ 9.30-ന് എറണാകുളം ലാ കോളേജ് വിദ്യാർത്ഥിനി സൗമ്യാ വാസുദേവൻ എന്ന പെൺകുട്ടി എറണാകുളം പനമ്പിള്ളി നഗറിലെ നേവൽ ബേസ് ഫ്ളാറ്റിൽ നിന്നും ചാടി മരിച്ച ദാരുണമായ സംഭവമാണ് ഞാൻ പറയുന്നത്. കുട്ടിയുടെ പിതാവ് പറഞ്ഞതായി കേരളശബ്ദത്തിൽ വന്ന ഒരു ഭാഗം പറയാം. ജൂൺ 15-ന് വൈകുന്നേരം എന്റെ മകൾ കോളേജിൽ നിന്ന് തിരിച്ചു വന്നപ്പോൾ കരഞ്ഞുകലങ്ങിയ മുഖവുമായിട്ടാണ് കടന്നുവന്നത്. അമ്മ കുട്ടിയോട് കാര്യം തിരക്കിയപ്പോൾ സഹപാഠിയായ ചിഞ്ചു ബാലൻ എന്ന വിദ്യാർത്ഥി എന്റെ നഗ്നമായ ചില ഫോട്ടോകൾ കാണിച്ച് തന്നെ ആക്ഷേപിച്ചു എന്നു പറഞ്ഞതായിട്ടാണ് പിതാവ് കേരളശബ്ദത്തിൽ പറഞ്ഞിരിക്കുന്നത്. അവസാനം ഒരു കാര്യം കൂടി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സൗമ്യയുടെ മരണത്തിന് ഈ കുട്ടിക്ക് ഉത്തരവാദിത്വമുണ്ടെന്ന് കേരളശബ്ദത്തിൽ പറഞ്ഞിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ ഒരു കാര്യമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെയേറെ പെൺകുട്ടികൾ ഇതുപോലെ പീഡിപ്പിക്കപ്പെടുന്നു. മരണം കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഈ കുട്ടിയുടെ ഒരു ഗ്രൂപ്പ് ഫോട്ടോ ഇന്റർനെറ്റിൽ വന്നിട്ടുണ്ട്. മരിക്കുന്ന സമയത്ത് കുട്ടിയുടെ കയ്യിൽ ഒരു മൊബൈൽ ഫോൺ ഉണ്ടായിരുന്നു. അതിൽ ചില സന്ദേശങ്ങളും ഉണ്ടായിരുന്നു. അത് മായ്ച്ചുകളഞ്ഞിരിക്കുന്നു. ഏഴു ദിവസം കഴിഞ്ഞാണ് പോലീസ് മറ്റ് കുട്ടികളെ വിളിച്ച് തെളിവെടുപ്പ് നടത്തിയിരിക്കുന്നത്. അതിലൊക്കെ ദുരൂഹതയുണ്ട്. സമഗ്രമായൊരു അന്വേഷണം നടത്തണം. ജുഡീഷ്യൽ അന്വേഷണം നടത്തി സത്യം വെളിച്ചത്തു കൊണ്ടുവരണം. എസ്. എഫ്. ഐ. നേതാക്കന്മാർ ഈ കാര്യത്തിൽ കള്ളക്കളി നടത്തുന്നതായി ആക്ഷേപമുണ്ട്. ഇതെല്ലാം കേരളശബ്ദത്തിൽ വന്നിട്ടുള്ളതാണ്. വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, എറണാകുളം കടവന്ത്രയിലുള്ള 'ശ്രുതി' എന്ന വീട്ടിൽ മാതാപിതാക്കളോടൊപ്പം താമസിച്ചിരുന്ന സൗമ്യാ വാസുദേവൻ എറണാകുളം ലാ കോളേജിൽ രണ്ടാം സെമസ്റ്ററിന് പഠിച്ചുവരുകയായിരുന്നു. തന്റെ സഹപാഠിയും എസ്.എഫ്.ഐ. അനുഭാവിയുമായ ചിഞ്ചു ബാലനുമായി സൗമ്യ സ്നേഹത്തിലായിരുന്നു. 15-6-2004-ന് പുതിയ അദ്ധ്യയനവർഷം തുടങ്ങിയപ്പോൾ ചിഞ്ചു ബാലൻ മറ്റൊരു പെൺകുട്ടിയുമായി അടുപ്പത്തിലായി എന്നും തന്നെ വഞ്ചിക്കുകയായിരുന്നു എന്നും സൗമ്യാ വാസുദേവൻ തന്റെ അടുത്ത സുഹൃത്തുക്കളോട് പരിഭവം പറഞ്ഞതായി അറിവായിട്ടുണ്ട്. ആയതിലുള്ള നിരാശകൊണ്ട് 17-6-04-ന് എറണാകുളത്തെ എം.ഇ.എസ്. ഫ്ളാറ്റിലെ ഏഴാം നിലയുടെ മുകളിൽ നിന്നും നിരവധി ആളുകൾ നോക്കിനിൽക്കേ സൗമ്യ താഴേയ്ക്ക് ചാടി മരിക്കുകയായിരുന്നു എന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ നിന്ന് അറിവായിട്ടുള്ളത്. സൗമ്യാ വാസുദേവൻ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യത്തെപ്പറ്റി ഹിൽ പാലസ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ചിഞ്ചുബാലനുമായുള്ള ബന്ധത്തിൽ ഉണ്ടായ ഏതോ തകരാർമൂലമാണ് സൗമ്യ ആത്മഹത്യ ചെയ്തതെന്നും അതിന്റെ യഥാർത്ഥ കാരണം കണ്ടെത്തണമെന്നുമുള്ള സൗമ്യയുടെ മാതാപിതാക്കളുടെ ആവശ്യത്തെക്കുറിച്ച് കൂടുതൽ വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്.

(9) ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ബഹുമുഖ ചൂഷണത്തിന് വിധേയമാകുന്ന കേരളത്തിലെ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ലൈംഗികചൂഷണം, നിർബന്ധിച്ച് ജോലി ചെയ്യിക്കൽ, അംഗവൈകല്യം വരുത്തി ഭിക്ഷാടനത്തിന് ഉപയോഗിക്കൽ, വീട്ടുവേലയ്ക്ക് നിർത്തി പീഡിപ്പിക്കൽ ഈ നിലയിൽ കുട്ടികളെ വ്യാപകമായി ചൂഷണം ചെയ്യുന്നതും പീഡിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഉണ്ടാകുകയാണ്. ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ചില റാക്കറ്റുകൾ തന്നെ വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ അവകാശ ഉടമ്പടി 2000-ത്തിൽ ഐക്യരാഷ്ട്ര സഭ അംഗീകരിച്ചതാണ്. 2001 ഏപ്രിൽ മുതൽ ഇൻഡ്യയിൽ അതു നിയമമായി വന്നു. എന്നാൽ കേരളത്തിനകത്ത് അതു പ്രാബല്യത്തിൽ കൊണ്ടുവരാൻ ആവശ്യമായ സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല. ജുവനൈൽ ജസ്റ്റീസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2000-ത്തിലെ ജുവനൈൽ ജസ്റ്റീസ് ആക്ടും അതിനോടനുബന്ധിച്ചുള്ള ചട്ടങ്ങളും പ്രകാരം ജുവനൈൽ ജസ്റ്റീസ് ബോർഡും ചൈൽഡ് വെൽഫയർ കമ്മിറ്റികളും രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കുറച്ചു ജില്ലകളിൽ നിന്നുകൂടി അംഗങ്ങളുടെ പേരുകൾ തരേണ്ടതുണ്ട്. ബഹുമാനപ്പെട്ട ജില്ലാ ജഡ്ജിമാരാണ് അതു തരേണ്ടത്. അതു കിട്ടിക്കഴിഞ്ഞാൽ full swing-ൽ ആകും. അങ്ങനെ കിട്ടാനുള്ള ജില്ലകളിൽ നിന്ന് വേഗം കിട്ടാൻ വേണ്ടി സർക്കാർ ഹൈക്കോടതിയുടെ സഹായം തേടിയിട്ടുണ്ട്.

(10) കൊച്ചിൻ എയർപോർട്ട്-സീപോർട്ട് ഹൈവേയുടെ നിർമ്മാണം

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എയർപോർട്ട്-സീപോർട്ട് റോഡ് നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ജീവനാഡിയായി തീരാനുള്ള റോഡാണ്. ഡൽഹിയിൽ നിന്ന് നെടുമ്പാശ്ശേരിക്ക് വരുന്നതിനേക്കാൾ സമയക്കൂടുതൽ വേണം ഇന്ന് കൊച്ചിയിലെത്താൻ. ഇതിനുള്ള ഏകപരിഹാരമാണ് ഈ റോഡ്. ഇതിൽ ഇരുമ്പനം മുതൽ കളമശ്ശേരി വരെയുള്ള ഭാഗത്തിന്റെ പണി കഴിഞ്ഞു. ബാക്കിയുള്ള പണി നിർത്തിവച്ചിരിക്കുകയാണ്. നെടുമ്പാശ്ശേരി ചെങ്ങമനാട് ഭാഗത്ത് സർവ്വേ പൂർത്തിയായിക്കഴിഞ്ഞു. എങ്കിലും പണി മരവിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കർഷകർ വളരെയധികം ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്നു. ആലുവാ ഭാഗത്ത് സർവ്വേ പൂർത്തിയായിട്ടില്ല. അടിയന്തിരമായി അതിന്റെ ഫണ്ട് അനുവദിച്ച് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഈ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനുമായി 50 കോടി രൂപയും റോഡ് നിർമ്മാണത്തിന് 50 കോടി രൂപയും ഉൾപ്പെടെ 100 കോടി രൂപ ഇതിന് ആവശ്യമാണ്. ആ പണം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ ഇപ്പോൾ തേടിക്കൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിൽ 21 കോടി രൂപ ചെലവഴിച്ചു. അതിൽ എട്ടു കോടി രൂപ സി.ആർ.എഫ്.-ൽ നിന്നും അഞ്ചു കോടി രൂപ കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ വഴിയും കിൻഫ്രാ പാർക്കിൽ നിന്ന് മൂന്നര കോടി രൂപയും റബ്ബർ ബോർഡിൽ നിന്നും 20 ലക്ഷം രൂപയും അങ്ങനെ 21 കോടി രൂപയിൽ 17 കോടി രൂപയും ആ വഴിയിലാണ് ഉണ്ടാക്കിയിട്ടുള്ളത്. അതുപോലുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി ഇത് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(11) പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കെ. ബാലൻ: സർ, പാലക്കാട് ജില്ലയിലെ പാവപ്പെട്ട എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക്, എസ്.എസ്.എൽ.സി. കഴിഞ്ഞാൽ താമസിച്ചു പഠിക്കാൻ പ്രത്യേക പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ല. ഇതു കണക്കിലെടുത്തുകൊണ്ട് പാലക്കാട് ജില്ലാ പഞ്ചായത്ത് 2003-04 സാമ്പത്തിക വർഷം ഏതാണ്ട് ഒരു കോടി രൂപ കുഴൽമന്ദത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിനുവേണ്ടി നീക്കിവച്ചു. ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടില്ല. അവിടെ താമസിച്ചു പഠിക്കാൻ 30 വിദ്യാർത്ഥിനികളെ ലഭിക്കുകയില്ല എന്ന് സംശയം പ്രകടിപ്പിച്ചിട്ടാണ് ഇതിന് അംഗീകാരം തരാതിരിക്കുന്നത്. പ്ളസ് ടു പാസ്സായിട്ടുള്ള 100 കണക്കിന് വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഇപ്പോൾ പഠിക്കാൻ കഴിയുന്നില്ല. നെല്ലിയാമ്പതി എസ്റ്റേറ്റിലെ തൊഴിലാളികളുടെ മക്കളായ എം. പ്രസീന എസ്.എസ്.എൽ.സി.-ക്ക് 391 മാർക്കു കിട്ടിയ പട്ടികവർഗ്ഗ വിദ്യാർത്ഥിനിയാണ്. അതുപോലെ കലാരത്ജിനി, അമുദ്ര തുടങ്ങിയ പെൺകുട്ടികളൊക്കെ പഠനം നിർത്തിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കുഴൽമന്ദത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് അനുവാദം തരണം. കാശ് പൂർണ്ണമായും ജില്ലാ പഞ്ചായത്ത് കൊടുക്കും.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, പാലക്കാട് ജില്ലയിലെ കുഴൽമന്ദം എന്ന സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചു തരാമെന്ന് ജില്ലാ പഞ്ചായത്ത് പ്രമേയത്തിലൂടെ സർക്കാരിനോട് അറിയിച്ചിരുന്നു. അതിനായി ഒരു ബഹുവർഷ പ്രോജക്ട് അംഗീകരിച്ചതായും അറിയിച്ചിട്ടുണ്ട്. സ്ഥലം ഇന്നുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ജില്ലാ വികസനസമിതിയുടെ ശുപാർശപ്രകാരം, ജില്ലാ കളക്ടർ, ആവശ്യമായ സ്ഥലം കണ്ടെത്താൻ വേണ്ടി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ജില്ലാ പട്ടികജാതി വികസന ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഗ്രാമ പഞ്ചായത്ത് സ്ഥലം ലഭ്യമാക്കി ജില്ലാ പഞ്ചായത്ത് കെട്ടിടം പണിത് വകുപ്പിനെ എൽപ്പിക്കണമെന്ന വ്യവസ്ഥയോടുകൂടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കുഴൽമന്ദത്ത് ആരംഭിക്കാനായി ഉത്തരവു നൽകുന്നതാണ്.

(12) കോഴിക്കോട് മെഡിക്കൽ കോളേജിലെ മൃതദേഹങ്ങൾ സ്വകാര്യ മെഡിക്കൽ കോളേജിനു വിറ്റതു സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, കോഴിക്കോട് മെഡിക്കൽ കോളേജിലെ അനാട്ടമി വിഭാഗത്തിലെ മൂന്ന് മൃതദേഹങ്ങൾ ഇന്നലെ അവിടെയുള്ള വകുപ്പുമേധാവി മെഡിക്കൽകോളേജ് പ്രിൻസിപ്പലിന്റെയോ ഗവൺമെന്റിന്റെയോ ഡി.എം.ഇ.യുടെയോ അനുവാദമില്ലാതെ പെരിന്തൽമണ്ണയിലെ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ലാത്ത എം.ഇ.എസ്. മെഡിക്കൽ കോളേജിന് വിറ്റുകാശാക്കി. അവിടെ കുട്ടികൾക്ക് പഠിക്കാനുള്ള മൂന്ന് മൃതദേഹങ്ങൾ 15,000 രൂപ തോതിൽ വിറ്റ് അത്

LIBRARY ARCHIVES Kerala Legislative Assembly

ട്രഷറിയിലടയ്ക്കാതെ സ്വന്തം പോക്കറ്റിൽ വയ്ക്കാനുള്ള ശ്രമമാണ് നടത്തിയത്. 200 മെഡിക്കൽ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കോളേജിൽ ഒരു മൃതദേഹത്തിനുമേൽ 30 കുട്ടികൾക്കുവരെയാണ് അവിടെ പ്രായോഗിക പരിശീലനം നൽകുന്നത്. ഏലിയാമ്മ ഫെൻ എന്നുപറയുന്ന*** ആലപ്പുഴ മെഡിക്കൽ കോളേജിലെ.....

മി. സ്പീക്കർ: Don't use such words. I don't want to create any bad precedents. I don't agree. ഒരു ബഹുമാനപ്പെട്ട അംഗം അങ്ങനെയൊന്നും ഒരു ഡോക്ടറെപ്പറ്റിയായാലും ആരെപ്പറ്റിയായാലും പറയാൻ പാടില്ല, അത് രേഖയിൽ കാണില്ല.

ശ്രീ. മത്തായി ചാക്കോ: സമരത്തിൽ പങ്കെടുത്ത ആനി കടയ്ക്കൽ എന്നുപറയുന്ന വിദ്യാർത്ഥിയെ പീഡിപ്പിച്ചതിനെത്തുടർന്ന് ആ കുട്ടി ട്രെയിനിനു തലവച്ച് മരിച്ചു. അവിടെ അന്വേഷണം നടത്തി punishment transfer ആയി കോഴിക്കോട് മെഡിക്കൽ കോളേജിൽ വന്നാണ് ആ സ്ത്രീ ഇങ്ങനെ ശവം വിറ്റ് കാശാക്കുന്നത്. അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം, അവരെ സർവ്വീസിൽനിന്ന് തന്നെ remove ചെയ്യണം. മലയാള മനോരമ, ദേശാഭിമാനി, മാതൃഭൂമി തുടങ്ങിയ എല്ലാ പത്രങ്ങളിലും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: എല്ലാ പത്രങ്ങളും അവരെ സസ്പെൻഡ് ചെയ്തുവെന്നും എഴുതിയിട്ടുണ്ട്. പിന്നെ ഇവിടെ പറയേണ്ട വല്ല കാര്യവുമുണ്ടോ, നിർബന്ധിച്ചതുകൊണ്ട് അനുവദിച്ചതാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർക്കും സഭയ്ക്കും അറിയാവുന്നതുപോലെ ഈ സംഗതി നടക്കുന്നത് ഇന്നലെ ഒരു 11 – 11.30 മണിക്കാണ്. ഗവണ്മെന്റ് അപ്പോൾത്തന്നെ അറിഞ്ഞു, അറിഞ്ഞയുടൻ തന്നെ ഇതുസംബന്ധിച്ച് അന്വേഷണം നടത്താനായി ഡി.എം.ഇ.-ക്ക് ഡയറക്ഷൻ കൊടുത്തു. അവിടെ പ്രിൻസിപ്പലായി ചുമതല വഹിക്കുന്ന ശ്രീമതി പാർവ്വതി അതേകോളേജിലെ രണ്ട് പ്രൊഫസർമാരെവച്ച്, കാർഡിയോളജിയുടേയും സർജറിയുടേയും വകുപ്പ് തലവന്മാരടങ്ങുന്ന ഒരു കമ്മിറ്റിയെക്കൊണ്ട് സംഭവം അന്വേഷിപ്പിച്ചു, റിപ്പോർട്ട് നൽകി. അന്വേഷണത്തിൽ അനാട്ടമി വിഭാഗം മേധാവി ഡോ. ഏലിയാമ്മ ഫെൻ നടപടിക്രമങ്ങൾ മറികടന്നാണ് ഒരു സ്വകാര്യ മെഡിക്കൽ കോളേജിന് മൃതദേഹങ്ങൾ വിൽക്കാൻ ശ്രമിച്ചതെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തി. ഡോ. ഏലിയാമ്മ ഫെന്നിനെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ശുപാർശ ചെയ്തത്. ഗവൺമെന്റ് അന്നുവൈകിട്ടുതന്നെ ശുപാർശ വരുത്തി അത് പരിശോധിച്ച്, ശരിയാണെന്നുകണ്ട് അവരെ സസ്പെൻഡു ചെയ്യുകയും വിശദമായ അന്വേഷണം നടത്തുന്നതിന് Joint Director of Medical Education ആയ ഡോ. ശ്രീലതയെ നിയോഗിക്കുകയും ചെയ്തു.

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(13) പത്രപ്രവർത്തകരുടേയും ജീവനക്കാരുടേയും വേതനം പുതുക്കി നിശ്ചയിക്കുന്ന വേജ് ബോർഡ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പത്രപ്രവർത്തകരുടേയും പത്ര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഇതര ജീവനക്കാരുടേയും വേതനം പുതുക്കി നിശ്ചയിക്കുന്നതിന് വേജ് ബോർഡ് പ്രഖ്യാപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. 2000 ജനുവരിയിൽ സമർപ്പിച്ച മാനുസാന വേജ് ബോർഡ് റിപ്പോർട്ട് 1998 ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ളതാണ്. പത്രപ്രവർത്തകരേയും പത്രസ്ഥാപനങ്ങളിലെ ഇതര ജീവനക്കാരേയും ഉൾപ്പെടുത്തി ഇന്ത്യയിലുടനീളമുള്ള പത്ര ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാനും വേജ് ബോർഡ് രൂപീകരിക്കാനും ദൃശ്യ മാധ്യമ രംഗത്തെ തൊഴിലാളികളേയും ജീവനക്കാരേയുംകൂടി അതിൽ ഉൾപ്പെടുത്താനും അതിനുള്ള നടപടി സ്വീകരിക്കാനും കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പത്ര പ്രവർത്തകർക്കും ഇതര ജീവനക്കാർക്കും വേണ്ടിയുള്ള വേജ് ബോർഡിന്റെ രൂപീകരണം പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ അധികാര പരിധിയിൽപ്പെടുന്നതാണ്. മാനുസാന റിപ്പോർട്ടിൽ ദൃശ്യ മാധ്യമങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല, അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതിയ വേജ് ബോർഡ് രൂപീകരിക്കണമെന്ന പത്ര പ്രവർത്തകരുടെ ആവശ്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ശുപാർശ ചെയ്യുന്നതാണ്.

(14) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവരെ സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നതിന് സംവിധാനം

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന റോഡപകടങ്ങളിൽ പരിക്കുപറ്റുന്ന പാവപ്പെട്ടവർക്ക് ചികിത്സ നിഷേധിക്കുന്ന സ്ഥിതിയാണുള്ളത്. എം. വി. ആക്ടിൽ ഇടക്കാല നഷ്ടപരിഹാരത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും രണ്ടും മൂന്നും വർഷം എടുക്കുകയാണ്. എം. എ. സി. ടി. ക്ലെയിം ലഭിക്കുമ്പോൾ ബിൽ നൽകാമെന്നുള്ള വ്യവസ്ഥയിൽ സ്വകാര്യ ആശുപത്രികളെക്കൊണ്ട് ഇവരെ ചികിത്സിപ്പിക്കാനുള്ള ഒരു സംവിധാനം വേണം. അതിന് അടിയന്തിര നടപടിയെടുക്കണം. എം.എ.സി.ടി. ക്ലെയിം ലഭിക്കാത്ത അപൂർവ്വം കേസുകളിൽ ആ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണം, ഇതൊരു മാനുഷിക പ്രശ്നമാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, കേരളത്തിൽ റോഡപകടം വർദ്ധിച്ചുവരികയാണ്. അത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ഈ പരിതസ്ഥിതിയിൽ trauma care centre ശക്തമാക്കാനും 100 കിലോമീറ്ററിനുള്ളിലെങ്കിലും ഒരു trauma care unit വരത്തക്ക രീതിയിൽ ഇത് organize ചെയ്ത് നടപ്പിലാക്കാനുമുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചുവരുന്നു. ഇവിടെ പറഞ്ഞ ഒരു പ്രശ്നം സ്വകാര്യമേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സയാണ്. ചികിത്സയ്ക്ക് അവർ കാശു കൊടുത്തതിനുശേഷം, കേസ് അനുകൂലമായി വരുമ്പോൾ അവർക്ക് പണം കൊടുക്കത്തക്ക രീതിയിലുള്ള ലെജിസ്ലേഷൻ വേണമെന്നാണ്. അത് വളരെ അനുഭാവപൂർവ്വം പരിഗണിക്കേണ്ട വിഷയമാണ്. അതുകൊണ്ട് അങ്ങനെ ഒരു നിയമനിർമ്മാണമുണ്ടാക്കാൻ കഴിയുമോ എന്ന് വളരെ അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(15) സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. എം. മുരളി: സർ, പ്രീഡിഗ്രി വേർപെടുത്തിയതിനെത്തുടർന്ന് കേരളത്തിലെ സ്വകാര്യ കോളേജുകളിലെ അനധ്യാപകരുടെ നിയമനങ്ങളും പ്രൊമോഷനുകളും കഴിഞ്ഞ മൂന്നുവർഷക്കാലമായി, 2001 മുതൽ നിർത്തിവച്ചിരിക്കുകയാണ്. ഈ non teaching staff -ന്റെ pattern fix ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസംകൊണ്ടാണ് പ്രൊമോഷനുകളും നിയമനങ്ങളുമുണ്ടാകാതെ പോകുന്നത്. ഈ മൂന്നുവർഷത്തിനുള്ളിൽ ന്യായമായി പ്രൊമോഷൻ കിട്ടേണ്ട പലരും അത് കിട്ടാതെ റിട്ടയർ ചെയ്ത് പോയിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ സ്വകാര്യ കോളേജുകളിലെ non teaching staff pattern അടിയന്തിരമായി ഫിക്സ് ചെയ്തുകൊണ്ട് അവരുടെ പ്രൊമോഷനും നിയമനവും പുനഃസ്ഥാപിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, എയ്ഡഡ് കോളേജുകളുടെ staff pattern പുതുക്കി നിശ്ചയിക്കാനാവശ്യമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകൾ ഇപ്പോൾ പരിഗണനയിലുണ്ട്. ഇതുസംബന്ധിച്ച് വിശ്വനാഥൻ കമ്മിറ്റിയുടേയും ശാരദാ മുരളീധരൻ കമ്മിറ്റിയുടേയും റിപ്പോർട്ടുകളുണ്ട്. വൈകാതെ ഈ പ്രശ്നത്തിൽ തീരുമാനമെടുക്കും.

(16) ഓടയത്ത് ചെമ്മീൻ ഹാച്ചറിയുടെ നിർമ്മാണം

ശ്രീ. വർക്കല കഹാർ: സർ, 16 മാസങ്ങൾക്കുമുമ്പ് ബഹുമാന്യനായ മുഖ്യമന്ത്രി വർക്കലയിലെ ഓടയത്ത് തറക്കല്ലിട്ട ചെമ്മീൻ ഹാച്ചറിയുടെ നിർമ്മാണം ഒരു കല്ലുപോലും എടുത്തുവയ്ക്കാതെ അനന്തമായി നീണ്ടുപോവുകയാണ്. ഈ ഹാച്ചറിയുടെ പണി സമയബന്ധിതമായി നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ എം. പി. ഇ. ഡി. എ.-യുടെ സാങ്കേതിക സഹകരണത്തോടുകൂടി നടത്തുന്ന ഒരു പ്രോജക്ടാണിത്. ആദ്യം 30.18 ലക്ഷം രൂപയുടെ പ്രോജക്ട് ഇപ്പോൾ 87.24 ലക്ഷം രൂപയായി വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ കാലതാമസമാണുണ്ടായത്. ഒരു മാസത്തിനുള്ളിൽ ഇതിന്റെ പണി ആരംഭിക്കും.

(17) തീരദേശ മലയോര മേഖലകളിൽ യു. പി. സ്ക്കൂളുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മമ്മൂട്ടി: സർ, മലബാർ മേഖലയിൽ പ്രത്യേകിച്ചും തീരദേശ മലയോര മേഖലയിൽ മൗലികാവകാശമായി പ്രഖ്യാപിച്ച 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നടത്താൻ യു.പി. തലത്തിൽപ്പോലും അവസരമില്ലാത്ത വളരെ ഗൗരവതരമായ വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

മറ്റുപല സ്ക്കൂളുകളിലും വാനുകളിൽ കുട്ടികൾ പോകുമ്പോൾ ആ മേഖലയിൽ 8 കിലോമീറ്ററോളം ദൂരം സഞ്ചരിച്ചാണ് യു.പി. സ്ക്കൂളിൽപ്പോലും പിഞ്ചുകുഞ്ഞുങ്ങൾ പോകുന്നത്. അതുകൊണ്ട് ഈ മേഖലയിൽ മൗലികാവകാശം പ്രഖ്യാപിച്ച് അത് നടപ്പാക്കേണ്ട ഭരണഘടനാ ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ സ്ക്കൂളുകൾ നടത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഭരണഘടനയുടെ 93-ാം ഭേദഗതിയനുസരിച്ച് 14 വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നത് സർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യതയാണ്, അത് മൗലികാവകാശമാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പ്രത്യേകിച്ചും മലയോര പ്രദേശങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസ സൗകര്യം ചെയ്യുന്നതാണ്, അത്തരം മേഖലയിൽ അടിയന്തിരമായി നടപടിയെടുക്കും.

(18) പ്രീപ്രൈമറി ജീവനക്കാരുടെ വേതനം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സർക്കാർ സ്ക്കൂളുകളോടനുബന്ധിച്ചുള്ള പ്രീപ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന ആയിരത്തോളം വരുന്ന അദ്ധ്യാപികമാർ, ആരുമാരും തിരിഞ്ഞുനോക്കാനില്ലാതെ, ഒരു നയാപൈസപോലും വരുമാനമില്ലാതെ ദുരിതമനുഭവിക്കുകയാണ്. സർവ്വശിക്ഷാ അഭിയാൻ പ്രകാരമുള്ള ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ശിശു വിദ്യാഭ്യാസത്തിന് ലഭ്യമാകുന്നത് ശിശുക്ഷേമ വകുപ്പിനാണ്. ആ ഫണ്ടിൽ നിന്നും ആയിരത്തോളം വരുന്ന ഈ പാവപ്പെട്ട ജീവനക്കാരികൾക്ക് വളരെ തുച്ഛമാണെങ്കിൽപ്പോലും അംഗൻവാടി വർക്കർമാർക്ക് കൊടുക്കുന്നതുപോലെയുള്ള വേതനം കൊടുക്കാൻ സാമൂഹ്യ ക്ഷേമവകുപ്പ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഇപ്പോൾ പി. ടി. എ.യുടെ നേതൃത്വത്തിലാണ് സർക്കാർ സ്ക്കൂളുകളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം നടത്തിവരുന്നത്. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുന്നതും പി.ടി.എ. ആണ്. എസ്.എസ്.എ. പദ്ധതിയിൽപ്പെടുത്തി ഇക്കാര്യം ആലോചിക്കാവുന്നതാണ്.

(19) നാദാപുരത്ത് വികസന പദ്ധതികൾ പ്രാവർത്തികമാക്കൽ

ശ്രീ. ബിനോയ് വിശ്വം: സർ, നാദാപുരം മേഖല വർഗ്ഗീയ സംഘർഷങ്ങളിൽപ്പെട്ട് വളരെയധികം ദുരിതമറിഞ്ഞ മണ്ണാണ്. അവിടെ സമാധാനം വീണ്ടെടുക്കപ്പെട്ടുവെങ്കിലും വികസനം വഴിമുട്ടി നിൽക്കുന്നു. സർവ്വകക്ഷി മുൻകൈ എടുക്കുന്ന ഒരു യത്നത്തിന്റെ ഭാഗമായിട്ട് ഒരു വികസന പദ്ധതി തയ്യാറാക്കി കൊടുത്തതാണ്, ഇതുവരെ അത് പ്രാവർത്തികമായിട്ടില്ല. മുഖ്യമന്ത്രിക്ക് അക്കാര്യം അറിയാം, അത് അനുകൂലമായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വർഗ്ഗീയ സംഘർഷങ്ങൾകൊണ്ട് കലുഷിതമായിരുന്ന നാദാപുരത്ത് സമാധാനം കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ വിജയിച്ചു വരുന്നതിൽ ഗവൺമെന്റിനു സന്തോഷമുണ്ട്. 10.30a.m.] നാദാപുരത്ത് ഇതുപോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പറും അവിടത്തെ കമ്മിറ്റികളും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(20) പാലക്കാട് ജില്ലയിലെ മുസ്ലീം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കുടിശ്ശിക

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, 1999 മുതൽ പാലക്കാട് ജില്ലയിലെ മുസ്ലീം വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ തലത്തിലും കോളേജു തലത്തിലും കൊടുക്കുന്ന സ്കോളർഷിപ്പ് പെൻഡിംഗിലാണ്. ബഡ്ജറ്റ് അലോട്ടുമെന്റില്ല എന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തിരമായും ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, മുസ്ലീം—നാടാർ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിൽ കുറച്ചു കുടിശ്ശിക വന്നിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ മൂന്നു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എത്രയും വേഗം കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(21) സ്വകാര്യ ബസ് പണിമുടക്ക്

ശ്രീ. യു. സി. രാമൻ: സർ, ഈ മാസം 26 മുതൽ നടന്നു വരുന്ന സ്വകാര്യ ബസ് സമരംമൂലം സാധാരണക്കാരായ ജനങ്ങൾ വളരെയധികം യാത്രാദുരിതം അനുഭവിക്കുകയാണ്. ഈ ബസ് സമരം ഒത്തുതീർപ്പാക്കി സാധാരണക്കാരുടെ യാത്രാദുരിതം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഞാൻ നേരത്തെ ഇവിടെ ഒരു മറുപടി പറഞ്ഞതാണ്. ഇന്നത്തെ മന്ത്രിസഭായോഗം ഇക്കാര്യം ആലോചിക്കുന്നുണ്ട്. അതിനുശേഷം ഒരു തീരുമാനമെടുക്കും.

(22) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കൽ

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, 1996 മാർച്ചുമാസം 31-ാം തീയതിയിലെ ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികൾ കേരളത്തിലുണ്ട്. ഏതാണ്ട് പന്തീരായിരത്തിൽ കൂടുതൽ വരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്നു സർക്കാർ പല പ്രാവശ്യം പല ഘട്ടങ്ങളിലായി ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും ഇതുവരേയും നടപടികൾ ഉണ്ടായിട്ടില്ല. ഹൈക്കോടതിയിൽ ഈയിടെ ഒരു കേസ് വിചാരണ ചെയ്തു. ഒരുപാടു കേസ്സുകളുണ്ടായിരുന്നു എന്നു ലേബർ മന്ത്രി പറയുന്നു. അന്തിമമായി ഒരു കേസിൽ വിധി കൽപ്പിച്ചിട്ടുണ്ട്. അവരെ പുനരധിവസിപ്പിക്കാനുള്ള കുറെ നിർദ്ദേശങ്ങളടങ്ങിയ പരാമർശത്തോടുകൂടി ഗവൺമെന്റിനു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനെത്തുടർന്ന് ഈ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതു ശരിയല്ല. കോടതി ഈ കേസ്സുകളെല്ലാംകൂടി ആഗസ്റ്റു മാസം 4-ാം തീയതി വാദം കേൾക്കാൻവേണ്ടി മാറ്റി വച്ചിരിക്കുകയാണ്. ആഗസ്റ്റ് മാസം 4-ാം തീയതിയിലേയ്ക്കായി ഈ കേസ്സുകളെല്ലാംകൂടി ഒരുമിച്ചു പോസ്റ്റു ചെയ്തിരിക്കുകയാണ്. ആ കേസ്സിന്റെ വിധിയും കൂടി പരിഗണിച്ചതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. ഇതിനകം തന്നെ കുറെയധികം പേർക്ക് പല ജില്ലകളിലായി പുനരധിവാസത്തിനുള്ള നിയമനങ്ങൾ നൽകിയിട്ടുണ്ട്. കുറെ പേർ ഷാപ്പുകളിൽത്തന്നെ പ്രവൃത്തി എടുക്കുന്നുമുണ്ട്. ഇതിനെത്തുടർന്ന് പത്തു പന്ത്രണ്ടു കേസ്സുകളുണ്ടായി. ആ കേസ്സുകളെല്ലാം ആഗസ്റ്റുമാസം 4-ാം തീയതിയിലേയ്ക്കു പോസ്റ്റു ചെയ്തിരിക്കുകയാണ്. അതിനു ശേഷം അന്തിമ തീരുമാനമെടുക്കും.

(23) തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്കു മാറ്റാൻ നടപടി

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, തൃശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച മെഡിക്കൽകോളേജ് ജില്ലാ ആശുപത്രിയായിട്ടാണ് തുടക്കം മുതലേ പ്രവർത്തിച്ചു തുടങ്ങിയത്. മുളങ്കുന്നത്തുകാവിലെ പണി ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. പല ഘട്ടങ്ങളിലായി ഇതിന്റെ പ്രവർത്തനം പൂർണ്ണമായും മുളങ്കുന്നത്തുകാവിലേയ്ക്കു മാറ്റാനുള്ള പരിശ്രമം നടന്നെങ്കിലും ഇതുവരെയായി മാറ്റാൻ സാധിച്ചിട്ടില്ല. ഇതിന്റെ ഫലമായി തൃശ്ശൂർ ജില്ലയിലെ രോഗികൾക്ക് ജില്ലാ ആശുപത്രിയുടെ സൗകര്യവും മെഡിക്കൽ കോളേജിന്റെ സൗകര്യവും ലഭ്യമാകാതെ വന്നിരിക്കുന്നു. അടിയന്തിരമായി തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കണം. ജില്ലയിലെ മറ്റ് എം.എൽ.എ. മാരെ വിളിച്ചുകൂട്ടി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(24) ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ

ശ്രീ. കെ. സി. വേണുഗോപാൽ: സർ, പി.ജി. സീറ്റുകൾ ഏറ്റവും കുറച്ചുള്ള മെഡിക്കൽ കോളേജാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. രണ്ടു സീറ്റുകൾ മാത്രമാണ് അവിടെ പി.ജി.ക്കുള്ളത്. 10 സീറ്റുകൾ വരെ ഇൻക്രീസ് ചെയ്യാമെന്ന് ഐ.എം.സി. സമ്മതിച്ചിട്ടും അതു ഇൻക്രീസ് ചെയ്യാൻ കുറെ നാളുകളായി കഴിഞ്ഞിട്ടില്ല. ഇതിന്റെ ഫലമായി അവിടത്തെ പല ഡിപ്പാർട്ടുമെന്റുകളിലും ആവശ്യത്തിനു ഡോക്ടർമാരെ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല; സർജൻസിനെ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. പല ഡിപ്പാർട്ടുമെന്റുകളിലും ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് പല പ്രശ്നങ്ങളും നമുക്കു അനുഭവിക്കേണ്ടിവരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്കും നേരിട്ടറിയാവുന്ന കാര്യമാണ്. ഈ രണ്ടു പ്രശ്നങ്ങൾക്കും അടിയന്തിരമായി പരിഹാരമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളുണ്ടെങ്കിൽ, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സെപ്റ്റംബർ മാസത്തോടുകൂടി ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതാണ്.

(25) ജൂനിയർ അഭിഭാഷകർക്ക് ധനസഹായം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കേരളത്തിലെ ജൂനിയർ അഭിഭാഷകർക്ക് പ്രാക്ടീസിന്റെ ആരംഭകാലത്ത് സാമ്പത്തികമായി വളരെയധികം കഷ്ടതകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഇവരെ സാമ്പത്തികമായി സഹായിക്കാൻ എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ജൂനിയർ അഭിഭാഷകർ എൻറോൾ ചെയ്ത് രണ്ടു വർഷംവരെ അവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നതാണ്. ബാർ കൗൺസിലുമായി ചർച്ച ചെയ്ത് ഒരു സ്കീം തയ്യാറാക്കാൻ ശ്രമിക്കുന്നതാണ്.

(26) കൊച്ചി നഗരത്തിലെ മാലിന്യങ്ങൾ

ശ്രീ. കെ. ബാബു: സർ, കൊച്ചിൻ കോർപ്പറേഷനിലെ ചപ്പുചവറുകളും മാലിന്യങ്ങളും സ്ലോട്ടർ ഹൗസുകളിലെ വേസ്റ്റുകളും തൊട്ടടുത്തുള്ള ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂരിൽ അനധികൃതമായി നിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ജനകീയ പ്രക്ഷോഭം നടക്കുകയാണ്. ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, കൊച്ചി നഗരസഭയിലേയും ചേരാനല്ലൂർ പഞ്ചായത്തിലേയും പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(27) തലസ്ഥാന നഗരിയിലെ ക്രമസമാധാനപാലനം

ശ്രീ. കെ. മോഹൻ കുമാർ: സർ, തലസ്ഥാന നഗരിയിലെ ക്രമസമാധാന പാലനവും കുറ്റാന്വേഷണവും ഫലപ്രദമാക്കാൻ കൂടുതൽ പോലീസ് സേനയെ നിയോഗിക്കണമെന്നും കമ്മീഷണറേറ്റ് ഓഫ് പോലീസ് അനുവദിക്കണമെന്നും നാലാഞ്ചിറ, ശ്രീകാര്യം തുടങ്ങിയ പ്രദേശങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകളും മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പുതിയ എ.സി. ഓഫീസും അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും കൂടി ഒന്നിച്ചൊരു മറുപടി പറയാൻ എനിക്കു പ്രയാസമുണ്ട്. തലസ്ഥാന നഗരത്തിലെ ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യാമോ അതൊക്കെ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(28) റെയിൽവേ വികസനഫണ്ടിന്റെ വിനിയോഗം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, റെയിൽവേ വികസന ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. കായംകുളം- മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം-ചേപ്പാറ, എറണാകുളം -മുളന്തുരുത്തി തുടങ്ങിയ റെയിൽവേ ലൈനുകൾക്ക് തുക അനുവദിച്ചുവെങ്കിലും അതിനാവശ്യമായ സ്ഥലം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചു കൂട്ടി സമയബന്ധിതമായി സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. അക്വിസിഷനെ സംബന്ധിച്ചൊക്കെ കോടതിയിൽ ധാരാളം കേസ്സുകൾ വരുന്നുണ്ട്. എം.എൽ.എ. മാരുമായി ഞാൻ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്ഥലമെടുപ്പിനുവേണ്ടി അനുവദിച്ച സംഖ്യ ലാപ്സായിട്ടില്ല. പക്ഷേ ഇതിന്റെ പുരോഗതി മുമ്പോട്ടു നടക്കണമെങ്കിൽ സ്ഥലം കിട്ടണം. എരുമേലി ലൈൻ ഒഴിച്ച് ബാക്കിയുള്ള സ്ഥലത്തൊക്കെ സെറ്റിൽമെന്റ് ആകുന്നുണ്ട്. ഞാൻ ഇന്നലെ ശ്രീ. എം. മുരളിയോടും ശ്രീ. പി.എസ്. സുപാലിനോടും ഇതു സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻത്തന്നെ എം.എൽ.എ. മാരുടേയും രാഷ്ട്രീയ കക്ഷികളുടെയും ഒരു യോഗം വിളിച്ചു കൂട്ടി വേണ്ടതു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(29) ഒറ്റപ്പാലം - പൊന്നാനി സ്റ്റേറ്റ് ഹൈവേ

ശ്രീ. വി. സി. കബീർ: സർ, ഒറ്റപ്പാലം-പൊന്നാനി സ്റ്റേറ്റ് ഹൈവേയുടെ പ്രവർത്തനം ആരംഭിച്ചിട്ട് ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. അതിന്റെ പണി ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഒറ്റപ്പാലം-പൊന്നാനി സ്റ്റേറ്റ് ഹൈവേയുടെ കാര്യം പരിശോധിച്ച് പണി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(30) ഇടപ്പാൾ 220 കെ.വി. സബ്സ്റ്റേഷന്റേയും പന്തളം 33 കെ.വി. സബ്സ്റ്റേഷന്റേയും നിർമ്മാണം

ശ്രീ. കെ. കെ. ഷാജു: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇടപ്പാൾ 220 കെ.വി. സബ്സ്റ്റേഷന്റേയും പന്തളം 33 കെ.വി. സബ്സ്റ്റേഷന്റേയും നിർമ്മാണം ഒച്ചിഴയുന്ന വേഗത്തിലാണ് നടക്കുന്നത്. അത് ത്വരിതപ്പെടുത്തി എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ആ സബ്സ്റ്റേഷനുകളുടെ പണി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(31) ആംഗ്ളോ ഇന്ത്യൻ വിദ്യാർത്ഥികളുടെ സംവരണം.

ശ്രീ. ലൂഡി ലൂയിസ്: സർ, കേരളത്തിലെ ഒന്നര ലക്ഷത്തോളം വരുന്ന ആംഗ്ളോ ഇന്ത്യൻ സമുദായക്കാരുടെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. മുൻകാലങ്ങളിൽ ആംഗ്ളോ ഇന്ത്യൻ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് സംവരണം ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതു നിർത്തലാക്കിയിരിക്കുകയാണ്. എൽ.എൽ.ബി. അടക്കമുള്ള പ്രൊഫഷണൽ കോളേജുകളിൽ സംവരണം ഏർപ്പെടുത്തണമെന്ന് ഞാൻ വിനീതനായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ആംഗ്ളോ ഇന്ത്യൻ സമുദായത്തിന്റെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെയ്യാവുന്ന സഹായങ്ങളൊക്കെ ഗവൺമെന്റ് ചെയ്യുന്നതാണ്.

V. പ്രത്യേക പരാമർശം

(1) ആശുപത്രികൾക്കാവശ്യമായ മരുന്നുവാങ്ങിയത് സംബന്ധിച്ച്

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ഈ നിയമസഭയിൽ ആരോപണം എഴുതി ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി കടവൂർ ശിവദാസൻ ഇവിടെ പറഞ്ഞ മറുപടിയിൽ നിന്നും വ്യത്യസ്തമായി ഇന്നലെ ശ്രീ. പി. ശങ്കരൻ ഇവിടെ ഒരു പ്രസ്താവന നടത്തി. ഞാൻ എഴുതി തന്ന ആരോപണത്തിൽ ഉറച്ചു നിൽക്കുന്നു. സഭയ്ക്കു പുറത്തും ഞാൻ ഉന്നയിക്കുന്നു. എന്റെ പേരിൽ കേസ്സെടുക്കാനോ അല്ലെങ്കിൽ അന്വേഷണത്തിന് ഉത്തരവിടാനോ ഗവൺമെന്റ് തയ്യാറാകണം. ഞാൻ അസംബ്ളിക്കു പുറത്തും പറയുന്നു.

മി. സ്പീക്കർ: അസംബ്ളിയിൽ പറയുന്നതിനൊന്നും ആരും കേസ്സെടുക്കാറില്ല. Don't make unnecessary noise രണ്ടു പേരും പറഞ്ഞത് രേഖയിൽ കിടപ്പുണ്ട്. . . (ബഹളം). . . .എല്ലാവരും സഹകരിക്കണം.

(2) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയറിന്റെ മുന്നിൽ അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയം കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഞാൻ ഇതു ഉന്നയിക്കുന്നത്. നമ്മുടെ നിയമസഭ സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിച്ചുകൊണ്ടുള്ള ബിൽ പാസ്സാക്കി, അത് ആക്ടായി. ഇപ്പോൾ അതിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ ഒരു കേസ് വരികയുണ്ടായി. നമ്മളെടുത്ത തീരുമാനങ്ങൾ നടപ്പിലാകണമെങ്കിൽ, സുപ്രീംകോടതിയിൽ ശക്തമായി ഇടപെടണം. ഇല്ലെങ്കിൽ നമുക്കു അപകടങ്ങൾ വരും. അത് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഇനിയും പെടുത്തിക്കഴിഞ്ഞിട്ടില്ല. മുമ്പ് സുപ്രീംകോടതിയിൽ കേസ് വാദിച്ചതുപോലെ വാദിച്ചാൽ ഈ തീരുമാനം നടപ്പിലാകാൻ പോകുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായും ഇക്കാര്യത്തിൽ ഇടപെടണം. ഇതുസംബന്ധിച്ച് എന്തുചെയ്തുവെന്ന് വിദ്യാഭ്യാസവകുപ്പുമന്ത്രി ഈ സഭയെ അറിയിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരികയാണ്. സുപ്രീം കോടതിയിൽ ഏറ്റവും പ്രഗൽഭനായ വക്കീലിനെ വച്ചു കേസ് വാദിക്കുന്നതാണ്.

VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 22-10-2003-ലെ ജി. ഒ. (പി) നമ്പർ. 341/2003/ആർ. ഡി. (എസ്. ആർ. ഒ. 979/2003)-യും ആയത് മേശപ്പുറത്തു വയ്ക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII. റിപ്പോർട്ട് സമർപ്പണം

(1) I മുതൽ VIII നമ്പർ വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെയും X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെയും 2002-2003 വർഷത്തെ ആനുകാലിക റിപ്പോർട്ടുകൾ

കൃഷിയും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) : സർ, കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2002-2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, റവന്യൂവും നിയമവും വകുപ്പുമന്ത്രിയും II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 2002-2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2002-2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 2002-2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഗതാഗത വകുപ്പുമന്ത്രിയും V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ കമ്മിറ്റിയുടെ 2002-2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 2002- 2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രിയും VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 2002-2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ധനകാര്യ വകുപ്പുമന്ത്രിയും VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 2002- 2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, മുഖ്യമന്ത്രിയും X-ാം നമ്പർ സബ്ജകട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 2002- 2003 മാർച്ച് 31-വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. എം. മുരളി : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

VIII. പ്രത്യേക പരാമർശം (തുടർച്ച)

എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന രജനിയുടെ ആത്മാഹൂതി സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ചയ്ക്ക് മറുപടി പറയുന്ന കൂട്ടത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സമരങ്ങൾ അവസാനിപ്പിക്കാൻ പ്രതിപക്ഷം മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. നിർദ്ധനയും നിഷ്കളങ്കയുമായ രജനിയെന്ന വിദ്യാർത്ഥിനി ജീവനൊടുക്കാനിടയായ സാഹചര്യത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുത്തില്ലെന്ന് മാത്രമല്ല ആ കുട്ടിയേയും കുടുംബത്തേയും അപമാനിക്കുന്ന വിധത്തിൽ പ്രസംഗിക്കുകയും ആ കുട്ടിയെ ചാരിത്ര്യ പരിശോധനയ്ക്ക് വിധേയയാക്കുകയും ചെയ്തത് ഈ രാജ്യത്താകെ ജനരോഷം ആളിക്കത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതിശക്തമായ രോഷപ്രകടനം നടത്തുന്ന വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഭരണകക്ഷിയിലെ വിദ്യാർത്ഥികളടക്കമുള്ള ആളുകളും അതുപോലെ രാഷ്ട്രീയക്കാരുടെ കൂട്ടത്തിൽ ഭരണകക്ഷിയിലുള്ളവരുമുണ്ട്. അവരെല്ലാം തന്നെ പ്രതിഷേധവുമായി വന്ന സാഹചര്യത്തിൽ അതെല്ലാം മറച്ചുവയ്ക്കുവാൻ വേണ്ടി അപ്പുറത്തുള്ള എന്റെ സ്നേഹിതൻമാർ നടത്തിയ ശ്രമം ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. രജനിയുടെ മരണം നമുക്കെല്ലാം ദു:ഖകരമാണെന്ന് മുഖ്യമന്ത്രി പറയുമ്പോഴും അദ്ദേഹത്തിന്റെ പുറകിലിരിക്കുന്ന സുഹൃത്തുക്കൾ, അദ്ദേഹത്തിന്റെ അനുയായികൾ രജനിയെപ്പറ്റി പറഞ്ഞിരുന്നത് മറന്നുപോകരുത്. രജനിയുടെ വീട്ടിൽ ഫോൺ വിളിച്ചു പറഞ്ഞു.....

മി. സ്പീക്കർ : അതൊക്കെ ഇവിടെ ഡിസ്ക്കസ് ചെയ്തു കഴിഞ്ഞതാണ്. ആ വീട്ടിൽ ഫോണില്ലെന്നും അയൽപക്കത്തെ ഫോണാണെന്നുമൊക്കെ ഇവിടെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ആ പറഞ്ഞതിനെപ്പറ്റി സ്പർശിച്ചുവെന്നു മാത്രമേയുള്ളു. നമ്മുടെ നാട്ടിൽ അമർഷവും രോഷവുമുളവാക്കാനിടയാക്കിയ സംഭവങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചു എന്നുമാത്രം. എന്നിരുന്നാലും പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭണത്തിന്റെ പിന്നിൽ അത് ശമിപ്പിക്കുവാനും പ്രശ്നത്തിനാധാരമായിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹാരം കാണാനും നടപടി സ്വീകരിക്കുകയാണെങ്കിൽ അതിൽ സഹകരിക്കാനും അത് വിജയിപ്പിക്കാനും നമ്മുടെ ഭാഗത്തുനിന്ന് പ്രക്ഷോഭത്തിലിറങ്ങിയിരിക്കുന്നവരെ ഉപദേശിക്കാനും ഞങ്ങൾ തയ്യാറാണ്. അതേസമയം സർ സി. പി. രാമസ്വാമി അയ്യരെയൊക്കെ നേരിട്ടിട്ടുള്ള ദേശാഭിമാനികളുടെ നേരെ ഗ്രനേഡും ലാത്തിച്ചാർജ്ജും, ടിയർഗ്യാസ് പ്രയോഗവും നടത്തുകയും അല്ലെങ്കിൽ പിന്നെ കണ്ടുകളയാമെന്നുള്ള ഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നത് ശരിയല്ല. കോഴിക്കോട് ജനാധിപത്യപരമായി നടത്താൻ നിശ്ചയിച്ചിരുന്ന പ്രകടനങ്ങൾ വരെ നിർത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് അത്തരത്തിലുള്ള നയംമാറ്റി പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് അവയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിച്ചാൽ അതിൽ എല്ലാ വിധത്തിലുള്ള സഹകരണവും വാഗ്ദാനം ചെയ്യാനാണ് ഞാൻ ഇവിടെ എഴുന്നേറ്റ് നിൽക്കുന്നത്. ഇപ്പോൾ തുടർന്നുപോരുന്ന തെറ്റായ സമീപനം എത്രയും വേഗം തിരുത്താൻ തയ്യാറാകുന്നുവോ അത്രയും വേഗം പ്രശ്നപരിഹാരമുണ്ടാക്കാൻ കഴിയുന്നതാണ്. ആഗസ്റ്റ് അഞ്ചുവരെ നിശ്ചയിച്ചിരുന്ന സഭ ഇന്ന് നിർത്താൻ പോകുന്നുവെന്നുള്ളതുകൊണ്ടും എനിക്ക് ഡൽഹിയിൽ പോകുന്നതിനുവേണ്ടി അൽപ്പസമയം നേരത്തെ പോകേണ്ടതുള്ളതുകൊണ്ടുമാണ് ഞാൻ ഇപ്പോൾ ഇക്കാര്യം പറഞ്ഞത്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന് ഡൽഹിയിൽ പോകേണ്ടതുകൊണ്ടാണ് സഭ നേരത്തെ തീർക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പ്രശ്നങ്ങളിൽനിന്നുള്ള സർക്കാരിന്റെ ഒളിച്ചോട്ടത്തെ പൊതിയാൻവേണ്ടി ഞങ്ങളുടെ പിടലിയിലാക്കരുത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, പ്രതിപക്ഷനേതാവിനും അദ്ദേഹത്തിന്റെ മറ്റ് സഹപ്രവർത്തകൻമാർക്കുമെല്ലാം സി.പി.എം-ന്റെ സുപ്രധാനമായ കേന്ദ്ര കമ്മിറ്റിയോഗത്തിന് പോകാനുള്ളത് കരുതിയാണ് സഭാ സമ്മേളനം കുറച്ചു ചുരുക്കാൻ തീരുമാനിച്ചത്. കാരണം സമ്മേളനത്തിന്റെ അവസാന ദിവസങ്ങളിൽ പ്രതിപക്ഷനേതാവും ഉപനേതാവുമില്ലെങ്കിൽ ആ സമ്മേളനത്തിനൊരു ചൂടില്ലെന്ന് തോന്നിയിട്ടാണ്. സർ, രജനിയുടെ ആത്മാഹൂതി നമ്മളെയെല്ലാം നടുക്കിയ സംഭവമാണ്, എല്ലാപേർക്കും വേദനയുണ്ടാക്കിയതാണ്. ആ ഒരു ഗൗരവത്തോടുകൂടിത്തന്നെയാണ് ആദ്യം മുതൽ ഗവൺമെന്റ് ഇതിനെ സമീപിച്ചത്. പ്രതിപക്ഷനേതാവ് അതിന് ജുഡീഷ്യൽ എൻക്വയറി നടത്താൻ പറഞ്ഞു. അപ്പോൾതന്നെ ഞാൻ സമ്മതിച്ചു. പ്രതിപക്ഷനേതാവ് നിയമസഭയ്ക്ക് അകത്തും ബഹുമാനപ്പെട്ട പിണറായി വിജയൻ പുറത്തും ജുഡീഷ്യൽ എൻക്വയറി പോരാ സിറ്റിംഗ് ജഡ്ജിയെക്കൊണ്ടുള്ള എൻക്വയറി വേണമെന്ന് പറഞ്ഞു. അതും ഗവൺമെന്റ് സമ്മതിച്ചു. ഇതിന് ഹൈക്കോടതിയിൽ എഴുതാൻ പോകുകയാണ്. ഇതിൽ ഗവൺമെന്റിന് ഒരു പിടിവാശിയുമില്ല. ഒന്നും മറച്ചുവയ്ക്കാനും ഇല്ല. വികാരപരമായ ഈ പ്രശ്നം അതിന്റെ എല്ലാ ഗൗരവത്തോടുംകൂടി കാണണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. മാത്രമല്ല ഇതിൽ രാഷ്ട്രീയം കലർത്താനും ആഗ്രഹിക്കുന്നില്ല. ഈ പ്രശ്നം മറ്റു പ്രശ്നങ്ങളുമായി കൂട്ടിക്കുഴച്ച് രാഷ്ട്രീയത്തിന്റെ ഒരു വിവാദകേന്ദ്രമാക്കി മാറ്റാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഭരണകക്ഷിയിൽപ്പെട്ട ഒരുപാട് സഹപ്രവർത്തകൻമാർ നിരന്തരമായി ഈ പ്രശ്നത്തിന്റെകൂടെ എറണാകുളത്തെ എസ്.എഫ്.ഐ നേതാവിനാൽ വഞ്ചിക്കപ്പെട്ട സൗമ്യയുടെ കേസുകൂടി ജുഡീഷ്യൽ അന്വേഷണത്തിന് വിടണമെന്ന് പറഞ്ഞിട്ട് ഞാൻ സമ്മതിക്കാതിരുന്നത്. ഇപ്പോഴും രജനിയുടെ ആത്മാഹൂതിയും എസ്.എഫ്.ഐ-നേതാവിനാൽ വഞ്ചിതയായ സൗമ്യയുടെ കേസും രണ്ടുംകൂടി കൂട്ടികുഴയ്ക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട പി.ടി. തോമസ് പറഞ്ഞപ്പോൾ പരമാവധി ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നത് അതിലൊരു

LIBRARY ARCHIVES Kerala Legislative Assembly

ക്രൈംബ്രാഞ്ച് അന്വേഷണം നടത്താമെന്നുള്ളതാണ് ഞാൻ പറഞ്ഞത്.....കാരണം രജനിയുടെ ആത്മഹത്യയും ഇതുമായി കൂട്ടികലർത്തി ഒരു രാഷ്ട്രീയ വിവാദത്തിലേയ്ക്ക് നയിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ടാണ്. ഗവൺമെന്റ് ഈ പ്രശ്നത്തെ എങ്ങനെ കാണുന്നു? ഈ പ്രശ്നം രാഷ്ട്രീയവൽക്കരിക്കാനുള്ള ഒരവസരം പോലും കൊടുക്കരുത്. ഇതൊരു പ്രത്യേക ദുരന്തമാണ്. ആ പ്രത്യേകത കണക്കാക്കിയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അതിപ്പോൾ പറയുന്നതെന്തിനാണ്?

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പറഞ്ഞതുകൊണ്ട് പറയുകയാണ്. മാസങ്ങൾക്ക് മുൻപ് നടന്ന ആ ആത്മഹത്യയും കഷ്ടമാണ്. ടീച്ചർ അതിലുംകൂടി ദു:ഖം പ്രകടിപ്പിക്കേണ്ടതായിരുന്നു. ഏതായാലും ഗവൺമെന്റ് ഈ പ്രശ്നം മറ്റുപ്രശ്നവുമായി കൂട്ടിക്കലർത്തുന്നില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ആത്മഹത്യയിൽ അങ്ങേയറ്റം ദു:ഖമുണ്ടെന്നു മാത്രമല്ല അതിന് കാരണമായിട്ടുള്ള എല്ലാ വസ്തുതകളും അന്വേഷിച്ച് ആർക്കെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ നടപടിയെടുക്കാനും ഗവൺമെന്റ് തീരുമാനിച്ചതാണ്. അതുമായിട്ട് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഇന്നലെ ഞാൻ പറഞ്ഞത് മുഴുവൻ ശ്രദ്ധാപൂർവം കേട്ടുവെങ്കിലും ചില കാര്യങ്ങൾ വിട്ടുകളഞ്ഞു. ജനാധിപത്യപരമായി സമരം ചെയ്യാൻ എല്ലാപേർക്കും അവകാശമുണ്ട്. പക്ഷേ പോലീസ് സ്റ്റേഷനുകളിൽ കയറി പ്രതികളെ ബലമായി പിടിച്ചുകൊണ്ടുപോകുന്ന പ്രവണത നല്ലതല്ല. അത് ഒരു സ്ഥിരം പരിപാടിയായിട്ട് മാറുന്നു. പാലക്കാട് സംഭവിച്ചു, കോഴിക്കോട് സംഭവിച്ചു, കണ്ണൂരിൽ സംഭവിച്ചു, ഇപ്പോൾ പത്തനംതിട്ടയിലുമായി. ഇതൊരു സ്ഥിരം പരിപാടിയായി മാറുന്നു. പോലീസ് സ്റ്റേഷനുകളിൽ കയറി പോലീസിനെ ആക്രമിച്ച് പ്രതികളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകുന്നത് നല്ലതല്ല. അത് തടയണം. അതുപോലെ സമരങ്ങളോടനുബന്ധിച്ച് പൊതുമുതൽ നശിപ്പിക്കുക, കാറുകൾ കത്തിക്കുക, സ്വകാര്യ വാഹനങ്ങൾ കത്തിക്കുക, സർക്കാർ വാഹനങ്ങൾ കത്തിക്കുക, ബാങ്കുകൾ ആക്രമിക്കുക, അതുപോലുള്ള അക്രമങ്ങൾ അവസാനിപ്പിക്കണം. അതിന് പ്രതിപക്ഷ നേതാവും പ്രതിപക്ഷവും മറ്റെല്ലാപേരും സഹകരിക്കണം. ഇന്നലെ ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറഞ്ഞത്, അക്രമം നമുക്ക് പൂർണ്ണമായി അവസാനിപ്പിക്കാൻ സാധിക്കണം എന്നുള്ളതാണ്. അതുകൊണ്ട് സമരങ്ങളോടനുബന്ധിച്ചുള്ള പൊതുമുതൽ നശിപ്പിക്കുന്നതിനുള്ള പ്രവണത കേരളത്തിൽ അവസാനിപ്പിക്കണം. സ്വകാര്യ വ്യക്തികളുടേതാണെങ്കിലും കാറാണെങ്കിലും സ്കൂട്ടറാണെങ്കിലും കച്ചവട സ്ഥാപനങ്ങൾ ആണെങ്കിലും തല്ലിത്തകർക്കുന്ന പ്രവണത അവസാനിപ്പിക്കണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കെ.എസ്.യു.ക്കാർ തല്ലിപ്പൊളിച്ചിട്ടുണ്ടല്ലോ. അവരെ ഉപദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ആന്റണി: ആരു ചെയ്താലും തെറ്റാണ്. നമുക്ക് ഇരട്ടത്താപ്പ് നയമില്ല. സൗമ്യയുടെ കാര്യത്തിലും ദു:ഖം പ്രകടിപ്പിച്ചു. രജനിയുടെ കാര്യത്തിൽ ദു:ഖം മാത്രമല്ല ജുഡീഷ്യൽ എൻക്വയറിയും പ്രഖ്യാപിച്ചു. ഞാൻ രണ്ടും രണ്ടായിട്ട് കാണുന്നില്ല. രാഷ്ട്രീയവും കലർത്തുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവായാലും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറായാലും ഇതുവരെ സൗമ്യയെക്കുറിച്ച് ദു:ഖം പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇതാണ് നിങ്ങളുടെ രാഷ്ട്രീയം. കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതൽ തൊഴിലാളി സംഘടനകളാണെങ്കിലും വിദ്യാർത്ഥി സംഘടനകളാണെങ്കിലും കാർഷിക പ്രസ്ഥാനമാണെങ്കിലും എല്ലാം ശക്തമാണ്. സമരങ്ങൾ നടക്കട്ടെ. ന്യായമായ കാര്യങ്ങൾക്ക് സമരം ചെയ്യാൻ എല്ലാപേർക്കും അവകാശമുണ്ട്. സമരങ്ങൾ നിരോധിക്കുന്ന സമീപനം ഈ ഗവൺമെന്റിനില്ല. പക്ഷേ സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിക്കരുത്. സ്വകാര്യ വ്യക്തികളുടെ മുതൽ നശിപ്പിക്കരുത്. അക്രമങ്ങൾ ഉണ്ടാകരുത്, ചോരപ്പുഴ ഉണ്ടാകരുത്. പോലീസ് സ്റ്റേഷനുകൾ ആക്രമിച്ച് പ്രതികളെ പിടിച്ചുകൊണ്ടുപോകുന്ന പ്രവണത ഇനി ആവർത്തിക്കരുത്. സമരം ചെയ്യാൻ എല്ലാപേർക്കും അവകാശമുണ്ട്. അക്രമങ്ങൾ ഉണ്ടായാൽ അത് സർ സി.പി.യോട് താരതമ്യപ്പെടുത്തിയാലും ശരി ദിവാനോട് താരതമ്യപ്പെടുത്തിയാലും കൊള്ളാം, പൊതുമുതൽ നശിപ്പിച്ചാൽ, സ്വകാര്യ വ്യക്തികളുടെ സ്വത്തിനും ജീവനും അപകടം ഉണ്ടാക്കിയാൽ, പോലീസ് സ്റ്റേഷനുകളിൽ കയറി പ്രതികളെ പിടിച്ചുകൊണ്ടുപോകാൻ ശ്രമിച്ചാൽ അതിനെ ശക്തമായി കൈകാര്യം ചെയ്യും, നേരിടും. അതിനകത്ത് വിട്ടുവീഴ്ചയില്ല. ഇതാണ് എനിക്ക് പറയാനുള്ളത്.

IX. നിയമനിർമ്മാണകാര്യം

(1) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും —

(i) 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബിൽ,

(ii) 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബില്ലും 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബില്ലും 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലും ഭൂനികുതിയും വനവും മൽസ്യ ബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: രണ്ടു ബില്ലുകളേയും സംബന്ധിച്ച് ഒരുമിച്ച് ചർച്ച നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പ്രതിഫലം നൽകി കൃഷി ഭൂമി വാങ്ങി ജന്മിമാരാൽ കബളിപ്പിക്കപ്പെട്ട കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് സംഭവിച്ചത് പലപ്പോഴും ജൻമിമാർ പ്രതിഫലം വാങ്ങി ഭൂമി മറ്റുള്ളവർക്ക് വിറ്റിട്ടുണ്ട്. വിറ്റതിനുശേഷം കാർഷിക പരിഷ്ക്കരണ നിയമത്തിലെ 85-ാം വകുപ്പ് അനുസരിച്ച് മിച്ചഭൂമി സ്റ്റേറ്റ്മെന്റ്, നൽകുമ്പോൾ റിട്ടേൺ കൊടുക്കുമ്പോൾ ആ റിട്ടേണിനകത്ത് . . . . . .

മി. സ്പീക്കർ: ബില്ലുകൾ 12.30-ന് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സഹകരിക്കണം.

ശ്രീ. കെ. എം. മാണി: മിച്ചഭൂമി സ്റ്റേറ്റ്മെന്റ് കൊടുക്കുമ്പോൾ തങ്ങൾ പ്രതിഫലം വാങ്ങി കൊടുത്ത ഭൂമികൂടി ജൻമിമാർ ആ സ്റ്റേറ്റ്മെന്റിനകത്ത് ഉൾപ്പെടുത്തുകയുണ്ടായി. അതിന്റെ ഫലമായി വാങ്ങിയ ഭൂമിയൊക്കെ മിച്ചഭൂമിയായി വന്നു. മിച്ചഭൂമിയായി വന്നപ്പോൾ ഇപ്പോൾ ഒഴിപ്പിക്കൽ നടപടികൾ ആരംഭിക്കുകയാണ്. ലാൻഡ് ട്രൈബ്യൂണലും ലാൻഡ് ബോർഡും ഒഴിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി. ബഹുമാനപ്പെട്ട ഹൈക്കോടതി ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ആയിരക്കണക്കിന് പാവപ്പെട്ട കൃഷിക്കാർ ഉത്തമ വിശ്വാസത്തോടുകൂടി പ്രതിഫലം കൊടുത്ത് വാങ്ങി കൈവശംവച്ച് കൃഷിചെയ്ത് അനുഭവിക്കുന്നവർ ഒഴിപ്പിക്കൽ ഭീതി നേരിട്ട സന്ദർഭത്തിൽ 1996-ലെ യു. ഡി. എഫ്. ഗവൺമെന്റ് അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയും ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുവേണ്ടിയും രണ്ട് ബില്ലുകൾ അവതരിപ്പിക്കുകയുണ്ടായി. ഒൻപതാം കേരള നിയമസഭ ഡിസ്സോൾവ് ചെയ്തതുകൊണ്ട് നിർഭാഗ്യവശാൽ ആ ബില്ലുകൾ പാസ്സാക്കാൻ കഴിഞ്ഞില്ല. പിന്നീട് 1997-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, 1998-ൽ ഹൈക്കോടതി ഗവൺമെന്റിനെതിരെ കണ്ടംറ്റ് ഓഫ് കോർട്ടിന് നടപടി ആരംഭിച്ചു. ഉടനെ ഇവരെ ഒഴിപ്പിക്കണമെന്ന് അന്ത്യശാസനം നൽകി. പോലീസ് പാർട്ടിയുമായി ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള നീക്കം ആരംഭിച്ചു. കൃഷിക്കാരുടെ ഭാഗത്തുനിന്നും റെസിസ്റ്റൻസ് ഉണ്ടായി. പ്രക്ഷോഭണമായി. ആ സന്ദർഭത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് 1998-ൽ സ്റ്റേ ഓഫ് എവിക്ഷൻ നിയമം നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കി. അന്നു മുതൽ വിവിധ ഗവൺമെന്റുകളുടെ കാലഘട്ടങ്ങളിൽ ഈ നിയമസഭ പാസ്സാക്കിയ വിവിധ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ഈ കഴിഞ്ഞ 31-3-2004 വരെ ആയിരുന്നു ഒഴിപ്പിക്കൽ നിർത്തിവയ്ക്കുന്നതിനുള്ള കാലാവധി. അതിന്റെ കാലാവധി കഴിഞ്ഞു. അതുകൊണ്ട് ഒഴിപ്പിക്കലിന്റെ കാലാവധി നീട്ടുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമനിർമ്മാണമാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001-ൽ വീണ്ടും സ്റ്റേ നിയമം കൊണ്ടുവന്നു. ഒന്നുകൂടി കൊണ്ടുവന്ന് നീട്ടി. ആ നീട്ടിയ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം മാർച്ച് 31-ന് കാലാവധി കഴിഞ്ഞിരിക്കുകയാണ്. അത് നീട്ടുന്നതിനുവേണ്ടിയാണ് ആ നിയമം. എൽ.ഡി.എഫ്. ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും കാലാകാലങ്ങളിൽ അവതരിപ്പിച്ച ഒഴിപ്പിക്കൽ നിരോധന ബില്ലിനകത്തെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ പറഞ്ഞിരുന്നത് ഇത് ഒരു താൽക്കാലിക നടപടി മാത്രമാണെന്നാണ്. കൃഷിക്കാരുടെ താല്പര്യങ്ങൾ ശാശ്വതമായി സംരക്ഷിക്കാൻ, അവർക്ക് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി ലാൻഡ് റിഫോംസ് നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവന്ന് ശാശ്വതമായി ഇതിനൊരു പരിഹാരമുണ്ടാക്കുമെന്ന ഒരു വാഗ്ദാനം നൽകിയിരുന്നു. അതിലേയ്ക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ് 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബിൽ. ലാൻഡ് റിഫോംസ് ആക്ടിലെ ഒരു ഭേദഗതി കൊണ്ടുവരികയാണ്. ലാൻഡ് റിഫോംസ് ആക്ടിലെ 7(ഡി) കഴിഞ്ഞിട്ട്, 7(ഇ) എന്ന ഒരു പുതിയ സബ് സെക്ഷൻ കാർഷിക പരിഷ്കരണ നിയമത്തിനകത്ത് ഇൻസെർട്ട് ചെയ്യുകയാണ്. അതിന്റെ അർത്ഥം, ഈ ബില്ലിൽ അതിന്റെ ഫലമായി വരുന്നതും 1964-ൽ കാർഷിക പരിഷ്ക്കരണ നിയമം ഉടലെടുത്തതിനുശേഷം ഇന്നുവരെ, ഈ നിയമം പാസ്സാകുന്നതുവരെ അതിനിടയിൽ ആരെങ്കിലും ഉത്തമവിശ്വാസത്തോടുകൂടി പ്രതിഫലം നൽകി നാലു ഹെക്ടർവരെ ഭൂമി കൈവശം വച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഭൂമിയുടെ കൈവശ കൃഷിക്കാരെ ഡീംഡ് ടെനന്റ്സായി പരിഗണിക്കുകയാണ്. അവർക്ക് പരിരക്ഷ കൊടുക്കുന്നു എന്നുള്ളതാണ് മൂന്നാമത്തെ ക്ളോസ്സിൽ പറഞ്ഞിരിക്കുന്നത്. നാലാമത്തെ ക്ളോസ്സിൽ പറഞ്ഞിരിക്കുന്നത്, കാർഷിക പരിഷ്ക്കരണ നിയമത്തിൽ 84-ാം വകുപ്പിൽ മൂന്ന് ഉപവകുപ്പുകൾകൂടി ചേർക്കുകയാണ്. അമെന്റുമെന്റ് ഓഫ് സെക്ഷൻ 84. അതിനകത്ത് പറഞ്ഞിരിക്കുന്ന ഒരു കാര്യം, റിട്ടേൺ, ഏതെങ്കിലും ഒരാൾ മറ്റൊരാളിന്റെ കൈവശമിരിക്കുന്ന ഭൂമി തന്റേതാണെന്നുള്ള നിലയ്ക്ക് മിച്ചഭൂമി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ഇൻവോൾവ്ഡ് ആകുന്നില്ല. മിച്ചഭൂമി സ്റ്റേറ്റ്മെന്റിൽ ഒരാളുടെ ഭൂമി വേറൊരാൾ കൊടുത്തുവെന്ന് കരുതി അത് ഇൻവോൾവ്ഡ് ആകുന്നില്ല എന്നുള്ളതാണ് ക്ളോസ്സ് 4-ൽ പറഞ്ഞിരിക്കുന്നത്.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതുപോലെതന്നെ ക്ലാസ് 5-ൽ ഒരു പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നത്, ഇങ്ങനെയുള്ള കൃഷിക്കാരെ ഡീംഡ് ടെനന്റ്സ് ആയിട്ട് ഇപ്പോൾ ഈ നിയമംമൂലം പ്രഖ്യാപിക്കപ്പെടുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് സർട്ടിഫിക്കറ്റ് ഓഫ് ടൈറ്റിൽ വാങ്ങാം. ലാന്റ് ബോർഡിൽ നിന്നും ലാന്റ് ട്രൈബ്യൂണലിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങാം. കാരണം അവരെ ഡീംഡ് ടെനന്റ്സ് ആയിട്ട് പ്രഖ്യാപിക്കുന്നു. ആ സർട്ടിഫിക്കറ്റ് വാങ്ങിക്കഴിഞ്ഞാൽ ഭൂമിയുടെ ഉടമകളായിട്ട് അവർ മാറുകയാണ്. പിന്നീട് യാതൊരു വിഷമവുമില്ല. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം രണ്ട് ബില്ലും കൂടി ഒരുമിച്ചാണ് ചർച്ച ചെയ്യുന്നത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ നിയമം പാസ്സായാൽ ഇതിന്റെ ബെനിഫിഷ്യറീസ് ആയിട്ട് വരുന്നത് ആകെ 6,202 പേരാണ്. 11,487 ഏക്കറാണ് ആകെയുള്ള വിസ്തൃതി. ഇതിൽ ഒരു അഭിപ്രായ വ്യത്യാസത്തിന്റെയും കാര്യമില്ല. ഇത് പെട്ടെന്ന് പാസ്സാക്കാവുന്നതാണ്. പ്രതിപക്ഷത്തിന്റേയും ഭരണപക്ഷത്തിന്റേയുമെല്ലാം പ്രാതിനിധ്യത്തോടുകൂടി ഒരു

ആൾ പാർട്ടി മീറ്റിംഗ് കൂടുകയുണ്ടായി. അതിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനും ഉണ്ടായിരുന്നു. ഇത് ഒരു മാനുഷിക പ്രശ്നമാണ്, അതിന് പരിഹാരം ഉണ്ടാക്കണം എന്ന് എല്ലാവരും കൂടി യുനാനിമസ് ആയിട്ട് എടുത്ത ഒരു തീരുമാനമാണ്. പ്രതിഫലം നൽകി വാങ്ങിയ ഭൂമി പിന്നീട് മിച്ചഭൂമിയായി കണക്കാക്കപ്പെട്ടാൽ തന്നെ 4 ഹെക്ടർ വരെയുള്ള ഭൂമിക്ക് പരിരക്ഷ കൊടുക്കണം, അതിന് കാർഷിക പരിഷ്ക്കരണ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവരണം എന്ന് ആൾ പാർട്ടി മീറ്റിംഗിൽ എടുത്ത ധാരണയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കാർഷിക പരിഷ്ക്കരണ നിയമത്തിന് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. രണ്ട് നിയമങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. ഒന്ന് 2004 മാർച്ച് 31-ാം തീയതി കൊണ്ട് കാലാവധി അവസാനിച്ച സ്റ്റേറ്റ് ഓഫ് എവിക്ഷൻ. ഈ നിയമം ഇന്ന് പാസാകുന്നില്ല. ചർച്ച കഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിക്ക് പോയശേഷം നിയമം പാസാക്കുന്നു. പാസ്സാകുന്നതിനിടയിൽ ഒഴിപ്പിക്കാൻ പാടില്ല. അങ്ങനെ ഒഴിപ്പിക്കാതിരിക്കണമെങ്കിൽ കഴിഞ്ഞ മാർച്ച് 31-ന് കാലാവധി കഴിഞ്ഞ സ്റ്റേറ്റ് ഓഫ് എവിക്ഷൻ നിയമം ഒന്നുകൂടി പുതുക്കണം. ഒന്നുകൂടി പുതുക്കി ഒരു നിയമം വേണം. അത് ഒഴിപ്പിക്കൽ തടയാൻ വേണ്ടിയിട്ടാണ്. രണ്ടാമത്തെ ബിൽ എന്ന് പറയുന്നത് കാർഷിക പരിഷ്ക്കരണ നിയമത്തിലെ ഞാൻ മുകളിൽ പറഞ്ഞ വകുപ്പുകളിൽ ഭേദഗതി വരുത്തിക്കൊണ്ട് സ്റ്റേറ്റ്മെന്റിൽ എന്തു തന്നെ പറഞ്ഞിരുന്നാലും ഇവരെ ഡീംഡ് ടെനന്റ്സ് ആക്കിക്കൊണ്ട് ഇവർക്ക് ടൈറ്റിൽ ഓഫ് പർചെയ്സ് കൊടുക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണമാണ്. രണ്ടു ബില്ലുകളും സമാന സ്വഭാവമുള്ളവയാണ്. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. അത് രണ്ടും ഒരുമിച്ച് ചർച്ച ചെയ്തുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് പെട്ടെന്ന് പാസാക്കി ആയിരക്കണക്കിന് കൃഷിക്കാരുടെ മാനുഷിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻവേണ്ടി സഹകരിക്കണം. ഈ ബിൽ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ : സർ, 1999-ലെ ഭൂപരിഷ്ക്കരണ ഭേദഗതിബിൽ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലും മലപ്പുറത്തെ പൊന്നാനിയിലുമുള്ള കാരായ്മ കുടിയാൻമാരുടെ കൈവശാവകാശഭൂമി അവരുടെ കയ്യിൽ നിന്നും പോകുന്ന ഒരു സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. അത് ഇതിന്റെ പരിധിയിൽ വരുമോ?

ശ്രീ. കെ. എം. മാണി : കാരായ്മ കുടിയാൻമാരെ സംബന്ധിച്ച് വേറെ നിയമമാണ്. അത് സംബന്ധിച്ച് ഇവിടെ ചോദ്യം ഉണ്ടായിരുന്നു. ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. രണ്ടും രണ്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2004-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലും 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലും ഒരേ പ്രശ്നങ്ങളെ സമീപിക്കുന്നതിനുവേണ്ടിയുള്ള രണ്ട് ബില്ലുകളാണ്. 6,000-ൽ പരം വരുന്ന ചെറുകിട കൃഷിക്കാരേയും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്ന കൃഷിക്കാരേയും സഹായിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിൽ പ്രധാനമായിട്ടുള്ള പ്രശ്നം ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. കണ്ണൂർ ജില്ലയിലെ വടക്കേക്കളം എസ്റ്റേറ്റിലുള്ള 2,200 ഏക്കറോളം ഭൂമി 662 കൃഷിക്കാരാണ് കൈവശം വച്ചിരിക്കുന്നത്. അതിൽ ഈ പറഞ്ഞ തരത്തിൽ അവരുടെ കൈവശമുള്ളത് ഒരു ഹെക്ടറോ അര ഹെക്ടറോ ആണെങ്കിൽ അത്, പരമാവധി നാല് ഹെക്ടർ കൊടുത്തുകൊണ്ട് ഇത് വേഗം തീരുമാനം ആവുകയാണെങ്കിൽ അവിടെ നിന്നും 500 ഏക്കറോളം ഭൂമി മിച്ചഭൂമിയായിട്ട് സർക്കാരിന് അധികമായിട്ട് എടുക്കാൻ സാധിക്കും. ഇത് നീട്ടിക്കൊണ്ടുപോകുന്നതിന്റെ ഫലമായിട്ട് മിച്ചഭൂമി ഏറ്റെടുക്കുന്നതിന് തന്നെ കാലതാമസം വരികയാണ്. 157 ഏക്കർ ഭൂമി അവിടെ നിന്നും ഇതിനുമുൻപ് ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ പറയുന്ന വിധത്തിൽ അതിവേഗത്തിൽ ഇത് നടപ്പിലാകുന്ന സാഹചര്യം ഉണ്ടായാൽ. സംസ്ഥാന ഗവൺമെന്റിന് 500 ഏക്കർ ഭൂമി കൂടി അധികം കിട്ടും. ഇപ്പോൾ അവിടത്തെ കൃഷിക്കാർ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. ഒഴിപ്പിക്കൽ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കി ഓരോ വർഷവും നീട്ടുന്ന പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ തുടരുമ്പോൾ അവർക്ക് താൽക്കാലികമായി ആശ്വാസം ലഭിക്കുന്നു എന്നത് ശരിയാണ്. എന്നാൽ കൃഷിക്കാർക്ക് ഇപ്പോൾ ബാങ്ക് ലോൺ കിട്ടുന്നില്ല. ഭൂമി പണയം വയ്ക്കാനോ കാർഷിക വായ്പ എടുക്കാനോ അവർക്ക് സാധിക്കുന്നില്ല. താൽക്കാലികമായിട്ട് നിർത്തി വച്ച സാഹചര്യത്തിൽ അതിന് അടിയന്തിര പരിഹാരം ആവശ്യമായിട്ടുണ്ട്. ഇപ്പോൾ യഥാർത്ഥത്തിൽ അവരുടെ കൈവശം ഭൂമി ഇല്ലാത്തതുപോലെയാണ്. അവർക്ക് കൃഷി ചെയ്ത് അതിന്റെ ഉൽപ്പന്നങ്ങൾ എടുക്കാനുള്ളസൗകര്യമൊഴിച്ച് മറ്റ് ആനുകൂല്യങ്ങൾ ഒന്നും തന്നെ ഇല്ല. പാട്ടത്തിന് എടുത്തതുപോലുള്ള അവസ്ഥയിലാണ് ഇപ്പോൾ അവർ അവിടെ കഴിഞ്ഞു കൂടുന്നത്. ഈ സാഹചര്യത്തിൽ ഈ ഒഴിപ്പിക്കൽ നിർത്തിവയ്ക്കൽ പ്രക്രിയ തുടരുന്നതുകൊണ്ട് മാത്രം അതിന് പരിഹാരം ആവില്ല എന്നതുകൊണ്ടാണ് ഇതിന് ഭേദഗതി കൊണ്ടുവരണം എന്നുള്ള പൊതു അഭിപ്രായത്തിൽ ഞങ്ങളൊക്കെ എത്തിയത്. ഇവിടെ ഒരു പ്രശ്നം എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഭൂപരിഷ്ക്കരണ നിയമത്തിനകത്തുള്ള ഭേദഗതിയായിട്ട് ഇത് വരുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തിയ ഒരു നിയമമാണ്. ഇതിനകത്ത് വരുത്തുന്ന ഓരോ ഭേദഗതിയും വളരെ കരുതലോടുകൂടി മാത്രമേ പാടുള്ളൂ. ഒഴിപ്പിക്കൽ നിർത്തിവയ്ക്കൽ ബിൽ നമ്മൾ ഇപ്പോൾ പാസാക്കുമ്പോൾ അത് ഒരു വർഷത്തേയ്ക്കുള്ള പ്രശ്നം മാത്രമാണ് എന്നുള്ളതുകൊണ്ട് വലിയ പ്രശ്നമില്ല. കോഴിക്കോട്, മലപ്പുറം ജില്ലയിലെ കാരായ്മ കുടിയാന്മാരെ ബാധിക്കുന്ന രണ്ട് നിയമനിർമ്മാണങ്ങൾ നാം നടത്തുകയുണ്ടായി. ആ ആക്ട് ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചതോടുകൂടി കാരായ്മ സംബന്ധിച്ച് നമ്മുടെ നിയമസഭ അംഗീകരിച്ചിരിക്കുന്ന നിയമം ദുർബ്ബലപ്പെട്ടുപോയി. ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്തിയ ഒരു ആക്ട് എന്നുള്ള നിലയിൽ ഈ ഭേദഗതിയും അത്തരത്തിൽപ്പെടുത്തിയില്ല എന്ന് പറഞ്ഞു കൊണ്ടാണ് പാസാക്കിയ ആക്ട് ദുർബ്ബലമായിരിക്കുന്നത്. ഇത്തരത്തിൽ ഒരു ഭേദഗതി വരുത്തുമ്പോൾ അതിന്റെ ഭരണഘടനാപരമായിട്ടുള്ള വശങ്ങൾ കൂടി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചുകൊണ്ട് ചെയ്യുന്നില്ലെങ്കിൽ ഇത് ചോദ്യം ചെയ്യപ്പെടാൻ ഇടയുണ്ടാകും എന്ന കാര്യം വ്യക്തമായിട്ടും പരിശോധിക്കേണ്ടതായിട്ടുണ്ട്. ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും ശ്രദ്ധിച്ചില്ലെങ്കിൽ ഇത് കോടതിയിൽ പോകും. അത് നിലനിൽക്കാൻ സാധിക്കാത്ത സാഹചര്യം വരും. ഇനി വേറൊരു ഭേദഗതി വരാൻ പോകുന്നുണ്ട്. അത് ഇവിടെ സർക്കുലേറ്റ് ചെയ്യുന്നുണ്ട്. അത് വളരെയധികം പ്രത്യാഘാതം ഉണ്ടാക്കുന്ന ഭേദഗതിയാണ്. കശുവണ്ടി, വാനില ഇങ്ങനെയുള്ള തോട്ടങ്ങളെയെല്ലാം തന്നെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊടുക്കുകയാണ്. ഇത് ഫലത്തിൽ നമ്മുടെ ഭൂപരിഷ്ക്കരണ നിയമം തന്നെ അട്ടിമറിക്കപ്പെടുകയും ഭൂപരിഷ്ക്കരണ നിയമം കൊണ്ടു വരുന്ന കാലത്ത് ഉണ്ടായിരുന്ന കാഴ്ചപ്പാടുകളെ തകിടം മറിക്കുകയും ചെയ്യും. അതുകൊണ്ട് കരുതലോടുകൂടി, കൊണ്ടുവരേണ്ട ഒരു പ്രക്രിയയാണ് ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തുന്ന ഏതൊരു കാര്യവും എന്ന് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ വളരെയധികം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യുന്നത്.

കൃഷിക്കാർ ദിവസേന ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുകയാണ്. മിനിഞ്ഞാന്ന് ഇടുക്കിയിൽ 5 കൃഷിക്കാർ ആത്മഹത്യ ചെയ്തു. കൃഷിക്കാരുടെ ആത്മഹത്യയുടെ വാർത്തകൾ ദിവസേന നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഈ ഒരു സ്ഥിതിവിശേഷം സംസ്ഥാനത്ത് ഇതിന് മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. എന്നാൽ സഹായിക്കേണ്ടുന്ന കൃഷിക്കാരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ടോ? നമ്മൾ ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമാണ്. ഇവിടെ ഇത്രയധികം കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടും നമ്മുടെ സംസ്ഥാനത്തിന് ഉണർന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ നിയമസഭയിൽ ഈ പ്രശ്നം ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും മറ്റ് രണ്ടു മന്ത്രിമാരും കൂടി ഡൽഹിയിൽ പോയി ബന്ധപ്പെട്ടവരെ കാണുകയുമൊക്കെ ചെയ്തുവെങ്കിലും വഞ്ചിതിരുനക്കരയിൽത്തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ഒരു മാറ്റവും ഉണ്ടായിട്ടില്ല. പ്രഖ്യാപനങ്ങളല്ലാതെ കൃഷിക്കാർക്ക് വേണ്ടി ഇതുവരെയും ഒന്നും ചെയ്തിട്ടില്ല. ഇനിയും എത്ര കൃഷിക്കാർ മരിക്കുമെന്ന് ആർക്കും പറയാൻ കഴിയാത്ത അവസ്ഥയാണ്. അവരാരും ആത്മഹത്യ ചെയ്തത് മരിക്കണമെന്ന് ആഗ്രഹിച്ചിട്ടല്ല. ജീവിതപ്രയാസം അവരെ അതിലേയ്ക്ക് തള്ളിനീക്കുകയാണ്. വയനാട് ജില്ലയിൽ മാത്രം 105 കൃഷിക്കാർ മരണപ്പെട്ടു. നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖല ഇന്ന് വിറങ്ങലിച്ചു നിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ആ സാഹചര്യത്തിൽ ഒഴിപ്പിക്കൽ ഭീഷണി കൂടി വരുമ്പോൾ കൃഷിക്കാർ മനംനൊന്ത് ആത്മഹത്യ ചെയ്യുകയാണ്. ഏതായാലും ഇന്ന് ഈ നിയമസഭ പിരിയുന്നത് നന്നായി. നിയമസഭ നിട്ടിക്കൊണ്ട് പോകുകയാണെങ്കിൽ ഈ സന്ദർശക ഗ്യാലറിയിൽ വന്ന് ആരെങ്കിലും തൂങ്ങി മരിച്ചാലോയെന്നുപോലും എനിക്ക് ഒരു സംശയം ഉണ്ടായിരുന്നു. കൃഷിക്കാരൻ ശ്രദ്ധ പിടിച്ചുപറ്റാൻ ഇനി എന്താണ് ചെയ്യേണ്ടത്? ആരും അവരെ ശ്രദ്ധിക്കാത്ത ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കഴിഞ്ഞു. ഈ ഒഴിപ്പിക്കൽ ഭീഷണി നേരിടുന്ന കൃഷിക്കാരൻ ഇത്തരത്തിൽ മരണത്തെ പ്രാപിക്കുന്ന അവസ്ഥ വരുന്നു. നമ്മുടെ ഗവൺമെന്റാണെങ്കിൽ മരിക്കുന്ന കാര്യം കേന്ദ്രത്തെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിക്കുന്നതിനുപോലും സന്നദ്ധമാകുന്നില്ല പാർലമെന്റിൽ ഇതുസംബന്ധിച്ച് ചോദ്യം ചോദിച്ചപ്പോൾ കൃത്യമായി ഉത്തരം പോലും കൊടുക്കാൻ തയ്യാറായില്ല. ഇത് കാണിക്കുന്നത് ഇത്തരം പ്രശ്നങ്ങളോട് ഗവൺമെന്റിന് ഒരു ആത്മാർത്ഥതയുമില്ല എന്നാണ്. കൃഷിക്കാരുടെ കാര്യത്തിൽ യഥാർത്ഥത്തിൽ വളരെ ശക്തമായിട്ട് ശബ്ദിക്കുന്ന ഒരു ആളായിട്ടാണ് ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിയെ കേരളം പരിഗണിച്ചുവരുന്നത്. പക്ഷെ ഈ പ്രശ്നത്തിൽ ശ്രീ. കെ. എം. മാണിക്ക് ഉയർന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അങ്ങ് സ്വയം പരിശോധിച്ചാൽ മതി. ഇത്രയധികം കർഷകർ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി റവന്യു വകുപ്പുസ്ഥാനം വലിച്ചെറിഞ്ഞുകൊണ്ട് കൃഷിക്കാരുടെ കൂടെ നിൽക്കേണ്ടതായിരുന്നു. മന്ത്രി സ്ഥാനത്തിനാണോ, അതോ കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്കാണോ അങ്ങ് പ്രാമുഖ്യം കൊടുക്കുന്നത്? കൃഷിക്കാർക്ക് ഒരു കാര്യവും ചെയ്തുകൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ എന്തിനാണ് ഈ മന്ത്രിസ്ഥാനം? ആയിരക്കണക്കിന് കൃഷിക്കാരുടെ ജീവനേക്കാൾ വലുതാണോ ഒരു മന്ത്രി സ്ഥാനം? ഇപ്പോൾ ഈ മന്ത്രിസ്ഥാനം വലിച്ചെറിഞ്ഞ് അങ്ങ് കൃഷിക്കാരുടെ ഇടയിലേയ്ക്ക് ഇറങ്ങിയാൽ അങ്ങ് രക്ഷപ്പെടും. അല്ലെങ്കിൽ രക്ഷയില്ല. മൂവാറ്റുപുഴയിൽത്തന്നെ ഉണ്ടായ അനുഭവം ഓർത്തുകൊണ്ട് കൃഷിക്കാരുടെ കൂടെ നിൽക്കുന്നതിനുള്ള ഒരു മനോഭാവം മന്ത്രിക്ക് ഉണ്ടാകുമോ എന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ ചോദിക്കാനുള്ളത്. ഇവിടെ ഈ നിയമത്തിനകത്ത് വ്യവസ്ഥ ചെയ്തിരിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്ന സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ടുന്ന കാര്യം, ഇതിന്റെ പഴുത് ഉപയോഗിച്ചുകൊണ്ട് നമ്മുടെ മിച്ചഭൂമികൾ തിരിമറി നടത്താനുള്ള സാഹചര്യമുണ്ട് എന്നുള്ള ആശങ്ക ഇവിടെ പലരും പ്രകടിപ്പിച്ചു. അതിന് ഇട കൊടുക്കാത്ത വിധത്തിൽ ഇത് നടപ്പിലാക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. അതുകൊണ്ട് ഇത് കൂടുതൽ ചർച്ചചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നമുക്കിന്ന് വേഗം നടപടികൾ തീർക്കേണ്ട ദിവസമായതുകൊണ്ട് ഈ ബിൽ ഞങ്ങൾകൂടി അംഗീകരിച്ചിരിക്കുന്ന കാര്യമാണ്. ഒഴിപ്പിക്കൽ നടപടി നിറുത്തി വയ്ക്കുന്ന ബിൽ, ഭൂപരിഷ്ക്കരണ നിയമത്തിനകത്ത് ഭേദഗതി വരുത്തിയാൽ മാത്രമേ ഇതിന് പരിഹാരം ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് ഇത് അതിവേഗം നടപ്പിലാക്കാനുള്ള പ്രക്രിയ ആരംഭിക്കണമെന്നു പറഞ്ഞുകൊണ്ട് ഇത് കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കുന്ന സ്ഥിതിയുണ്ടെങ്കിൽ അത് സെലക്ട് കമ്മിറ്റിക്ക് വിടുന്നതാണ് നല്ലത്. ഏതായാലും ഈ സഭയിൽ ഇത് പാസ്സാക്കാൻ പോകുന്നില്ല. ഇതു സംബന്ധിച്ചുള്ള മറ്റ് അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട്, വേറൊരു അമെന്റ്മെന്റു കൂടി ഭൂപരിഷ്ക്കരണ നിയമത്തിൽ വരുന്നുണ്ട്. ആ ബിൽ ധൃതി പിടിച്ച് പാസാക്കരുത്. കേരളത്തിലെ എല്ലാ കർഷക സംഘടനകളുടേയും പാർട്ടികളുടേയും അഭിപ്രായങ്ങൾ അറിഞ്ഞുകൊണ്ട് മാത്രമേ അത്തരത്തിൽ ഉള്ള മാറ്റങ്ങൾ ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്താൻ പാടുള്ളൂ എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. .

LIBRARY ARCHIVES Kerala Legislative Assembly

ഒരു ബിൽ ഇവിടെ കൊണ്ടുവരുന്നതിനുള്ള അനിവാര്യതയെക്കുറിച്ച് നേരത്തെ സംസാരിച്ചതിനോട് യോജിപ്പാണ്, ആ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതിനെക്കുറിച്ച് അങ്ങ് പറഞ്ഞു, ഞാൻ അതിനെ അംഗീകരിക്കുകയാണ്. മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഭൂമി മിച്ചഭൂമിയാണെന്ന് അറിയാതെ പലരും വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. അത് മിച്ചഭൂമിയാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അത് ഒഴിപ്പിക്കാൻ കോടതിയും ട്രൈബ്യൂണലും ആവശ്യപ്പെട്ടു. അർഹതപ്പെട്ട കർഷക തൊഴിലാളികൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ലഭിക്കേണ്ടതാണ് ഈ മിച്ചഭൂമി. അത്തരം ഭൂമി ജന്മിയും കൈവശക്കുടിയാനും പരസ്പര ധാരണയോടെയല്ലാതെ കൈവശപ്പെടുത്തിക്കഴിഞ്ഞാൽ മിച്ചഭൂമി കിട്ടാൻ യഥാർത്ഥത്തിൽ അർഹതയുള്ളവർ പിൻതള്ളപ്പെടും എന്ന ഒരു അഭിപ്രായം ശക്തമായിട്ടുണ്ട്. ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് ഈ നിയമനിർമ്മാണത്തിൽകൂടി കർഷകതൊഴിലാളികളേയും കൃഷിക്കാരേയും സഹായിക്കാൻ കഴിയുന്ന ഒരു നിയമം ഉണ്ടാക്കുന്നതിനോട് യോജിപ്പാണ്. അത് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ വിശദീകരിച്ചപ്പോൾ സൂചിപ്പിച്ചു. 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കൽ ബില്ലും അതൊടൊപ്പം തന്നെ നമ്മൾ ചർച്ച ചെയ്യുന്ന 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലും ഇന്ന് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോയി തിരിച്ചുവന്ന് ഈ സഭാസമ്മേളനത്തിൽ പാസാകുന്നില്ല. അതൊരു അസാധാരണമായ നടപടിയാണ്. ഞങ്ങൾ, നിങ്ങൾ എടുത്ത തീരുമാനത്തെ ചോദ്യം ചെയ്യാൻ ഈ സന്ദർഭത്തിൽ മെനക്കെടുന്നില്ല, എന്നാലും ഒന്ന് പറയാതിരിക്കാൻ കഴിയുന്നില്ല. 5-ാം തീയതിവരെ നമ്മൾ നിയമസഭ കൂടാൻ തീരുമാനിച്ചു. ബിസിനസ് അഡ്വൈസറി കമ്മിറ്റി വളരെ വിശദമായി ബില്ലുകൾ ഏതൊക്കെ എടുക്കണമെന്ന് നിശ്ചയിച്ചു. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനും, അയച്ച് തിരിച്ചുവന്ന് സഭയിൽ ക്ളാസ് ബൈ ക്ളാസ് ചർച്ച ചെയ്ത് പാസാക്കേണ്ട കാര്യം ബഹുമാനപ്പെട്ട നിയമ വകുപ്പ് മന്ത്രി തന്നെയാണ് വളരെ ശക്തമായി ആ കമ്മിറ്റിയിൽ അന്ന് ഉന്നയിച്ചതും നമ്മൾ തീരുമാനിച്ചതും. അതിൽ നിന്ന് വ്യത്യസ്തമായി ഞങ്ങൾ ഇന്ന് പത്രങ്ങളിൽ നിന്ന് വായിച്ചുമനസ്സിലാക്കിയത് ഇന്ന് ഈ സഭ പിരിയാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു എന്നാണ്. പിന്നെ ഇങ്ങനെ ഒരു ചർച്ച ഒരു വൃഥാവ്യായാമമല്ലേ? ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച്,ഇനി നിയമസഭ കൂടാൻ പോകുന്നത് അടുത്ത ഫെബ്രുവരിയിൽ ആണ്. ഇനി 2005 ഫെബ്രുവരി മാസത്തിൽ മാത്രമേ നിയമസഭ കൂടാൻ സാദ്ധ്യതയുള്ളൂ. കാരണം കഴിഞ്ഞ മൂന്നു വർഷക്കാലത്തെ അനുഭവം വച്ച് നോക്കിയാൽ അതിനേ സാദ്ധ്യത കാണുന്നുള്ളൂ. ആറ് മാസം തികയുന്നതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസം—കഴിഞ്ഞ മൂന്നു വർഷത്തെ അനുഭവം വച്ച് പറയുകയാണ്. അപ്പോൾ ഇത് ഒരു വൃഥാ വ്യായാമമാണ്. പക്ഷെ എന്നാലും ചില കാര്യങ്ങൾ, ആശയങ്ങൾ ഇവിടെ പ്രകടിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. ബില്ലിന്റെ ഉള്ളിൽ നിന്നുകൊണ്ട് അത് അംഗീകരിച്ചുകൊണ്ട് തന്നെയാണ്, പറയുന്നത് കാരണം അത് പാസാക്കേണ്ടത് ആവശ്യമാണ്. നമുക്ക് യോജിച്ച് പാസാക്കാം. പക്ഷെ ഷെഡ്യൂൾ ചെയ്ത നാളെയും മറ്റന്നാളും ഒക്കെയായിട്ട് ഇവിടെ കൊണ്ടുവരാൻ ഉദ്ദേശിച്ച പല ബില്ലുകളും, ശ്രീ. കോടിയേരി ഇവിടെ സൂചിപ്പിച്ചു കശുവണ്ടി, ഭൂപരിഷ്ക്കരണ

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിന്റെ പരിധിയെ തന്നെ ആകെ അട്ടിമറിക്കുന്ന വിധത്തിൽ അതുപോലെ വൃക്ഷങ്ങൾ വളർത്താൻ പ്രോൽസാഹിപ്പിക്കുക, ആ ബിൽ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. പേര് വായിക്കുമ്പോൾ അത് വളരെ നല്ലതാണ്. 2004-ലെ കേരളത്തിലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ ഈ നാല് ബില്ലും ബന്ധപ്പെടുത്തിക്കൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. കാരണം ഇതൊക്കെ ഭൂപരിഷ്ക്കരണ നിയമവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഞാൻ കടന്നു പോകുകയല്ല. എന്നാലും ഈ നാല് ബില്ലുകളും ഇവിടെ മാണിസാർ തന്നെയാണ് കൊണ്ടുവരുന്നത്. ഇതെല്ലാം ഭൂപരിഷ്ക്കരണ നിയമങ്ങളുമായിട്ട് ബന്ധപ്പെട്ടതാണ്. ഇതിനൊക്കെ പരസ്പര ബന്ധങ്ങൾ ഉണ്ട്. നേരത്തെ ലീസ് പുതുക്കുന്നതുമായി ബന്ധപ്പെട്ടു ഞങ്ങൾ ഉയർത്തിയ വിഷയങ്ങളുമായി ഇതിന് ബന്ധമുണ്ട്. കൃഷിയും വനംവകുപ്പുമായി ബന്ധപ്പെട്ട് ചില ഭൂമിയുടെ ഇടപാട് ഞാൻ ഇവിടെ പറയുംമ്പോൾ അങ്ങേയ്ക്ക് കുറച്ചുകൂടി ബോദ്ധ്യപ്പെടും. അതുകൊണ്ട് ഞാൻ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയാണ്. 1960-ലെ കേരള അഗ്രേറിയൻ റിഫോംസ് ആക്ട് ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചുകൊണ്ടുള്ള ചരിത്രപ്രധാനമായ ഒരു നിയമനിർമ്മാണം ആയിരുന്നു. ഈ നിയമസഭയുടെ, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിയമം കേരളത്തിലെ കൃഷിക്കാരും കുടിയാൻമാരും പാട്ടക്കാരും, കർഷകത്തൊഴിലാളികളും കുടികിടപ്പുകാരും നടത്തിയ ഐതിഹാസികവും ധീരോദാത്തവും ആയ സമരങ്ങളുടെ ഫലമായിട്ടാണ് അത്തരത്തിൽ ഒരു നിയമനിർമ്മാണം നമ്മുടെ കേരള നിയമസഭ പാസാക്കി ചരിത്രത്തിൽ സ്ഥാനം പിടിച്ചെടുത്തത്. അതിന് ഒരുപാട് സമരങ്ങളും പ്രക്ഷോഭണങ്ങളും ത്യാഗങ്ങളും ഉണ്ട്. ധീരരായ, അനശ്വരരായ രക്തസാക്ഷികൾ കയ്യൂർ മുതൽ നിരവധി നിരവധി സമരഭൂമികളിൽ പങ്കെടുത്ത പാരമ്പര്യവും നമ്മുടെ മുൻപിലുണ്ട്. അങ്ങനെ വന്നതാണ് നമ്മുടെ 1960-ലെ നിയമം. 1962-ൽ കേരള ഹൈക്കോടതി ഈ നിയമം അസ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നു. ഈ നിയമം 1969-ൽ സമൂലമായ മാറ്റത്തിന് വിധേയമാക്കുകയും കേരള ഭൂപരിഷ്ക്കരണ നിയമം എന്ന പേരിൽ നിയമനിർമ്മാണം നടത്തുകയും പിന്നീട് ആറേഴുതവണ ആ നിയമത്തെ ബലപ്പെടുത്താൻ കഴിയുന്ന വിധത്തിൽ കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ഗുണകരമായ വിധത്തിൽ ഭേദഗതി ഈ സഭ വരുത്തുകയും ചെയ്തു.

പുതിയ കുടികിടപ്പ് തടയുന്നതിനും, ഉടമസ്ഥന്റെ ഭൂമി വിലയ്ക്ക് വാങ്ങാനുള്ള അവകാശം കുടികിടപ്പുകാർക്ക് ലഭിക്കുന്നതിനും ഈ നിയമം പ്രധാന പങ്കുവഹിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക രംഗത്തുണ്ടായ മാറ്റത്തിന് ആക്കംകൂട്ടാൻ ഈ ഭൂപരിഷ്ക്കരണ നിയമം വഴിവച്ചു. ആ നിയമത്തെ പൂർണ്ണമായും അട്ടിമറിക്കുന്ന വിധത്തിൽ നടപടി വരുന്നുണ്ട്. ഈ പരിധി ഒഴിവാക്കി ഭൂപരിഷ്ക്കരണ നിയമത്തിന്റെ അന്തസ്സത്ത, അതിന്റെ കടയ്ക്കൽ കത്തിവയ്ക്കാൻ, ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്തി നമുക്ക് സംരക്ഷണം ഉള്ളപ്പോൾത്തന്നെ മറ്റു പല വഴികളിലൂടെയാണ് ശ്രമിച്ചുവരുന്നത്. മറ്റു പല വഴികളിലൂടെ നിയമങ്ങൾ കൊണ്ടുവരികയാണ്. ഇങ്ങനെ ചെറിയ ചെറിയ നിയമങ്ങൾ, ചെറിയ ഭേദഗതികൾ, ഒരു ചെറിയ ക്ലോസ്, രണ്ട് കൂട്ടിച്ചേർക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയുള്ള ഭേദഗതികൾ വരുന്നു. ഇതിന്റെ ഉദ്ദേശ്യം എന്താണ്? കേരളത്തിലെ ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കാനാണ്. കേരളത്തിലെ കർഷക ത്തൊഴിലാളികളും പാവപ്പെട്ട കുടിയാൻമാരും, അവരുടെ സംരക്ഷണത്തിനുവേണ്ടി ഈ രാജ്യത്തുണ്ടാക്കിയ ഈ ചരിത്രപ്രധാനമായ നിയമത്തെ അട്ടിമറിച്ചുകൊണ്ട് വൻകിട തോട്ടമുടമകൾക്കും വൻകിട ഭൂസാമിമാർക്കും വേണ്ടി, അത് പുതിയ രൂപത്തിലാണ് വരുന്നത്. ഇപ്പോൾ വിദേശത്തുനിന്നുമാണ് കേരളത്തിൽ ഭൂമി കയ്യടക്കാൻ വരുന്നത്. ബഹുമാനപ്പെട്ട മാണിസാർ ഇവിടെ മറുപടി പറയുമ്പോൾ എങ്ങനെയാണ് പറയുന്നതെന്ന് എനിക്ക് വ്യക്തതയുണ്ട്. എങ്ങനെയെന്നറിയാം. കേരളത്തിലെ ഭൂമി മുഴുവനും ഈ പരിധിയൊക്കെ എടുത്തുകളഞ്ഞ് കശുമാവ് വച്ചുപിടിപ്പിക്കാനും കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനും വേണ്ടിയാണ് എന്നാണ് പറയുന്നത്. എങ്ങനെയാണ് കശുവണ്ടിയെക്കുറിച്ചിവിടെ പറയുന്നത്? കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് ഒരു പത്തു ദിവസം തികച്ച് കശുവണ്ടിത്തൊഴിലാളികൾക്ക് പണി കൊടുക്കാൻ കഴിയാത്ത നിങ്ങൾ ഇപ്പോൾ കശുമാവ് വച്ചുപിടിപ്പിച്ച് ആവശ്യത്തിന് കശുവണ്ടിയൊക്കെ ഉൽപാദിപ്പിച്ച് ഫാക്ടറി തുറന്ന് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാമെന്ന് പറയുകയാണ്. ശ്രീ. എഴുകോൺ നാരായണൻ, ഇവിടെ എത്ര സന്ദർഭങ്ങളിലാണ് നിരാഹാരവും, അനിശ്ചിതകാല സമരവുമൊക്കെ പ്രഖ്യാപിച്ചിട്ടുള്ളത്? ഇനി കശുമാവ് വളർന്ന് കശുവണ്ടി ഉണ്ടായി കശുവണ്ടി കൊണ്ടു വന്നിട്ട് ഫാക്ടറി തുറക്കാമെന്ന് പറഞ്ഞാൽ എന്താണ് നിങ്ങളുടെ ഉദ്ദേശ്യം? കശുവണ്ടിയുടെ പേരുപറഞ്ഞുകൊണ്ട്, വാനിലയുടെ പേരുപറഞ്ഞുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിച്ച് പരിധി എടുത്തുകളഞ്ഞ്, വൻകിട വിദേശ കമ്പനികൾക്ക് കേരളത്തിന്റെ കാർഷിക മേഖലയിൽ ഭൂമി തീറെഴുതിക്കൊടുക്കാനുള്ള ശ്രമമാണ്. ഇത് രണ്ടു തരത്തിലാണ് വരുന്നത്, ഡോളർ കൃഷി, വാഴ കൃഷി ചെയ്താൽ നൂറ്റി അമ്പതോ ഇരുനൂറോ രൂപ കിട്ടും. എല്ലായിടത്തും വാഴ കൃഷി ചെയ്യുന്നുണ്ട്. അവർ വന്ന് ഓഫർ ചെയ്യുന്നതെങ്ങനെയാണ്? കൈതച്ചക്ക കൃഷിക്ക്, വാഴക്കൃഷിക്ക് നമുക്ക് കിട്ടുന്നതിന്റെ പത്തിരട്ടിയാണ് ഓഫർ ചെയ്യുന്നത്. കൃഷിക്കാരെ പ്രലോഭിപ്പിക്കുകയാണ്. ഡോളർ വാഴക്കൃഷി എന്ന ഒരു സമ്പ്രദായം ഇവിടെ വന്നു. അതിന് ആയിരക്കണക്കിന് ഏക്കർ ഭൂമി ഈ കമ്പനികൾ കയ്യടക്കുകയാണ്. വലിയ മൾട്ടി നാഷണൽ കമ്പനികൾ. അവർ കൈതച്ചക്ക കൃഷി ചെയ്യുന്നു, വാഴ കൃഷി ചെയ്യുന്നു, കപ്പ കൃഷി ചെയ്യുന്നു. ആ സ്ഥലത്തെല്ലാം വലിയ തോതിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നു. അവർ നമ്മുടെ മണ്ണിനേയും ഭൂമിയേയും ജലത്തേയും പ്രകൃതിയേയും മലീമസപ്പെടുത്തിക്കൊണ്ട് പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കും. അത് കഴിഞ്ഞ് ഈ കൃഷിഭൂമി കൃഷിക്കാർക്ക് കിട്ടാൻ പോകുന്നില്ല. കൃഷിഭൂമി നമ്മുടെ സംസ്ഥാനത്തിന് കിട്ടാൻ പോകുന്നില്ല. കൃഷിഭൂമി മുഴുവനും നഷ്ടപ്പെടുന്ന നിലയിലുള്ള നിയമനിർമ്മാണത്തിന് വഴി തുറക്കുകയാണ്. ഈ കൊച്ചു കൊച്ചു ഭേദഗതികൾ എന്ന പേരിൽ ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കുകയാണ്. 1959-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്ത് ശ്രീമതി കെ. ആർ. ഗൗരിയമ്മ ആയിരുന്നു മന്ത്രി. ഞങ്ങൾക്ക് അതൊക്കെ ചരിത്ര രേഖയാണ്. അതൊക്കെ ഏറ്റവും പ്രധാനപ്പെട്ട രേഖകളാണ്. അന്ന് നിയമസഭയിൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ പറഞ്ഞത്, അന്നത്തെ ഗവണ്മെന്റ് ഞങ്ങളുടെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിനുവേണ്ടി പറഞ്ഞത്, ഇവിടെ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കുടിയാന് സ്ഥിരത ലഭിക്കുക, പാട്ടം നിശ്ചയിക്കുക, കുടിയാന് കൈവശഭൂമി പരിധി അനുസരിച്ച് വാങ്ങാനുള്ള അവകാശം കൊടുക്കുക, ഭൂപരിധി നിശ്ചയിക്കുക, മിച്ചഭൂമി എടുക്കേണ്ട കാര്യം ഇവയാകുന്നു അന്നു പറഞ്ഞത്, കാർഷിക രംഗത്ത് ഭൂപരിഷ്ക്കരണം നടപ്പാക്കുന്നതോടുകൂടി, കർഷകന് കൃഷിയിൽ ഉത്തേജനം കൊടുക്കുക മാത്രമല്ല പ്രോൽസാഹനം കൊടുത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം. ആ ലക്ഷ്യം, കൃഷിഭൂമി നഷ്ടപ്പെട്ട് ആ പരിധിയൊക്കെ എടുത്തുകളഞ്ഞ് വൻകിട തോട്ടമുടമകളുടെ കൈകളിലും ഡോളർ കൃഷി ചെയ്യുന്നവർക്കും വിദേശ കമ്പനികൾക്കും കൊടുത്താൽ എന്തായിരിക്കും നമ്മുടെ സ്ഥിതി? ഞങ്ങൾ ഇവിടെ കഴിഞ്ഞ ദിവസം പറഞ്ഞു, റവന്യൂ വകുപ്പിലാണെങ്കിലും ഭൂമി പലരുടേയും കൈകളിലാണല്ലോ? കൃഷി വകുപ്പിന്റെ കയ്യിൽ ഫാമുകളുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇപ്പോൾ ഇവിടെയില്ലെങ്കിലും ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അതറിയുമല്ലോ? ഐ.സി.ഐ.സി.ഐ., കിൻഫ്ര എന്ന ഒരു സംഗതിയുണ്ട്. അവരാണല്ലോ ഭൂമിയെടുക്കലും, കംപ്യൂട്ടർ ഏർപ്പാടുമൊക്കെ. ഭൂമി എടുക്കലാണ് പ്രധാന ജോലി. എത്ര ഏക്കർ ഭൂമി എറണാകുളത്ത് എടുത്തിട്ടുണ്ട്? നാട്ടിൻപുറത്തുകാർ പറയുന്നതുപോലെ, ഭൂമി എടുത്തിട്ട് വൻ വിലയ്ക്ക് വിൽക്കും. എന്നിട്ട് മാറ്റിപ്പറയും. റിയൽ എസ്റ്റേറ്റ്. ഇതൊരു പുതിയ സമ്പ്രദായമാണ്. ഗവണ്മെന്റിന്റെ റിയൽ എസ്റ്റേറ്റാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്നത് എറണാകുളത്ത് വൈറ്റിലയിൽ കൃഷി വകുപ്പിന്റെ കയ്യിലുള്ള 67 ഏക്കർ ഭൂമി പ്രൈവറ്റ് ബസ് സ്റ്റാൻഡിനു പോകുകയാണ്. അതുപോലെ നെല്ലിയാമ്പതിയിലെ ഫാം.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ സൂചിപ്പിച്ചതുപോലെ വൈറ്റില ഫാമിന്റെ സ്ഥലം ബസ് സ്റ്റാൻഡിന് കൊടുത്തിട്ടില്ല. അത് ആവശ്യപ്പെട്ടത് ഇടതുമുന്നണി ഭരിക്കുന്ന കൊച്ചി കോർപ്പറേഷനാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: വൈറ്റില ഫാമായാലും ഇവിടെ പെരിങ്ങമ്മലയിലെ കൃഷി ഫാമായാലും നെല്ലിയാമ്പതിയിലെ ഫാമായാലും മുണ്ടേരിയിലെ ഫാമായാലും കേരളത്തിലെ കൃഷി വകുപ്പിന്റെ കയ്യിലുള്ള ഫാമുകൾ പാട്ടത്തിന് കൊടുക്കാനുള്ള ആലോചന തകൃതിയായി നടക്കുകയാണ്. ശ്രീ. ജോയിയുടേയും പ്രൊഫ. സാവിത്രി ലക്ഷ്മണന്റേയും മണ്ഡലത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം വാനില കൃഷിയുടെ പേരിൽ പലരുടേയും കൈകളിലേയ്ക്ക് പോയി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ആഴ്ച അവിടെ സന്ദർശിച്ചു. ഇവിടെ ക്യാബിനറ്റ് കൂടി. ഉത്തരവ് കൊടുത്തു. നയം എടുത്തു, നടപടിയായി. എല്ലാം പറഞ്ഞെങ്കിലും അവിടെ വാനില കൃഷിക്കാർ ചുറ്റും ഗുണ്ടകളേയും റൗഡികളേയും നിറുത്തിയിരിക്കുകയാണ്. ആർക്കും അവിടെ പ്രവേശിക്കാൻ കഴിയില്ല. ആ സ്ഥലം മുഴുവനും അവരുടെ സ്വന്തമായിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടം സന്ദർശിച്ചപ്പോൾ യുത്ത് കോൺഗ്രസിന്റെ സംസ്ഥാന നേതാവായിരുന്ന കായംകുളം സ്വദേശി ത്രിവിക്രമൻ തമ്പിയാണ് മതിൽ കെട്ടി വഴി ഉൾപ്പെടെ അടച്ച് കൈവശപ്പെടുത്തി വാനില കൃഷി പുതിയതായിട്ട് ആരംഭിച്ചിരിക്കുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: പുതിയ പുതിയ വിവരങ്ങൾ വരികയാണ്. ഈ ഭൂമിയൊക്കെ പോകുകയാണ്. കൂട്ടത്തിൽ പറഞ്ഞെന്നുമാത്രം. റവന്യൂ പുറമ്പോക്കുകൾ, കൃഷി വകുപ്പിന്റെ ഭൂമി, ഫോറസ്റ്റ് ലാൻഡ് ഇതൊക്കെ വരുമ്പോൾ ഒരു പിടി ആളുകളുടെ കൈകളിലേയ്ക്ക് നമ്മുടെ ഭൂമി പോകുകയാണ്. ലീസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ്. ഈ സഭയിൽ ഉയർത്തിക്കൊണ്ടു വന്നതാണ്. പല സന്ദർഭങ്ങളിലായി പ്രതിപക്ഷത്തുനിന്നും പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ, വ്യക്തതയോടുകൂടി ഒരുമറുപടിപോലും പറഞ്ഞില്ല. ഞങ്ങൾക്ക് ബോദ്ധ്യപ്പെടേണ്ടേ? നാലാൾ കേട്ടാൽ ബോദ്ധ്യപ്പെടേണ്ടേ? അതിനുള്ള മറുപടിയെങ്കിലും പറയേണ്ടേ? ഇവിടെ അതിന് ചട്ടം വച്ചിട്ടില്ല എന്നു പറഞ്ഞു. ഇന്നലെ ചട്ടം വച്ചു. ഞങ്ങൾ ഇവിടെ ഉന്നയിച്ചു. ബഹുമാനപ്പെട്ട മാണിസാർ അന്ന് ഡൽഹിയിലായിരുന്നു. നദീതീര സംരക്ഷണ ചട്ടം ഇപ്പോഴും വച്ചിട്ടില്ല. അതുകൂടി വച്ചാൽ നന്നായിരിക്കും. ഈ ചട്ടങ്ങളിലും, ഈ നിയമങ്ങളിലും ഒക്കെ നോക്കുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. കെ. രാധാകൃഷ്ണനും മന്ത്രിയായിരുന്ന കാലത്ത്, നായനാർ ഗവൺമെന്റിന്റെ കാലത്ത് ചെയ്തത് സംസ്ഥാനത്തിന് ഒരുപാട് നഷ്ടമുണ്ടാക്കി, ആ നഷ്ടം നികത്താൻവേണ്ടി, നഷ്ടം വരാതെ ഗവണ്മെന്റിന് നേട്ടം ഉണ്ടാക്കാൻ കൊണ്ടുവന്നതാണ് എന്നാണ്. അതിനുള്ള ക്യാബിനറ്റ് തീരുമാനം ഇതാ മേശപ്പുറത്ത് വയ്ക്കുന്നു. ഒക്കെ ഇൻസ്റ്റാൾമെന്റായിട്ടാണ്. രണ്ടാമത്തെ ദിവസം പറഞ്ഞു, ഇതാ അടുത്തത് മേശപ്പുറത്ത് വയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്താ തീരുമാനിച്ചത്? 2001 ഫെബ്രുവരി മാസത്തെ ക്യാബിനറ്റ് തീരുമാനം, ആ തീരുമാനം എടുക്കുമ്പോൾ ക്യാബിനറ്റ് നോട്ട് വേണമല്ലോ? ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ ഇരിക്കുകയല്ലേ? ആ ക്യാബിനറ്റ് നോട്ടിൽ എന്താവശ്യത്തിനാണ് കൊടുക്കേണ്ടത്; എന്താണ് ക്രൈറ്റീരിയ നിശ്ചയിക്കാൻ കാരണം? അതിനെന്താണ് മാനദണ്ഡം? ഇത് സംബന്ധിച്ച് വളരെ വിശദമായി പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേർപ്പറേഷനായാലും മുനിസിപ്പാലിറ്റിയായാലും ഗ്രാമപഞ്ചായത്തായാലും ലീസുമായി ബന്ധപ്പെട്ട ഭൂമിക്ക് ഗവണ്മെന്റിലേയ്ക്ക് കിട്ടേണ്ട വരുമാനം വർദ്ധിപ്പിക്കണം. ലീസ് കൃത്യമായി പിരിച്ചെടുക്കാൻ നടപടിയുണ്ടാകണം. സ്വകാര്യ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും കയ്യിലിരിക്കുന്നത് പുനപരിശോധിച്ച് ലീസിന്റെ എമൗണ്ട് വർദ്ധിപ്പിക്കണം. അതനുസരിച്ച് നിയമനിർമ്മാണം വേണം. തിരുവനന്തപുരം എം.ജി. കോളേജിന്റെ കൈവശം 45 ഏക്കർ പാട്ടഭൂമിയാണുള്ളത്. കരമന എൻ.എസ്.എസ്. കോളേജിന് 25 ഏക്കർ പാട്ടഭൂമിയാണുള്ളത്. തൃശൂരിലെ അതിരൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായ തൃശൂർ സെന്റ് മേരീസ് കോളേജ്, തൃശൂർ സെന്റ് തോമസ് കോളേജ്, ചെർളയ കോൺവെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിലൊക്കെ ഭൂമിയുണ്ട്. വയനാട്ടിലെ സെന്റ് മേരീസ് കോളേജിന്റെ കൈവശം ഏകദേശം 32 ഏക്കർ ഭൂമിയുണ്ട്. അതുപോലെ മലപ്പുറത്തെ പൊന്നാനി എം. ഇ. എസ്. കോളേജിന്, ഇതുപോലെ കേരളത്തിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, കൃത്യമായി സ്ഥാപനങ്ങളുടെ പേരിൽ അവർക്ക് എന്നുമുതൽ ലീസിനു കൊടുത്തു, എത്ര ഏക്കർ സ്ഥലം, അതിൽ കോളേജിന്റെ ആവശ്യത്തിന് എത്ര ഏക്കർ സ്ഥലം വേണം, അത് സൗജന്യമായി പതിച്ചു കൊടുക്കേണ്ട കാര്യമാണ് അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. വിദ്യാഭ്യാസ ആവശ്യത്തിന് കഴിച്ചുള്ള ഭൂമിക്ക് നിശ്ചിതമായ മാർക്കറ്റ് വിലയുടെ കണക്കനുസരിച്ചുള്ള ശതമാനം നിശ്ചയിച്ച് 22-2-2001-ൽ ക്യാബിനറ്റ് തീരുമാനമെടുത്ത് ആ ഗവൺമെന്റ് പോയി. ലാ ഡിപ്പാർട്ടുമെന്റ് ചില തടസ്സവാദങ്ങൾ ഉന്നയിച്ചു. പുതിയ ഗവൺമെന്റ് 2001 മേയ് മാസത്തിൽ വന്നു. മാണി സാർ പഴയ ഗവൺമെന്റിന്റെ എല്ലാ തീരുമാനങ്ങളും എടുത്ത് ആവശ്യമുള്ളത് മാത്രം ജി.ഒ. ആക്കാൻ അനുവദിക്കുന്നു. അങ്ങനെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ആവശ്യമുള്ള തരത്തിൽ കേരളത്തിലെ ആയിരക്കണക്കിന് ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇഷ്ടം പോലെ കയ്യടക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ക്യാബിനറ്റ് തീരുമാനമുണ്ടാക്കി. ആ ക്യാബിനറ്റ് തീരുമാനം vague ആണ്. അതിന്റെ നോട്ട് ഇവിടെ വച്ചിട്ടില്ല. ഞങ്ങളാരും നോട്ട് കണ്ടിട്ടില്ല. നിങ്ങൾ മന്ത്രിമാർക്ക് മാത്രമേ അറിയാവൂ. അതിൽ ഏത് സ്ഥാപനമാണെന്ന് പറയുന്നില്ല. അതിൽ പ്രത്യേകമായിട്ടും കേരളത്തിലെ 100 കണക്കിന് ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും കച്ചവടക്കാർക്കും ടൂറിസത്തിന്റെ പേരിലും മദ്യപാനം, ധൂർത്ത് തുടങ്ങി ആർഭാടം നടത്താൻ കഴിയുന്ന വിധത്തിലുള്ള സ്ഥാപനങ്ങൾക്ക് വാണിജ്യ ആവശ്യങ്ങൾക്ക്, കച്ചവട ആവശ്യങ്ങൾക്ക് ലാഭമുണ്ടാക്കാൻ നിങ്ങൾ തുച്ഛമായ സംഖ്യയ്ക്ക് അത് പതിച്ചുകൊടുത്ത് അവരുടെ കൈവശത്തിൽ എത്തിച്ചേരുന്ന വിധത്തിൽ ആവശ്യമായ പഴുതുകളുണ്ടാക്കി അതിനുള്ള തീരുമാനമെടുത്ത് നിലവിലുള്ള നിയമത്തിൽ ചട്ടമുണ്ടാക്കി. ആ ചട്ടം ഉണ്ടാക്കി, 2004 മേയ് മാസം 18-ാം തീയതി റവന്യൂ (പി) ഡിപ്പാർട്ടുമെന്റ് dated 14th May, Thiruvananthapuram, G.O.(P) No.126/04 RD, SRO No. 500/2004 മറച്ചുവച്ചു. മാസങ്ങൾ കഴിഞ്ഞു. ഈ നിയമസഭയിൽ ആക്ഷേപങ്ങളായി. പ്രതിപക്ഷനേതാവ് ആക്ഷേപം ഉന്നയിച്ചു. ഞങ്ങൾ ഇവിടെ നിന്ന് പലരും സംസാരിച്ചു. റവന്യൂ വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ പറഞ്ഞു. മറുപടി വരുന്നില്ല. അവസാനം ഞങ്ങൾക്ക് എസ്.ആർ.ഒ കിട്ടി. എസ്.ആർ.ഒ. കിട്ടുമ്പോഴേയ്ക്കും ഞങ്ങൾക്ക് അതിൽ ഭേദഗതി കൊടുക്കാമല്ലോ, അഭിപ്രായങ്ങൾ പറയാമല്ലോ? ഇത് സബ്ജക്റ്റ് കമ്മിറ്റിക്ക് പോകേണ്ടതാണ്. ശ്രീ. ആര്യാടൻ ഈ സഭയിൽ ചൂണ്ടിക്കാണിച്ചു, ക്രമപ്രശ്നം ഉന്നയിച്ച് സഭയിൽ പറഞ്ഞാൽ പോര. അതിനുമുൻപ് സബ്ജക്റ്റ് കമ്മിറ്റി സ്ക്രൂട്ടിനി നടത്തണം. കേരളത്തിന്റെ ഖജനാവിലേയ്ക്ക് ഇരുനൂറ് കോടി രൂപയോളം നഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു തീരുമാനമെടുക്കുമ്പോൾ ആ തീരുമാനത്തിനൊരു ചട്ടം ഉണ്ടാക്കുമ്പോൾ എന്തുകൊണ്ട് നിങ്ങൾ നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റി വിളിച്ചില്ല? അങ്ങല്ലേ ചെയർമാൻ? അങ്ങല്ലേ വിളിക്കേണ്ടത്? അങ്ങല്ലേ മാതൃക കാണിക്കേണ്ടത്? അങ്ങല്ലേ ലാ മിനിസ്റ്റർ? നിയമപരമായി ഈ സംസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഖജനാവിലേയ്ക്ക് വരേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടുമ്പോൾ അത് സംരക്ഷിക്കാൻ ചട്ടങ്ങളിലെ വ്യവസ്ഥകളും കാര്യങ്ങളും നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ബഹുമാനപ്പെട്ട മിനിസ്റ്റർ എന്തുകൊണ്ട് അത് മറന്നുപോയി? അതുകഴിഞ്ഞ് ചട്ടം നിയമസഭയിൽ വന്നു. പക്ഷേ സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും ഒക്കെ കൊടുത്തു. ഇതിന് മുമ്പ് ഒരു നിയമമുണ്ടായി.

ശ്രീ. ബി. വിജയകുമാർ: ബഹുമാനപ്പെട്ട മെമ്പർ, തിരുവനന്തപുരം നഗരത്തിലെ ശ്രീമൂലം ക്ലബ്, ട്രിവാൻഡ്രം ക്ലബ്, മന്നം മെമ്മോറിയൽ നാഷണൽ ക്ലബ്, ടെന്നീസ് ക്ലബ്, ഗോൾഫ് ക്ലബ് എന്നീ സ്ഥാപനങ്ങൾ ഇതിൽ പറയുന്ന ക്ലബുകളാണ്. വിരലിലെണ്ണാവുന്നതേ പറയുന്നുള്ളു. ഈ ക്ലബുകളിലേതെങ്കിലും ഗവൺമെന്റിന് തിരിച്ചെടുക്കാൻ പറ്റുമോ? നിങ്ങളുടെ ഗവൺമെന്റ് അവിടെ നിന്ന് ഒരു പൈസ ലീസ് എമൗണ്ട് പിരിച്ചില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഗവൺമെന്റിന്റെ ഭൂമി ലീസിന് കൊടുക്കുമ്പോൾ ആ ലീസിന് ഒരു നിയമമുണ്ടല്ലോ? പിരിച്ചെടുത്തില്ലെങ്കിൽ തെറ്റാണ്. പക്ഷേ നിയമത്തിൽ വ്യവസ്ഥയുണ്ട്. ലീസിലെ എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ചാൽ അത് ഗവൺമെന്റിൽ നിക്ഷിപ്തമാകും. ഗവൺമെന്റ് ആക്റ്റ് ചെയ്യണം, ഗവൺമെന്റിന് ആക്റ്റ് ചെയ്യാൻ കഴിയുന്ന വിധത്തിൽ നടപ്പിലാക്കണം. ബഹുമാനപ്പെട്ട വിജയകുമാർ ഇവിടെ ചൂണ്ടിക്കാണിച്ചു, തിരുവനന്തപുരത്ത് നൂറ് കണക്കിന് ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് കയ്യടക്കിവച്ചിരിക്കുന്ന ക്ലബ്ബുകളിൽ നിന്ന് ഏറ്റെടുക്കാൻ കഴിയും. കാരണം ലീസിലെ വ്യവസ്ഥകൾ അവർ ലംഘിച്ചിട്ടുണ്ട്. അവർ അത് 25,000 രൂപ, 50,000 രൂപ ദിവസേന വാടക, മാസം 2 ലക്ഷം രൂപ അടിസ്ഥാനത്തിൽ സബ്‌ലെറ്റ് ചെയ്യുകയല്ലേ? വടക്കേക്കെട്ടത്തിന്റെ കാര്യത്തിൽ, കുടിയൊഴിപ്പിക്കലിന്റെ കാര്യത്തിൽ ഞങ്ങൾക്ക് യോജിപ്പല്ലേ? നമുക്ക് അഭിപ്രായവ്യത്യസമില്ല. പക്ഷേ ഇതിനെത്തുടർന്ന് കേരളത്തിലെ ഭൂപരിഷ്ക്കരണ നിയമത്തിനെ അട്ടിമറിക്കുന്ന വിധത്തിൽ പുതിയ നിയമങ്ങൾ പല പേരിൽ കൊണ്ടുവരുന്നതിനെ ചോദ്യം ചെയ്യുകയാണ്. ചിലപ്പോൾ നിങ്ങൾ സഭ പിരിഞ്ഞാൽ ഓർഡിനൻസിറക്കും. ഓർഡിനൻസ് ഇറക്കുമ്പോൾ പറയേണ്ട കാര്യം ഇവിടെ പറയണ്ടേ? ഓർഡിനൻസ് ഇറക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. നാല് നിയമങ്ങൾ ഒന്നിച്ചു ചർച്ച ചെയ്യുമ്പോൾ അറിയാം അതിന്റെ അപകടങ്ങൾ. അപ്പുറത്ത് ഭരണകക്ഷിയിൽപ്പെട്ട ശ്രീ. എ. സുജനപാലും, ശ്രീ. കെ. പി. വിശ്വനാഥനുമൊക്കെ ഇരിക്കുകയല്ലേ; പരിണതപ്രജ്ഞരായ നേതാക്കൻമാരൊക്കെ ഇരിക്കുകയല്ലേ; നാളെ മന്ത്രിമാർ ആകേണ്ടവരല്ലേ; നിങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് അടുത്തയാഴ്ച ഞങ്ങൾ വരണ്ടേ? ഞങ്ങൾ സന്തോഷത്തോടുകൂടി കാത്തിരിക്കുന്നു. ഏതായാലും ഇവരൊക്കെ പോകുമ്പോൾ ഞങ്ങൾക്ക് വേദനയുണ്ട്. ഈ പറയുന്ന കാര്യങ്ങൾ ഓർഡിനൻസായിട്ട് ഇറക്കരുത്. ഞാൻ നിങ്ങൾക്കൊക്കെ നന്മ നേരുകയാണ്. പക്ഷേ ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കണം. ഓർഡിനൻസ് ഇറക്കരുത്. ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കാൻ ഇടവരുത്തരുത്. കേരളത്തിലെ ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ട് വന്നാൽ അത് കേരളത്തിലെ കൃഷിക്കാരുടെ ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യയും സമരവും മാത്രമല്ല കേരളത്തിലെ മുഴുവൻ കാർഷികമേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വമ്പിച്ച പ്രക്ഷോഭമായിരിക്കും വരുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ അതുണ്ടാകണം. പുതിയ ഗവൺമെന്റും അത് ശ്രദ്ധിക്കണം. പുതിയ മന്ത്രിമാർക്ക് അതിൽ ജാഗ്രതയുണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കാൻ കൊണ്ടുവരുന്ന നിയമത്തോടുള്ള പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് എന്നാൽ ഇവിടെ അവതരിപ്പിച്ച രണ്ട് ബില്ലുകളും പാസാക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് അത് അംഗീകരിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

11.30 a.m.] ശ്രീ. എം. മുരളി: 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തി വയ്ക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലും അതിനോടനുബന്ധിച്ച് തന്നെ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലും ചെറുകിട കർഷകരും, സാധാരണക്കാരും പാവപ്പെട്ടവരുമായ കുടിയാൻമാരുടെ കൃഷി ഭൂമി സംരക്ഷിക്കാനും ആ കൃഷി ഭൂമിയിൽ രാപ്പകൽ അദ്ധ്വാനിച്ച പാവപ്പെട്ട കർഷകരുടെ ജൻമാവകാശം സംരക്ഷിക്കാനും വേണ്ടി കൊണ്ടുവന്നിരിക്കുന്നവയാണ്. 1964-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള നിയമത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വേണം. അതിനുള്ള കാലതാമസം പരിഗണിച്ചുകൊണ്ടാണ് ബില്ലായിട്ടും ആക്ടായിട്ടും ഓർഡിനൻസായിട്ടും വന്ന ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ നിയമം ആറാമത്തെ തവണ ഈ സഭയുടെ മുൻപിൽ വീണ്ടും അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ നിയമം ആദ്യമായിട്ട് കേരള നിയമസഭയിൽ അവതരിപ്പിച്ചത് ശ്രീ. കെ. പി. രാജേന്ദ്രന്റെ നേതാവായിരുന്ന ശ്രീ. ഇസ്മയിലായിരുന്നു. ശ്രീ. രാജേന്ദ്രന്റെ ഇപ്പോഴത്തെ പ്രസംഗത്തിൽ, ഭൂപരിഷ്ക്കരണ നടപടികളെ തുരങ്കം വയ്ക്കാനുള്ളതാണെന്നും ഈ നിയമം ജനാധിപത്യ വിരുദ്ധമാണെന്നും കർഷകരുടെ താൽപ്പര്യങ്ങൾക്ക് എതിരാണെന്നും പറയുന്നെങ്കിലും അങ്ങ് ഇത് രണ്ടും പാസ്സാക്കണമെന്ന് അവസാനം പറഞ്ഞു. ഈ നിയമം കേരളത്തിലെ ഏതാണ്ട് ആറായിരത്തോളം വരുന്ന ചെറുകിട നാമമാത്ര കർഷകർ, മണ്ണിൽ പടവെട്ടി മലമ്പനിയേയും പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ചുകൊണ്ട് മണ്ണിനെ പൊന്നാക്കാൻ ശ്രമിച്ച കുടിയേറ്റക്കാർ ഉൾപ്പെടെയുള്ള ഒരുപക്ഷേ ജന്മിമാരാൽ കബളിപ്പിക്കപ്പെട്ട പാവപ്പെട്ട കർഷകരുടെ കൃഷിയിടം സംരക്ഷിക്കാനുള്ള നിയമമാണ്. 1998-ൽ അന്നത്തെ റവന്യൂ വകുപ്പു മന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ ഈ നിയമം ആദ്യമായിട്ട് ഈ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ സഭയുടെ ഇരുഭാഗത്തുനിന്നുമുള്ള ഞാൻ ഉൾപ്പെടെയുള്ള അംഗങ്ങളും പിന്തുണച്ചുകൊണ്ടാണ് ഇത് പാസ്സാക്കിയത്. ഇത് പിന്നീട് ഓർഡിനൻസായിട്ട് വരേണ്ട സാഹചര്യമുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട കെ. എം. മാണിസാർ തന്നെ വീണ്ടും ഈ നിയമം ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ട് കാലാവധി നീട്ടി ഈ കർഷകരുടെ കൃഷിഭൂമിക്ക് സംരക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ നടപടി സ്വീകരിച്ചു. ഇപ്പോൾ ഇത് ആറാമത്തെ തവണയാണ് ആറായിരത്തോളം കർഷകരുടെ കയ്യിലിരിക്കുന്ന പതിനൊന്നായിരത്തോളം ഏക്കർ സ്ഥലത്തിന്റെ വരുന്ന മാർച്ച് 31 വരെയുള്ള സംരക്ഷണത്തിനുവേണ്ടി ഈ നിയമ നിർമ്മാണ നടപടിക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി മുൻകൈയെടുത്തിരിക്കുന്നത്. ഈ ആറായിരം കർഷകരെ സംബന്ധിച്ചിടത്തോളം പതിനൊന്നായിരം ഏക്കർ എന്നുപറയുമ്പോൾത്തന്നെ ഏതാണ്ട് രണ്ടേക്കറിൽ താഴെയാണ് ശരാശരി ഒരു കർഷകന് ഇന്ന് ഈ ഭൂമിയിൽ കൈവശാവകാശമുള്ളത്. ആ കർഷകർ വഞ്ചിക്കപ്പെട്ടവരാണ്. മിച്ചഭൂമിയാണെന്ന യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് വിലവാങ്ങി പലപ്പോഴും കൈമാറ്റം ചെയ്ത വസ്തു തങ്ങളുടേതാണെന്ന ഉത്തമ വിശ്വാസത്തോടുകൂടി 10-40 വർഷക്കാലമായി 1964-ന് ശേഷമുള്ള കാലഘട്ടത്തിലും അതിനുമുമ്പുള്ള കാലഘട്ടത്തിലും അവിടെ അദ്ധ്വാനിച്ച് ജീവിതം കരുപിടിപ്പിക്കാൻ ശ്രമിച്ച പാവപ്പെട്ട കർഷകരാണ് പിന്നീട് വഞ്ചിക്കപ്പെട്ടത്. തങ്ങൾ അദ്ധ്വാനത്തിലൂടെ പടുത്തുയർത്തിയതെല്ലാം അവർക്ക് നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയിട്ട് തന്നെയാണ് 1998 മുതൽ ഈ നിയമനിർമ്മാണ പ്രക്രിയയുമായിട്ട് നമ്മൾ മുന്നോട്ട് പോകുന്നത്. 1998 മുതൽ ഉണ്ടായ വ്യാഖ്യാനം ഈ ചെറുകിട കർഷകരുടെ കൈവശക്കാരുടെ രണ്ടേക്കറിൽ താഴെ മാത്രം വരുന്ന ഭൂമി ഭൂപരിഷ്ക്കരണ നിയമഭേദഗതിയിൽ 4 ഏക്കർ വരെയുള്ള ഭൂമിക്ക് സംരക്ഷണം കൊടുക്കാനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. മുലനിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് 1964 മുതലുള്ള ഈ ചെറുകിട നാമമാത്ര കർഷകരുടെ കൃഷി ഭൂമിക്ക് ശാശ്വതമായ സംരക്ഷണത്തിനുവേണ്ടി, പ്രൊട്ടക്ഷനുവേണ്ടി ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ കൊണ്ടുവരുമ്പോൾ അതിൽ 4 ഹെക്ടർ എന്ന് വിവക്ഷിച്ചിട്ടുണ്ടെങ്കിൽപോലും ഈ കുടിയൊഴിപ്പിക്കൽ നിർത്തിവയ്ക്കൽ നിയമം വരുമ്പോൾ ആ നിയമത്തിന്റെ പരിധിയിൽ യഥാർത്ഥത്തിൽ വരുന്നത് രണ്ടേക്കറോളം കൃഷിഭൂമിയുള്ള കർഷകരുടെ പ്രശ്നം മാത്രമാണ്. ശരാശരി രണ്ടേക്കർ. അതുകൊണ്ടാണ് ഞാൻ കണക്ക് പറഞ്ഞത്. ആറായിരം കർഷകർക്ക് പതിനൊരായിരത്തോളം ഏക്കർ ഭൂമി. ഇവിടെ ഞാൻ ഇതിന്റെ ചരിത്രത്തിലേയ്ക്ക് കടന്നു പോകാൻ ആഗ്രഹിക്കുന്നില്ല. മലബാറിലാണ് ഇത് ഏറ്റവും വലിയ രൂക്ഷമായ പ്രശ്നം ഉണ്ടാക്കിയിരിക്കുന്നത്. അവിടെ മുഴുവൻ ജന്മിമാരാൽ കബളിപ്പിക്കപ്പെട്ട കുടിയേറ്റ കർഷകർ ഉൾപ്പെടെയുള്ള പാവപ്പെട്ട കർഷകർക്ക് സംരക്ഷണം കൊടുക്കാൻ കാലാകാലങ്ങളിൽ ഓരോ വർഷവും ഈ ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ നിയമം കൊണ്ട് വരുന്നതിന് പകരം 1964-ലെ ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവന്ന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടെ ആശങ്കാകുലരായിട്ട് കഴിയുന്ന മലബാറിലെ കർഷകരുടെ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കണം. ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ആക്ഷേപം ഉണ്ടായത്, ഒരു ഭാഗത്തു നിന്ന് പ്രചരണം ഉണ്ടായത്. ചില തൽപ്പര കക്ഷികൾ പ്രചരിപ്പിച്ചത്, ആ പ്രചരണത്തേയും ഗൗരവത്തോടുകൂടി തന്നെയാണ് എന്നെപ്പോലുള്ളവർ കാണുന്നത്. ഇതിൽ പല ഭൂമിയും ആദിവാസികൾക്ക് ഒരു കാലഘട്ടത്തിൽ കൈമാറിയഭൂമിയാണ്. ആദിവാസികളെ കബളിപ്പിച്ചുകൊണ്ട് തിരിച്ചെടുത്ത ഭൂമിയാണെന്ന ഒരു കള്ള പ്രചരണം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൽ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇതിൽ ആദിവാസികളുടെ ഭൂമിയേ വരുന്നില്ല. ഏതെങ്കിലും ഒരു കാലത്ത് ഏതെങ്കിലും ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസികൾക്ക് കൊടുത്ത ഭൂമി പിന്നീട് ഏതെങ്കിലും ഒരു സന്ദർഭത്തിൽ ആദിവാസികളെ പ്രലോഭിപ്പിച്ച് അല്ലെങ്കിൽ അവർക്ക് പണം കൊടുത്തോ മറ്റ് മാർഗ്ഗത്തിലൂടെയോ അവരിൽ നിന്ന് കവർന്നെടുത്തിട്ടുണ്ടെങ്കിൽ ആ ഭൂമി ഈ ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. പക്ഷേ നാമമാത്രമായ ചെറുകിട കർഷകർക്ക്, കൈവശക്കാർക്ക്, കുടിയാന്മാർക്ക് ഈ ഭൂമി കൊടുക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമ്പോൾ അതിനെതിരായി വാളോങ്ങുന്നവർ ഇത് ആദിവാസികളുടെ ഭൂമിയാണ് അവരെ പറ്റിച്ച് കർഷകർ എടുത്ത ഭൂമിയാണെന്നുള്ള ഒരു പ്രചരണം വളരെ മനപൂർവ്വമായിട്ട് നടത്തുന്നുണ്ടെന്നുള്ളത് ഒരു സത്യമാണ്. ഈ പ്രചരണത്തിന്റെ യാഥാർത്ഥ്യം തുറന്നു കാണിക്കാൻ ഗവൺമെൻറ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആദിവാസികളുടെ ഭൂമിക്ക് സംരക്ഷണം ഉണ്ട്. അതിൽ ഒരു തുണ്ടു ഭൂമിപോലും ഈ ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. അതുകൊണ്ടു തന്നെയാണ് കള്ള പ്രചരണത്തെ അവഗണിക്കാനും തള്ളിക്കളയാനും പൊതുജനങ്ങളുടെ മുമ്പിൽ ഈ പാവപ്പെട്ട കർഷകർക്ക് സംരക്ഷണം കൊടുക്കാനുമുള്ള ഈ നിയമത്തിന് എതിരായിട്ട് ബോധപൂർവം ചില കേന്ദ്രങ്ങളിൽ നിന്ന് നടത്തുന്ന പ്രചരണത്തെ അവഗണിക്കാനുമുള്ള ഇച്ഛാശക്തി ഗവൺമെൻറ് കാണിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ആറാമത്തെ തവണയാണ് ഈ നിയമം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതൊരു long unending process ആയിട്ട് മുന്നോട്ട് പോകാതെ റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മുൻകൈയെടുത്തുകൊണ്ട് ആറായിരത്തോളം.....

ശ്രീ. കെ. ബാബു : ഇവിടെ ഈ നിയമത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനും അതുപോലെ ശ്രീ. കെ. പി. രാജേന്ദ്രനും രണ്ടു മൂന്നു ദിവസമായി ഈ നിയമസഭയിൽ ഉന്നയിച്ച അതേ ആരോപണങ്ങൾ ആവർത്തിക്കുകയുണ്ടായി. ലീസ് റെന്റിനെ സംബന്ധിച്ചുള്ള ആരോപണമാണ് ഉന്നയിച്ചത്. യഥാർത്ഥത്തിൽ മാർക്കറ്റ് വിലയുടെ 20 ശതമാനം ലീസ് റെന്റ് ഈടാക്കാൻ സാധിക്കുകയില്ല. അത് എക്സോർബിറ്റന്റാണ് എന്ന് കണക്കാക്കിക്കൊണ്ടല്ലേ എൽ.ഡി.എഫ്. ഗവൺമെന്റ് 20 ശതമാനമെന്നുള്ളത് ഒരു ശതമാനമായി വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചത്? ഈ ഗവൺമെന്റ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അത് രണ്ട് ശതമാനമായി ഉയർത്തിക്കൊണ്ട് സർക്കാരിന്റെ താൽപ്പര്യം സംരക്ഷിക്കുകയല്ലേ ചെയ്തത് എന്നുള്ള കാര്യം അങ്ങ് വ്യക്തമാക്കുമോ ?

ശ്രീ. എം. മുരളി : അങ്ങ് പറഞ്ഞത് ശരിയാണ്. പാട്ടക്കാശ് സംബന്ധിച്ച് ജസ്റ്റീസ് ഉഷയുടെ വിധി, ഹൈക്കോടതിയുടെ വിധിയുണ്ടായത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായിരുന്നു. ആ വിധിയെ മറികടക്കാൻ കഴിഞ്ഞ ഗവൺമെൻറ് എന്തെല്ലാം കുൽസിത ശ്രമങ്ങളാണ് നടത്തിയത് എന്നുള്ളത് എനിക്ക് സമയമുണ്ടായിരുന്നെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയാമായിരുന്നു. ആ പാട്ടക്കാശ് വർദ്ധിപ്പിക്കാനുള്ള ഹൈക്കോടതിയുടെ ഡയറക്ടീവിനെ അതിജീവിക്കാൻവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ഒരുപാട് കുൽസിത ശ്രമങ്ങൾ നടത്തി. അന്ന് ഗവൺമെന്റിന്റെ ഭാഗമായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ ഇരിപ്പുണ്ട്.....

ശ്രീ. കെ. രാധാകൃഷ്ണൻ : കഴിഞ്ഞ ഗവൺമെന്റ് ലീസ്റെന്റ് കുറച്ചു കൊടുക്കാൻ തീരുമാനിച്ചത് സഹകരണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാത്രമാണ്. മറ്റൊരു കാര്യത്തിലും ലീസ്റെൻറ് കുറച്ചു കൊടുക്കാൻ തീരുമാനിച്ചിട്ടില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. എം. മുരളി : ആർക്കൊക്കെയാണ് കൊടുത്തിട്ടുള്ളത് എന്ന് എനിക്കറിയാമെന്നുള്ളതുകൊണ്ട് ഞാൻ ഇപ്പോൾ അത് പറയുന്നില്ല. ഹൈക്കോടതി വിധിയെ മറികടക്കാൻ ഒരുപാട് പരിശ്രമങ്ങൾ നടത്തി.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മുൻ മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞത് സ്കൂളുകൾക്കും സഹകരണസംഘങ്ങൾക്കും മാത്രമേ ലീസ്റെന്റ് കുറച്ചു കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളു എന്നുള്ളതാണ്. ഈ ക്ലബ്ബുകൾ അതുപോലെ വ്യക്തികളുടെ കൈവശമിരിക്കുന്ന ഭൂമിയൊക്കെ ഒഴിപ്പിച്ച് എടുക്കാവുന്നതാണോ? ഒരു കാരണവശാലും സ്വകാര്യ വ്യക്തികളുടെ, ക്ലബ്ബുകളുടെ കയ്യിലുള്ള ഈ സർക്കാർ ഭൂമി ഒഴിപ്പിച്ച് എടുക്കാൻ സാധ്യമല്ല. ഒരു കാരണവശാലും ഈ ടാക്സ് 20 ശതമാനം പിരിച്ചെടുക്കാനും കഴിഞ്ഞ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല എന്ന കാര്യവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. മുരളി : ഇവിടെ നമ്മൾ ചർച്ച ചെയ്യുന്നത് നൂറുകണക്കിന് ഏക്കർ വരുന്ന വലിയ ഉടമസ്ഥാവകാശമുള്ള ഭൂഉടമകളുടെ കാര്യമല്ല. നമ്മൾ ചെറുകിട നാമമാത്ര കർഷകരുടെയും കുടിയാന്മാരുടേയും കാര്യമാണ് ഈ നിയമനിർമ്മാണത്തിലൂടെ ചർച്ച ചെയ്യുന്നത്.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട കെ. ബാബുവിന്റെ ചോദ്യം ഏതാണ്ട് ഇരുട്ടത്ത് കരിമ്പൂച്ചയെ തപ്പുന്നതുപോലെയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആർക്കും പാട്ടത്തുക കുറച്ചു നൽകിയിട്ടില്ല. അങ്ങനെ ഒരു ഉത്തരവ് ഇറങ്ങിയിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ഒരാൾക്കും ഒരു ആനുകൂല്യവും ഇക്കാര്യത്തിൽ ചെയ്തിട്ടില്ല. ഈ ഗവൺമെന്റാണ് ചെയ്തത്.

ശ്രീ. എം. മുരളി : ഞാൻ പറഞ്ഞല്ലോ, കേവലം രണ്ടേക്കർ മാത്രം ഭൂമിയുള്ള ആ മണ്ണിനെ പൊന്നാക്കിക്കൊണ്ട് ജീവിതം മുന്നോട്ട് നയിക്കുന്ന ചെറുകിട നാമമാത്ര കർഷകരുടേയും കുടിയാന്മാരുടെയും കാര്യമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. പക്ഷേ ഇവിടെ ലീസിനെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഞാൻ ഒരുകാര്യം പറയുകയാണ്. പതിറ്റാണ്ടുകളായി ഭൂമി സംരക്ഷിച്ച് കൈവശം

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ടിരിക്കുന്നവർക്ക്, ഹൈക്കോടതി വിധിയെ മറികടക്കുവാനല്ല, അവർക്ക് ന്യായമായ വില കിട്ടണം. അത് വ്യക്തികളാകട്ടെ, സ്ഥാപനങ്ങളാകട്ടെ പ്രസ്ഥാനങ്ങളാകട്ടെ. ഗവൺമെന്റിന് കിട്ടുവാനുള്ള, ഖജനാവിലേയ്ക്ക് കിട്ടുവാനുള്ള ന്യായമായ ലാന്റ് വാല്യു സ്വീകരിച്ചുകൊണ്ട് പാട്ട കാശിന്റെ പേരിൽ മുന്നോട്ടു പോകാതെ ന്യായമായ വില ഗവൺമെന്റ് ഈടാക്കിക്കൊണ്ട് ഈ ഭൂമി, പതിറ്റാണ്ടുകളായി കൈവശം വച്ചിരിക്കുന്നവർക്ക് കൊടുക്കുക എന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. വ്യക്തികളാകട്ടെ, സ്ഥാപനങ്ങളാകട്ടെ, പ്രസ്ഥാനങ്ങളാകട്ടെ അവരാണ് ആ മണ്ണിൽ അദ്ധ്വാനിച്ചത്. ആ ഭൂമി അവരുടെ സംരക്ഷണയിലാണ്. ആ ഭൂമിയുടെ പരിധി നോക്കാതെ, ഭൂമിക്ക് രണ്ടു വില കൊടുക്കേണ്ടി വരികയാണ്. അതുകൊണ്ട് വാല്യു നിശ്ചയിച്ചുകൊണ്ട് അവർക്ക് ഈ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാനുള്ള നടപടി സ്വീകരിച്ചാൽ ഒരു un-ending process, അനന്തമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ അതല്ല, അതിൽനിന്നും തികച്ചും വ്യത്യസ്തമായ പ്രശ്നമാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസ്താവിച്ചത്. രണ്ടേക്കർ മാത്രമുള്ള ഭൂമിയിൽ പത്ത്നാല്പത് വർഷക്കാലമായി വിയർപ്പൊഴുക്കിയ, സ്വന്തം കൃഷിഭൂമിയുടെ സംരക്ഷണത്തിനുവേണ്ടി വിലപിച്ച കൃഷിക്കാരുടെ സംരക്ഷണത്തിനാണ് ഇവിടെ ആറാമത്തെ തവണ ഒഴിപ്പിക്കൽ നിർത്തിവയ്ക്കൽ നിയമം കൊണ്ടു വന്നതിലൂടെ ഈ ഗവൺമെന്റ് തയ്യാറായിരിക്കുന്നത്. ഇതും അനന്തമായി മുന്നോട്ടു കൊണ്ടു പോകാതെ, കഴിയുന്നിടത്തോളം വേഗം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭൂ പരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കിയെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരംകൂടി വാങ്ങിക്കൊണ്ട് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നാമമാത്ര കർഷകരും ചെറുകിട കൈവശക്കാരുമായിട്ടുള്ള കൃഷിക്കാർ അന്ന് നിലവിലുണ്ടായിരുന്ന ജന്മിമാർക്ക് പ്രതിഫലം കൊടുത്തുകൊണ്ട് കൈവശപ്പെടുത്തി കൃഷിചെയ്തുകൊണ്ടിരുന്ന ഭൂമിയാണ്. പിന്നീട് അവർ വഞ്ചിക്കപ്പെട്ട അവസ്ഥയിൽ മിച്ചഭൂമിയായി മാറി എന്നുള്ള ആക്ഷേപത്തിനു മുകളിൽ അത് അന്യാധീനപ്പെടുന്ന സ്ഥിതി ഉണ്ടായത്. 1998-ൽ വടക്കേവിളയിൽ ഇത്തരത്തിൽ പ്രശ്നം ഉണ്ടായ സമയത്താണ് ഇത്തരം ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചത്. പക്ഷേ എല്ലാവർഷവും തുടർന്നു കൊണ്ടിരിക്കുകയാണ്. ഇന്ന് അഞ്ചാമത്തെയോ ആറാമത്തെയോ തവണയാണ് ഈ ബിൽ വീണ്ടും വരുന്നത്. ഇത് സംബന്ധിച്ചുള്ള നിരവധി കേസുകളും മറ്റും കോടതികളിലും ട്രൈബ്യൂണലുകളിലും നിലനില്ക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും ഇത്തരം ഭൂമിയുണ്ട്. കണ്ണൂർ ജില്ലയിലെ വടക്കേവിളയിൽ 662 കൃഷിക്കാർ 2200 ഏക്കറിലധികം വരുന്ന ഭൂമി കൈവശംവച്ച് കൃഷി ചെയ്യുകയാണ്. കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി പഞ്ചായത്തിൽ കൂടത്തായ് വില്ലജിൽ ഇരുപത്തിനാല് ഏക്കറോളം വരുന്ന ഭൂമി പതിനഞ്ചോളം കൃഷിക്കാർ കൈവശം വച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ചില കോടതിവിധികളെ തുടർന്ന് പോലീസും റവന്യൂ അധികൃതരും വന്ന് അവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ കൃഷിക്കാരുടെ സംഘടനകൾ ഏറ്റെടുത്തുകൊണ്ടാണ് അതിനെ പ്രതിരോധിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതിനുവേണ്ടി കേരള ഭൂ പരിഷ്കരണ ബില്ലിൽ ആവശ്യമായിട്ടുള്ള മാറ്റം വരുത്തുന്നതിനു വേണ്ടിയുള്ള നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് എനിക്ക് ഇവിടെ ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്. ഈ രണ്ട് ബില്ലുകളുടെയും ഭാഗമായിട്ട് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ശ്രദ്ധയിൽ ഇതുമായി നേരിട്ട് ബന്ധമില്ലെങ്കിലും വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭ പാസ്സാക്കിയതും അംഗീകരിച്ചതുമായിട്ടുള്ള ഒരു ബിൽ കഴിഞ്ഞ പത്തുമാസങ്ങൾക്കുമുമ്പ് കേരള ഹൈക്കോടതി കാരായ്മ—കുടിയാന്മാരുടെ ഭൂമി സംരക്ഷിക്കുന്നതിനു വേണ്ടിയിട്ടുള്ള ബിൽ ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. 1999-ൽ കേരള നിയമസഭ പാസ്സാക്കിയ ഈ ബില്ലിന്റെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനിലും അതിന്റെ പരിസര പ്രദേശങ്ങളിലും മലപ്പുറംജില്ലയിലെ പൊന്നാനി താലൂക്കിലുമായി ആയിരക്കണക്കിന് കാരായ്മ—കുടിയാന്മാർ ഇന്ന് വലിയ പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. ഭൂ ഉടമയായ ജന്മിക്ക് കൊല്ലംതോറും കൊടുക്കുന്ന പാട്ടം മാതിരിയുള്ള ഒരു സംഖ്യയ്ക്കാണ് പ്രമാണത്തിൽ കാരായ്മ എന്നു പറയുന്നത്. ഇത്തരം കൃഷിക്കാർ സാധാരണഗതിയിലുള്ള ആധാരം രജിസ്റ്റർ ചെയ്ത് പ്രമാണം ഒപ്പുവച്ച് ആ പ്രമാണത്തിന്റെ ഭാഗമായിട്ട് ഒരു തുക ജന്മിക്ക് പ്രതിഫലം കൊടുത്തുകൊണ്ട് വിലയ്ക്കു വാങ്ങിയിട്ടുള്ള ഭൂമിയാണ് യഥാർത്ഥത്തിലുള്ളത്. 1959-ൽ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള കാർഷികബന്ധ നിയമത്തിൽ ഈ കാരായ്മ ഉൾപ്പെട്ടിരുന്നില്ല. 1963-ൽ പ്രസ്തുത നിയമം ഭേദഗതി ചെയ്ത സമയത്തും ഇത് ഉൾപ്പെടുത്തിയിരുന്നില്ല. 1989-ലാണ് ഇതു സംബന്ധിച്ചുള്ള ഈ ശ്രമം നടന്നത്. 1999-ലെ ഗവൺമെന്റ് ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു നിയമ ഭേദഗതി ഇവിടെ കൊണ്ടു വരികയുണ്ടായി. പക്ഷേ ആ നിയമ ഭേദഗതിക്ക് 1970 മുതലുള്ള മുൻകാല പ്രാബല്യം കൊടുക്കണമെന്ന് നിബന്ധന ചെയ്തിരുന്നു. മുൻകാല പ്രാബല്യത്തിന്റെ പ്രശ്നം പറഞ്ഞുകൊണ്ട് ജന്മിമാർ ഹൈക്കോടതിയെ സമീപിച്ചതുകൊണ്ട് ആ നിയമം റദ്ദാക്കപ്പെട്ടിരിക്കുകയാണ്. കാരായ്മ—കുടിയാൻമാർ ജന്മിമാരിൽനിന്നും വിലകൊടുത്ത് വാങ്ങിയിട്ടുള്ള ഭൂമിയിൽ തൊണ്ണൂറ്റിയൊമ്പതു ശതമാനവും അവർ താമസിക്കുന്ന തറ മാത്രം, അതിനു ചുറ്റുപാടുമുള്ള ചെറിയ പ്രദേശം കൂടി ഉൾപ്പെടുന്ന നാമമാത്രമായിട്ടുള്ള ഭൂമിയാണ്. അവിടെ ഇങ്ങനെ ഭൂമി വാങ്ങുമ്പോൾ തറയുടെ വില മാത്രമാണ് ഉടമകൾ കൊടുത്തിരിക്കുന്നത്. അതിനു ചുറ്റുമുള്ള മുറ്റം, കിണർ, കക്കൂസ്, കുളിമുറി, വഴി എന്നിവയ്ക്ക് ആധാരത്തിൽ വ്യവസ്ഥയില്ലെങ്കിലും ജന്മിമാരുടെ പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

സമ്മതത്തോടുകൂടി അത് അനുവദിച്ചുകൊടുത്ത് അവർ കൈവശം വച്ചു പോരുന്നതാണ്. 1969-ലെ ഭൂ പരിഷ്കരണ നിയമപ്രകാരം കുടികിടപ്പുകാർക്ക് എങ്കിലും ലഭിക്കണം. കുടികിടപ്പുകാർക്ക് അവകാശമുണ്ടല്ലോ. പഞ്ചായത്തിൽ പത്തു സെന്റും, കോർപ്പറേഷന്റെ പരിധിയിൽ മൂന്നു സെന്റും കുടികിടപ്പുകാർക്ക് അവർ വർഷങ്ങളായി താമസിച്ചുവരുന്ന സ്ഥലത്ത് നിയമപരമായിട്ട് അവകാശമുണ്ട്. അവരുടെ പ്രമാണം രജിസ്റ്റർചെയ്ത് താമസമാക്കിയവരാണ്. അത് അംഗീകരിച്ചിട്ടുള്ള ഭൂ പരിഷ്കരണ നിയമം പ്രമാണം രജിസ്റ്റർ ചെയ്ത് പ്രതിഫല സംഖ്യ കൊടുത്ത് താമസമാക്കിയിട്ടുള്ള ആയിരക്കണക്കിനു വരുന്ന കാരായ്മ—കുടിയാന്മാരുടെ കാര്യത്തിൽ തീർത്തും അവഗണനയാണ് കാണിച്ചിട്ടുള്ളത്. അതുകൊണ്ട് ഉയർന്ന മാർക്കറ്റ് വില കൊടുത്തുകൊണ്ട് ഭൂമി വാങ്ങി താമസമാക്കിയിട്ടുള്ള കോഴിക്കോട് നഗരത്തിലെയും പൊന്നാനിയിലെയും അതുപോലെ തന്നെ ബേപ്പൂർ മേഖലയിലെയും കാരായ്മ—കുടിയാന്മാരുടെ പ്രശ്നം ഗൗരവപൂർണ്ണമായി പരിഗണിക്കണം. ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്തുന്ന രൂപത്തിൽ ഇതിന് ആവശ്യമായിട്ടുള്ള നിയമ ഭേദഗതി.വരുത്തണമെന്നുള്ളതാണ് ഇതിനെ സംബന്ധിച്ച് എനിക്ക് ഇവിടെ സൂചിപ്പിക്കുവാനുള്ളത്. ഇവിടെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം ചൂണ്ടിക്കാണിക്കുവാനുള്ളത്, മുന്നൂറു കോടി രൂപ വിലവരുന്ന സർക്കാർ പാട്ട കുടിശ്ശിക സംബന്ധിച്ച് ഒരു ചർച്ച നടന്നു. കേരളംപോലെ വളരെ പുരോഗമനപരമായിട്ടുള്ള നിലപാടുകൾ പല പ്രശ്നങ്ങളിലും ഭരണപക്ഷവും പ്രതിപക്ഷവും യോജിക്കുന്ന പ്രശ്നത്തിൽപ്പോലും ഇത്രയധികം ഭൂ പരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കിയ ഈ കേരളത്തിൽ, സമ്പന്നന്മാരായിട്ടുള്ള ആളുകൾക്ക് മദിച്ച് ഉല്ലസിക്കുവാൻവേണ്ടി സർക്കാരിന്റെ മുന്നൂറു കോടി രൂപ വില വരുന്ന ഭൂമി എന്തിനു നമ്മൾ വിട്ടു കൊടുക്കണം? ഞാൻ രണ്ടു മൂന്ന് ഉദാഹരണങ്ങൾ മാത്രം പറയാം. ഭൂമി കുത്തക പാട്ടത്തിന് കൊടുത്തിട്ടുള്ള തിരുവനന്തപുരം നഗരത്തിലെ ഗോൾഫ് ക്ളബ്, ഇരുപത്തിയഞ്ച് ഏക്കർ ഭൂമി ഗോൾഫ് ക്ളബ്ബിനുണ്ട്. നാലു ലക്ഷം രൂപ ഒരു സെന്റിന് വില വരും. നൂറു കോടി രൂപ വില വരുന്ന ഭൂമി കുത്തക പാട്ടത്തിന് അവർക്ക് കൊടുത്തിരിക്കുകയാണ്. ശ്രീമൂലം ക്ളബ്ബിന് കുടിശിക മൂന്നര കോടിയാണ്. മൂന്ന് ഏക്കർ സ്ഥലമുണ്ട്. മുപ്പതു കോടി രൂപ വില വരും. എന്തിനാണ് അവർക്ക് കൊടുത്തിരിക്കുന്നത്? ഓഫീസേഴ്സ് ക്ളബ്ബിന് അതുപോലെതന്നെ പാട്ടക്കുടിശ്ശികയും ഭൂമിയുമുണ്ട്. നാഷണൽ ക്ളബ്ബ്, ടെന്നിസ് ക്ളബ്, ഇങ്ങനെ കുറെ ക്ളബ്ബുകളും അവരുടെ ഭൂമിയും ഒരു നിയന്ത്രണവുമില്ലാതെ അവർക്ക് വീണ്ടും പാട്ട കുടിശ്ശിക ഇളവു ചെയ്തു കൊടുത്തു. അതിന്റെ നികുതി കുടിശ്ശിക ഇളവു ചെയ്തു കൊടുത്തു. സമ്പന്ന പ്രമാണിമാർക്ക് എന്തിനു വേണ്ടി ഇളവു ചെയ്ത് കൊടുക്കണം? തിരുവനന്തപുരം നഗരത്തിലാകെ 140 ഏക്കർ ഭൂമി. അതുപോലെതന്നെ 110 കോടി രൂപ കുടിശ്ശിക. സമ്പന്ന പ്രമാണിമാരെ സഹായിക്കേണ്ട ഒരു നിലപാട് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി.ജോസഫ് : സമ്പന്ന പ്രമാണിമാർ മാത്രമല്ല. ശ്രീമൂലം ക്ളബ്ബിന്റെ കാര്യം പറഞ്ഞു. ഗോൾഫ് ക്ളബ്ബിന്റെ കാര്യം പറഞ്ഞു. അവർ മാത്രമല്ല, എ.കെ.ജി. സെന്ററും എൻ.ജി.ഒ.യൂണിയന്റെ ഓഫീസിരിക്കുന്നതും സർക്കാരിന്റെ സ്ഥലത്തു തന്നെയാണ്.

ശ്രീ. മത്തായി ചാക്കോ : എ.കെ.ജി. സെന്റർ മഹാനായ കേരളത്തിന്റെ നേതാവ് എ. കെ. ജി.യുടെ സ്മാരകം പണിയുന്നതിനു വേണ്ടി ഗവൺമെന്റ് വിട്ടുകൊടുത്ത ഭൂമിയാണ്. അത് ഇതിന്റെ കൂടെ ഉൾപ്പെടുത്തേണ്ടാ. അവിടെ നിങ്ങൾക്കും വരാം. ബഹുമാന്യനായ കെ.സി.ജോസഫിന് ഏതു നിമിഷവും എ.കെ.ജി. സെന്ററിൽ വരാം. അവിടുത്തെ ലൈബ്രറി പ്രയോജനപ്പെടുത്താം. അവിടെ ഇരുന്ന് ഗവേഷണം നടത്താം. വേണമെങ്കിൽ ഞങ്ങൾ ചായയും വടയുംകൂടി ഏർപ്പാടു ചെയ്ത് തരാം. അവിടെ വരുന്നതിന് ഒരു തടസ്സവുമില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട കെ. സി. ജോസഫിനെപ്പോലെയുള്ള ബഹുമാന്യനായ വ്യക്തി ഈ രീതിയിൽ പാട്ടഭൂമിയെപ്പറ്റി കാണുന്നതിന്റെ അപകടം മനസ്സിലാകുന്നില്ലേ? മാനസികനിലയുടെ പ്രശ്നമാണ്. ഇവിടുത്തെ ഗോൾഫ് ക്ളബ്ബ് എന്നുപറയുന്നത് ഇരുപത്തിയഞ്ച് ഏക്കർ മുപ്പത്തിരണ്ട് സെന്റ് സ്ഥലമാണ്. ഇവിടുത്തെ സമ്പന്നൻമാർ കുടിച്ച് കൂത്താടുന്ന സ്ഥലമാണ്. സമ്പന്നൻമാർക്ക് കുടിച്ച് കൂത്താടാൻ ഇരുപത്തിയഞ്ച് ഏക്കർ മുപ്പത്തിരണ്ട് സെന്റ് സ്ഥലം വെറും 400 രൂപയ്ക്ക് പാട്ടത്തിന് കൊടുത്തിരിക്കുന്നതും ഇവിടുത്തെ ഏറ്റവും പ്രമുഖമായ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഓഫീസ് മാത്രമല്ല ഒരു ഗവേഷണ കേന്ദ്രവുംകൂടിയായ എ.കെ.ജി സെന്ററിന് പത്തുനാൽപതു സെന്റ് സ്ഥലം കൊടുത്തതും തുല്യമായി കാണുന്ന മാനസിക നില എത്ര അപമാനകരമാണ്?

ശ്രീ. മത്തായി ചാക്കോ: അപ്പുറത്തിരിക്കുന്ന പല ആളുകളുടേയും മാനസിക നില വളരെ അപകടത്തിലാണെന്നുള്ളത് അങ്ങേയ്ക്കും അറിയുന്നതാണ്. എ.കെ.ജി. സെന്ററും ഇതും തമ്മിൽ ഒരു താരതമ്യവും ഇല്ല. ഞാൻ പറഞ്ഞുകൊണ്ടുവന്നത് തിരുവനന്തപുരം പട്ടണത്തിലെ 140 ഏക്കർ ഭൂമി.....

ശ്രീ. എം. വി. ജയരാജൻ: ഗോൾഫ് ക്ളബ്ബിന്റെ സ്ഥലത്തിന് ഈ പറയുന്ന പാട്ടത്തുക നിശ്ചയിച്ചെങ്കിലും പെറ്റീഷൻസ് കമ്മിറ്റി പരിശോധിച്ചപ്പോൾ ഒരു നയാപൈസപോലും കൊടുക്കാറില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ കൊടുക്കാത്തവർക്കാണ് ഇതെല്ലാം വിട്ടുകൊടുക്കാൻ റവന്യൂ മന്ത്രി കൂട്ടു നിൽക്കുന്നത്.

ശ്രീ. മത്തായി ചാക്കോ: 1996—98 കാലയളവിൽ കേരള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി ഈ പ്രശ്നം സംബന്ധിച്ച് പഠിക്കുകയും അത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. ആ ഗവൺമെന്റ് പോയതുകൊണ്ടാണ് നടപ്പിലാക്കാത്തത്. ബഹുമാനപ്പെട്ട റവന്യൂവും നിയമവും

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പു മന്ത്രിയുടെ പിൻതുണ ഇക്കൂട്ടർക്ക് ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഗവൺമെന്റിന് അവകാശപ്പെട്ട ഭൂമിയും സ്ഥലവും അടിയന്തിരമായിട്ട് ഏറ്റെടുക്കുന്ന രൂപത്തിലുള്ള നടപടിയുണ്ടാകണം. കയറിക്കിടക്കാൻ ഭൂമിയില്ലാത്ത ആയിരക്കണക്കിനാളുകളുള്ള ഈ കേരളത്തിൽ സമ്പന്ന പ്രമാണിമാർക്കുവേണ്ടി എന്തിന് ഭൂമി വിട്ടുകൊടുക്കണം? ഞാനിവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക പറയുന്നില്ല. അത് കുറേയുണ്ട്.

ശ്രീ. കെ.പി. മോഹനൻ: ഈ ബിൽ പാസ്സാകുന്നതോടുകൂടി നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഏതെങ്കിലും ഭൂമി 2004-ലെ കേരള ഭൂ പരിഷ്ക്കരണ ഭേദഗതി ആക്ട് നടപ്പിൽ വരുന്ന സമയത്ത് കൈവശമുള്ള ഏതൊരാളും കുടിയാനായി കരുതപ്പെടുന്നതാണ്. നാലേക്കർ കഴിഞ്ഞ് ബാക്കിയുള്ള ഭൂമി ഉടൻ പിടിച്ചെടുത്ത് വിതരണം ചെയ്യാൻ നടപടിയുണ്ടാകേണ്ടതാണ്. കാരണം ഇക്കഴിഞ്ഞ അഞ്ചാറ് മാസങ്ങൾക്കുമുൻപ് വടക്കേക്കെളത്തിൽ ഒരു സമരം നടന്നു. പാവപ്പെട്ട ആദിവാസികളും അതുപോലെതന്നെ ഭൂമിയില്ലാത്തവരും കുടിൽകെട്ടി സമരം നടത്തി. പഞ്ചായത്ത് മെമ്പർ അടക്കമുള്ളവരെ പോലീസ് അറസ്റ്റു ചെയ്തു. അവരെ 15 ദിവസം റിമാന്റ് ചെയ്തു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മത്തായി ചാക്കോ: ബഹുമാന്യനായ മെമ്പർ പറഞ്ഞത് ശരിയാണ്. അവിടുത്തെ കൃഷിക്കാർതന്നെ ആധാരം ചെയ്തിട്ടുള്ളതിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽ കൊടുക്കാൻ തയ്യാറാണ്. ആദിവാസികൾക്കും അവർക്ക് അർഹതപ്പെട്ട ഭൂമി കൊടുക്കേണ്ടതാണ്. ഞാൻ പറഞ്ഞുവരുന്നത് 300 കോടി രൂപ വിലവരുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുപകരം ഇക്കൂട്ടരുടെ പാട്ടക്കുടിശ്ശിക കുറച്ചു കൊടുക്കാനും ഭൂസ്വാമിമാർക്ക് സംരക്ഷണം നൽകാനുമാവശ്യമായിട്ടുള്ള നടപടികളാണ് ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇവരെ വിശ്വസിച്ച് എങ്ങനെ പോകാൻ കഴിയും? ഈ നിയമസഭയിൽ ഇന്നലേയും മിനിഞ്ഞാന്നുമായിട്ട് നടന്നിട്ടുള്ള പല ചർച്ചകളിലും ബഹുമാന്യനായിട്ടുള്ള സുഹൃത്ത് കെ.സി. വേണുഗോപാൽ ഇന്നലെ ഇവിടെ ഇൻഡ്യൻ എക്സ്പ്രസ് പത്രം കോട്ട് ചെയ്തുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അത് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഗവൺമെന്റ് പിന്നോക്കക്കാർക്കും സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അതുപോലെ തന്നെ ചെറുകിട നാമമാത്ര കർഷകർക്കുമെല്ലാം എതിരായിക്കൊണ്ട് നിൽക്കുന്ന ഒരു ഗവൺമെന്റാണെന്നാണ് ബഹുമാന്യനായിട്ടുള്ള കേരള മുഖ്യമന്ത്രിയുടെ സ്വന്തം പെങ്ങളുടെ മകൻ പറഞ്ഞിരിക്കുന്നത്. ശ്രീ. കെ.സി. വേണുഗോപാൽ ഇവിടെ കോട്ട് ചെയ്തിട്ടുള്ള ഈ വാർത്ത ഇൻഡ്യൻ എക്സ്പ്രസിൽ വന്നതാണ്. Education Policy for be conceived by Antony and be executed by Sóopy. സ്വന്തം പെങ്ങളുടെ മകന് പോലും വിശ്വാസമില്ലാത്ത ഒരു മുഖ്യമന്ത്രിയും ഭരണവും ഈ സംസ്ഥാനത്തുള്ളപ്പോൾ എങ്ങനെ കാര്യങ്ങൾ നേരെയാകും? അതുകൊണ്ട് വലിയ ഉത്ക്കണ്ഠയുണ്ട്. ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഞങ്ങൾ അനുകൂലിക്കുന്ന ഒരു ബില്ലാണ്. അതേസമയം ഇവിടെ വേറൊരു ബിൽ കൊണ്ടുവന്നിട്ടുണ്ട്. അത് പൂർണ്ണമായിട്ടും അവതരിപ്പിച്ചിട്ടില്ലെങ്കിലും കശുവണ്ടി കൃഷിക്കാരുടെ കാര്യം പറഞ്ഞുകൊണ്ട് ഒരു ബിൽ വരുന്നു. കേരള ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സ്വന്തം പെങ്ങളുടെ മകന് ഈ ഗവൺമെന്റിനെക്കുറിച്ചോ ശ്രീ. എ.കെ. ആന്റണിയെക്കുറിച്ചോ അഭിപ്രായം പറഞ്ഞുകൂടെ? സ്വന്തം പെങ്ങളുടെ മകനാണോ അല്ലയോ എന്നുള്ളത് എനിക്കറിഞ്ഞുകൂടാ. സ്വന്തം പെങ്ങളുടെ മകൻ ശ്രീ. എ.കെ. ആന്റണിയെ അനുകൂലിച്ചു മാത്രമേ പറയാൻ പാടുള്ളോ? അഭിപ്രായമുണ്ടെങ്കിൽ പറഞ്ഞുകൂടെ? അതിൽ എന്താണ് തെറ്റ്?

ശ്രീ. മത്തായി ചാക്കോ: അത്രമാത്രം വിശ്വാസം നഷ്ടപ്പെട്ടുവെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള ബില്ലിൽ, ഭൂപരിഷ്ക്കരണ ബില്ലിൽ കശുവണ്ടി കൃഷിക്കുവേണ്ടി ഭൂമി കൊടുക്കുന്ന കാര്യം പറഞ്ഞു. അത് ഇന്ന് നിലവിലുള്ള മിച്ചഭൂമി സംബന്ധിച്ചുള്ള നിയമത്തേയും കേരള ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഉള്ളടക്കത്തേയും അന്തസ്സത്തയേയും തകർക്കുന്നതിനുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് കശുവണ്ടി കൃഷിയുടെ പേരിൽ മിച്ചഭൂമിയായിട്ട് നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ പോലും ഇതിന്റെ പരിധിയിൽനിന്ന് എടുത്തുകളയുന്നതിനുവേണ്ടിയിട്ടുള്ള ശ്രമം നടത്തുന്നത്. അതുകൊണ്ട് ആ ബില്ലിനെപ്പറ്റിയുള്ള ഞങ്ങൾക്കുള്ള ഉത്ക്കണ്ഠ രേഖപ്പെടുത്തുകയാണ്.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട മത്തായി ചാക്കോ ഈ സഭയിൽ പറയുകയുണ്ടായി Purely conceived by Antony and validly executed by Soopy ഇവിടെ പരാമർശിക്കപ്പെട്ട പുതിയ ബില്ലുണ്ടല്ലോ, ഭൂപരിഷ്ക്കരണ ബിൽ, അത് tactfully conceived by K. M. Mani and cleverly executed by K. M. Mani എന്നുകൂടി പറഞ്ഞാൽ പൂർണ്ണമായിരിക്കും. കേരളത്തിന്റെ മുഴുവൻ ഭാവിയേയും പ്രകാശിപ്പിക്കുന്ന നിയമത്തിനെ അട്ടിമറിക്കാൻവേണ്ടി ആദരണീയനായ, സമർത്ഥനായ റവന്യൂ വകുപ്പുമന്ത്രി ദീർഘനാൾകൊണ്ടുണ്ടാക്കിയിരിക്കുന്ന ഭേദഗതിയാണെന്നുള്ളതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മത്തായിചാക്കോ: ബഹുമാന്യനായ ശ്രീ. ബിനോയ് വിശ്വത്തിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. 2004 ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഓരോ കൊല്ലം കഴിയുമ്പോഴും കൊണ്ടുവരാതെ കേരളത്തിലെ ഭൂപരിഷ്ക്കരണ നിയമത്തിൽത്തന്നെ മൗലീകമായിട്ടുള്ള മാറ്റംവരുത്തി ഭരണഘടനയുടെ 9-ാം പട്ടികയിൽ ഉൾപ്പെടുത്തുന്ന രൂപത്തിലുള്ള നടപടി സ്വീകരിക്കണം. അങ്ങനെ കൃഷിക്കാരെ രക്ഷിക്കണം. കാരായ്മ—കുടിയാൻമാരുടെ ഒരു കാര്യം കൂടി ബഹുമാനപ്പെട്ട റവന്യൂ മന്ത്രി പരിഗണിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ രണ്ട് ബില്ലുകളാണ് ചർച്ചയ്ക്കെടുത്തത്. ഒന്ന് The Kerala Stay of Eviction Proceedings Bill, മറ്റൊന്ന് 2004-ലെ കേരള ഭൂ പരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ. കഴിഞ്ഞ അഞ്ച് തവണയായി ആവർത്തിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നിയമമാക്കിയ കുടികിടപ്പ് നിരോധന ബില്ലിൽനിന്നും കേരള ഭൂപരിഷ്ക്കരണ രണ്ടാം ഭേദഗതി ബില്ലിലൂടെ ഈ പ്രശ്നം പരിഹരിക്കപ്പെടുകയാണ്. രണ്ട് പതിറ്റാണ്ടു കാലത്തെ ദീർഘകാല പോരാട്ടമാണ് ഈ ബില്ലിന്റെ പിന്നിലുള്ളത്. നേരത്തെ 1957-നു മുൻപ്, സംസ്ഥാന പുന:സംഘടനയ്ക്കുമുൻപ് മദ്രാസിന്റെ ഭാഗമായിരുന്നു മലബാർ മേഖല. ആ മലബാർ മേഖലയിൽ അന്ന് നിലവിലിരുന്ന Madras Preservation of Private Forest Act അനുസരിച്ച് മലബാറിലേക്ക് പോയി അവിടെയുണ്ടായിരുന്ന ഭൂമി നിലവിലുണ്ടായിരുന്ന ന്യായമായ വിലയ്ക്ക് വാങ്ങിയ കൃഷിക്കാരെ പിന്നീട് ഭൂ ഉടമകൾ കബളിപ്പിക്കുകയായിരുന്നു. 1957-ൽ കേരള സംസ്ഥാനം നിലവിൽ വന്നു. മലബാർ കേരളത്തിന്റെ ഭാഗമായി മാറി. അപ്പോഴും നിലവിലുണ്ടായിരുന്ന എം. പി. പി. എഫ്. ആക്ട് റിപ്പീൽ ചെയ്തില്ല. അത് റിപ്പീൽ ചെയ്യുന്നത് 10-5-1971-ൽ കേരള ലാന്റ് റിഫോംസ് ആക്റ്റ് പാസാകുമ്പോഴാണ്. നിയമപരമായി കൃഷിക്കാർ മലബാറിലേയ്ക്ക് പോയി ഭൂമി വിലയ്ക്ക് വാങ്ങി. ഭൂപരിഷ്ക്കരണ നിയമപ്രകാരം ജന്മിമാർ മിച്ചഭൂമി സ്റ്റേറ്റുമെന്റ് കൊടുത്തപ്പോൾ അവർ വളരെ ബോധപൂർവ്വം കർഷകന് വിറ്റ ഭൂമി മിച്ചഭൂമിയായി കാണിക്കുകയും അവരുടെ കയ്യിലുണ്ടായിരുന്ന ഭൂമി അവർ പരിധിക്കകത്താക്കി സംരക്ഷിക്കുകയും ചെയ്തു. അതിന്റെ ഫലമായി കണ്ണൂർ ജില്ലയിലെ വാഴമല, നരിക്കോട്ടുമല, പാത്തിക്കൽ, കുടിയാൻമല, മാമ്പൊയിൽ, പാലത്തിൻകടവ്, ആര്യൻകോട്, ചീത്തപ്പാറ, കീഴ്പ്പള്ളി, കാസർഗോഡ് ജില്ലയിലെ ചീമേനി, പാണത്തൂർ, പനത്തടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ പുള്ളിപ്പാടം, മമ്പാട് തുടങ്ങി മലബാറിലെ എല്ലാ മേഖലയിലുമുള്ള കൃഷിക്കാർ വലിയ ഭയാശങ്കയിലായിരുന്നു. ആ ഭയാശങ്ക പരിഹരിക്കാൻ വേണ്ടി ഗവൺമെന്റ് ഒരു കുടിയൊഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ നിയമം കൊണ്ടുവന്നു. ഈ നിയമത്തിന്റെ കാലാവധി ഓരോ കൊല്ലം മാത്രം എക്സ്റ്റൻഡ് ചെയ്തിരുന്നു. ഈ പുതിയ ലാന്റ് റിഫോംസ് അമന്റ്മെന്റ് ആക്ടിലൂടെ ഇന്ന് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയാണ്. നേരത്തെ ഇത് സംബന്ധിച്ച് പല ചർച്ചകളും നടന്നു. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ശ്രീ. കെ. എം. മാണി മുൻകൈയെടുത്ത് 21-7-2003-ൽ ഒരു ആൾ പാർട്ടി യോഗം വിളിച്ചു കൂട്ടി. ആ ആൾ പാർട്ടി യോഗത്തിൽ ഈ സഭയിലെ പ്രാതിനിധ്യമുള്ള എല്ലാ പാർട്ടികളും പങ്കെടുത്തിരുന്നു. ആ യോഗത്തിന്റെ consensus ആയിരുന്നു ഈ ലാന്റ് റിഫോംസ് ആക്ടിൽ സ്ഥിരമായി മാറ്റമുണ്ടാക്കണം എന്നുള്ളത്. എന്നുമാത്രമല്ല, ആ മാറ്റം വൻകിടക്കാർക്കുവേണ്ടി ആകാതിരിക്കാനാണ് നാല് ഹെക്ടർ വരെ ഭൂമിയുള്ള കർഷകർക്ക് മാത്രം ഈ നിയമത്തിന്റെ സംരക്ഷണം മതി എന്ന തീരുമാനമുണ്ടായത്. അതനുസരിച്ചാണ് ഈ നിയമം ഇന്നു കൊണ്ടു വന്നിരിക്കുന്നത്. ഈ നിയമംമൂലം മലബാറിലെ കൃഷിക്കാരുടെ ഭയാശങ്കകൾക്ക് പരിഹാരം ഉണ്ടാവുകയാണ്. ദീർഘ നാളുകളിലായി നടത്തിയ സമരത്തിലൂടെയാണ് ഭൂപരിഷ്കരണ നിയമം രൂപപ്പെടുത്തിയിട്ടുള്ളത്. മലബാറിലെ കൈവശ കൃഷിക്കാരെ കബളിപ്പിക്കുന്ന നടപടി സ്വീകരിച്ചു. അന്ന് നിലവിലുണ്ടായിരുന്ന എല്ലാ ഗവൺമെന്റുകൾക്കും ഈ പ്രശ്നത്തിൽ താൽപ്പര്യം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവർ താൽക്കാലിക നിയമം കൊണ്ടുവന്ന് eviction നിർത്തിവച്ചത്. ഇന്ന് ലാന്റ് റിഫോംസ് ആക്ട് (രണ്ടാം ഭേതഗതി)ബില്ലിലൂടെ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാകുമ്പോൾ മലബാറിലെ കൈവശ കൃഷിക്കാർക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് കൈവശാവകാശം ലഭിക്കും. ഇത് വളരെ സ്വാഗതാർഹമായ നടപടിയാണ്. എനിക്ക് അപേക്ഷിക്കാനുള്ളത് ഈ നിയമം ആവശ്യമാണെങ്കിൽ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ പെടുത്തണം. കാരണം കേരളാ ലാന്റ് റിഫോംസ് ആക്ട് 9-ാം ഷെഡ്യൂളിൽ പെടുത്തിയ നിയമമാണ്. അതുകൊണ്ട് ആവശ്യമെങ്കിൽ ഈ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തി സംരക്ഷണം കൊടുക്കണം. ഇന്ന് കൈവശ കൃഷിക്കാർ മലബാറിലെ മണ്ണിനെ പൊന്നാക്കി മാറ്റിയ കൃഷിക്കാരാണ്. അവിടെ മലമ്പനിയോടും പ്രതികൂലമായ സാഹചര്യങ്ങളോടും, കാട്ടു മൃഗങ്ങളോടും മല്ലടിച്ച് മലബാറിന്റെ മലയോര മേഖലയിൽ സ്വർണ്ണം വിളയിച്ച കൃഷിക്കാരെ സംരക്ഷിക്കാനുള്ള നിയമം കൊണ്ടുവന്ന ഗവൺമെന്റിനേയും ആ നിയമം കൊണ്ടു വന്ന റവന്യൂ മന്ത്രിയേയും അഭിനന്ദിക്കുന്നു. എന്റെ അഭിപ്രായത്തിൽ അപ്പുറത്തുനിന്ന് സംസാരിച്ച ആളുകളും ഈ നിയമത്തിന് എതിര് പറഞ്ഞില്ല. ഇപ്പുറത്തുള്ളവരും എതിരു പറഞ്ഞില്ല. ഒരു പക്ഷേ സബ്ജക്ട് കമ്മിറ്റിക്ക് പോലും പോകാതെ ഇത് പാസ്സാക്കാമായിരുന്നു. ഈ നിയമസഭ പിരിയുന്നതിനാൽ എന്റെ ഉത്ക്കണ്ഠ ഈ ബിൽ എവിടെപ്പോയി നിൽക്കുമെന്നുള്ളതാണ്. ഇല്ലത്തുനിന്ന് തിരിക്കുകയും ചെയ്തു. അമ്മാത്ത് ഒട്ട് എത്തിയതുമില്ല. അതുകൊണ്ട് ഈ ഭയാശങ്കകൾ ഉണ്ടാകരുത്. ഈ നിയമത്തിന്റെ ആനുകൂല്യം എത്രയും വേഗം കർഷകർക്ക് ലഭിക്കണം. ഈ സഭയുടെ പൊതുവായ consensus ആണ് അത്. ആർക്കും തർക്കമില്ല, ആർക്കും എതിരില്ല. അതുകൊണ്ട് അതനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭൂപരിഷ്കരണ നിയമം 9-ാം ഷെഡ്യൂളിൽപ്പെടുത്തിയ ഒരു നിയമമാണ്. അതിന് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നാൽ സുക്ഷിക്കണം, പിന്നെയത് ചോദ്യം ചെയ്യുകയില്ലേ എന്നൊക്കെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചോദിക്കുകയുണ്ടായി. 9-ാം ഷെഡ്യൂളിൽപെടുത്തിയ നിയമമാണെങ്കിലും നമുക്ക് ഭേദഗതി ചെയ്യാം. അതിന് ഭരണ ഘടനാപരമായി കുഴപ്പമില്ല. അതുപോലെതന്നെ ഈ ഗവൺമെന്റ് കൃഷിക്കാർക്കുവേണ്ടി എന്തുചെയ്തു; എന്തിന് ഈ മന്ത്രിസ്ഥാനത്ത് ഇരിക്കണം എന്നൊക്ക ചോദിച്ചു. കൃഷിക്കാർക്കുവേണ്ടി എന്തു ചെയ്തു എന്ന് ഈ ബിൽ തന്നെ തെളിയിക്കുന്നുണ്ട്. വരാൻ പോകുന്ന ബില്ലും, അതാണ് തെളിയിക്കുന്നത്. അവനവന്റെ ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ അവനവന് വെട്ടാൻ അവകാശം കൊടുത്ത ബിൽ കൃഷിക്കാർക്കുവേണ്ടി എന്തു ചെയ്തു എന്നുള്ളത് തെളിയിക്കുന്നില്ലേ? കൃഷിക്കാർക്കുവേണ്ടി ഈ ഗവൺമെന്റ് നിയമനിർമ്മാണം കൊണ്ടു വന്നു. വയനാട്ടിലെ കൃഷിക്കാരെ ഞങ്ങൾ പോയിക്കണ്ടു. അവിടെ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്ക് 50,000 രൂപ അനുവദിച്ചു. അത് കൊടുത്തുകൊണ്ടിരിക്കുകയാണ്. മിക്കവാറും കൊടുത്തു കഴിഞ്ഞു. ഇനിയും അവരെ സഹായിക്കാൻ ഞങ്ങൾ കടാശ്വാസ നിയമം കൊണ്ടു വന്നു. ബഹുമാനപ്പെട്ട കോടിയേരി മനസിലാക്കേണ്ടത് എല്ലാവർക്കും മോറട്ടോറിയം കൊടുത്തിരിക്കുകയാണ്. വയനാട് ഉൾപ്പെടെ മുഴുവൻ ജില്ലകളിലെ കൃഷിക്കാർക്കും 2005 വരെ മോറട്ടോറിയം കൊടുത്തിരിക്കുന്നു. ആർക്കും എതിരെ റെക്കവറി പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് കൃഷിക്കാർക്കു വേണ്ടി നല്ല കാര്യങ്ങൾ ചെയ്ത ഗവൺമെന്റാണ്. ബഹുമാനപ്പെട്ട രാജേന്ദ്രൻ ഇവിടെ പറഞ്ഞു, കശുവണ്ടിക്ക് പ്ളാന്റേഷൻ സ്റ്റാറ്റസ് കൊടുക്കുന്ന നിയമം കൊണ്ടു വരുന്നു. എന്തിനാണ് അത് ചെയ്തത്? കശുവണ്ടിക്ക് മുമ്പും പ്ളാന്റേഷൻ സ്റ്റാറ്റസ് ഉണ്ടായിരുന്നു. 1970-ൽ പ്ളാന്റേഷൻ സ്റ്റാറ്റസ് എടുത്തു കളഞ്ഞു. കൊല്ലത്തെ കശുവണ്ടി ഫാക്ടറികളിൽ നിന്ന് നമുക്കാവശ്യമായ കശുവണ്ടി ലഭിക്കുന്നുണ്ടോ? ഇല്ല. ഓരോ വർഷവും ആഫ്രിക്കയിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. വല്ല ആവശ്യവുമുണ്ടോ? നമ്മുടെ ഭൂമി കശുവണ്ടി കൃഷി ചെയ്യാൻ പറ്റിയ ഭൂമിയാണ്. പക്ഷേ കശുവണ്ടിയെ പ്രോത്സാഹിപ്പിക്കണമെന്നുണ്ടെങ്കിൽ അതിന് പ്ളാന്റേഷൻ സ്റ്റാറ്റസ് കൊടുത്താൽ അത് പ്രോത്സാഹിപ്പിക്കാം. അതുകൊണ്ടാണ് ഗവൺമെന്റ് ആ ഉദ്ദേശത്തോടെ ഇത് കൊണ്ടുവന്നത്. ആരേയും സഹായിക്കാൻ വേണ്ടിയല്ല. എന്തിനും ഏതിനും വെറുതെ കുറ്റം കാണുകയും പറയുകയും ചെയ്യുകയാണ് പ്രതിപക്ഷം. മാത്രമല്ല, ഇവിടെ ശ്രീ. മത്തായി ചാക്കോ 1989-ലെ കാരായ്മ-കുടിയാൻമാരെ സംബന്ധിക്കുന്ന നിയമം 9-ാം ഷെഡ്യൂളിൽ പെടുത്തണമെന്നു പറഞ്ഞു. എന്തുകൊണ്ടാണ് 9-ാം ഷെഡ്യൂളിൽ പെടുത്താതെ പോയത്? നിങ്ങളാണ് പെടുത്താതെ പോയത്. കാരണം കാരായ്മയ്ക്ക് പ്രൊട്ടക്ഷൻ നൽകിയ ഒരു നിയമം ഈ നിയമസഭ 1989-ൽ പാസ്സാക്കി. അത് 9-ാം ഷെഡ്യൂളിൽപ്പെടുത്തിയിരുന്നു. നല്ല കാര്യം. പക്ഷേ അതിന് പൂർവ്വകാല പ്രാബല്യം കൊടുത്തില്ല എന്നു പറഞ്ഞ് 1999-ൽ വീണ്ടും നിയമം കൊണ്ടുവന്നു. നിർവചനം ഒക്കെ മാറ്റി ഒരു പുതിയ നിയമമായിട്ടാണ് കൊണ്ടു വന്നത്. 1999-ൽ അത് പാസ്സാക്കി 9-ാം ഷെഡ്യൂളിൽ പെടുത്തിയില്ല. ഈ വ്യത്യസ്തമായ പുതിയനിയമം കൊണ്ടുവന്നപ്പോൾ ആദ്യത്തെ നിയമത്തിന്റെ പ്രൊട്ടക്ഷൻ പോയി. 9-ാം ഷെഡ്യൂളിൽ കിടക്കുന്ന ആ നിയമത്തിന്റെ പ്രൊട്ടക്ഷൻ പോയി, 1999-ൽ പാസാക്കിയ നിയമം 9-ാം ഷെഡ്യൂളിൽ കയറ്റിയുമില്ല. നിങ്ങൾ 9-ാം ഷെഡ്യൂളിൽ കയറ്റിയിരുന്നുവെങ്കിൽ ഹൈക്കോടതി ഇപ്പോൾ അസാധുവായിട്ട് പ്രഖ്യാപിക്കുകയില്ലായിരുന്നു. ഇപ്പോൾ കേരള ഹൈക്കോടതി 1999-ലെ കാരായ്മാ നിയമം അസാധുവാക്കി പ്രഖ്യാപിച്ചിരിക്കയാണ്. ഭരണ ഘടനയ്ക്ക് നിരക്കുന്നതല്ല എന്നു പറഞ്ഞത് എന്തുകൊണ്ടാണ്? 9-ാം ഷെഡ്യൂളിൽ ചേർക്കാത്തതുകൊണ്ടാണ് നിങ്ങൾ അന്ന് അത് മറന്നു പോയി. നിങ്ങൾ അത് ചെയ്തില്ല. ആ കുറ്റം ഞങ്ങൾ ഏറ്റെടുക്കണം. അതുകൊണ്ട് ഞങ്ങൾ ഇപ്പോൾ അതിനുവേണ്ടി അപ്പീൽ കൊടുക്കാൻ പോകുകയാണ്. കാരായ്മ-കുടിയാന്മാരെ തീർച്ചയായും പരിരക്ഷിക്കണം. അപ്പീൽ കൊടുക്കാനുള്ള തീരുമാനം എടുത്തിരിക്കയാണ്. ഇവിടെ ബഹുമാനപ്പെട്ട രാജേന്ദ്രൻ അതിനിടയിൽ പാട്ട ഭൂമിയുടെ കാര്യം പറഞ്ഞു. രാജേന്ദ്രൻ ഒരു കാര്യം മനസ്സിലാക്കണം. പ്രതിപക്ഷത്തെ സംബന്ധിച്ച് ചില ഉത്തരവാദിത്തങ്ങളുണ്ട്. പാട്ടക്കുടിശ്ശികയെ സംബന്ധിച്ചിടത്തോളം ഞങ്ങൾ നിയമം കൊണ്ടുവന്നപ്പോൾ പ്രതിപക്ഷം കുരുടൻ ആനയെ കണ്ടതുപോലെ ആദ്യം വി.എസ്. അച്ചുതാനന്ദൻ കയറി ഒരു പ്രസ്താവന നടത്തി. നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകാരനെ, പോപ്സൺ ഗ്രൂപ്പിനെ സംരക്ഷിക്കാൻ കൊണ്ടു വന്നിരിക്കുന്നു എന്നു പറഞ്ഞു. ഞാൻ ഭയന്നു പോയി. ഞങ്ങൾ നോക്കിയിട്ട് ഇതൊരു എസ്റ്റേറ്റുകാരനേയും സംരക്ഷിക്കാനല്ല. ഇത് മുനിസിപ്പാലിറ്റിയിലെ പെട്ടിക്കടക്കാരൻ, ചെറിയ കടക്കാരൻ, ചെറിയ സ്ഥാപനങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ ഇതെല്ലാം ഉൾപ്പെട്ടുകൊണ്ട് മുനിസിപ്പാലിറ്റിക്ക് അകത്തുള്ള നിയമം മാത്രമാണ്. ഇത് പഞ്ചായത്തിനല്ല. അപ്പോൾ വി.എസ്. അച്ചുതാനന്ദൻ തുടങ്ങിയപ്പോൾ ഒരു മണ്ടത്തരം പറഞ്ഞുപോയി. പറഞ്ഞുപോയ മണ്ടത്തരം പിന്നെ ശരിയാക്കണം. അതിൽ നിന്ന് പിന്നെ പാട്ടത്തെ സംബന്ധിച്ച് തുടങ്ങി. ഞാൻ പറഞ്ഞു ഇതിന്റെ അടിസ്ഥാന സ്വഭാവം എന്താണ്? ഇതിന്റെ പിന്നിലെ റാഷണൽ എന്താണ്? കാരണം കമ്പോള വിലയുടെ 20% പാട്ടത്തുക കൊടുക്കണമെന്നു പറഞ്ഞാൽ അഞ്ചു വർഷക്കാലം കൊണ്ട് ഭൂമിയുടെ വിലയാവുകയാണ്. വീണ്ടും വീണ്ടും കൊടുക്കുമ്പോൾ ഭൂമിയുടെ അനേക ഇരട്ടി വില കൊടുക്കേണ്ടി വരുന്നു. അങ്ങനെയുള്ള ആ പാട്ടത്തുക ദുർവ്വഹമാണ്. ആരും കൊടുക്കുകയില്ല. കൊടുക്കാതെ വരുമ്പോൾ ഗവൺമെന്റിന് പിരിക്കാൻ പറ്റില്ല. കഴിഞ്ഞ ഗവൺമെന്റ് പിരിച്ചില്ല. ഞങ്ങൾക്കും പിരിക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഇതൊന്ന് റാഷണൽ ചെയ്യണം. ഞാൻ കുറേക്കാലം. ധനകാര്യമന്ത്രിയായിരുന്ന ആളാണ്. നമ്മൾ ടാക്സ് റേറ്റ് ചിലപ്പോൾ കുറയ്ക്കും. ടാക്സ് റേറ്റ് കുറയ്ക്കുന്നത് ടേൺ ഓവർ കൂട്ടാനായിട്ടാണ്. അപ്പോൾ ടാക്സ് റേറ്റ് കുറച്ചത് അഴിമതിയാണെന്ന് പറയാനൊക്കുമോ? അതുപോലെ പാട്ടത്തുക എന്തിനാണ് കുറച്ചത്? കുറച്ചു കൊടുക്കുകയാണെങ്കിൽ സ്ട്രീംലൈൻ ചെയ്താൽ പാട്ടം അടച്ചുകൊണ്ടിരിക്കാം. നമുക്ക് ആ പാട്ടത്തുക പിരിഞ്ഞുകിട്ടും. അപ്പോൾ നമുക്ക് ടേൺ ഓവർ കിട്ടും. സദുദ്ദേശത്തോടെയാണ്. നിങ്ങൾ കൊണ്ടുവന്നത് എന്തിനാണ്? നിങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചും സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചും കുറച്ചു കൊടുത്തല്ലോ. ഒരു ശതമാനമാക്കി നിങ്ങൾ കുറച്ചു കൊടുത്തു. നിങ്ങൾ കൊണ്ടുവന്നത് എന്തിനാണ്? നിങ്ങളുടേയും റാഷണൽ എന്തായിരുന്നു? ഇത് കൂടിയ exorbitant ratio ആണ്. കുറച്ചുകൊടുക്കണം. നിങ്ങൾ ഒരു കാര്യം ചെയ്തു. നിങ്ങൾ രണ്ട് കാര്യങ്ങളേ ടച്ച് ചെയ്തുള്ളൂ. നിങ്ങൾ വിദ്യാഭ്യാസ സ്ഥാപനവും സഹകരണ സ്ഥാപനവുമേ ടച്ച് ചെയ്തുള്ളൂ. പക്ഷെ, നിങ്ങൾ ചെയ്യേണ്ടിയിരുന്നത് ആ പാട്ടത്തെ സംബന്ധിച്ചിടത്തോളം അതിൽ തെറ്റുണ്ട്, അത് അൺസയന്റിഫിക്കാണെന്ന് കണ്ടപ്പോൾ ടോട്ടലായിട്ട് പരിഷ്ക്കരിക്കേണ്ടിയിരുന്നു. നിങ്ങൾ പീസ്മീലായിട്ട് അത് പരിഷ്ക്കരിച്ചു. അവിടെയാണ് നിങ്ങൾക്ക് തെറ്റ് പറ്റിയത്. ഞങ്ങൾ ചെയ്തത് ടോട്ടലായിട്ട് പരിഷ്ക്കരിച്ചു. എന്നു പറഞ്ഞാൽ നിങ്ങൾ പരിഷ്ക്കരിച്ചതിനേക്കാൾ..... നിങ്ങൾ പരിഷ്ക്കരിച്ചത് ഒരു ശതമാനം കുറച്ചു. ഞങ്ങൾ രണ്ടു ശതമാനമാക്കി ഉയർത്തി. ഒരു ശതമാനം കുറച്ചവൻ അഴിമതിക്കാരനല്ല. രണ്ടുശതമാനമാക്കി കൂട്ടിയവൻ അഴിമതിക്കാരൻ. ഇത് എവിടത്തെ ഏർപ്പാടാണ്? താഴെ നിന്ന് വെള്ളം കുടിക്കുന്ന ആട്ടിൻകുട്ടി മുകളിലത്തെ വെള്ളം കലക്കിയെന്ന് സിംഹം പറഞ്ഞതുപോലെയായി ഇത്. നിങ്ങൾ ഒരു ശതമാനമാക്കി കുറച്ചു. ഞങ്ങൾ രണ്ട് ശതമാനമാക്കി കൂട്ടി. ഉടനെ അതിൽ ക്രമക്കേട്. ആരെങ്കിലും പ്രതിപക്ഷത്തുനിന്ന് ഇങ്ങനെ ഇത് ക്രമക്കേടാണെന്ന് പറയുമോ? രണ്ടാമത് നിങ്ങൾ ചെയ്തത് എന്താണ്? കുറച്ചുകൂടി വ്യാപിപ്പിച്ചു. ഇതല്ലാതെയുള്ള വ്യക്തികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടേയും കൈവശമിരിക്കുന്ന ഭൂമി പാട്ടത്തിനാണ്. ആ പൊതുമേഖലാ സ്ഥാപനങ്ങൾ പാട്ടം തരുന്നില്ല. അവർക്കുകൂടി കുറച്ചുകൊടുക്കണം. ഞങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കുകൂടി കുറച്ചുകൊടുത്തു. ഞങ്ങൾ ഒരാൾക്ക് കൂടി കുറച്ചുകൊടുത്തു. ഞങ്ങൾ കുറച്ചു കൊടുത്തത് കൾച്ചറൽ ക്ളബ് സെന്റേഴ്സുകൾക്കാണ്. ശ്രീ. കോടിയേരി ഇത് കുറിച്ചെടുക്കണം. ടെന്നിസ് ക്ളബിന് 4 ഏക്കർ സ്ഥലമുണ്ട്. ഒരു വർഷം കൊടുക്കേണ്ട പാട്ടം 64 ലക്ഷം രൂപ. ടെന്നീസ് ക്ളബ്ബിന് ഒരു വർഷം 64 ലക്ഷം രൂപ പാട്ടം കൊടുക്കാൻ കഴിയുമോ? ഇല്ല. ശ്രീമൂലം ക്ളബിന് ഒരു ഏക്കർ സ്ഥലമുണ്ട്. പാട്ടം കൊടുക്കേണ്ടത് 33 ലക്ഷം രൂപ. നാഷണൽ ക്ളബ് ഒരു ഏക്കർ സ്ഥലമുണ്ട്. ഒരു വർഷം 50 ലക്ഷം രൂപ പാട്ടം കൊടുക്കണം. കൊടുക്കാൻ പറ്റുമോ? ഇല്ല. കോഴിക്കോട് ഓഫീസേഴ്സ് ക്ളബ്ബിന് 69 സെന്റ് സ്ഥലമുണ്ട്. 18 ലക്ഷം രൂപ ഒരു വർഷം പാട്ടം കൊടുക്കണം.

മി. സ്പീക്കർ : മി. ജോർജ്ജ്, ഓരോ രാജ്യങ്ങളും ആയിരക്കണക്കിന് കോടി രൂപ ചെലവാക്കിയാണ് ഓരോ ഗോൾഫ് ക്ളബ്ബുകളുണ്ടാക്കുന്നത്. അറിയാമോ? ഇവിടെ ഫ്രീയായിട്ട് ഒരു ഗോൾഫ് ക്ളബ്ബ് നടക്കുന്നു. അതുകൂടി അടച്ചു പൂട്ടണമെന്നാണോ പറയുന്നത്? ആയിരക്കണക്കിന് കോടി രൂപ ചെലവാക്കിയാണ് ടൂറിസത്തിനുവേണ്ടി ഓരോ രാജ്യങ്ങളും ഗോൾഫ് ക്ളബ്ബുണ്ടാക്കുന്നത്.

ശ്രീ. കെ. എം. മാണി : തിരുവനന്തപുരത്തെ ഇന്റർനാഷണൽ സ്റ്റാൻഡേർഡുള്ള ക്ളബ്ബുകൾ, ഇതിന്റെ മെമ്പർഷിപ്പുകൾ ആയിരം പേരൊക്കെയാണ്. ഞാൻ പരിശോധിച്ചു. രണ്ടായിരം പേരാണ് ശ്രീമൂലം ക്ളബ്ബിന്റെ മെമ്പേഴ്സ്. രണ്ടായിരവും മൂവായിരവും പേർക്ക് മെമ്പർഷിപ്പുള്ള ഇന്റർനാഷണൽ ക്ളബ്ബുകൾ ഒരു വർഷം പാട്ടം കൊടുക്കേണ്ടത് 64 ലക്ഷം രൂപ, 33 ലക്ഷം രൂപ, 50 ലക്ഷം രൂപ, 18 ലക്ഷം രൂപ ഇങ്ങനെയൊക്കെയാണ്. അവർക്ക് കൊടുക്കാൻ കഴിയുന്നില്ല. ഇത് പിരിക്കുന്നില്ല. അതിന്റെയർത്ഥം എക്സോർബിറ്റന്റായിട്ടുള്ള ലീസ് റെന്റ് എങ്ങനെയോ അൺസയന്റിഫിക്കായി 1995-ലെ നിയമത്തിൽ കടന്നുകൂടി. കമ്പോളവിലയുടെ 20 ശതമാനം എന്ന് വച്ചതുകൊണ്ട് കമ്പോള വിലയുടെ 20 ശതമാനമാകുമ്പോൾ 64 ലക്ഷം, 50 ലക്ഷം രൂപയാണ് ഓരോ വർഷവും പാട്ടം. അത് ഇംപോസിബിളാണ്. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൊടുക്കാൻ പറ്റാത്ത ഇംപോസിബിളായിട്ടുള്ള തുക ആയതുകൊണ്ട് രൂപ പിരിയുന്നില്ല. നിങ്ങളുടെ കാലത്ത് 90 ലക്ഷം രൂപയാണ് പിരിഞ്ഞത്. ഞങ്ങളുടെ കാലത്ത് 125 ലക്ഷം രൂപ. കടലാസിൽ നിങ്ങൾ പബ്ളിക് മീറ്റിംഗിൽ പ്രസംഗിക്കാൻ കേസുണ്ടാക്കുകയാണോ? ഓ.....200 കോടി രൂപ കളഞ്ഞു, എവിടെ കളഞ്ഞു? ഒറ്റ കോടി രൂപ കളഞ്ഞോ? ഏട്ടിലെ പശു പുല്ലു തിന്നുമോ, ഒരു രൂപപോലും പിരിയുന്നില്ല. ഈ ഗവണ്മെന്റ് ചെയ്തത് ഇത് പരിഷ്ക്കരിച്ചുകൊണ്ട് നിങ്ങൾ ഒരു ഭാഗം മാത്രം ചെത്തി. ഞങ്ങൾ മുഴുവൻ ചെത്തി. ഞങ്ങൾക്ക് ക്രെഡിറ്റ് തരണം. ഞങ്ങളെ അഭിനന്ദിക്കണം. എങ്ങനെയാണ് നിയമമുണ്ടാക്കുന്നത്? എങ്ങനെയാണ് നിയമം പാസ്സാക്കുന്നത്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ മിനിഞ്ഞാന്ന് പറഞ്ഞത് എന്താണ്? ഞാൻ പറഞ്ഞു നിങ്ങളുടെ കാലഘട്ടത്തിൽ ക്യാബിനറ്റ് ഡിസൈഡ് ചെയ്തതാണെന്ന്. അങ്ങനെയാണോ? ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വെല്ലുവിളിക്കുന്നുവെന്ന് എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞു ശരി, വെല്ലുവിളിക്കുന്നോ? നിങ്ങളുടെ കാലഘട്ടത്തിലെ ക്യാബിനറ്റ് ഡിസിഷൻ മേശപ്പുറത്തു വയ്ക്കുന്നുവെന്ന് പറഞ്ഞു. ഉടനെ വി. എസ്. പറഞ്ഞു അങ്ങനെയാണെങ്കിൽ ഞാൻ ഒന്നുകൂടെ പരിശോധിക്കട്ടെ, ഈ ഗവൺമെന്റിന്റെ ഡിസിഷൻകൂടി മേശപ്പുറത്ത് വയ്ക്കണമെന്ന് പറഞ്ഞു. ഞാൻ പറഞ്ഞു ഞങ്ങളുടെ ഡിസിഷൻ മേശപ്പുറത്ത് വയ്ക്കാമെന്ന്. ഞാൻ പിറ്റേ ദിവസം ക്യാബിനറ്റിന്റെ പ്രൊസീഡിംഗ്സിന്റെ കോപ്പി മേശപ്പുറത്ത് വച്ചു. ന്യായമായിട്ട് അതു മതി. ആ പ്രൊസീഡിംഗ്സിൽ ഐറ്റം നമ്പർ ഇത്ര ? ന്യായമായിട്ട് അത് മതി. പ്രൊസീഡിംഗ്സ് മേശപ്പുറത്ത് വച്ചപ്പോൾ അത് പോരാ. അതിൽ കള്ളത്തരം, മാണി മറച്ചുവച്ചിരിക്കുന്നു. മുഴുവൻ വയ്ക്കാമോ? മുഴുവൻ വച്ചു.. ഇതിൽക്കൂടുതൽ എന്തുവേണം? അദ്ദേഹം പോയി പ്രസ് കോൺഫറൻസ് നടത്തിയത് ഞാൻ ഓർക്കുന്നു. പ്രസ് കോൺഫറൻസ് നടത്തിയിട്ട് ആ കാര്യം പറയുകയാണ്. ചവറയിലെ ഒരു ആധാരമെഴുത്തുകാരുടെ സംഘം മാണിയെ വന്നു കണ്ടുവെന്നോ, മെമ്മോറാണ്ടം നൽകിയെന്നോ കേൾക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ പാട്ടത്തുക കുറച്ചു കൊടുത്തു എന്നാണ് പറയുന്നത്. ഇതുമായിട്ട് എന്താണ് ബന്ധം? ആധാരമെഴുത്തും പാട്ടവുമായിട്ട് എന്ത് ബന്ധം? സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതിന് ആധാരമെഴുത്തുകാർ മെമ്മോറാണ്ടം തന്നുവെന്ന് വേറെയാരോ കുറിച്ചു തന്നു. ആരോ വഴിയിൽ വച്ച് കുറിച്ചുതരിക ഇവിടെ വന്ന് പറയുക എന്നിട്ട് അഴിമതി, അഴിമതി. ഇവിടെ ഒന്നുമില്ല. ഇവിടെ എല്ലാം സുതാര്യമാണ്. ഇങ്ങനെയുള്ള പരിപാടി ഞങ്ങൾക്കില്ല. അതുകൊണ്ട് 200 കോടി രൂപ നഷ്ടപ്പെടുത്തി.എവിടത്തെ കോടി രൂപ? നിങ്ങൾ കോടി ഉണ്ടാക്കിയോ? നിങ്ങൾക്ക് പിരിക്കാൻ കഴിയുമോ? അതുകൊണ്ട് ഇതിന്റെ പേരിൽ അഴിമതിയില്ല. ഇത് സുതാര്യമാണ്. മുഴുവൻ കടലാസും ഞാൻ മേശപ്പുറത്ത് വച്ചിട്ടുണ്ട്. നിങ്ങൾ തുടങ്ങിവച്ചത് ഞങ്ങൾ പൂർത്തിയാക്കിയെന്നു മാത്രമേയുള്ളൂ. ശ്രീ. രാജേന്ദ്രന് അന്ന് പ്രസംഗിക്കാൻ പറ്റിയില്ല. വേറെ വിഷമമൊന്നും വിചാരിക്കേണ്ട. അതുകൊണ്ട് ഈ ബില്ലിൽക്കയറി ശ്രീ. രാജേന്ദ്രൻ പ്രസംഗിച്ചു എന്നു മാത്രമേയുള്ളൂ. ശ്രീ. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ അത് രേഖയിൽ കാണുമെന്നുള്ളതുകൊണ്ട് ഞാൻ മറുപടി പറഞ്ഞുവെന്നേയുള്ളൂ. അതുകൊണ്ട് ഒന്നും വിഷമിക്കേണ്ട. നമുക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ ചില സമവായം വേണം. ഇത് നിയമനിർമ്മാണമല്ലേ? ഇത് സ്റ്റാറ്റ്യൂട്ടറി റൂൾ അമെന്റ് ചെയ്ത കാര്യമാണ്. ഇത് ആർക്കെങ്കിലും സഹായം ചെയ്തതാണോ? ഒരു വ്യക്തിക്ക് സഹായം ചെയ്തതാണോ? ഇതിൽ കൈമടക്കുണ്ടോ? എന്തൊരു ആക്ഷേപകരമായ നിലപാടാണ് പ്രതിപക്ഷമെടുക്കുന്നത്? ഞാനൊക്കെ അവിടെ ഇരുന്നിട്ടുണ്ട്. വളരെക്കാലം ഇരുന്നിട്ടുണ്ട്. ഞങ്ങളൊക്കെ അഴിമതി ആരോപണം ഉന്നയിക്കുന്നത് എങ്ങനെയാണെന്നറിയാമോ? 1967 മുതൽ 1970 വരെയുള്ള 33 മാസക്കാലത്ത് ഞാൻ ഈ നിയമസഭയിൽ അഴിമതി ആരോപണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നിങ്ങൾ പഠിക്കണം. നിങ്ങൾ വായിക്കണം. നിങ്ങൾ പറയേണ്ടത് ഇന്നയിടത്ത്, ഇന്നയാളിന്, ഇന്ന രീതിയിൽ എന്ന് പറയുന്നതിനു പകരം ഗവണ്മെന്റ് ക്യാബിനറ്റിൽ സബ് കമ്മിറ്റി 5 മെമ്പർമാരെ വച്ചു. 5 മെമ്പർമാർ പഠിച്ചു. വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ 2 പേരെ ഒന്നുകൂടി പഠിക്കാൻ വച്ചു. ക്യാബിനറ്റിലെ 20 മന്ത്രിമാർ ഒരുമിച്ച് പാസ്സാക്കിയ ഒരു സ്റ്റാറ്റ്യൂട്ടറി റൂൾ, അതിന്റെ പേരിൽ ഒരു റവന്യൂ വകുപ്പുമന്ത്രിയെ പ്രതിയാക്കി നിർത്തിക്കൊണ്ടുള്ള സംസാരം എത്ര ദിവസങ്ങളായി? ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച, 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലിന്മേലുള്ള 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച, 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലിന്മേലുള്ള 1 (എ) നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച, 2004-ലെ കേരള ഭൂപരിഷ്ക്കരണ(രണ്ടാം ഭേദഗതി) ബില്ലിന്മേലുള്ള 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച, 2004-ലെ കേരള ഭൂപരിഷ്ക്കരണ(രണ്ടാം ഭേദഗതി) ബില്ലിന്മേലുള്ള 2(ബി) നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിന്മേൽ ശ്രീ. എം. മുരളി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

Sri M. Murali is not in the seat.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിന്മേൽ ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

Sri Mathai Chacko: No.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മൽസ്യ ബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ

(ii) 2004-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ

(iii) 2004-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ

(iv) 2004-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ

(v) 2004-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ

(vi) 2004-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ

(vii) 2004-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ

(viii) 2004-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ

(ix) 2004-ലെ കേരള ധനവിനിയോഗ (21-ാം നമ്പർ) ബിൽ

(x) 2004-ലെ കേരള ധനവിനിയോഗ (22-ാം നമ്പർ) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ(14-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (21-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (22-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (21-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (22-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. നാരായണൻ : സർ, ഞാൻ ഈ ധന വിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. രജനിയുടെ മരണവുമായി ബന്ധപ്പെട്ടാണ് എനിക്ക് പറയുവാനുള്ളത്. ആ മരണവുമായി ബന്ധപ്പെട്ട് പലരും ഇവിടെ പല കാര്യങ്ങളും ചർച്ച ചെയ്തപ്പോൾ ഒരുകാര്യം മനസ്സിലാക്കേണ്ടത് സംവരണസീറ്റിൽ മൽസരിച്ചു വന്ന അപ്പുറത്തുള്ള പല ആൾക്കാരും ഒരക്ഷരംപോലും പറയുവാൻ തയ്യാറായിട്ടില്ല എന്നുള്ളതാണ്. എന്തുകൊണ്ടാണ് അവർ അതിന് തയ്യാറാകാത്തതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഈ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി,.....

മി. സ്പീക്കർ : ഇതൊക്കെ പത്രത്തിൽവന്നാൽ ധനവിനിയോഗ ബില്ലിൽ എം.എൽ.എ. ഇതാണ് സംസാരിച്ചതെന്ന് ജനങ്ങൾ മനസ്സിലാക്കും.

ശ്രീ. പി. നാരായണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റായ കാര്യങ്ങൾ ഇവിടെ പറയുമ്പോൾ അങ്ങനെയല്ല ഇങ്ങനെയാണെന്ന് പറഞ്ഞുകൊടുക്കുവാൻ ധാർമ്മികമായ ഉത്തരവാദിത്തം പട്ടികജാതിയുടെ ആനുകൂല്യം വാങ്ങി ജയിച്ചുവന്നവർക്കുണ്ട്. ഇന്നുവരെ അതിന് ശ്രമിച്ചിട്ടുണ്ടോ? എന്തുകൊണ്ടാണ് ശ്രമിക്കാത്തത്? ആ കുട്ടിയെ എത്രമാത്രം അപമാനിച്ചു. ഈ സഭയിൽ അതിനൊക്കെ അവർ കൂട്ടുനിൽക്കുകയാണ് ചെയ്തത്. എന്താണ് ഇതിനെക്കുറിച്ച് മനസ്സിലാക്കേണ്ടത്? ആരെങ്കിലും ഒരക്ഷരം പറഞ്ഞിട്ടുണ്ടോ? ആ കുട്ടിയെ അപമാനിക്കാവുന്നതിന്റെ പരമാവധി അപമാനിച്ചു. ഏഴുനില കെട്ടിടത്തിന്റെ മുകളിൽനിന്ന് ചാടി. ടി.സി. ചോദിച്ചിട്ട് കോളേജിൽനിന്ന് കൊടുക്കാത്തതിനാൽ, പരീക്ഷാ കൺട്രോളറോട് ആവശ്യപ്പെട്ടപ്പോൾ അവിടെനിന്നും

LIBRARY ARCHIVES Kerala Legislative Assembly

നീതി കിട്ടാത്തതിന്റെ പേരിലാണ് ആ കുട്ടി ആത്മഹത്യ ചെയ്തത്. ഈ സംഭവത്തെക്കുറിച്ച് ആരെങ്കിലും ഈ സഭയെ ധരിപ്പിച്ചോ? അപ്പുറത്തേ മെമ്പർമാർക്ക് പറയുവാനുള്ള അവകാശമുണ്ടെന്നാണ് ധരിച്ചിരുന്നത്. അവരൊക്കെ വലിയവന്റെ വീട്ടിലെ കോഴികളെപ്പോലെയാണ്. കാരണം പറമ്പിൽനിന്നുള്ളതൊക്കെ കൊത്തിത്തിന്നാം. നെല്ല്പായിൽ കയറിക്കൊത്തിയാൽ എറിഞ്ഞോടിക്കും. അതുകൊണ്ടല്ലേ.....(മൈക്ക് ഓഫ്).....

മി. സ്പീക്കർ : ശ്രീമതി ശോഭനാജോർജ്.

ശ്രീമതി ശോഭനാജോർജ് : സർ, ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ പിന്താങ്ങുകയാണ്. സർക്കാരിന്റെ സാമ്പത്തിക നേട്ടങ്ങൾക്കെതിരെ പ്രതിപക്ഷത്തിന്റെ വിമർശനം കേൾക്കുമ്പോൾ ചക്കര വച്ചിട്ട് കരിയില

12.30 p.m.] തിന്നുന്ന കാക്കയെയാണ് എനിക്ക് ഓർമ്മവരുന്നത്. അടിത്തറയും കഴുക്കോലുംവരെ ഇളക്കിവിറ്റ ഒരു തറവാടാണ് 2001-ൽ ധനമന്ത്രിക്ക് ഏറ്റുവാങ്ങേണ്ടിവന്നത്. പത്തുവർഷക്കാലം നീണ്ടുനിന്ന ദേവാസുര യുദ്ധത്തിൽ രാജാവിനെ സഹായിച്ച അറ്റ്ലസ്സിന്റെ ഗതിയാണ് ധനമന്ത്രിക്ക് വന്നുചേർന്നത്. ലോകാവസാനംവരെ ആകാശം ചുമന്നുകൊണ്ട് ചുമലിലേറ്റി നിൽക്കേണ്ട ഗതിയായിരുന്നു അറ്റ്ലസ്സിന് വന്നതെങ്കിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിന്റെ കാലത്തുവന്ന വൻപിച്ച സാമ്പത്തിക പ്രാരാബ്ധങ്ങൾ ചുമലിലേറ്റിക്കൊണ്ട് നിൽക്കേണ്ട സ്ഥിതിയാണ് ധനകാര്യമന്ത്രിക്ക് വന്നത്. ശങ്കരനാരായണൻ എന്നുപറഞ്ഞാൽ ശിവനും വിഷ്ണുവും ചേർന്നതാണ്. ശിവനിലെ രുദ്രഭാവം ഐശ്വര്യത്തിന്റെ പ്രതീകമാണ്. നാരായണൻ ധനം പ്രദാനം ചെയ്യുന്നവനാണ്. ഒരുകാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. ശങ്കരനാരായണൻ തറവാടിയാണ്. കൊടുത്തേ ശീലമുള്ളൂ, വാങ്ങിച്ചു ശീലമില്ല. സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ സ്വയം പര്യാപ്തതയുള്ള കേരളമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് ഞങ്ങൾ. പക്ഷേ അതിനെ തുരങ്കംവയ്ക്കുന്ന നിലപാടാണ് ഇവിടത്തെ പ്രതിപക്ഷ മെമ്പർമാർ സ്വീകരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് തൊഴിലില്ലായ്മ. ഈ സംസ്ഥാനത്ത് തൊഴിലില്ലായ്മ അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെ തൊഴിലവസരങ്ങൾ ഈ സംസ്ഥാനത്ത് വന്നുചേരും? ഇവിടെ ഒരു വ്യവസായ സംരംഭം തുടങ്ങാൻ എന്തെങ്കിലും ഒരു സാഹചര്യം ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? കംസന്റെ നിർദ്ദേശപ്രകാരം ഭഗവാൻ കൃഷ്ണനെ താലോലിച്ച് പുൽകി കൊല്ലാൻ ശ്രമിച്ച പൂതനയുടെ ഭാവമാണ് ഇവിടത്തെ പ്രതിപക്ഷത്തിന്. 'ജിം' എന്ന മഹത്തായ ഒരു പദ്ധതിക്ക് തുടക്കമിട്ടപ്പോൾ ആ 'ജിം'-നെ സംബന്ധിച്ച് വാതോരാതെ പ്രസംഗിക്കുകയും പുകഴ്ത്തുകയും പിന്തുണ നൽകുകയും ചെയ്തിട്ട് കേരളത്തിൽ ഒരു വ്യവസായംപോലും വരരുതെന്ന് ആഗ്രഹിച്ചുകൊണ്ടാണ് ഇവിടത്തെ പ്രതിപക്ഷം പിന്നീട് പെരുമാറിയത്. 'ജിം' എന്ന പദ്ധതിയെ അട്ടിമറിക്കുകതന്നെ ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ സംസ്കാരത്തിന്റെ മാറ്റം കൊടുങ്കാറ്റിന്റെ വേഗത്തിൽ നടപ്പാക്കാൻ ശ്രമിച്ച സർക്കാരാണിത്. അധികാരം കൊണ്ടല്ല ഇച്ഛാശക്തികൊണ്ടാണ് വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കാരത്തിന് തുടക്കം കുറിച്ചത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മറ്റുള്ള സംസ്ഥാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

കോടികൾ ഓടി എത്തുന്നത് തടഞ്ഞ് നമ്മുടെ സംസ്ഥാനത്തിന് അത് ലഭ്യമാക്കുകയും ഈ സംസ്ഥാനത്തുള്ള കുട്ടികൾക്ക് പഠിക്കുവാൻ അവസരമുണ്ടാക്കുകയും ചെയ്യാൻ സർക്കാർ തുനിഞ്ഞത് തെറ്റാണോ? പാകപ്പിഴകളുണ്ടാകാം. അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ടാകാം. ഹോച്ച്മിൻ പറഞ്ഞതുപോലെ തെറ്റുസംഭവിക്കാത്ത രണ്ടു പേരേയുള്ളൂ. ഒന്ന് ഗർഭസ്ഥ ശിശുവും മറ്റൊന്ന് ശവങ്ങളുമാണ്. സർക്കാരിന്റെ സദുദ്ദേശ്യത്തെ പ്രതിപക്ഷം തല്ലിത്തകർത്തു. പ്രതിപക്ഷത്തായതുകൊണ്ട് എന്ത് നന്മകൾ വന്നാലും അതിനെ എതിർക്കുകയെന്ന സമീപനം ശരിയല്ല. മറവി നല്ലതാണ്. ഒരു ഓർമ്മ മാത്രം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്ളസ് ടു സ്കൂൾ അനുവദിച്ചതിന്റെ പേരിൽ ഹൈക്കോടതി ഭരണഘടനാ വിരുദ്ധമെന്നു പറഞ്ഞപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന ഞങ്ങളുടെ ആറ്റിറ്റ്യൂട് എന്തായിരുന്നു? പോലീസ് സ്റ്റേഷൻ ആക്രമിച്ചോ? സ്വൈര ജീവിതം തകർത്തോ ഞങ്ങൾ? പൊതുമുതൽ നശിപ്പിച്ചോ? ലോകത്തിലെ ഏറ്റവും വലിയ സമുദ്രമെന്നത് ശാന്തസമുദ്രമാണ്. അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി ശാന്തസമുദ്രംപോലെ ശാന്തനായിരുന്നു. എന്നാൽ ഇവിടത്തെ പ്രതിപക്ഷം എന്താണ് ചെയ്തത്? പാവപ്പെട്ട ജനങ്ങളെ കട്ടിലിൽ കിടത്തി കട്ടിലിനൊപ്പിച്ച് തലയും കാലും വെട്ടിമുറിക്കുന്ന ഒരു രാക്ഷസനെക്കുറിച്ച് കേട്ടിട്ടുണ്ട്. ആ സംസ്കാരമാണുള്ളത്. യു.ഡി.എഫ്. സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ 24000 കോടി രൂപയുടെ പൊതുകടവും 3500 കോടി രൂപയുടെ കുടിശ്ശികയുമുണ്ടായിരുന്നു. ട്രഷറികൾ തുറക്കുന്നതിനുവേണ്ടി ഇവിടെ ലാത്തിച്ചാർജ്വരെ നടന്നിട്ടുണ്ട്. വർഷത്തിലൊരിക്കൽ മാത്രമായിരുന്നു ഇവിടെ ട്രഷറികൾ തുറന്നിരുന്നത്. ഇപ്പോൾ ഇവിടെ സാമ്പത്തിക അച്ചടക്കം പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞു. സാമ്പത്തിക മാനേജുമെന്റ് കാര്യക്ഷമമാക്കി. കടബാധ്യത കുറച്ചുകൊണ്ടുവന്നു. വിൽപ്പന നികുതിയിനത്തിൽ 2047 കോടി രൂപ പിരിച്ചെടുത്തു. ചെക്ക്പോസ്റ്റിനെ സംബന്ധിച്ച് എന്നും ആരോപണങ്ങളാണ് ഉണ്ടായിരുന്നത്. അഴിമതിക്കാരുടെ പറുദീസയായി അറിയപ്പെട്ടിരുന്ന ചെക്ക്പോസ്റ്റുകളിൽനിന്നുള്ള വരുമാനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 89.93 കോടിരൂപ ഈ ഇനത്തിൽ നേടിയെടുക്കുവാൻ കഴിഞ്ഞുവെന്നത് ചെറിയ നേട്ടമല്ല. അടിസ്ഥാനപരമായി സാമ്പത്തിക മേഖലയിൽ നിലനിന്നിരുന്ന അസമത്വം പരിഹരിക്കുവാൻ കഴിഞ്ഞു. മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ഇതിനകം ചെയ്യാൻ ഈ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഇതിൽക്കൂടുതൽ ചെയ്യാൻ ധനമന്ത്രി കുബേരനല്ലല്ലോ? കുബേരനായിരുന്നെങ്കിൽ സ്വർണ്ണമഴ പെയ്യിക്കുമായിരുന്നു. ആയിരംനാവുള്ള അനന്തനുപോലും പറയുവാൻ കഴിയാത്ത വികസന നേട്ടങ്ങൾ ഈ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ യു.ഡി.എഫ്. സർക്കാർ നടത്തിയിട്ടുണ്ടെന്ന് അഭിമാനപൂർവ്വം പറയുവാൻ ആഗ്രഹിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വരുത്തിവച്ച പൊതുകടം 23000 കോടി രൂപയിലധികമായിരുന്നു. അവരെപ്പോലെ കപ്പലിൽ സ്വാതന്ത്ര്യമില്ലെന്ന് വിചാരിച്ച് കടലിൽ ചാടാൻ ഞങ്ങൾക്ക് കഴിയില്ലല്ലോ? അവരുടെകാലത്ത് സഞ്ചി എടുക്കുന്ന വരെല്ലാം വൈദ്യന്മാരായിരുന്നു. ഇപ്പോഴത്തെ അവരുടെ ആവേശം കാണുമ്പോൾ കണ്ണിൽ കുത്തിയിട്ട് കണ്ണുനീരിന്റെ കാര്യം ചോദിക്കുന്നതുപോലെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളം ഇന്ന് ഒരു മഹാവിപത്തിലാണ്. സാക്ഷര കേരളം ഇന്ന് ആത്മഹത്യയുടെ മുനമ്പായി മാറിയിരിക്കുകയാണ്. ഒരാൾ സർവ്വലോകവും നേടിയിട്ട് അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയിട്ട് എന്ത് കാര്യം? ഒരു മനുഷ്യജീവനെ രക്ഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ എന്തൊക്കെ നല്ല കാര്യങ്ങൾ ചെയ്തിട്ട് എന്ത് പ്രയോജനമാണ്? വികസന പ്രവർത്തനങ്ങൾ മാത്രം പോര. സാധാരണക്കാരന്റെ ആത്മാവിനെ തൊട്ടറിയുവാൻ നമുക്ക് കഴിയണം. സംസ്ഥാനത്ത് ആത്മഹത്യകൾ ഭൂരിപക്ഷവും നടക്കുന്നത് സാമ്പത്തിക കടബാധ്യതകൾ മൂലമാണ്. ഉറ്റവരേയും ഉടയവരേയും ഉപേക്ഷിച്ചുപോകാൻ ആർക്കാണ് മനസ്സുണ്ടാവുക? കൈനീട്ടുന്നവന്റെ മുന്നിൽ സ്വയം അന്നമായിത്തീരാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാകണം. കൊട്ടിയടയ്ക്കപ്പെട്ട വാതിലുകളല്ല നമുക്കു വേണ്ടത്. വേദന നിവാരണികൾ ഉണ്ടാകണം. നിരാലംബർക്കുള്ള അവസാന അത്താണിയായി സർക്കാർ മാറണം. നിതാന്ത പരിശ്രമം ഉണ്ടെങ്കിൽ നമുക്ക് ഏതുകാര്യവും നേടിയെടുക്കാം. പരിശ്രമം ഒരിക്കലും പാഴാവില്ല. തോമസ് ആൽവാ എഡിസൻ ഒരു ലക്ഷം പ്രാവശ്യം പരീക്ഷിച്ചശേഷമാണ് നമുക്ക് വെളിച്ചം ലഭിച്ചത്. ഇവിടെ രജനിമാർ ഉണ്ടാകരുത്. ശ്രീ. പി. നാരായണൻ പറഞ്ഞതുപോലെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ മകളുടെ പ്രായമേയുള്ളു. വേദനയോടെ പറയുന്നു. ഒരു രജനിയും ഇനി ഒരിക്കലും നമ്മുടെ സംസ്ഥാനത്തുണ്ടാകരുത്. കറുത്ത മണ്ണിൽ കനകം വിളയിക്കുന്ന കർഷകന്റെ ശവം കുഴിച്ചുമൂടാനുള്ള ശവപ്പറമ്പായി കൃഷിയിടങ്ങൾ മാറരുത്. ഇവിടെ പാവപ്പെട്ടവന് കാൽകുത്താൻപോലും കഴിയാത്ത എക്സ്പ്രസ് ഹൈവേകളും വിമാനത്താവളങ്ങളുമാണോ നമുക്ക് വേണ്ടത്? പാവപ്പെട്ടവന് ആശുപത്രികളിൽ മരുന്നുകൾ വേണം. അവനെ ചികിൽസിക്കാൻ ഡോക്ടർമാർ വേണം. പള്ളിക്കൂടങ്ങളിൽ ചോർന്നൊലിക്കാത്ത കെട്ടിടങ്ങളും കുട്ടികൾക്കിരിക്കാൻ ആവശ്യത്തിന് ബെഞ്ചുകളും ഡെസ്ക്കുകളും വേണം. ഇവിടെ കുരുന്നുകളുടെ അന്നം മുടക്കരുത്. ഇവിടെ പാവപ്പെട്ടവന് കുടിവെള്ളമെത്തണം, വൈദ്യുതി എത്തണം, കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാനുള്ള സൗകര്യമുണ്ടാക്കണം. കർഷകന്റെ കടം എഴുതിത്തള്ളണം. ചുരുങ്ങിയ സമയമേ നമ്മുടെ മുന്നിലുള്ളൂ. എന്തും തിരിച്ചെടുക്കാൻ പറ്റും. തോറ്റാൽ ജയിക്കാൻ പറ്റും. പക്ഷേ തിരിച്ചുകിട്ടാത്ത ഒന്നു മാത്രമുണ്ട്. അതാണ് സമയം. എന്റെ സർക്കാർ വിതുമ്പുന്ന പൂവും തുളുമ്പുന്ന തേനുമാണ്. ജ്ഞാനിയുടെ ഹൃദയം വലത്തോട്ടും വിഡ്ഢിയുടെ ഹൃദയം ഇടത്തോട്ടും ചായ്‌വു കാണിക്കുന്നു എന്നാണ്. യു.ഡി.എഫ്-ന്റെ പരാജയം കണ്ട് ആരും ചിരിക്കേണ്ട. കടൽ കൈവിട്ട നാവികനല്ല ഞങ്ങളുടെ മുഖ്യമന്ത്രി. 19 സീറ്റ് നഷ്ടപ്പെട്ടതിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. പക്ഷേ ഞങ്ങൾക്ക് ദുഃഖമില്ല. ഓരോ വീഴ്ചയും ഞങ്ങൾ പുതിയ പാഠമാക്കുന്നു. തോൽവിയെ ഞങ്ങൾ മാർഗ്ഗദർശിയായി കാണുന്നു. പ്രതിസന്ധിയെ ഞങ്ങൾ പൂന്തോട്ടമായി കാണുന്നു. ഇവിടത്തെ പ്രതിപക്ഷത്തോട് ഒരു കാര്യം മാത്രം പറയുന്നു, അമാവാസി കണ്ടിട്ട് നിലാവ് കഴിഞ്ഞുവെന്നും ശിശിരത്തിലെ മരങ്ങൾ കണ്ടിട്ട് ഇലയുടെ കാലം അവസാനിച്ചുവെന്നും കരുതരുത്. ഇനിയുള്ള കാലം ശക്തിയോടെ തിരിച്ചുവരുന്ന രീതിയിൽ ഐക്യജനാധിപത്യ മുന്നണിയുടെ സംവിധാനം ഈ സംസ്ഥാനത്തുണ്ടാകുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ: സർ, നമ്മുടെ ഖജനാവിനെ സമ്പൽ സമൃദ്ധമാക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ സന്തോഷത്തോടുകൂടി പിൻതാങ്ങുകയാണ്. വികസനകാര്യത്തിലുള്ള പ്രയോറിറ്റി നമമൾ മാറ്റി നിശ്ചയിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും ഫലപ്രദമല്ലാത്ത സംരംഭങ്ങൾക്കുവേണ്ടി കാശ് വിനിയോഗിക്കുന്ന കാര്യത്തിൽ നമ്മൾ വലിയ ആവേശമാണ് കാണിക്കുന്നത്. എന്നാൽ ജനങ്ങളുടെ മർമ്മ പ്രധാനമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നമ്മൾ പലപ്പോഴും അമാന്തം കാണിക്കുകയാണ്. അതുകൊണ്ട് എന്റെ അഭിപ്രായം, നമ്മൾ വികസന കാര്യത്തിലുള്ള പ്രയോറിറ്റിയിൽ മാറ്റം വരുത്തി ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിരമായിട്ടുള്ള ശ്രമങ്ങൾ നടത്തണം. സെക്രട്ടേറിയറ്റിലും അതുപോലുള്ള സർക്കാരാഫീസുകളിലും യഥാസമയം ഫയലുകൾ നീങ്ങാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് വികസനപ്രവർത്തനങ്ങൾ മാത്രമല്ല, പലരുടേയും ജീവിതം തന്നെ അതിൽ കുരുങ്ങിക്കിടക്കുകയാണ്. അതിന് എനിക്ക് തോന്നിയിട്ടുള്ള പ്രധാനപ്പെട്ട സംഗതി, ജീവനക്കാർ പത്തു മണി മുതൽ അഞ്ചു മണി വരെ നീണ്ട സമയം ജോലി ചെയ്യുകയാണ്. നമ്മുടെ നിയമസഭ തന്നെ 8.30-ന് തുടങ്ങി 1.30-നാണ് അവസാനിപ്പിക്കേണ്ടത്. പക്ഷേ പലപ്പോഴും രാത്രികാലങ്ങളിൽപ്പോലും നിയമസഭയുടെ പ്രവർത്തനം നീണ്ടുപോയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട അങ്ങ് സ്പീക്കറായി വന്നശേഷം ഒന്നര മണിക്ക്തന്നെ ഇത് അവസാനിപ്പിക്കാൻ സാധിക്കുന്നു. അന്നു തീർത്ത ബിസിനസ്സും ഇന്നു തീർത്ത ബിസിനസ്സും ഒന്നു തന്നെയാണ്. അതു കാണിക്കുന്നത് നിയമസഭയുടെ പ്രവർത്തനത്തിന്റെ കാര്യക്ഷമത തന്നെയാണ്. മാത്രമല്ല, അംഗങ്ങൾ പലപ്പോഴും വിരസത അനുഭവിക്കുകയായിരുന്നു. അതുകൊണ്ട് സഭയിൽ അംഗങ്ങളിൽ പലരും ഉണ്ടായിരുന്നില്ല. ഇപ്പോൾ ഒന്നര മണി വരെ കൃത്യമായി സഭയ്ക്കകത്തു തന്നെ അംഗങ്ങൾ ഇരിക്കുന്നു. ജീവനക്കാരെ സംബന്ധിച്ചിടത്തോളവും അവരുടെ സമയത്തിന്റെ കാര്യത്തിലും ഒരു മാറ്റം വരുത്തുന്നതിനെക്കുറിച്ച് നമുക്ക് ആലോചിച്ചുകൂടേ? രാവിലെ ഒമ്പതു മണിക്ക് ആരംഭിച്ച് രണ്ടു മണിക്ക് അവർക്കൊക്കെ വീട്ടിൽ പോയി സ്വന്തം കാര്യങ്ങൾ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്താൽ നമ്മുടെ നാടിനും അവരുടെ കുടുംബത്തിനും പ്രയോജനം ചെയ്യുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ഈ രീതിയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. സെക്രട്ടേറിയറ്റിൽ അല്ലെങ്കിൽ കളക്ടറേറ്റ് തുടങ്ങിയ സർക്കാരാഫീസുകളിൽ കടന്നുചെന്നാൽ ഫാൻ കറങ്ങിക്കൊണ്ടിരിക്കും, ലൈറ്റ് ഓൺ ചെയ്തിരിക്കും, കണ്ണടയും ചെരുപ്പുമുണ്ടാകും. പക്ഷേ ആൾ കാണുകയില്ല എന്നതാണ് സത്യം. ഈ വിരസത ഒഴിവാക്കുന്നതിന് സമയം കുറച്ചുകൊടുത്തുകൊണ്ട് അവരെ മുഴുവൻ സമയവും ജോലി ചെയ്യിക്കാൻ പ്രാപ്തമാക്കുന്നതോടൊപ്പം തന്നെ ടാർജറ്റ് നിശ്ചയിച്ചുകൊടുത്താൽ തീർച്ചയായും അതു കുറേ പ്രയോജനപ്രദമാകും, കാര്യക്ഷമമായി നമ്മുടെ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിന് അതു സഹായകരമാകുമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അക്രമസമരങ്ങൾ നടക്കുന്ന ദിവസങ്ങളിൽ നമ്മുടെ സംസ്ഥാനത്തൊട്ടാകെയുണ്ടാകുന്ന പേക്കൂത്തുകളെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. ഓരോരുത്തരും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ സമയങ്ങളിൽ നമ്മുടെ പൊതുമുതൽ നശിക്കാതെ നോക്കുന്നതിന് ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധ ചെലുത്തണമെന്നു മാത്രമല്ല, പൊതുജനങ്ങൾക്ക് സംരക്ഷണവും കൊടുക്കേണ്ടതായിട്ടുണ്ട്. ആ ദിവസങ്ങളിൽ മദ്യഷാപ്പുകൾ അടച്ചിടണം. പലപ്പോഴും രാഷ്ട്രീയ പാർട്ടികൾ നടത്തുന്നതാണ് സമരമെങ്കിൽപ്പോലും അതിനകത്ത് മദ്യപാനികളായിട്ടുള്ള സാമൂഹ്യ വിരുദ്ധർ കടന്നുകയറി അവർക്ക് എന്തും പ്രവർത്തിക്കാനുള്ള ലൈസൻസായി രാഷ്ട്രീയപ്പാർട്ടിയുടെ സമരാഹ്വാനം മാറ്റിയെടുക്കുന്നതിനുള്ള ശ്രമവും നടക്കുന്നുണ്ട്. അതുകൊണ്ട് ഇലക്ഷൻ കാലത്തൊക്കെ മദ്യഷാപ്പുകൾ അടച്ചിടുന്നതുപോലെ ഇതുപോലുള്ള സമരങ്ങൾ വരുമ്പോൾ മദ്യഷാപ്പുകൾ അടച്ചിടുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടേ? അതിനെക്കുറിച്ച് നമ്മൾ ഗൗരവമായി ആലോചിക്കണം. അല്ലെങ്കിലും നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന സർവ്വവിപത്തിനും, ഇവിടെ ആത്മഹത്യകളുടെ കാര്യം പറഞ്ഞതുപോലെ, കാരണം മദ്യപാനമാണ് എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് മദ്യനിരോധനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. അതിലൂടെ ലഭിക്കുന്ന ചില്ലറ വരുമാനത്തിന്റെ പേരിൽ ജനങ്ങളെ മുഴുവൻ നശിപ്പിക്കുന്ന പ്രവണത വച്ചുപൊറുപ്പിക്കുന്നത് ഒരിക്കലും ശരിയല്ലായെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ പൊതുമരാമത്തു വകുപ്പിനെക്കുറിച്ച് ഒരു കാര്യം പറയുകയാണ്. സംസ്ഥാനത്തെ റോഡുകളൊക്കെ പഴയപോലെ തന്നെയാണ്. അതിൽ വമ്പിച്ച മാറ്റമുണ്ടാക്കുന്നതിനുവേണ്ടി നബാർഡിന്റേയും മറ്റും സഹായത്തോടുകൂടി ഒരുപാട് ശ്രമങ്ങൾ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ കുറേക്കൂടി ജാഗ്രത നമ്മൾ കാണിക്കേണ്ടതായിട്ടുണ്ട്. ഇല്ലെങ്കിൽ 10 വർഷം കഴിയുമ്പോൾ റോഡിലൂടെ വണ്ടികൾ നീങ്ങാത്ത ഒരു സ്ഥിതി കേരളത്തിൽ ഉണ്ടാകും. അതുകൊണ്ട് നമ്മുടെ റോഡിന് മറ്റേതിനേക്കാളും മുൻഗണന നൽകുന്നതിനും അതിന്റെ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ആവശ്യമായിട്ടുള്ള കാശു കൊടുക്കുന്നതിനും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് പ്രത്യേകമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ പിൻതാങ്ങുകയാണ്. അപ്രോപ്രിയേഷൻ ബില്ലിനെ തികച്ചും അപ്രോപ്രിയേറ്റ് എന്നു വിശേഷിപ്പിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം ഇൻ-അപ്രോപ്രിയേറ്റ് ബില്ലുകൾ പാസ്സായിട്ടുള്ളതുകൊണ്ടാണല്ലോ ജനങ്ങൾ നമ്മളെ അധികാരത്തിലേറ്റിയത്. അതുകൊണ്ട് യഥാർത്ഥ വിനിയോഗം നടത്തുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതു പാസ്സാക്കുന്നതിനുവേണ്ടി എല്ലാ പിന്തുണയും

LIBRARY ARCHIVES Kerala Legislative Assembly

ഈ സന്ദർഭത്തിൽ ഞാൻ നിൽകുകയാണ്. ഈ സർക്കാർ ഭാരിച്ച ഉത്തരവാദിത്വത്തോടുകൂടിയാണ് അധികാരത്തിൽ വന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാലിയായ ഖജനാവും നിരവധിയായിട്ടുള്ള ഉത്തരവാദിത്വങ്ങളുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ഉത്തരവാദിത്വം ഏറ്റെടുത്തു. അതിനുശേഷം വളരെയേറെ സാമ്പത്തികമായ മാറ്റം ഈ സംസ്ഥാനത്തുണ്ടാക്കാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. So little in his purse, so much upon his back. Norwich -ലെ ബിഷപ്പ് ഹാളന്റെ വരികളാണ് ഞാൻ ഉദ്ധരിച്ചത്. അതുപോലെ ഏറെ ബുദ്ധിമുട്ടുകളുള്ള, ഭാരിച്ച ഉത്തരവാദിത്വത്തോടുകൂടി ഏറ്റെടുത്ത കാലിയായ ഖജനാവുമായി വന്ന ഗവൺമെന്റ് ഇന്ന് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി സാമ്പത്തികരംഗത്ത് ഏറെ കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ രണ്ടു-മൂന്നു ദിവസമായി കേരളം അക്രമത്തിൽ ഒന്നാം സ്ഥാനത്താണ്. ഇറാഖായിരുന്നു ഇത്രയും നാൾ ഒന്നാം സ്ഥാനത്ത്. ഇപ്പോൾ കേരളമാണ് ഒന്നാം സ്ഥാനത്ത്. ഇറാഖിൽ രണ്ടും മൂന്നും കാർ ബോംബാണ് പൊട്ടിക്കുന്നതെങ്കിൽ കേരളത്തിൽ നൂറു കണക്കിന് വാഹനങ്ങൾ മൂന്നു-നാലു ദിവസമായി തകർത്തു കൊണ്ടിരിക്കുകയാണ്. എല്ലാവരും ശ്രദ്ധിക്കുന്ന ഒരു കാര്യമായി മാറിയിരിക്കുകയാണ്. കേരളത്തിൽ വികസനകാര്യങ്ങൾക്കായി പണം മുടക്കാൻ വരുന്ന ആളുകളെ തടസ്സപ്പെടുത്തത്തക്ക വിധത്തിൽ കേരളത്തിന്റെ അന്തരീക്ഷം തകരുന്ന ഒരു സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. ഒരു രജനിയുടെ പേരിലാണ് ഇതെല്ലാം ചെയ്യുന്നത്. നാലു ദിവസമായി നശീകരണമായിരുന്നു. എട്ടു ദിവസമായി അവധിയാണ്. അതിന്റെ പേരിൽ നമുക്ക് ഓരോരുത്തർക്കും വരുന്ന നഷ്ടം 24 രൂപയാണ്. വിദ്യാഭ്യാസ വകുപ്പിനുമാത്രമായി 84 കോടി രൂപയുടെ നഷ്ടമുണ്ടായി. സ്വകാര്യ പൊതുസ്വത്ത് നശിപ്പിച്ചതിൽ 90 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കി. ശിവസേന ഇത്തവണ ആക്രമണം നടത്തിയപ്പോൾ ആ പാർട്ടി 80 ലക്ഷം രൂപ ഗവൺമെന്റിന് അടയ്ക്കണമെന്ന് കോടതിവിധിയുണ്ടായി. ഈ നശീകരണ പ്രവർത്തനം നടത്തുന്നവരിൽ നിന്നുംതന്നെ ഇത് ഈടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇനി ഇത്തരം നടപടികൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ അതാവശ്യമാണ്. രജനിയുടെ പേരിലാണല്ലോ ഈ സംഭവങ്ങളുണ്ടായത്? രജനി സത്സ്വഭാവിയും സമർത്ഥയുമായ ഒരു പെൺകുട്ടിയായിരുന്നു. ആ കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. ആ സംഭവത്തിൽ ദുഃഖമുണ്ട്, ഗവൺമെന്റിന് ആകുന്നതെല്ലാം ചെയ്തുകഴിഞ്ഞു. ഞാൻ ചോദിക്കട്ടെ, രജനിക്ക് എന്താണ് ബാങ്ക് വായ്പ കിട്ടാതിരുന്നത്? ബാങ്ക് വായ്പ കിട്ടാത്തതുകൊണ്ടാണല്ലോ ആത്മഹത്യ ചെയ്തത്. അവർ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി ഭരിക്കുന്ന സഹകരണബാങ്കിനെ സമീപിച്ചിരുന്നു എന്ന് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുമാത്രമല്ല, എത്രയോ ആളുകൾ മാർക്സിസ്റ്റു പാർട്ടിയെ പിന്തുണയ്ക്കുന്ന സർവ്വീസ് സംഘടനയിൽ പ്രവർത്തിക്കുന്നുണ്ട്, അവർക്കാർക്കെങ്കിലും ജാമ്യം നൽകാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ കുട്ടിക്ക് ലോൺ കിട്ടുമായിരുന്നു. പോളിറ്റ് ബ്യൂറോ മെമ്പർമാരുടെ ഭാര്യമാർ വാങ്ങുന്ന ശമ്പളം, Basic Pay – 14,000 രൂപയാണ്,

LIBRARY ARCHIVES Kerala Legislative Assembly

അതിനു തുല്യമായ അലവൻസും വാങ്ങുന്നുണ്ട്. ഇങ്ങനെ എത്രയോ ജീവനക്കാർ അവരുടെ സംഘടനയിലുണ്ടായിട്ട് ഒരാൾ പോലും അവർക്ക് ജാമ്യം നൽകാൻ കഴിയാത്ത അവസ്ഥയുണ്ടായപ്പോൾ, ഈ സംസ്ഥാനത്ത് വ്യാപകമായി അതിന്റെ പേരിൽ അക്രമം അഴിച്ചുവിടുകയാണ്. എനിക്ക് ഒരു കാര്യം ഓർമ്മവരുന്നത്, മുമ്പ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ, പ്രീഡിഗ്രി ബോർഡ് ആരംഭിക്കാൻ ശ്രമം നടത്തി. അതിന്റെ പേരിൽ ചരിത്രം സൃഷ്ടിച്ച സമരം അവർ നടത്തി. അന്ന് നഴ്സറി സ്ക്കൂളുകളിൽക്കൂടി സമരം ചെയ്തവരാണ്. ത്യാഗംചെയ്തു പഠിച്ച വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ കേരള സർവ്വകലാശാലയുടെ ടോയ്‌ലറ്റുകളിൽ നിക്ഷേപിച്ച സംഭവം ഞാൻ ഓർക്കുകയാണ്. പക്ഷേ അവർ അധികാരത്തിൽ വന്നപ്പോൾ അതേപടി പ്ലസ് ടു വീണ്ടും കേരളത്തിൽ നടപ്പാക്കി. അതുപോലെ ഈ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനം കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ രക്ഷപ്പെടുത്തുമെന്നുള്ളതുകൊണ്ട് ഇനി എന്നെങ്കിലും അധികാരത്തിൽ വന്നാൽ അത് നടപ്പാക്കാൻ വേണ്ടിയാണ് ഇപ്പോൾ അവർ സമരം ചെയ്ത് ഇതിനെതിരെ പ്രചരണം നടത്തുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടേയും ഇടതുപക്ഷത്തിന്റേയും വമ്പന്മാരായ നേതാക്കന്മാരുടെ മക്കൾ പഞ്ചനക്ഷത്ര കോളേജുകളിൽ മാനേജുമെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ അവർ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുമ്പോഴും ഈ സ്വാശ്രയ കോളേജുകളെ തകർക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിർദ്ധനരായ വിദ്യാർത്ഥികളുടെ മുഖത്തുനോക്കി ചിരിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് വൈലോപ്പള്ളിയുടെ രണ്ടു വരികളാണ്.

കുലീനമാം കള്ളം നെഞ്ചുകീറി
ഞാൻ നേരിനെ കാത്തിടാം.

അങ്ങനെ അവരുടെ ആത്മാർത്ഥത കാണണമെങ്കിൽ നെഞ്ചുകീറി നോക്കണം, മനസ്സിൽ വേറെ ലക്ഷ്യമാണ്. പാവപ്പെട്ട കുട്ടികളെ നോക്കി അവർ മുതലക്കണ്ണീർ ഒഴുക്കുകയാണ്. മുതലക്കണ്ണീർ ഇല്ല, മുതലെടുപ്പു കണ്ണീർ നടത്തുകയാണ്. വീണ്ടും അധികാരത്തിൽ വരാനുള്ള മുതലെടുക്കാൻവേണ്ടി മാത്രമാണ് ഈ പ്രക്ഷോഭം സംഘടിപ്പിച്ചിട്ടുള്ള തെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എനിക്ക് ഒരു പ്രാർത്ഥനയാണുള്ളത്, പിതാവേ അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്ന് യേശുക്രിസ്തു പറഞ്ഞുവെങ്കിൽ, എന്റെ പിതാവേ അവരോട് ക്ഷമിക്കരുതേ എന്തുകൊണ്ടെന്നാൽ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നു എന്നുള്ള ഒരു പ്രാർത്ഥനയോടുകൂടി ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. ഈ നിയമസഭ ഏതാണ്ട് ഒന്നരമാസത്തോളം ചേർന്ന് ജനകീയ പ്രശ്നങ്ങളൊക്കെ ചർച്ച ചെയ്ത് ബഡ്ജറ്റുമൊക്കെ പാസ്സാക്കി, ഇന്ന് ധനവിനിയോഗ ബിൽ പാസ്സാക്കി അവസാനിക്കാൻ പോകുന്ന സന്ദർഭത്തിൽ, ഈ നിയമസഭയിലെ പ്രതിപക്ഷ സ്നേഹിതന്മാർ കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി നടത്തുന്ന പ്രസംഗങ്ങളും ചർച്ചകളുമൊക്കെ കാണുമ്പോൾ വളരെ ദയനീയമായി

LIBRARY ARCHIVES Kerala Legislative Assembly

തോന്നുകയാണ്. പഴയ ഓർമ്മകൾ അയവിറക്കിക്കൊണ്ട്, പാരഡി ഗാനങ്ങൾ പാടിക്കൊണ്ടുപോകുന്ന പ്രതിപക്ഷത്തിനെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. കയ്യൂര്, കരിവള്ളൂര്, കാവുമ്പായി, മുനിയംകുന്ന്, പാടിക്കുന്ന്, പുന്നപ്ര, വയലാർ, സേലം ജയിൽ എന്നിങ്ങനെ പഴയ പാരഡി ഗാനങ്ങൾ പാടുന്ന സ്ഥിതിയാണിന്ന്. എന്താണ് കാര്യം? ജനകീയ പ്രശ്നങ്ങൾ ധാരാളമുണ്ട്. അതൊന്നും കാണാനോ അതിലിടപെട്ട് പ്രതിപാദിക്കാനോ കഴിയാത്ത പ്രതിപക്ഷം ഇന്ന് വല്ലാത്ത ആശയക്കുഴപ്പത്തിലാണ്. നിർഭാഗ്യകരമായ രജനിസംഭവവും കർഷക ആത്മഹത്യയും ഉണ്ടായിരുന്നില്ലെങ്കിൽ നിയമസഭയിൽ ഈ പ്രതിപക്ഷത്തിന്റെ ഗതി എന്താകുമായിരുന്നു? കേരളത്തെ സംബന്ധിച്ച്, കേരളത്തിന്റെ വരുമാനത്തെക്കുറിച്ച്, കേരളത്തിന്റെ പുരോഗമന പ്രവർത്തനങ്ങളെക്കുറിച്ച്, ജനകീയ പ്രശ്നങ്ങളെക്കുറിച്ച് ഒന്നും ഒരു വാക്കുപോലും ഉരിയാടാൻ കഴിയാതെ ആശയക്കുഴപ്പത്തിൽ വീണുകിടക്കുന്ന പ്രതിപക്ഷം, അതല്ലേ നാം ഇവിടെ കണ്ടത്? എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒന്നുമാത്രമേ പറയാനുള്ളൂ, ഈ നിയമസഭയിൽ ജനവികാരം എല്ലാ അംഗങ്ങളും പ്രതിഫലിപ്പിച്ചു കഴിഞ്ഞു. ആ ജനവികാരം ഉൾക്കൊണ്ടുകൊണ്ട് കുറെയേറെ കാര്യങ്ങൾ നമുക്ക് ചെയ്യേണ്ടതായിട്ടുണ്ട്. വരാൻ പോകുന്ന ഓണക്കാലത്തിനുമുമ്പ് പെൻഷനുകൾ ഉൾപ്പെടെ, കരാറുകാരുൾപ്പെടെയുള്ളവർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. അതുപോലെ കുടിവെള്ള പദ്ധതികളടക്കമുള്ള പദ്ധതികൾക്ക് മുന്തിയ പരിഗണന കൊടുക്കണമെന്നും ആ രംഗത്ത് കുറേക്കൂടി ചലനാത്മകമായ നിലപാട് സ്വീകരിക്കണമെന്നുംമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 13 മുതൽ 22 വരെയുള്ള ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലുകൾ പാസ്സാക്കുന്നതോടുകൂടി ഈ സാമ്പത്തിക വർഷത്തെ നമ്മുടെ financial business അവസാനിക്കുകയാണ്. മൂന്നുകൊല്ല ക്കാലംകൊണ്ട് സാമ്പത്തികമായി ഭദ്രതനേടാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. 2001-ലെ തെരഞ്ഞെടുപ്പുകഴിഞ്ഞ് ഞങ്ങൾ അധികാരത്തിൽ വരുമ്പോഴുള്ള ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെപ്പറ്റി ഇവിടെ പറയുകയു ണ്ടായി. സാമ്പത്തിക നില മാത്രമല്ല, നിയമവാഴ്ചയും തകർന്ന ഒരവസ്ഥയിൽനിന്നും കേരളത്തെ മോചിപ്പിച്ച് ഭദ്രമായ സാമ്പത്തിക നില കൈവരിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ കർശനമായ സാമ്പത്തിക നടപടികളെടുത്താണ് ഗവൺമെന്റ് ഈ ഭദ്രത കൈവരിച്ചത്. ജീവനക്കാരുടെ ആനുകൂല്യം വെട്ടിക്കുറച്ചു, പക്ഷേ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ മിക്കവാറുമെല്ലാം മടക്കിക്കൊടുക്കാൻ സാധിച്ചു. മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ഇന്ന് we have brought the economy back on the rails. ഇന്ന് നമ്മളൊരു take off stage-ലാണ്. സാമ്പത്തികമായി തകർന്ന ഒരവസ്ഥയിൽ നിന്നും മാറി സാമ്പത്തിക ഭദ്രതയുണ്ടായ കേരളം ഇന്ന് പുരോഗതിയുടെ ഒരു take off stage -ലാണ്. പക്ഷേ ഈ പ്രതിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ചെയ്യുന്നത്? അതെല്ലാം തല്ലിത്തകർക്കാൻ ശ്രമിക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതി, നിയമവാഴ്ച, ജനങ്ങളുടെ സ്വൈരജീവിതം ഇതിനെയെല്ലാം തകർക്കാൻ ബോധപൂർവ്വമായ ശ്രമങ്ങളാണ് നടത്തുന്നത്. വീണുകിട്ടുന്ന ഏതു വടിയും ഉപയോഗിച്ച് അവർക്ക് ഗവൺമെന്റിനെ തല്ലണം. കഴിഞ്ഞ ദിവസം ഈ സഭയിൽ സംസാരിക്കുമ്പോൾ മുഖ്യമന്ത്രി രണ്ടുകാര്യങ്ങൾ പറഞ്ഞു, ബഹളത്തിനിടയിൽ അത് ശ്രദ്ധിക്കപ്പെട്ടില്ല. ഒന്ന്, the alarming state of increase, c-v The number of persons committing suicide. ഇന്ന് ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്ന ആളുകളുടെ എണ്ണത്തിൽ കേരളമാണ് മുൻപന്തിയിൽ പോകുന്നത്. ഇതിനെ രാഷ്ട്രീയ പ്രചരണത്തിനുള്ള ആയുധമായി കാണാതെ നമ്മൾ രക്ഷിക്കണം. എന്തുകൊണ്ട് ഈ സാഹചര്യമുണ്ടായി? യു.ഡി.എഫ്. ഭരണത്തിൽ വന്നതുകൊണ്ടാണോ? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായതുകൊണ്ടാണോ? അങ്ങനെയാണെങ്കിൽ ആത്മഹത്യ ചെയ്യേണ്ടിയിരുന്നത് നിരാശ ബാധിച്ച അപ്പുറത്തുള്ളവരായിരുന്നു. ഇവിടെ എന്തുകൊണ്ട് ഈ ആത്മഹത്യയുണ്ടാകുന്നു? നമ്മുടെ ജീവിതരീതിയാകെ മാറിയിരിക്കുന്നു. ലോകത്തിനുതന്നെ മാതൃകയായ കേരളത്തിന്റെ കുടുംബ ബന്ധങ്ങളിലെ social tension, mental tension എന്നിവ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനുപുറമെ വരുമാനമറിയാത്ത ധാരാളിത്തം, വരുമാനമറിയാത്ത ചെലവ്, എല്ലാ ബാങ്കുകളിൽ നിന്നും കിട്ടുന്ന എല്ലാ സ്ഥലങ്ങളിൽ നിന്നും കടം വാങ്ങി ചെലവഴിക്കാനുള്ള ഒരു tendency ഉണ്ടാകുന്നു. ആരോഗ്യവകുപ്പ് ആത്മഹത്യകളെക്കുറിച്ച് അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു, അന്വേഷിക്കണം. ആത്മഹത്യ ചെയ്ത ആളുകളുടെ ഒരു case study നടത്തണം. എന്താണ് കാരണം, എന്തുകൊണ്ട് ആത്മഹത്യ ചെയ്യുന്നു, ഇക്കാര്യം അന്വേഷിച്ച് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കണം. നമ്മുടെ consumerism, നമ്മളിന്ന് എവിടെ ചെന്നെത്തി? ഇന്ത്യയിൽ ഏറ്റവും കൂടുതൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണെന്ന് ഇന്നുരാവിലെ ഈ സഭയിൽ പറഞ്ഞു. മൊബൈൽ ഫോണിന്റെ ഉപയോഗം ഇവിടെ ഒരു മില്യൺ മാർക്ക് കഴിഞ്ഞു. അതിനുള്ള സാമ്പത്തികശേഷി കേരളത്തിലുണ്ടോ? മലയാള മനോരമയിൽ കഴിഞ്ഞ ദിവസം അശ്വതി തിരുനാൾ ഗൗരിലക്ഷ്മീഭായി തമ്പുരാട്ടിയുടെ ഒരു ലേഖനമുണ്ടായിരുന്നു. ഇവിടുത്തെ ആത്മഹത്യയെ സംബന്ധിച്ച് മാധ്യമങ്ങളോടാണ് അവർ പറയുന്നത്. അതിലെ രണ്ടുവാക്ക് ഞാൻ വായിക്കാം. "അരുതേ അരുതേ, ഞാൻ അപേക്ഷിക്കുകയാണ്, മാധ്യമങ്ങൾ പകർത്തിവയ്ക്കുന്ന ദുരന്ത ദൃശ്യങ്ങൾ എല്ലാ സീമകളും ലംഘിച്ചുകൊണ്ടിരിക്കുന്നു. മനസ്സിനെ നടുക്കുകയും മരവിപ്പിക്കുകയും ചെയ്യുന്ന ദൃശ്യങ്ങളായി മാറിയിരിക്കുന്നു. ആ നടുക്കം എത്ര ദിവസം നീളുമെന്ന് അറിയില്ല. മുമ്പൊക്കെ പത്രങ്ങൾ ഇക്കാര്യത്തിൽ സംയമനം കാട്ടിയിരുന്നു, ഇപ്പോൾ ആർക്കും ഒരു സങ്കോചവുമില്ല." ഇന്ന് ആത്മഹത്യയാണെങ്കിലും കൊലപാതകമാണെങ്കിലും exclusive item-നുവേണ്ടിയുള്ള മൽസരത്തിനിടയിൽ ഞെരിഞ്ഞമരുന്നത് കേരളത്തിലെ ജനങ്ങളുടെ മനസാക്ഷിയാണ്. ആ തരത്തിലുള്ള ഒരു സാഹചര്യം, വാർത്താമാധ്യമങ്ങളുടെ അമിതമായ പ്രചരണം, അത് ഗുണകരമാണോ? കേരളത്തിൽ ഇന്ന് നാലോ അഞ്ചോ ചാനലുകളുണ്ട്, ആ ചാനലുകളുടെ മൽസരത്തിനിടയിൽ ഇന്ന് കാണിക്കുന്ന ദൃശ്യങ്ങൾ നമ്മുടെയെല്ലാം മനസ്സിനെ മദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു മുഖ്യമന്ത്രിയോടും ഇൻഫർമേഷൻ വകുപ്പുമന്ത്രിയോടും അപേക്ഷിക്കാനുള്ളത്, ദയവായി ചാനലുകളുടെ ബന്ധപ്പെട്ട ആളുകളുടെയും പത്രാധിപന്മാരുടെയും യോഗം വിളിച്ചു കൂട്ടി അവരുമായി സംസാരിക്കണ മെന്നാണ്. റിപ്പോർട്ടിംഗിന് ഒരു code of conduct ഉണ്ടാക്കണം. അല്ലാതെ പോയാൽ നമ്മുടെ കേരളം എങ്ങോട്ടാണ് പോകുക? ഇവിടെ മറ്റൊരു കാര്യം പറഞ്ഞു, Economic Times-ലെ വാർത്തയാണ്. Kerala hits a new height in liquor consumption. Then it was bottoms up at the end of 2003-04. The total consumption of liquor was 10.6 million cases of Indian Made Foreign Liquor. That translates into 12.72 crore bottles of 750 ml. each for a population of 3.18 crore or 4 full bottles of IMFL for every man, woman and child in the State during the year. For extra frisk if any was needed the consumption of beer also touch an all-time height of 3.95 million cases, giving the State additional claim. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്നാണ് നമ്മൾ പറയുന്നത്. Gods Own Country കേരളം ഇന്നു മദ്യപാനികളുടെ നാടായി മാറിക്കൊണ്ടിരിക്കുകയാണ്. ഏതായാലും ഈ alarming increase, ഈ ഭയാനകമായ വർദ്ധവ്, അതു കണ്ടില്ലെന്നു നടിക്കാനാവില്ല. എന്റെ മണ്ഡലത്തിൽ രണ്ടു ബിവറേജസ് കോർപ്പറേഷൻ ഡിപ്പോകളുണ്ട്. അതിന്റെ കളക്ഷൻ ഒരു ദിവസം ഒരു ലക്ഷം രൂപയാണ്. ഇന്നു നാട്ടിൻപുറത്തു പോയാൽ അവിടെയുള്ള ആളുകളുടെ പൊതുവായ ആവശ്യമെന്താണെന്നറിയാമോ? തങ്ങളുടെ പഞ്ചായത്തിൽ ഒരു ബിവറേജസ് കോർപ്പറേഷൻ ഡിപ്പോ വേണമെന്നാണ്. റേഷൻകടയോ പോസ്റ്റോഫീസോ അവർക്കു വേണ്ട. അവർക്കാവശ്യം ബിവറേജസ് കോർപ്പറേഷൻ ഡിപ്പോയാണ്. ഇതു സാംസ്ക്കാരിക കേരളത്തിനു ഗുണകരമാണോ? ഈ സഭയിൽ കഴിഞ്ഞ വെള്ളിയാഴ്ച മുതലുണ്ടായ സംഘർഷങ്ങൾ, സഭയ്ക്കു പുറത്തെ കലാപങ്ങൾ, അന്നു ഈ സഭയിൽ അടിയന്തിര പ്രമേയം ഉന്നയിക്കപ്പെട്ടു. മുഖ്യമന്ത്രി അവരുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് ജുഡീഷ്യൽ അന്വേഷണ ത്തിനുത്തരവിട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞങ്ങൾ കണ്ടതാണ്. ജുഡീഷ്യൽ അന്വേഷണത്തിനുത്തരവിട്ടപ്പോൾ അദ്ദേഹത്തിന് മറ്റൊന്നും പറയാനുണ്ടായിരുന്നില്ല. സംതൃപ്തനായി അദ്ദേഹവും അവിടെ ഇരിക്കുന്ന മറ്റംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു. പക്ഷേ അവർ നിരാശരായിരുന്നു. വാക്കൗട്ടു നടത്തി, പുറത്തു പോയി, സമരത്തിൽ പങ്കെടുക്കാനാണ് അവർ ആഗ്രഹിച്ചിരുന്നത്. അതു നടന്നില്ല. പക്ഷേ അതിനുശേഷം അവരുടെ നിലപാട് മാറിയില്ലേ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾ വളച്ചൊടിച്ചുകൊണ്ടു പ്രചരണം നടത്തുന്ന നിങ്ങൾ ഗീബൽസിനെപ്പോലും വെല്ലുവിളിക്കുകയാണ്, മറികടക്കുകയാണ്. ബഹുമാന്യയായ പി. കെ. ശ്രീമതിടീച്ചർ പോലും പറഞ്ഞതെന്താണെന്നു ഞാൻ കേട്ടതാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് എന്തോ വേണ്ടാത്തതു പറഞ്ഞുവെന്നു പറഞ്ഞു. ഞാൻ ശ്രീമതിടീച്ചറെ അടക്കം വെല്ലുവിളിക്കുന്നു, നിങ്ങൾക്ക് ധൈര്യമുണ്ടോ? ശ്രീ. ആര്യാടൻ മുഹമ്മദ് ഈ നിയമസഭയിൽ പറഞ്ഞ കാര്യങ്ങൾ സഭാരേഖയിലുണ്ട്. അതു ടേപ്പു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ രേഖ നിങ്ങൾ പരിശോധിക്കണം. ആ രേഖ പരിശോധിച്ച് അദ്ദേഹം പറഞ്ഞതു ശരിയല്ലെങ്കിൽ ശ്രീമതി പി.കെ. ശ്രീമതിടീച്ചറും മാർക്സിസ്റ്റു പാർട്ടിയും ശ്രീ. ആര്യാടൻ മുഹമ്മദിനോട് മാപ്പു പറയുമോ? ഇവിടെ ഇവർ ഗീബൽസിന്റെ തന്ത്രം ആവർത്തിക്കുകയാണ്. അപവാദ പ്രചരണത്തിലൂടെ നിങ്ങൾക്കാവശ്യം രാഷ്ട്രീയ സമരത്തിനുള്ള മുദ്രാവാക്യമാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ, ആത്മഹത്യ ചെയ്ത ഒരു പെൺകുട്ടിയുടെ കന്യകാത്വം പരിശോധിക്കാൻ ആരാണ് നിർദ്ദേശം നൽകിയത്?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ മനസ്സിലാക്കുന്നത് ഒരു ആത്മഹത്യയുണ്ടായാൽ, അതു സ്ത്രീകളാണെങ്കിൽ തീർച്ചയായും ഇത്തരത്തിലുള്ള ടെസ്റ്റുകൾ നടത്തുമെന്നാണ്.....(ബഹളം).....

മി. സ്പീക്കർ: പോസ്റ്റുമോർട്ടം നടത്തുമ്പോൾ എല്ലാ ടെസ്റ്റുകളും നടത്തും. അതറിഞ്ഞുകൂടെങ്കിൽ പുസ്തകമെടുത്തു വായിച്ചു നോക്കണം. ആരും പോസ്റ്റുമോർട്ടത്തിൽ ഇന്ന ടെസ്റ്റു നടത്തണമെന്നു പറയാറില്ല. അങ്ങനെ ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതന്വേഷിക്കാം. Juris Prudent എടുത്തു നോക്കണം. You are a lawyer. You read medical Juris Prudent.....(ബഹളം).....

ശ്രീ. കെ. സി. ജോസഫ്: തിങ്കളാഴ്ച മുഖ്യമന്ത്രി പറഞ്ഞു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന്. പക്ഷേ നിങ്ങൾ അതു മറന്നു. നിങ്ങൾക്കു ശ്രീ. നാലകത്തു സൂപ്പി രാജിവയ്ക്കണം, ശ്രീ. എം.എ. കുട്ടപ്പൻ രാജി വയ്ക്കണം. നിങ്ങൾക്കാവശ്യം മുദ്രാവാക്യമാണ്. സമരം ചെയ്യാൻ കാരണം കണ്ടെത്തണം. കഴിഞ്ഞ നാലു ദിവസമായി കേരളമാകെ കത്തിയെരിയുകയാണ്. "പോത്തിനോടു വേദമോതിയിട്ടു" കാര്യമില്ലെന്നറിയാം. ഇവർ നന്നാകാൻ പോകുന്നില്ല. ഇക്കാര്യത്തിൽ കർശനമായ തീരുമാനങ്ങളും നടപടികളും ഉണ്ടാകണം. നിയമവാഴ്ചയെ ആരു വെല്ലുവിളിച്ചാലും അതു നേരിടാനുള്ള ധൈര്യം ഗവൺമെന്റിനുണ്ടാകണം. നൂറു സീറ്റിലും യു. ഡി. എഫ്.-നെ വിജയിപ്പിച്ച ജനങ്ങൾ ആഗ്രഹിക്കുന്നത് നിയമവാഴ്ചയാണ്, നിയമ സമാധാനമാണ്, സൈര ജീവിതമാണ്. അതിനെ തകർക്കുവാൻ ആരേയും അനുവദിക്കാൻ പാടില്ല. രാഷ്ട്രീയമായ കാരണങ്ങളാൽ ലോകസഭാ തെരഞ്ഞെടുപ്പിൽ കുറച്ചു സീറ്റു കിട്ടിയ അഹങ്കാരത്തിലാണിവർ. അങ്ങനെയുണ്ടായാൽ തീർച്ചയായും അതിനെ നേരിടാനുള്ള ധൈര്യം ഗവൺമെന്റിനുണ്ടാകണം. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്.

ശ്രീ. ടി.കെ. ബാലൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. ഒരു മാസത്തിനു മുമ്പ് ആരംഭിച്ച ഈ സഭ ഇന്നു അവസാനിക്കുകയാണ്. ഞങ്ങളെല്ലാവരും ഈ സഭയിലേയ്ക്കു ഒരു മാസത്തിനുമുമ്പ് കടന്നു വരുമ്പോൾ, അങ്ങയുടെ നേരെ മുകളിലുള്ള മഹാത്മാഗാന്ധിയുടെ ഫോട്ടോയിൽ മഹാത്മാഗാന്ധി പുഞ്ചിരിക്കുകയായിരുന്നു. ഒരു മാസം കഴിഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ പോകുമ്പോൾ അദ്ദേഹത്തിന്റെ മുഖത്തിന് വല്ലാത്ത മ്ലാനത. എങ്ങനെ അദ്ദേഹത്തിനു ദു:ഖമുണ്ടാകാതിരിക്കും? . . . .(ബഹളം). . . . .പറയാൻ പോകുന്ന കാര്യങ്ങൾ നിങ്ങളെ നോവിക്കുമെന്ന് എനിക്കറിയാം. മഹാത്മാഗാന്ധി ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത് അവശ ജനവിഭാഗങ്ങളെ ആയിരുന്നു, ഹരിജനങ്ങളെ ആയിരുന്നു. നമ്മൾ ഇന്നിവിടെ നിന്നും പിരിയുമ്പോൾ ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കുന്ന, ആ രജനിസംഭവം കൊണ്ട് എന്താണ് സൂചിപ്പിക്കുന്നത്? രജനി സംഭവത്തെക്കുറിച്ച് നിങ്ങൾ പറയുന്നതെല്ലാം മനസ്സിലാക്കാം. പക്ഷേ ഈ നിയമസഭയിലെ പരിണതപ്രജ്ഞനെന്നു ഞാൻ പലപ്പോഴും പറയാറുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് ഇതു സംബന്ധിച്ച് പറഞ്ഞതൊന്നും തന്നെ ഞാനിവിടെ ആവർത്തിക്കുന്നില്ല. അദ്ദേഹം പരിഹാസത്തോടുകൂടി, നീട്ടി വലിച്ചു കൊണ്ട്, "എവിടെ പോയി ഈ രണ്ട് ദിവസം."എന്നു പറഞ്ഞ് മരിച്ച ആ പാവപ്പെട്ട പെൺകുട്ടിയുടെ ശവശരീരത്തിനുമേൽ ആരോപണം ഉന്നയിക്കുകയാണുണ്ടായത്. ഇതെല്ലാം കണ്ടാൽ എങ്ങനെ മഹാത്മാഗാന്ധി മ്ലാനവദനനാകാതിരിക്കും? നിങ്ങൾക്ക് മഹാത്മാഗാന്ധിയെ വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ മാപ്പ് പറയണം.

1.10 p.m.] ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മാപ്പ് പറയണം. അല്ലെങ്കിൽ മഹാത്മാഗാന്ധിയുടെ പാരമ്പര്യം അവകാശപ്പെടുന്ന കോൺഗ്രസിൽ നിന്ന് അദ്ദേഹത്തെ പുറത്താക്കണം. അദ്ദേഹം പറഞ്ഞ കേരളകൗമുദി പത്രം ഞാൻ വായിച്ചതാണ്. അത് വായിച്ചിട്ട് ഈ കുട്ടി രണ്ട് ദിവസം വീട്ടിലില്ലായിരുന്നുവെന്ന് പറഞ്ഞാൽ തന്റെ മനസ്സിലെ ആ പാവപ്പെട്ട കുട്ടിയെപ്പറ്റിയുള്ള പരിഹാസ്യമായിട്ടുള്ള ആരോപണത്തിന്റെ ഉപോത്ബലകമായിട്ടല്ലേ കേരളകൗമുദി പത്രം കൊണ്ടുവന്നത്. എനിക്ക് അദ്ധ്യക്ഷനോട് പറയുവാനുള്ളത് അങ്ങ് മിസ്റ്റർ ആര്യാടൻ പ്രസംഗിച്ചിട്ടുള്ള ടേപ്പ് റീ-പ്ളേ ചെയ്ത് നമ്മളെ കേൾപ്പിക്കണം.

മി. സ്പീക്കർ : ആരുവന്നാലും ഞാൻ കേൾപ്പിക്കാം.

ശ്രീ. ടി. കെ. ബാലൻ : അങ്ങ് ആ സൗജന്യം ചെയ്തുതരണമെന്ന് പറയുകയാണ്. മറ്റൊരു കാര്യം പറയുവാനുള്ളത് ഈ ഒരുമാസത്തിനിടയിൽ ഇവിടെ എന്തെല്ലാം അഴിമതികളെക്കുറിച്ച് നമ്മൾ കേട്ടു. വിദ്യാർത്ഥി പ്രശ്നത്തെക്കുറിച്ച് കേട്ടു, കർഷകരുടെ ആത്മഹത്യയെക്കുറിച്ച് കേട്ടു. എല്ലാത്തിനും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പാക്കേജ്. കൃഷിക്കാരുടെ ആത്മഹത്യക്ക് പാക്കേജ്, വിദ്യാർത്ഥി പ്രശ്നത്തിന് പാക്കേജ്, പരമ്പരാഗത വ്യവസായത്തിന് പാക്കേജ്. അങ്ങനെ ഒരു പാക്കേജ് ഭരണമായി ഈ ഭരണം അധ:പതിച്ചിരിക്കുകയല്ലേ? ഇവിടെ റവന്യൂ വർദ്ധിപ്പിക്കലിനെക്കുറിച്ച് ശ്രീ. കെ.എം. മാണി ആവേശകരമായി രണ്ടു മൂന്നു തവണ മറുപടി പറഞ്ഞു കഴിഞ്ഞു. ഏറ്റവും ഒടുവിലായി ശ്രീ. വി.എസ്. അച്ചുതാനന്ദനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ചില ആരോപണങ്ങൾ ബഹുമാനപ്പെട്ട മാണിക്കെതിരെ പറഞ്ഞു. അത് അദ്ദേഹം ഇന്നലെ ഹാജരാക്കി. ഞാനും അതു വായിച്ചു. ആ ക്യാബിനറ്റ് നോട്ടിൽ ഉപനേതാവായിട്ടുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടുവന്നിട്ടുള്ള ഒരാരോപണം നിങ്ങളുടെ ഫിനാൻസ് വകുപ്പും നിങ്ങളുടെ ലാ ഡിപ്പാർട്ടുമെന്റും വലിയ തോതിൽ ഭിന്ന അഭിപ്രായം എഴുതിയിരിക്കുന്നു. അതിനെപ്പറ്റിയൊന്നും ഇതിൽ കാണുന്നില്ലല്ലോ? നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നയുടനെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഈ വൈറ്റ് പേപ്പർ. ആ വൈറ്റ് പേപ്പറിൽ Additional Resource Mobilization-ൽ അഞ്ചാമത്തെ ഐറ്റം ഞാൻ വായിക്കാം. Renewal of Government lands on lease at enhanced rate. ബഹുമാനപ്പെട്ട കെ.എം. മാണി enhanced rate എന്നുപറഞ്ഞാൽ എന്താണെന്ന് അങ്ങ് എനിക്കൊന്ന് പറഞ്ഞു തരണം. ഇക്കാര്യത്തിൽ ഇത്രമാത്രം അനുഭവസമ്പന്നനല്ലേ. ..reflecting true market value. യഥാർത്ഥ മാർക്കറ്റ് വാല്യു പ്രതിഫലിപ്പിക്കത്തക്ക വിധത്തിൽ വർദ്ധിപ്പിക്കണം. അടുത്തത് Sale of Government lands below 2 hectares that are on long lease 60 to 99 years in legal possession at enhanced rate reflecting true market-value. എന്നിട്ട് പ്രതീക്ഷിക്കുന്നത് 175 കോടി രൂപയല്ലേ?. നിങ്ങൾ വൈറ്റ് പേപ്പർ അച്ചടിച്ച കാശിന്റെ വിലയുണ്ടോ? എവിടെപ്പോയി നിങ്ങളുടെ 175 കോടി രൂപയുടെ അഡീഷണൽ റിസോഴ്സസ്? 188 കോടി രൂപ നിങ്ങൾ നഷ്ടമാക്കുകയല്ലേ ചെയ്തത്. ഞാൻ അതിലെ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ടാക്സിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇപ്പോൾ വലിയ വലിയ ആശുപത്രികളിൽ നിന്ന് ടാക്സ് ഒഴിവാക്കികൊടുക്കുവാൻ വേണ്ടിയുള്ള സമ്മർദ്ദം വരികയാണ്. വിമാനത്തിൽ നിന്ന് നേരെ ഇന്റൻസീവ് കെയർ യൂണിറ്റിലേയ്ക്ക് കാലുകുത്താവുന്ന ആശുപത്രികളായ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ നിന്നൊക്കെ സമ്മർദ്ദം വരികയാണ്. നമ്മുടെ കേരളത്തിൽ കോടിക്കണക്കിന് രൂപയുടെ മരുന്നുവിൽപ്പന നടത്തുന്നുണ്ട്. PRS Hospital Vs. State of Kerala-യുടെ വ്യക്തമായിട്ടുള്ള വിധി വന്നു. ഇത് വാണിജ്യസംരംഭമാണെന്നു പറഞ്ഞ് വ്യക്തമായിട്ടുള്ള വിധി വന്നു. പക്ഷെ ടാക്സേഷൻ ലിസ്റ്റിൽ ഇവരെ കൊണ്ടുവന്നിട്ടില്ല. ഒരു ഇടത്തരം ആശുപ്രതിയിലാണെങ്കിൽ ഒരു ഡോക്ടർ പരിശോധിച്ച് മരുന്നുകൾ നൽകിയാൽ അതൊരു ആതുരസേവനമാണ്. പക്ഷെ നമ്മുടെ മൾട്ടി ഹോസ്പിറ്റലുകളുടെ സ്ഥിതി എന്താണ്? രജിസ്ട്രേഷൻ പോലും എടുക്കുന്നതിന് അവർ റെസ്സിസ്റ്റ് ചെയ്യുകയാണ്. രാഷ്ട്രീയമായ ഇച്ഛാശക്തി വേണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സെയിൽസ് ടാക്സിന്റെ പരിധിയിൽ ഇവരെ കൊണ്ടുവരണം. കേരളത്തിൽ ഒരു കൊല്ലം 20,000 കോടി രൂപയുടെ മരുന്നാണ് ചെലവാകുന്നത്. രണ്ട് ശതമാനം നികുതിയാണ് ഇതിൽ നിന്നും വസൂലാക്കേണ്ടതെങ്കിൽ 1840 കോടി രൂപ സർക്കാരിന് ലഭിക്കണം. ഞാൻ ധനകാര്യവകുപ്പുമന്ത്രിയോട് ചോദിക്കുകയാണ് 100 കോടി രൂപ ഈ മരുന്ന് സ്ഥാപനങ്ങളിൽ നിന്ന് നിങ്ങൾക്ക് കിട്ടുന്നുണ്ടോ? കഴിഞ്ഞ ദിവസങ്ങളിൽ ഒരുപാട് ആരോപണങ്ങൾ വന്നു. യഥാർത്ഥത്തിൽ എല്ലാം തടിതപ്പലല്ലേ ഉണ്ടായിട്ടുള്ളത്? ആശുപത്രി മേഖലയിൽ, ഇലക്ട്രിസിറ്റി മേഖലയിൽ. എല്ലാ മേഖലകളിലും. നമ്മുടെ വീഗാലാന്റ് പോലും 9 കോടി രൂപ കേരളാ ഗവൺമെന്റിന് അടച്ചുതീർക്കാനുണ്ട്. അതുപോലെതന്നെ റെയിൽവേയുടെ തട്ടിപ്പ്. അത് ഞാൻ പറയാതിരിക്കുകയാണ് ഭേദം. റെയിൽവേയിൽ ഇപ്പോൾ ഒരൊറ്റ ഉദ്യോഗസ്ഥനും അവിടെപ്പോയി പരിശോധിക്കാനുള്ള അധികാരമില്ല. Geographical territory..... കേരളത്തിലേതൊരു സ്ഥാപനമുണ്ടോ അവിടെ സെയിൽസ് ടാക്സ് ആക്റ്റ് ബാധകമാണ്. പക്ഷെ ഇന്ന് റെയിൽവേ അധികൃതരും സ്റ്റേഷൻ മാസ്റ്റർമാരുമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

യോജിച്ചുകൊണ്ട് അതിലൂടെ വിശേഷിച്ചും നല്ല നാളുകളിൽ, ഫെസ്റ്റിവൽ സീസണിൽ റെഡിമെയ്ഡ് സാധനങ്ങളും മറ്റുപലതും കള്ളക്കടത്ത് നടത്തുന്നു. 500 കോടി രൂപയെങ്കിലും റെയിൽവേ വഴിയുള്ള തട്ടിപ്പുണ്ട്. അവിടെ ഒരു സെയിൽസ് ടാക്സ് ഓഫീസർക്ക് ഒരു ബുക്ക് പരിശോധിക്കാൻ 300 രൂപയടയ്ക്കണമെന്നാണ് റെയിൽവേക്കാർ പറയുന്നത്. രണ്ട് റെയിൽവേ സ്റ്റേഷൻ മാസ്റ്റർമാരുടെ പേരിൽ ഹൈക്കോടതിയിൽ ഇപ്പോഴും കേസുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത് നമ്മുടെ നിയമ വകുപ്പ് ഇതൊന്നും ശ്രദ്ധിക്കുന്നില്ല, നമ്മുടെ അഡ്വക്കേറ്റ് ജനറൽ ശ്രദ്ധിക്കുന്നില്ല. ഇതുസംബന്ധമായ ഫയൽപോലും അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ മുങ്ങിയിരുന്നു, ഇപ്പോൾ അടുത്ത കാലത്താണ് തിരിച്ചു കിട്ടിയത്. ഗവൺമെന്റ് ഒരുഭാഗത്ത് കാശില്ലെന്ന് പറയുകയും കടുക് പോകുന്നിടത്ത് അടയ്ക്കുകയും ആനപോകുന്നത് തുറന്നു കൊടുക്കുകയും ചെയ്യുന്ന നയം നിങ്ങൾ തിരുത്തണം. ഒരുമാസക്കാലമായി ഞങ്ങൾ ഇവിടെ ഇരുന്ന് മേലെ നോക്കുകയാണെങ്കിൽ നല്ല സുതാര്യമായി തോന്നും പക്ഷെ ഞങ്ങളുടെയൊക്കെ മനസ്സിൽ അങ്ങേയറ്റം ആശങ്കയും ഇരുട്ടുംകൊണ്ടാണ് ഈ സഭയിൽ നിന്നും പോകുന്നതെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ശക്തമായി എതിർക്കുന്നു.

X. വ്യക്തിപരമായ വിശദീകരണം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ തിങ്കളാഴ്ച ഈ സഭയിൽ നടത്തിയ പ്രസംഗത്തെക്കുറിച്ച് എന്നെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ചില പരാമർശങ്ങൾ മറുഭാഗത്തുനിന്നുണ്ടായി. ഞാൻ ഒരു കാര്യം പറയുന്നു എന്റെ പ്രസംഗം തുടങ്ങിയപ്പോൾ തന്നെ കുമാരി രജനിയുടെ മരണത്തിൽ ഞാൻ ആദരാഞ്ജലിയർപ്പിച്ചു. അത് ഏറ്റവും ദു:ഖകരമായ കാര്യമാണെന്ന് ഞാൻ ഇവിടെ പറഞ്ഞു. ഞാൻ ഒരിക്കലും ആ കുട്ടിയെ അപമാനിക്കാനോ ആ കുട്ടിക്ക് ചീത്തപ്പേരുണ്ടാക്കുവാനോ ഇടയാക്കുന്ന യാതൊരു പരാമർശവും നടത്തിയിട്ടില്ല. അങ്ങനെയൊരു ഉദ്ദേശവും എനിക്കില്ലായിരുന്നു. ഞാൻ പറഞ്ഞു വന്നത് ആ ഭാഗത്തുനിന്ന് പ്രസംഗിച്ച ആളുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം പ്രിൻസിപ്പാൾ ഈ കുട്ടിക്ക് ടി. സി കൊടുത്തില്ലെന്നും ഈ ഭാഗത്തുനിന്ന് പ്രസംഗിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രിൻസിപ്പാൾ ടി.സി കൊടുക്കണമെങ്കിൽ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ കൺസെന്റ് വേണമെന്നും പറഞ്ഞു. ഒരു പ്രധാനപ്പെട്ട പത്രം, എനിക്ക് ഒരിക്കലും അവിശ്വസിക്കേണ്ട ഒരു പത്രമല്ല. ദുരുദ്ദേശത്തോടുകൂടി ആ പത്രം എഴുതിയതാണെന്ന് ഒരിക്കലും ഞാൻ വിശ്വസിക്കുന്നില്ല. ആ പത്രത്തിൽ ചൊവ്വാഴ്ച വീട്ടിൽ നിന്നും പോന്ന കുട്ടിയുടെ മരണ വാർത്ത വ്യാഴാഴ്ചയാണ് അറിയുന്നതെന്ന് പറഞ്ഞു. ആ പത്രം ഒരു ദുരുദ്ദേശംവച്ചുകൊണ്ട് പറഞ്ഞതല്ല. അതേ സ്പിരിറ്റിലെടുത്തുകൊണ്ടാണ് ഞാനും പറഞ്ഞത്. ആ കുട്ടി ചൊവ്വാഴ്ച വീട്ടിൽ നിന്നുപോന്നു. ഞാൻ അത് പറഞ്ഞത് ശരിയാണ്. ഈ രണ്ട് പരാമർശങ്ങളും കൊണ്ട് ഉണ്ടാകുന്നത് ആ കുട്ടി പ്രിൻസിപ്പാളിന്റെ അടുത്തുപോയാൽ ഡയറക്ടറുടെ കൺസന്റ് വാങ്ങണമെന്ന് പറയും. ആ കുട്ടി ചൊവ്വാഴ്ച അവിടെ പോകാൻ സാദ്ധ്യതയുണ്ട്. ആ കുട്ടി അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പോയിട്ടുണ്ടെങ്കിൽ പ്രിൻസിപ്പാൾ ഡയറക്ടറുടെ അനുവാദം വേണമെന്നുപറഞ്ഞ് ആ കുട്ടിയെ ഇങ്ങോട്ടുതന്നെ മടക്കി അയയ്ക്കാം. ആ കുട്ടി അവിടെ താമസിച്ചു പഠിച്ചിരുന്നതുകൊണ്ട് എൻ. എസ്. എസ്. ഹോസ്റ്റലിലോ മറ്റോ താമസിക്കാനും സാദ്ധ്യതയുണ്ട്. അതുകഴിഞ്ഞ് ആ കുട്ടിയെ ഇങ്ങോട്ട് അയയ്ക്കുന്നു. ആ കുട്ടി വരാൻ സാദ്ധ്യതയുണ്ട്. അങ്ങനെ വന്നപ്പോൾ ഇവിടെനിന്ന് കിട്ടാതെ വന്നേക്കാം. അതുസംഭവിക്കാം. ഞാൻ പറഞ്ഞു, നിങ്ങൾ മരണ കാരണം പറയുന്നത് തെറ്റാണെന്നോ ശരിയാണെന്നോ ഞാൻ പറയില്ല. ധാരാളം തെറ്റിദ്ധാരണകളുണ്ടാക്കാൻ ബോധപൂർവ്വമായിട്ടുള്ള ശ്രമങ്ങൾ നടക്കുന്നതാണ്. ഞാൻ പറഞ്ഞത് ഈ കേസിന്റെ ഏറ്റവും വലിയ ടേണിംഗ് പോയിന്റാണ്. ഈ കേസിൽ ഒരന്വേഷണം നടത്തുകയാണെങ്കിൽ ഈ കേസിന്റെ വലിയൊരു ടേണിംഗ് പോയിന്റാണ് ഈ പറയുന്ന രണ്ടുദിവസം.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അദ്ദേഹം മാപ്പ് പറയണം.

മി. സ്പീക്കർ : അദ്ദേഹം ഒന്നും പറഞ്ഞില്ലല്ലോ പിന്നെന്തിന് മാപ്പ് പറയണം..What are.....sit down. Nothing..... Benoy Viswam, sit down.....creating unnecessary problems. You are always becoming an important man. Self appointed leader.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറഞ്ഞ പ്രസ്താവനയെ വളച്ചൊടിച്ച് ആ കുടുംബത്തിന് അപമാനമുണ്ടാക്കിയ അവിടുത്തെ ആളുകളാണ് മാപ്പ് പറയേണ്ടത്. അവരാണ് മാപ്പ് പറയേണ്ടത്. ഞാൻ ഒരിക്കലും ഉദ്ദേശിക്കാത്ത കാര്യം ആ കുട്ടിയുടെ കുടുംബത്തെപ്പറ്റി ഞാൻ പറഞ്ഞുവെന്ന് ദുർവ്യാഖ്യാനം ചെയ്ത് ആ കുട്ടിയുടെ വീട്ടുകാർക്ക് വല്ല പ്രയാസവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ ഞാൻ ഖേദിക്കുന്നു. (. . . . ബഹളം . . . .) ഞാൻ പറയുന്നു, അങ്ങ് ഒരു കമ്മിറ്റിയെ വയ്ക്കുമോ? എന്നിട്ട് എന്റെ പ്രസംഗത്തിന്റെ ടേപ്പ് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറിനെയൊന്ന് കേൾപ്പിക്കൂ. ഞാൻ തയ്യാറാണ്. (. . . . ബഹളം . . . .) ബഹുമാനപ്പെട്ട ടി.കെ. ബാലന്റെ വെല്ലുവിളി ഞാൻ ഏറ്റെടുക്കുന്നു. അദ്ദേഹം വളരെ തന്ത്രത്തിലും സൂത്രത്തിലും പറഞ്ഞ കാര്യം ഞാൻ ഏറ്റെടുക്കുന്നു. (. . . . ബഹളം . . . .) അങ്ങനെ ഏറ്റെടുത്ത് അന്വേഷിച്ചാൽ തെറ്റാണെങ്കിൽ ബഹുമാനപ്പെട്ട ടി.കെ. ബാലൻ മാപ്പ് പറയാൻ തയ്യാറുണ്ടോയെന്നാണ് എനിക്ക് അറിയേണ്ടത്. (. . . . ബഹളം . . . .)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആവശ്യമാണെങ്കിൽ ആ പ്രസംഗത്തിന്റെ ടേപ്പ് റി-പ്ളേ ചെയ്ത് കേൾപ്പിക്കാമെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു.

മി. സ്പീക്കർ: ആരു വന്നാലും കേൾപ്പിക്കാം. എന്റെ മേശപ്പുറത്ത് ഉണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് റി-പ്ളേ ചെയ്ത് കേൾപ്പിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കണം. അത് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?.

മി. സ്പീക്കർ: റി-പ്ളേ ചെയ്യേണ്ട കാര്യമില്ല. (. . . . ബഹളം . . . .) ബഹുമാനപ്പെട്ട കോടിയേരി വന്നാൽ അത് കേൾപ്പിച്ചുതരാം. ഇപ്പോൾ എന്റെ മേശപ്പുറത്ത് ഉണ്ട്. ആരു വന്നാലും കേൾപ്പിക്കാം. സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണകാര്യം (തുടർച്ച)

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകളും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-01, 2001-02 എന്നീ വർഷങ്ങളിലെ അധിക ചെലവിനുവേണ്ടിയുള്ള അധിക ധനാഭ്യർത്ഥനകളും ഈ സഭ ഇന്നലെ ചർച്ച ചെയ്ത് പാസ്സാക്കുകയുണ്ടായി. അതനുസരിച്ചുള്ള ധനവിനിയോഗ ബില്ലുകൾക്ക് സഭയുടെ അംഗീകാരം ആവശ്യമാണ്. ഉപധനാഭ്യർത്ഥനകൾ പ്രകാരം 559,79,23,000 രൂപയുടേയും മുകളിൽ പറഞ്ഞിരിക്കുന്ന ഒൻപത് വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകൾ പ്രകാരം മൊത്തം 1724,91,10,564 രൂപയുടേയും ധനവിനിയോഗ ബില്ലുകൾക്കാണ് ഈ സഭയുടെ അംഗീകാരം തേടുന്നത്. ഉപധനാഭ്യർത്ഥനകൾ കൂടി കണക്കിലെടുക്കുമ്പോൾ ഈ വർഷത്തെ മൊത്തം ചെലവ് 26,473.37 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. വകുപ്പുകൾ ചെലവാക്കിയ അധിക തുക

1989-90-ൽ	—	5.49 കോടി രൂപ
1991-92-ൽ	—	448.89 കോടി രൂപ
1993-94-ൽ	—	794.59 കോടി രൂപ
1994-95-ൽ	—	284.59 കോടി രൂപ
1996-97-ൽ	—	36.56 കോടി രൂപ
1998-99-ൽ	—	2066.31 കോടി രൂപ
1999-2000-ൽ	—	47,243.92 കോടി രൂപ
2000-2001-ൽ	—	26,389 കോടി രൂപ
2001-2002-ൽ	—	95,221.27 കോടി രൂപ എന്നിങ്ങനെയാണ്.
ആകെ	—	1724,91,10,564 കോടിരൂപ.

ഈ അധിക ചെലവുകൾ ക്രമീകരിക്കാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള എക്സസ് ഗ്രാന്റ് സഭ നേരത്തെ പാസ്സാക്കിയിട്ടുണ്ട്. ഉപധനാഭ്യർത്ഥനകൾക്കും അധിക ധനാഭ്യർത്ഥനകൾക്കുംവേണ്ടിയുള്ള ധനവിനിയോഗ ബില്ലുകൾ സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-05 ഒറിജിനൽ റവന്യൂ ചെലവ് 19,136.97 കോടി രൂപ, മൂലധന ചെലവ് 6776.61 കോടിരൂപ, ആകെ 25,913.58 കോടി രൂപ, ഉപധനാഭ്യർത്ഥനകൾ റവന്യൂ ചെലവ് 317.95 കോടിരൂപ, മൂലധന ചെലവ് 241.84 കോടിരൂപ, ആകെ 559 കോടി രൂപ.

ശ്രീ. ടി. എൻ. പ്രതാപൻ: വളരെ ഗൗരവമായ കാര്യമാണ്. കോഴിക്കോട് ഐ.ജി. ആഫീസ് മാർച്ച് കഴിഞ്ഞ് എസ്.എഫ്.ഐ.ക്കാർ കോഴിക്കോട് മലയാള മനോരമയുടെ ഓഫീസും തൊട്ടടുത്തുള്ള ക്രിസ്റ്റൽ ചർച്ചും തല്ലി തകർത്തിരിക്കുകയാണ്. കോഴിക്കോട് മലയാള മനോരമ ആഫീസ് തല്ലിത്തകർത്തിരിക്കുന്നു. ഐ.ജി. ആഫീസ് മാർച്ച് കഴിഞ്ഞ് മടങ്ങിവരുന്ന എസ്. എഫ്. ഐ.ക്കാർ അല്പ നിമിഷങ്ങൾക്കുമുമ്പ് ഉണ്ടാക്കിയ അതീവ ഗുരുതരമായ സ്ഥിതി വിശേഷം ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ചൂണ്ടിക്കാണിക്കണം. അതീവ ഗുരുതരമാണ് കോഴിക്കോട്ടെ സ്ഥിതി. (. . . . ബഹളം . . . .)

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Mr. Prathapan, you resume your seat. അവർക്കുതന്നെ ഇത് തീരുന്നതിനുമുമ്പ് ബഹളം ഉണ്ടാക്കണം. അതിനുള്ള സാഹചര്യം നിങ്ങൾതന്നെ ഉണ്ടാക്കിക്കൊടുക്കുകയാണോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുമ്പോൾ ഇക്കൊല്ലത്തെ ബഡ്ജറ്റ് പാസ്സാക്കുന്നതോടുകൂടിയുള്ള അവസാന ദിവസമാണ് ഇന്ന്. ഈ നിയമസഭയിൽ ഈ സെഷൻ ആരംഭിച്ചതിനുശേഷം പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഓരോ ഡിമാന്റ്സും ഈ നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ വളരെ നിർമ്മാണാത്മകവും സംഹാരാത്മകവുമായ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യുമ്പോൾ അടിസ്ഥാനപരമായി ചില കാര്യങ്ങൾ വിലയിരുത്തേണ്ടതായിട്ടുണ്ട്. 1957-നുശേഷം ഇങ്ങോട്ട് ഇന്നുവരെ കേരളത്തിൽ മുഖ്യമന്ത്രിമാരും ധനകാര്യവകുപ്പുമന്ത്രിമാരും ഉണ്ടായിട്ടുണ്ട്. അടിസ്ഥാനപരമായ കാര്യമെന്നു പറയുന്നത്, സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ടി.കെ. ബാലൻ ഇവിടെ പ്രസംഗിച്ചപ്പോൾ വൈറ്റ് പേപ്പറിനെക്കുറിച്ചും അതിന്റെ വശങ്ങളെക്കുറിച്ചുമൊക്കെ ഇവിടെ സംസാരിക്കുകയുണ്ടായി. ഒരു ഗവൺമെന്റ് സാമ്പത്തിക കാര്യങ്ങൾ ചെയ്യുമ്പോൾ വരവിലധികം ചെലവ് ചെയ്യരുത്, വരുമെന്ന് വിചാരിച്ച് ചെലവ് ചെയ്യരുത്, വകമാറി ചെലവു ചെയ്യരുത്. ഇതൊരു അടിസ്ഥാനപരമായ തത്വമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്ന് മൂന്നര വർഷക്കാലത്തിനുള്ളിൽ ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ കൂടി നിഷ്പക്ഷമായി വിലയിരുത്തണമെന്നുള്ളതാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഈ വർഷംതന്നെ കാർഷിക രംഗം, വ്യാവസായിക രംഗം, വിദ്യാഭ്യാസ രംഗം തുടങ്ങി എല്ലാ രംഗത്തും കൂടുതൽ ചെലവ് വന്നിട്ടുണ്ട്. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ ചെലവ് വന്നിട്ടുണ്ട്. 2001-02, 2002-03, 2003-04 കാലയളവിൽ പ്ളാൻ എന്നു പറയുന്നത് 60%, 62% ചെലവാക്കിയിരുന്നത് 90%, 98%, 100%, 100+% ചെലവാക്കിയിട്ടുണ്ട്. അത് കണക്കാണ്. വേണമെങ്കിൽ നമുക്ക് പരിശോധിച്ചാൽ മനസ്സിലാകും. കാരണം ഈ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതും അക്കൗണ്ടന്റ് ജനറൽ പരിശോധിക്കുന്നതുമാണ്. ഇവിടെ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെന്നു പറയുമ്പോൾ മൂന്നു നാലു ദിവസങ്ങളായി വാസ്തവത്തിൽ നമ്മുടെ സംസ്ഥാനത്തിന് നമ്മുടേതായിട്ടുള്ള ഒരു അംഗീകാരവും മേന്മയും അന്തസ്സും വേണ്ടേ? എല്ലാപേരും പറയുന്നു ഗോഡ്സ് ഓൺ കൺട്രിയെന്ന്. നമ്മളല്ലേ ഇവിടെയിരുന്ന് ഡെവിൾസ് ഓൺ കൺട്രിയെന്ന് പറയുന്നത്. ആരാണ് ഇത് വരുത്തിത്തീർക്കുന്നത്? നമുക്കൊക്കെ റെസ്പോൺസിബിലിറ്റി വേണ്ടേ? അത് നമുക്ക് ഇല്ലാതെ പോകുന്നുവെന്നുള്ളതാണ് പ്രധാന കാര്യം. ഇവിടെ ഏതു കാലത്തും ഡിപ്പാർട്ടുമെന്റുകൾ ഉണ്ടായിട്ടുണ്ട്. മുഖ്യമന്ത്രി ഉണ്ടായിട്ടുണ്ട്, ധനകാര്യവകുപ്പുമന്ത്രി ഉണ്ടായിട്ടുണ്ട്. ഹോം മിനിസ്റ്റർ ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷവും ഭരണപക്ഷവും ഉണ്ടായിട്ടുണ്ട്. എന്താണ് ഇപ്പോൾ ഈ ഗവൺമെന്റിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇത്ര വിമർശിക്കാനുള്ളത്? ഈ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിൽ മറ്റേത് മുഖ്യമന്ത്രി ചെയ്തതിനേക്കാളും കൂടുതൽ കാര്യങ്ങൾ ശ്രീ.എ.കെ. ആന്റണി ചെയ്തിട്ടുണ്ടെന്ന് ഏത് കണക്കു വേണമെങ്കിലും വയ്ക്കാം. ഇതൊക്കെ നമുക്ക് അറിവുള്ളതാണ്.നമ്മളൊക്കെ എഴുത്തും വായനയും അറിയാവുന്നവരല്ലേ? ഇ.എം.എസ്. ചെയ്ത കാലത്ത് ഇ.എം.എസ്. ചെയ്തത് ശരിയാണെന്ന് പറഞ്ഞവരാണ്. അത് പറഞ്ഞിട്ടുള്ളതാണ്. ഇവിടെ ബഹളം കൂട്ടിയിട്ട് കാര്യമില്ല. ഇവർ എന്ത് ഉണ്ടെങ്കിലും ബഹളം കൂട്ടും. മൂന്നു ദിവസം റോഡിൽ ബഹളം കൂട്ടി. പോലീസിനെ വിമർശിച്ചു. പോലീസ് എന്നു പറയുന്നത് ഇന്ന് ഉണ്ടായതാണോ? ഇ.എം.എസ്. ഹോം മിനിസ്റ്ററായിരുന്ന കാലത്ത് ഉണ്ടായിട്ടുള്ള പോലീസിന്റെ പരമ്പരയായിട്ടുള്ളതാണ് ഇന്ന് കേരളത്തിലുള്ളത്. ആരെങ്കിലും എന്തെങ്കിലും ചെയ്താൽ പോലീസ് അതിനെ തടസ്സപ്പെടുത്തിയാൽ . . . . .

മി. സ്പീക്കർ: ഇന്നത്തെ ചർച്ചയിൽ അതൊന്നും വന്നില്ല.

ശ്രീ. കെ. ശങ്കരനാരായണൻ: ഇന്ന് കോഴിക്കോട് മലയാള മനോരമ ആഫീസ് അടിച്ചുപൊട്ടിച്ചിരിക്കുന്നു. ആരാണ് ഇതിന് നിങ്ങൾക്ക് അധികാരം തന്നത്? പത്രപ്രവർത്തകൻമാരെ അറസ്റ്റ് ചെയ്യുമ്പോൾ അത് ശരിയാണ്, തെറ്റാണ് എന്ന് പറയുന്നില്ലേ? ക്യാമറാക്കാർ ഫോട്ടോയ്ക്ക് വരുമ്പോൾ അവരെ ഉപദ്രവിക്കുന്നത് ശരിയല്ലായെന്ന് പറയുന്നില്ലേ? പത്രമാപ്പീസുകൾ അടിച്ചുപൊളിക്കാൻ ആരാണ് അധികാരം കൊടുത്തത്? ഇവിടുത്തെ ഗവൺമെന്റ് ആഫീസുകൾ അടിച്ചുപൊളിക്കാൻ ആര് അധികാരം കൊടുത്തു? ബാങ്ക് അടിച്ചു പൊളിക്കാൻ ആര് അധികാരം കൊടുത്തു? (. . . . ബഹളം . . . .) പാർട്ടി പ്രവർത്തകൻമാരെ നിലയ്ക്കു നിർത്തണം. അല്ലെങ്കിൽ കേരളത്തിൽ ഇതിനെ നേരിടുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പേരെടുത്തു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒന്നുമില്ലെന്നാണ് പറഞ്ഞത്.കേരളത്തിൽ സമാധാനം നിലനിർത്താൻ, സമാധാനപരമായി മുന്നോട്ടുപോകും. ഒരു കാര്യം നിങ്ങളോട് ഞാൻ പറയുകയാണ്, നമുക്ക് സമാധാനപരമായി ആലോചിച്ച്, യോജിച്ച് മുന്നോട്ടുപോകുന്നതാണ് നല്ലത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ മുതൽ 22-ാം നമ്പർ വരെ)ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ . . . . . .

പ്രതികൂലിക്കുന്നവർ . . . . . .

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ.

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (21-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (21-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (21-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2004-ലെ കേരള ധനവിനിയോഗ (22-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതികൾ ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (22-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കേരള ധനവിനിയോഗ (22-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ — 75

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	കെ. അച്ചുതൻ
5.	,,	സി. ടി. അഹമ്മദ് അലി
6.	,,	എ. പി. അനിൽകുമാർ
7.	,,	എ. കെ. ആന്റണി
8.	,,	എൻ. ഡി. അപ്പച്ചൻ
9.	,,	കെ. ബാബു
10.	,,	ബാബു ദിവാകരൻ
11.	,,	ആർ. ബാലകൃഷ്ണപിള്ള
12.	,,	പി. കെ. കെ. ബാവ
13.	,,	ടി. വി. ചന്ദ്രമോഹൻ
14.	,,	കെ. എ. ചന്ദ്രൻ
15.	,,	എം. എ. ചന്ദ്രശേഖരൻ
16.	,,	ഡൊമിനിക് പ്രസന്റേഷൻ
17.	,,	പി. പി. ജോർജ്
18.	,,	പ്രയാർ ഗോപാലകൃഷ്ണൻ
19.	,,	എം. എം. ഹസ്സൻ
20.	ശ്രീമതി	എലിസബത്ത് മാമ്മൻ മത്തായി
21.	ശ്രീ.	ഉമ്മൻ ചാണ്ടി
22.	,,	ജോണി നെല്ലൂർ
23.	,,	കെ. സി. ജോസഫ്
24.	,,	ജോസഫ് എം. പുതുശ്ശേരി
25.	,,	പി. ജെ. ജോയി
26.	,,	വർക്കല കഹാർ
27.	,,	ജി. കാർത്തികേയൻ
28.	,,	കെ. എൻ. എ. ഖാദർ
29.	,,	കെ. കെ. നായർ
30.	,,	പി. കെ. കുഞ്ഞാലിക്കുട്ടി
31.	,,	ലൂഡി ലൂയിസ്
32.	,,	കെ. എം. മാണി
33.	,,	കെ. മുഹമ്മദാലി
34.	,,	ഇ. ടി മുഹമ്മദ് ബഷീർ
35.	,,	കെ. മോഹൻ കുമാർ

36. ശ്രീ. ആര്യാടൻ മുഹമ്മദ്
37. ,, സി. പി. മുഹമ്മദ്
38. ,, എം. കെ. മുനീർ
39. ,, എം. മുരളി
40. പ്രൊഫ. എ. ഡി. മുസ്തഫ
41. ശ്രീ. ടി. എച്ച്. മുസ്തഫ
42. ,, കെ. നാരായണക്കുറുപ്പ്
43. ,, എഴുകോൺ നാരായണൻ
44. ,, എം. കെ. പോൾസൺ മാസ്റ്റർ
45. ,, വി. ജെ. പൗലോസ്
46. ,, ടി. എൻ. പ്രതാപൻ
47. ,, ജി. പ്രതാപവർമ്മ തമ്പാൻ
48. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ,, ടി. യു. രാധാകൃഷ്ണൻ
50. ശ്രീമതി രാധാ രാഘവൻ
51. ശ്രീ. എം. വി. രാഘവൻ
52. ,, തേറമ്പിൽ രാമകൃഷ്ണൻ
53. ,, യു. സി. രാമൻ
54. ,, തമ്പാനൂർ രവി
55. ,, റോഷി അഗസ്റ്റിൻ
56. ,, ടി. പി. എം. സാഹിർ
57. ,, എൻ. ശക്തൻ
58. ,, പി. ശങ്കരൻ
59. ,, കെ. ശങ്കരനാരായണൻ
60. ശ്രീമതി മാലേത്ത് സരളാദേവി
61. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
62. ശ്രീ. കടവൂർ ശിവദാസൻ
63. ശ്രീമതി ശോഭനാ ജോർജ്
64. ശ്രീ. സ്റ്റീഫൻ ജോർജ്
65. ,, കെ. സുധാകരൻ
66. ,, എ. സുജനപാൽ
67. ,, എൻ. സുന്ദരൻ നാടാർ
68. ,, സി. എഫ്. തോമസ്
69. പ്രൊ: ഡ. കെ. വി. തോമസ്
70. ശ്രീ. പി. ടി. തോമസ്
71. ,, തോമസ് ചാഴികാടൻ

LIBRARY ARCHIVES Kerala Legislative Assembly

72. ശ്രീ. എം. എ. വാഹീദ്
73. ,, കെ. സി. വേണുഗോപാൽ
74. ,, ബി. വിജയകുമാർ
75. ,, കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ—34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. രാജു എബ്രഹാം

29. ,, ടി. പി. രാമകൃഷ്ണൻ

30. ,, സാജു പോൾ

31. ,, കെ. പി. സതീശ് ചന്ദ്രൻ

32. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

33. ശ്രീ. പി. എസ്. സുപാൽ

34. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 75

പ്രതികൂലിക്കുന്നവർ : 34

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ സമ്മേളനത്തിൽ പൂർത്തീകരിക്കാൻ ഉണ്ടായിരുന്ന ധനകാര്യ ബിസിനസ്സുകൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സഭയുടെ നടപ്പുസമ്മേളനം തുടരേണ്ടതില്ലെന്ന് ഗവൺമെന്റ് കരുതുന്നു. ആയതിനാൽ കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ടിലെ ശുപാർശകൾ ഭാഗികമായി ഭേദഗതി ചെയ്ത് സഭയുടെ നടപ്പ് സമ്മേളനം ഇന്ന് അനിശ്ചിത കാലത്തേയ്ക്ക് പിരിയണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ഈ സമ്മേളനം വിജയപ്രദമായി അവസാനിപ്പിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. പ്രക്ഷുബ്ധമായ അന്തരീക്ഷം പുറത്ത് നിലനിന്നപ്പോഴും സഹകരണാത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായിച്ച മെമ്പർമാരോട് പ്രത്യേകിച്ച് പ്രതിപക്ഷത്തോട് ഞാൻ പ്രത്യേകം നന്ദി പറയുന്നു. എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ. "I wish you all a Happy Onam".

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞിരിക്കുന്നു.

(2004 ജൂലായ് 28-ാംതീയതി ബുധനാഴ്ച ഉച്ചയ്ക്ക്ശേഷം 1.40-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 423/Table. 1/2004/Leg. *Dated, Thiruvananthapuram, 7th August, 2004*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governer of the State of Kerala hereby prorogues the Eighth Session of the Eleventh Kerala Legislative Assembly with effect from July 28, 2004 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനൊന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2004 ജൂലായ് 28-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

By Order of the Governor,
K. R. UDAYABHANU,
Secretary,
Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[28-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 (530)-ന്റെ ഉത്തരം ദയവായി കാണുക.]

2004-2005 വർഷത്തിൽ കേരളം ലക്ഷ്യമിട്ടിരിക്കുന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് ഗവൺമെന്റ് കൈക്കൊണ്ട നടപടികളിൽ പ്രധാനമായവ.

1. സംസ്ഥാനത്തിന്റെ ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഴിയുന്നത്ര വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട് 4,800 കോടി രൂപയുടെ വാർഷിക പദ്ധതി (2004-2005) ആവിഷ്ക്കരിക്കുകയും അതിൽ ഉൽപ്പാദന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ജലസേചനം, വ്യവസായം, ഐ. ടി., വിനോദസഞ്ചാരം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുകയും ചെയ്തു. സംസ്ഥാനതല പരിപാടികളുടെ (തദ്ദേശഭരണ സ്ഥാപനങ്ങളുടെതൊഴികെ) മൊത്തം വിഹിതത്തിൽ 18 ശതമാനത്തോളം മേൽപ്പറഞ്ഞ മേഖലകൾക്കായി നീക്കിവച്ചു. 2004-2005 വാർഷിക പദ്ധതിയുടെ മേഖലാതല പദ്ധതിവിഹിതം ഇതോടൊപ്പം വച്ചിട്ടുണ്ട്.

2. ഇതിനുപുറമെ മൊത്തം പദ്ധതി വിഹിതത്തിന്റെ ഏകദേശം മൂന്നിൽ ഒരു ഭാഗം പ്രാദേശികതല വികസന പദ്ധതികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിന്റെ 30 ശതമാനത്തോളം വരുന്ന തുക ജനപങ്കാളിത്തത്തോടും പ്രാദേശിക വിഭവ സമാഹരണത്തോടുംകൂടി ഉൽപ്പാദന മേഖലകളിലായിരിക്കും വിനിയോഗിക്കുക. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുതകും.

3. വികസനത്തിന് വിഭവ ദൗർലഭ്യം അനുഭവപ്പെടുന്ന സംസ്ഥാനമെന്ന നിലയ്ക്ക് സർക്കാരിന്റെ പൊതു നിക്ഷേപത്തിനുപരി സാദ്ധ്യമായത്ര സ്വകാര്യ-വിദേശ നിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുവാനും സംസ്ഥാനം ശ്രമിച്ചുവരുന്നു. ആഗോള നിക്ഷേപക സംഗമവും വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ നിക്ഷേപവും ഈ ദിശയിലേക്കുള്ള ചില ചുവടുവയ്പുകളാണ്. ആഗോള നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പ്രോജക്ടുകൾക്ക് വേഗത്തിൽ അംഗീകാരം നൽകുന്നതിലേക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

4. ബാങ്ക് വായ്പ സാധ്യമായത്ര ലഭ്യമാക്കിക്കൊണ്ട് ഉൽപ്പാദന മേഖലയെ പരിപോഷിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ഫലമായി മുഖ്യമന്ത്രി നടത്തിയ ബാങ്കുതല ചർച്ചയിൽ, വരുന്ന മൂന്നുവർഷത്തിനുള്ളിൽ കാർഷിക മേഖലയിലെ വായ്പ 40 ശതമാനമെങ്കിലുമാക്കി ഉയർത്താമെന്നും ബാങ്കുകളുടെ വായ്പ നിക്ഷേപാനുപാതം 60 ശതമാനമാക്കി ഉയർത്താമെന്നും ധാരണയായി. ഇത് ഉൽപ്പാദനരംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിക്കും.

5. പദ്ധതികളിലുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ അവയെ അർത്ഥവത്തായി ഉപയോഗിക്കുന്നതിനുവേണ്ടി കേരളത്തിന്റെ പ്രത്യേക സാമൂഹ്യ വ്യവസ്ഥിതി നിലനിർത്തിക്കൊണ്ടുതന്നെ മാനുഷിക പരിഗണനകളോടെ ഭരണ വികസന രംഗത്ത് ചില പരിഷ്ക്കാര നടപടികളും സംസ്ഥാനം കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

6. പത്താം പദ്ധതിയിൽ സംസ്ഥാനം കൈവരിക്കേണ്ട പതിനൊന്ന് മോണിട്ടോറബിൾ ലക്ഷ്യങ്ങൾ ആസൂത്രണ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്ന പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സംസ്ഥാനം സത്വര നടപടികൾ എടുത്തുവരുന്നു.

2004-2005-ലെ മേഖലാടിസ്ഥാനത്തിലുള്ള പദ്ധതി വിഹിതം

നമ്പർ	മേഖല	(രൂപ കോടിയിൽ) വിഹിതം
1	കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും	195.80
2	ഗ്രാമവികസനം	379.37
3	സഹകരണം	15.00
4	ജലസേചനവും വെള്ളപ്പൊക്കവും നിയന്ത്രണവും	142.95
5	വൈദ്യുതി	704.00
6	വ്യവസായവും ധാതുക്കളും	284.34
7	ഗതാഗതവും വാർത്താവിനിമയവും	359.99
8	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	50.00
9	സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകളും	1022..34
10	സാമ്പത്തിക സർവ്വീസുകൾ	257.49
11	ജനറൽ സർവ്വീസുകൾ	38.72
12	തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം	1350.00
	ആകെ	4800.00

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[28-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *6 (536)-ന്റെ ഉത്തരം ദയവായി കാണുക.]

സംസ്ഥാനത്തെ 33 സീഡ് ഫാമുകളിൽ കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന അത്യുൽപ്പാദനശേഷിയുള്ള (ബ്രീഡർ സീഡ്) പച്ചക്കറി വിത്തുകൾ, നെല്ലിനങ്ങൾ ഇവ കൃഷി ചെയ്ത് വർദ്ധിപ്പിച്ച് കർഷകർക്ക് കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്യുന്നു. ജില്ലാ ഫാമുകളിൽ ഒരു ജില്ലയിൽ ആവശ്യമായ നെല്ലൊഴിച്ച് ഏകദേശം എല്ലാ നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ചുവരുന്നു. അധികമായി ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ മറ്റു ജില്ലകളിലും വിതരണം ചെയ്യുന്നു. കോക്കനട്ട് നഴ്സറികളിൽ പ്രധാനമായും തെങ്ങിൻ തൈകളാണ് ഉൽപ്പാദിപ്പിക്കുന്നത്. തേങ്ങ സംഭരണ പ്രദേശങ്ങളിൽ നിന്നും സംഭരിക്കുന്ന വിത്തു തേങ്ങകൾ കോക്കനട്ട് നഴ്സറികളിൽ പാകി മുളപ്പിച്ച് നല്ല തൈകൾ മാത്രം തെരഞ്ഞെടുത്ത് കൃഷി ഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്തുവരുന്നു. സ്പെഷ്യൽ ഫാമുകളിൽ ആ പ്രദേശത്തിന് യോജിച്ച പ്രത്യേകതരം വിളകളുടെ നടീൽ വസ്തുക്കളും, കൂടാതെ മറ്റ് വിവിധയിനം നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാനത്ത് നെൽവിത്ത് ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിത്തുവികസന അതോറിറ്റി, തൃശ്ശൂർ കേന്ദ്രമാക്കി രൂപീകരിച്ചിട്ടുണ്ട്. ടി ഏജൻസി മുഖേന ഓരോ പ്രദേശത്തിനും അനുയോജ്യമായ ഗുണമേന്മയും അത്യുൽപ്പാദനശേഷിയുമുള്ള വിത്തുകൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

അനുബന്ധം III

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (3734)-ന്റെ ഉത്തരം ദയവായി കാണുക.]

നമ്പർ	കടപ്പത്രം	തുക (കോടിയിൽ)	പലിശ	കാലാവധി (വർഷം)
1	9.56% KSDL 2011	289.59	9.56 %	10
2	8.37% KSDL 2011	138.96	8.37 %	10
3	8.30% KSDL 2012	276.42	8.30 %	10
4	8.00% KSDL 2012	61.15	8.00 %	10
5	8.00% KSDL 2012	225.00	8.00 %	10

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

നമ്പർ	കടപ്പത്രം	തുക കോടിയിൽ	പലിശ	കാലാവധി വർഷം
6	7.80% KSDL 2012	251.06	7.80 %	10
7	6.93% KSDL 2012	220.00	6.93 %	10
8	6.80% KSDL 2012	197.39	6.80 %	10
9	6.95% KSDL 2013	258.00	6.95 %	10
10	6.75% KSDL 2013	86.00	6.75 %	10
11	6.40% KSDL 2013	395.01	6.40 %	10
12	6.35% KSDL 2013	168.00	6.35 %	10
13	6.20% KSDL 2013	192	6.20 %	10
14	6.02% KSDL 2013	250.00	6.02 %	10
15	6.20% KSDL 2015	192.00	6.20 %	12
16	5.85% KSDL 2015	114.55	5.85 %	12
17	5.90% KSDL 2017	118.98	5.90 %	13
18	5.85% KSDL 2015	300.01	5.85 %	11
19	5.80% KSDL 2014	200.65	5.80 %	10
20	5.60% KSDL 2014	329.53	5.60 %	10
21	5.70% KSDL 2014	396.07	5.70 %	10

20 Numbers of 8.5% Tax free Special bonds (Power Bonds) of ₹ 57.9126 crore each were issued on 18-8-2003 which will be repaid from 1-10-2006 in 20 equal half yearly instalments over a period of 15 years after a morotorium of 5 years from 1-10-2001.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14 (3740)-ന്റെ ഉത്തരം ദയവായി കാണുക.]

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ 3,39,24,806 രൂപ താഴെ പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

	ആവശ്യം	തുക
(i)	ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള അടിയന്തിര ധനസഹായം	25,00,000
(ii)	ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിടയിൽ അപകട മരണമടഞ്ഞ ഡോ. സാജുവിന്റെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം	1,00,000
(iii)	ശ്രീ. ജോസ്മോൻ ചെറിയാനുള്ള ചികിത്സാ ധനസഹായം	25,000
(iv)	ഗാന്ധിധാം കൈരളി ഇംഗ്ലീഷ് സ്കൂൾ പുനർ നിർമ്മാണം	5,00,000
(v)	ഗുജറാത്ത് ഗവ. പോളിടെക്നിക്കിന്റെ പുനർനിർമ്മാണത്തിനുള്ള ഒന്നാം ഗഡു ധനസഹായം	3,00,00,000
(vi)	കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ നൽകിയത്	19,806
(vii)	ഗുജറാത്ത് ഭൂകമ്പത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം	7,80,000
	ആകെ രൂപ	3,39,24,806

അനുബന്ധം V

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 37 (3763)-ന്റെ ഉത്തരം ദയവായി കാണുക.]

കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സംസ്ഥാന ഭാഗ്യക്കുറി—ഓൺലൈൻ ഭാഗ്യക്കുറി (നിയന്ത്രണ) റൂൾ രൂപീകരിക്കുകയും തുടർന്ന്, ഒറ്റനമ്പർ ഭാഗ്യക്കുറികൾക്കും അനധികൃത ഭാഗ്യക്കുറികൾക്കുമെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 25-8-2003-ൽ ഡി. ജി. പി.-ക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തു. അനധികൃത അന്യസംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് 6-11-2003-ൽ പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകി. ഇതിനെതിരെ അന്യസംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പുകാർ ഹൈക്കോടതി സിംഗിൾ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

ബഞ്ചിൽ നൽകിയ കേസ്സിൽ സർക്കാർ നടപടി ശരിവച്ച സാഹചര്യത്തിൽ അനധികൃത ഭാഗ്യക്കുറികടകൾ അടച്ചു പൂട്ടിക്കുന്നതിന് സാധിച്ചു. ഹൈക്കോടതി സിംഗിൾബഞ്ച് വിധിക്കെതിരെ ഭാഗ്യക്കുറി നടത്തിപ്പുകാർ ഡിവിഷൻ ബഞ്ചിൽ കേസ് ഫയൽ ചെയ്യുകയും, തുടർന്ന്, അന്യസംസ്ഥാന ഭാഗ്യക്കുറികൾ നിരോധിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ തെളിവുകൾ നിരത്തിക്കൊണ്ട് അനധികൃത ലോട്ടറികൾ നിരോധിക്കണമെന്ന് സർക്കാർ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഡിവിഷൻ ബഞ്ചിന്റെ അന്തിമ വിധിയിൽ ഇതുസംബന്ധിച്ച് സർക്കാർ എടുത്ത എല്ലാ നടപടികളും ശരിവയ്ക്കുകയുണ്ടായി. തുടർന്ന് ഭാഗ്യക്കുറി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തുകയും 50 കോടി രൂപയുടെ പേപ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ പിടിച്ചെടുക്കുകയും, 384 ഓൺലൈൻ ഭാഗ്യക്കുറി കടകൾ പൂട്ടി മുദ്രവയ്ക്കുകയും ചെയ്തു. തുടർന്ന് ഇതിനെതിരെ ഓൺലൈൻ ലോട്ടറി നടത്തിപ്പുകാർ സുപ്രീംകോടതിയെ സമീപിക്കുകയും, സ്റ്റേ ഓർഡർ സമ്പാദിക്കുകയും ചെയ്തു. സുപ്രീംകോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കിക്കിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ, ഇത്തരം ലോട്ടറികളുടെ തട്ടിപ്പ് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ദൃശ്യമാധ്യമങ്ങളിലൂടെ നിരവധി പരസ്യങ്ങളും സംപ്രേഷണം ചെയ്തുവരുന്നുണ്ട്.

അനുബന്ധം VI

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 43 (3769)-ന്റെ ഉത്തരം ദയവായി കാണുക.]

കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖകളിൽ നടത്തുന്ന ബിസിനസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

1. ചിട്ടി
2. ചിട്ടിലോൺ
3. ഗോൾഡ് ലോൺ
4. റിലയബിൾ കസ്റ്റമർ ലോൺ
5. ട്രേഡ് ലോൺ
6. പാസ്സ്ബുക്ക് ലോൺ
7. കൺസ്യൂമർ വെഹിക്കിൾ ലോൺ
8. ഹൗസിംഗ് ഫിനാൻസ് പദ്ധതി
9. ഫിക്സഡ് ഡിപ്പോസിറ്റ് ലോൺ
10. ഫിക്സഡ് ഡിപ്പോസിറ്റ്
11. സുഗമ സേവിംഗ്സ് പദ്ധതി
12. കാർ ലോൺ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 (3781)-ന്റെ ഉത്തരം ദയവായി കാണുക.]

സംസ്ഥാനത്ത് നിലവിലുള്ള ബി. പി. എൽ. കാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്ക് (30-6-2004-ൽ)

തിരുവനന്തപുരം	181,976
കൊല്ലം	177,810
പത്തനംതിട്ട	69,307
ആലപ്പുഴ	150,061
കോട്ടയം	112,361
ഇടുക്കി	70,992
എറണാകുളം	118,240
തൃശ്ശൂർ	180,334
പാലക്കാട്	109,448
മലപ്പുറം	164,981
കോഴിക്കോട്	141,010
വയനാട്	28,216
കണ്ണൂർ	104,325
കാസർഗോഡ്	55,774
ആകെ	1,664,835

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61 (3787)-ന്റെ ഉത്തരം ദയവായി കാണുക.]

ക്രമ നമ്പർ	ഗ്രന്ഥം	ഗ്രന്ഥകർത്താവ്
1.	കെ. പി. ആർ. ഗോപാലൻ	എ. വി. അനിൽകുമാർ
2.	യുക്തിവാദി എം. സി. ജോസഫ്	എം. കെ. സാനു
3.	എ. ജെ. ജോൺ——വ്യക്തിയും കാലവും	പോൾ മണലിൽ
4.	ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ	പ്രൊഫ. കുമ്പളത്ത് ശാന്തകുമാരി അമ്മ
5.	മഹർഷി ശ്രീനാരായണഗുരു	ഡോ. ടി. ഭാസ്കരൻ
6.	അനശ്വരനായ ചെമ്പൈ	വി. ജെയിൻ
7.	പി. എൻ. പണിക്കരുടെ ജീവചരിത്രം	പട്ടം ജി. രാമചന്ദ്രൻ നായർ
8.	പ്രൊഫ. എം. പി. മന്മഥൻ—കർമ്മപഥത്തിൽ കാലിടറാതെ	ഡോ. പി. സേതുനാഥൻ
9.	സ്വപ്നാടനം (മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ജീവചരിത്രം)	ഇയ്യംകോട് ശ്രീധരൻ
10.	ശൂരനാട് കുഞ്ഞൻപിള്ള—അറിവിന്റെ പ്രകാശഗോപുരം	ശൂരനാട് രാജശേഖരൻ

അനുബന്ധം IX

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 64 (3790)-ന്റെ ഉത്തരം ദയവായി കാണുക.]

അക്കാദമിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ

1. സർക്കാരിനെ ടെലിവിഷൻ, ചലച്ചിത്രസംബന്ധിയായ നയരൂപീകരണത്തിൽ സഹായിക്കുക.

2. ഫിലിം വീഡിയോ ആർകൈവ് സ്ഥാപിക്കുക.

3. ചലച്ചിത്രോൽസവ ഡയറക്ടറേറ്റ് രൂപീകരിക്കുകയും സംസ്ഥാനത്ത് ചലച്ചിത്രോൽസവങ്ങൾ സർക്കാരിനുവേണ്ടി മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തുകയും ചെയ്യുക, ദേശീയ അന്തർദേശീയ വീഡിയോ ഫെസ്റ്റിവൽ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX—(തുടർച്ച)

4. ടെലിവിഷൻ ഫിലിം അവാർഡുകൾ നൽകുക.

5. പൊതുജനങ്ങൾക്കായി ദൃശ്യ-ശ്രാവ്യ ലൈബ്രറി സ്ഥാപിക്കുകയും മൊബൈൽ പ്രദർശന യൂണിറ്റുകൾ ഉണ്ടാക്കുകയും ചെയ്യുക.

6. ചലച്ചിത്ര വ്യവസായത്തിനും സർക്കാരിനുമിടയിൽ മദ്ധ്യവർത്തിയായി പ്രവർത്തിക്കുക.

7. സാമൂഹികവും സൗന്ദര്യശാസ്ത്രപരവുമായി പ്രാധാന്യമുള്ള ചലച്ചിത്രങ്ങൾക്ക് സാമ്പത്തിക സഹായത്തിന് സാഹചര്യമൊരുക്കുക.

8. നല്ല ചിത്രങ്ങളുടെയും ടെലിവിഷൻ പരിപാടികളുടെയും നിർമ്മാതാക്കൾക്കും പ്രവർത്തകർക്കും പ്രോൽസാഹനവും പിന്തുണയും നൽകുക.

9. ടെലിവിഷൻ ചാനലും ഫിലിം ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കാൻ നടപടിയെടുക്കുക.

10. കെ. എസ്. എഫ്. ഡി. സി, സി-ഡിറ്റ് എന്നിവയുമായി സഹകരിച്ച് ചലച്ചിത്രസംബന്ധിയായ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുക.

11. സാംസ്ക്കാരിക കേന്ദ്രങ്ങളിലും സ്കൂളുകളിലും കുട്ടികളുടെ ചലച്ചിത്രങ്ങൾക്ക് പ്രദർശനവേദിയൊരുക്കുകയും അവയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

12. മലയാള ചലച്ചിത്ര ചരിത്രത്തിന്റെ മുദ്രണത്തിനായി പ്രത്യേക സെൽ രൂപീകരിക്കുകയും ചരിത്രാലേഖനം നടത്തുകയും ചെയ്യുക.

13. ചലച്ചിത്രാസ്വാദന പഠനശിബിരങ്ങൾ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കുക.

14. ഗവേഷണ സഹായിയായ ചലച്ചിത്ര ഗ്രന്ഥശാല സ്ഥാപിക്കുക.

15. ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, മാസികകൾ, റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധീകരിക്കുക.

16. ഫിലിം സൊസൈറ്റി പ്രസ്ഥാനത്തെ ധനസഹായമുൾപ്പെടെ നൽകി പോഷിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

17. യോഗങ്ങൾ, സെമിനാറുകൾ, കോൺഫറൻസുകൾ, പഠനശിബിരങ്ങൾ, ചർച്ചകൾ എന്നിവ ചലച്ചിത്ര-ടെലിവിഷൻ മാധ്യമത്തെപ്പറ്റിയും ബന്ധിത കലകളെപ്പറ്റിയും നടത്തുക.

18. ചലച്ചിത്രരംഗത്തെ പ്രമുഖരെ ആദരിക്കുക.

19. മലയാള ചലച്ചിത്രങ്ങൾക്ക് സബ്സിഡി നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (3794)-ന്റെ ഉത്തരം ദയവായി കാണുക:]

(i) നിലവിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം വിപുലീകരിക്കുകയും, സന്നിധാനത്ത് പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതുമാണ്.

(ii) തീർത്ഥാടകർ ക്യൂ നിൽക്കുന്ന പരമ്പരാഗത പാതയുടെ വശങ്ങളിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന്, വനഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(iii) ക്യൂവിൽ നിൽക്കുന്ന തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(iv) ആശുപത്രി പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

(v) ശബരിമലയിലെ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(vi) സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി അപ്പം, അരവണ നിർമ്മാണം ക്ഷേത്ര കെട്ടിടത്തിൽ നിന്നും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(vii) പമ്പ-ചാലക്കയം റോഡ് വീതികൂട്ടി കോൺക്രീറ്റ് ചെയ്യുന്നതാണ്.

(viii) നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്.

(ix) പമ്പയിൽ 250-ഉം സന്നിധാനത്ത് 100-ഉം ടോയ്‌ലറ്റുകൾ കൂടുതലായി നിർമ്മിക്കുന്നതാണ്.

(x) ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം അടുത്ത സീസണുമുമ്പ് തീർക്കുന്നതാണ്.

(xi) തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്നു വരുന്ന തീർത്ഥാടകരെ സഹായിക്കാൻ പ്രസ്തുത സർക്കാരുകളുടെ ഇൻഫർമേഷൻ കൗണ്ടറുകൾ പമ്പയിലും സന്നിധാനത്തും ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 122 (3865)-ന്റെ ഉത്തരം ദയവായി കാണുക.]

I.	വയനാട് ജില്ല	നാല് പദ്ധതികൾ
(1)	ജില്ലാതല സ്പോർട്സ് കോംപ്ലക്സ്	.. മീനങ്ങാടി ഗ്രാമപഞ്ചായത്ത്
(2)	ഇൻഡോർ സ്റ്റേഡിയം	.. കൽപ്പറ്റ മുനിസിപ്പാലിറ്റി
(3)	ഇൻഡോർ സ്റ്റേഡിയം	.. ഡയാന സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബ്, മാനന്തവാടി
(4)	കളിസ്ഥലം	.. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മാനന്തവാടി
II.	കോഴിക്കോട് ജില്ല	നാല് പദ്ധതികൾ
(1)	ഇൻഡോർ സ്റ്റേഡിയം	.. വടകര മുനിസിപ്പാലിറ്റി
(2)	ഫുട്ബോൾ കോർട്ട്	.. ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത്
(3)	ബാസ്കറ്റ്ബോൾ കോർട്ട്	.. ചക്കിട്ടപാറ
(4)	വോളീബോൾ കോർട്ട്	.. നടുവന്നൂർ ഉദയം കലാ-കായിക വേദി
III.	ആലപ്പുഴ ജില്ല	ഒരു പദ്ധതി
	ഇൻഡോർ സ്റ്റേഡിയം	.. കനിയാംകുളം
IV.	കണ്ണൂർ ജില്ല	രണ്ട് പദ്ധതികൾ
(1)	സ്റ്റേഡിയവും സ്പോർട്സ് ഹോസ്റ്റലും	.. കോണാർ വയൽ, തലശ്ശേരി
(2)	ഔട്ട് ഡോർ സ്റ്റേഡിയം	.. അടയ്ക്കാത്തോട് ഗവൺമെന്റ് യു. പി. എസ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI—(തുടർച്ച)

V.	കാസർഗോഡ് ജില്ല		രണ്ട് പദ്ധതികൾ
	(1) ഔട്ട് ഡോർ സ്റ്റേഡിയം	..	നടക്കാവ്, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്
	(2) ഔട്ട് ഡോർ സ്റ്റേഡിയം	..	പീലിക്കാട് ഗ്രാമപഞ്ചായത്ത്
VI.	തൃശ്ശൂർ ജില്ല		ഒരു പദ്ധതി
	ഇൻഡോർ സ്റ്റേഡിയം	..	റ്റി. എസ്. ജി. എ. തൃപ്രയാർ
VII.	കോട്ടയം ജില്ല		ഒരു പദ്ധതി
	വാട്ടർ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ (നീന്തൽകുളം ഒഴികെ)	..	വെള്ളൂർ ഗ്രാമപഞ്ചായത്ത്
VIII.	കൊല്ലം ജില്ല		ഒരു പദ്ധതി
	ഇൻഡോർ സ്റ്റേഡിയം	..	പുനലൂർ മുനിസിപ്പാലിറ്റി
IX.	തിരുവനന്തപുരം ജില്ല		രണ്ട് പദ്ധതികൾ
	(1) ഇൻഡോർ സ്റ്റേഡിയം	..	നെടുമങ്ങാട് മുനിസിപ്പാലിറ്റി
	(2) ഇൻഡോർ സ്റ്റേഡിയം	..	നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി
X.	ഇടുക്കി ജില്ല		ഒരു പദ്ധതി
	ഔട്ട്ഡോർ സ്റ്റേഡിയം	..	കട്ടപ്പന ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly